KOTTAYAM PUBLIC LIBRARY

Call No. 321.4 Acc. No. 60819
D.8

Author ഡ്യൂവി (ജോൺ)

Title സ്വാതന്ത്ര്യവും സംസ്കാരവും

984

KOTTAYAM PUBLIC LIBRARY ✻ KOTTAYAM. ✻

# സ്വാതന്ത്ര്യവും സംസ്കാരവും

DISTRICT ... LIBRARY
No. D.M. 3129
KOTTAYAM.

1506

പ്രസാധകർ:

**ഗൌതമാ പബ്ലിക്കേഷൻസ്**

കററിപ്പുറം.

# സ്വാതന്ത്ര്യവും സംസ്കാരവും

## ജോൺ ഡ്യൂയി

DISTRIBUTING LIBRARY
No. 071 3129
KOTTAYAM.

പരിഭാഷ :

**എ. എൻ. നമ്പ്യാർ, എം. എ.**

80819

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.25

# SWATANTRYAVUM SAMSKARAVUM

(FREEDOM & CULTURE)

JOHN DEWEY

321.4
Dew-S

Translated by

A. N. NAMBIAR, M. A.

1st Edition August 1959

**COPY RIGHT, 1939, BY JOHN DEWEY**

PRINTED AT KERALATHILAKAM PRESS, ERNAKULAM.
COPIES 1000.

PUBLISHERS:

GOUTHAMA PUBLICATIONS,
KUTTIPPURAM.

**PRICE Rs. 2-25.**

# പ്രസ്താവന

''നമ്മുടെ ജനാധിപത്യവ്യവസ്ഥിതി നേരിടേണ്ടിവരുന്ന ഏററവും വലിയ ഭീഷണി വിദേശത്തെവിടെയെങ്കിലും ഒരു സർവ്വാധിപത്യവ്യവസ്ഥിതി ഉണ്ടെന്നുള്ളതല്ല—സർവ്വാധിപത്യവ്യവസ്ഥിതിക്കു കാരണമാക്കിയതോ തത്തുല്യമോ ആയ സാഹചര്യങ്ങൾ നമ്മുടെ മനോഭാവത്തിലും സ്ഥാപനങ്ങളിലും ഉണ്ടെന്നതാണ്—യുദ്ധരംഗം ഇവിടെത്തന്നെയാണ് നമ്മിലും നമ്മുടെ സ്ഥാപനങ്ങളിലും.''

ഈ ഗ്രന്ഥത്തിലൊരിടത്തു ഡ്യൂയി ഇങ്ങിനെ പ്രസ്താവിക്കുന്നു. ഈ ഉദ്ധരണിയിൽനിന്നുതന്നെ ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കത്തിൻെറ ഏകദേശസ്വഭാവം വ്യക്തമാവുന്നതാണ്. എന്താണ് ഈ ജനാധിപത്യമെന്നുവെച്ചാൽ? അതും മററു സമ്പ്രദായങ്ങളും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ട്, ഏതേതു തുറയിൽ? ജനാധിപത്യം വെറുമൊരു ചട്ടക്കൂടാണോ? അതോ ആന്തരികജീവിതവുമായി അത്യധികം ബന്ധപ്പെട്ട ഒരു സത്തയോ? ജനാധിപത്യജീവിതരീതിയുടെ ആവിഷ്ക്കരണത്തിന്നുള്ള അനുകൂലസാഹചര്യങ്ങൾ ഏതെല്ലാം? മനുഷ്യപ്രകൃതിയിൽ ജനാധിപത്യകൌതുകം ഉൾക്കൊള്ളുന്നുണ്ടോ? സംസ്കാരവുമായി ജനാധിപത്യത്തിന്നെത്ര അടുപ്പമുണ്ട്?

ഈദൃശങ്ങളായ നിരവധി മൌലികപ്രശ്നങ്ങൾ ഗൌരവതരമായി ചർച്ച ചെയ്യുകയാണ് ഡോ: ജോൺ ഡ്യൂയി ഈ ഗ്രന്ഥത്തിൽ. ഇരുപതാംശതകത്തിലെ തത്വചിന്തകന്മാരിൽ പ്രഥമഗണനീയനായ അദ്ദേഹത്തിൻെറ ശൈലിയും ആശയങ്ങളും നന്നെ എളുപ്പത്തിലങ്ങു ഗ്രഹിക്കാമെന്നു്

ആരും വിചാരിക്കേണ്ട—എല്ലുമുറിയെ പണി ചെയ്താൽ പല്ലുമുറിയെ തിന്നാമെന്ന പഴമൊഴിപോലെ, മനസ്സിരുത്തി വായിച്ചാൽ മനസ്സിൽ ഒരു പുതിയ വെളിച്ചത്തെ കുടിയിരുത്താം. ജനാധിപത്യവാദികൾക്കും ജനാധിപത്യവിരോധികൾക്കും ഈ പുസ്തകം പ്രയോജനപ്പെട്ടും. എതിർക്കുന്നവനും അനുകൂലിക്കുന്നവനും ആദ്യം അറിയണമല്ലോ താനെന്തിനെ എതിർക്കുന്നുവെന്നും അനുകൂലിക്കുന്നുവെന്നും. ഇന്നങ്ങിനെയല്ല പതിവെന്നതു ശരിതന്നെ. അതുകൊണ്ട് ഇരുകൂട്ടരുടേയും സ്ഥിതി അനാശാസ്യമാണു്.

ജനാധിപത്യവ്യവസ്ഥിതിയെപ്പററി തലങ്ങും വെലങ്ങും നാം കേട്ടുവരുന്നു. പലതും ജനാധിപത്യാഭാസങ്ങളാണു്. അതേപോലെ സർവ്വാധിപത്യത്തെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളും. അറിഞ്ഞുകൂടാത്തതിനാലുള്ള അപായങ്ങൾ. കാര്യങ്ങളറിയണമെന്നു് ഒരു വിഭാഗം നമ്മുടെ നാട്ടിലുണ്ടു്; അവർക്കുള്ളതാണിപ്പുസ്തകം. ഇതിൽപ്പറഞ്ഞതൊക്കെ അനിഷേധ്യസത്യങ്ങളായി ഉരുവിട്ടു പഠിക്കാനല്ല—ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ചിന്തിക്കാൻ.

**പ്രസാധകന്മാർ.**

## ഉള്ളടക്കം


1. സ്വാതന്ത്ര്യപ്രശ്നം 4

2. സംസ്കാരവും മനുഷ്യപ്രകൃതിയും 29

3. സർവ്വാധിപത്യസാമ്പത്തികവ്യവസ്ഥയും ജനഭരണവും 59

4. ജനാധിപത്യവും മനുഷ്യപ്രകൃതിയും 107

5. ശാസ്ത്രവും സ്വതന്ത്രസംസ്കാരവും 141

6. ജനാധിപത്യത്തെപ്പററി ജഫേഴ്സൺ 175

I

# സ്വാതന്ത്ര്യപ്രശ്നം

എന്താണ് സ്വാതന്ത്ര്യം? അതു് വിലമതിക്കപ്പെടുന്ന തെന്തുകൊണ്ടു്? മനുഷ്യപ്രകൃതിയിൽ അന്തർല്ലയിച്ചുകിട ക്കുന്ന ഒന്നാണോ സ്വാതന്ത്ര്യവാഞ്ഛ? അതോ ചില പ്രത്യേ ക പരിതഃസ്ഥിതികളുടെ സൃഷ്ടിയോ? സ്വാതന്ത്ര്യം ഒരു ല ക്ഷ്യമോ, മാർഗ്ഗമോ? സ്വാതന്ത്ര്യപ്രാപ്തിയോടൊപ്പം ഉത്തര വാദിത്വങ്ങൾകൂടി ഏറെറടുക്കേണ്ടതായിട്ടുണ്ടോ? കൂടുതൽ സുഖസൗകര്യങ്ങൾക്കുവേണ്ടി സ്വാതന്ത്ര്യം തന്നെ കൈവെ ടിയുവാൻ ബഹുജനങ്ങളെ വ്യാമോഹിപ്പിക്കത്തക്കവണ്ണം അത്ര കനത്തതാണോ പ്രസ്തുത ഉത്തരവാദിത്വങ്ങൾ? സ്വാ തന്ത്ര്യസമ്പാദനത്തിനും പരിരക്ഷണത്തിനും ഉള്ള ഉദ്യമ ത്തിൽനിന്നു് അധികം ആളുകളെ വ്യതിചലിപ്പിക്കത്തക്ക വണ്ണം അത്ര പ്രയാസകരമാണോ സ്വാതന്ത്ര്യസമരം? സ്വാ തന്ത്ര്യവും അതോടൊപ്പം കൈവരുന്ന മററു കാര്യങ്ങളും സു രക്ഷിതമായ ജീവിതസന്ധാരണഭദ്രതയോളം പ്രാധാന്യമു ള്ളതായി തോന്നാറുണ്ടോ? ഊണു്, ഉടുപ്പു്, കിടപ്പിടം എ ന്നിവയെപ്പോലെയോ, ഒരു ഉല്ലാസവേളയെപ്പോലെയോ സുപ്രധാനമാണോ സ്വാതന്ത്ര്യം? മനുഷ്യൻ എന്നും സ്വാത ന്ത്ര്യത്തിൽ ശ്രദ്ധാലുവായിരുന്നുവോ? സ്വാതന്ത്ര്യപ്രാപ്തിക്കു വേണ്ടിയുള്ള സാധാരണക്കാരൻെറ പ്രയത്നമാണു് രാഷ്ട്രീയ ചരിത്രത്തിൻെറ സത്തയെന്ന പഴഞ്ചൻവിശ്വാസത്തിൽ വല്ല വാസ്തവവുമുണ്ടോ?

ചില പ്രത്യേകപ്രതിബന്ധങ്ങളിൽനിന്നു മോചനം നേടണമെന്ന അഭിലാഷത്തിൽ കവിഞ്ഞ വല്ലതുമായി സ്വാതന്ത്ര്യസ്നേഹത്തെ പരിഗണിക്കാമോ? എങ്കിൽ പ്രതിബന്ധങ്ങളകലുമ്പോൾ സ്വാതന്ത്ര്യവാഞ്ഛയും അകലുകയില്ലേ? അസഹനീയമായ പുത്തൻ പ്രതിബന്ധങ്ങളുണ്ടാകുംവരെ അതു തണുത്തു് ആറിക്കിടക്കുകയില്ലേ? ഈ നിഗമനം എത്രമാത്രം ശരിയാണു്? മററുള്ളവരോടു്, പ്രത്യേകിച്ചും മുൻകാലങ്ങളിൽ മേലാളരായിരുന്നവരോടൊപ്പമെത്താനുള്ള അഭിലാഷത്തെ സ്വാതന്ത്ര്യാഭിലാഷവുമായി തട്ടിച്ചുനോക്കുമ്പോൾ അതിലേതിനാണു് കൂടുതൽ പ്രാബല്യമുള്ളതു്? മററുള്ളവരോടു് ഐക്യവും സാഹോദര്യവും സ്ഥാപിക്കുന്നതുകൊണ്ടുണ്ടാകുന്ന സുഖസൗകര്യങ്ങളും സ്വാതന്ത്ര്യഫലങ്ങളും തമ്മിൽ എത്ര പൊരുത്തവും താരതമ്യവുമുണ്ടു്? സ്വാതന്ത്ര്യം കൈവെടിയുന്നതുകൊണ്ടു് മററുള്ളവരുമായി താദാത്മ്യപ്രാപ്തിയും സംതൃപ്തിയും, ആ സുദൃഢബന്ധത്തിന്റെ ഫലമായി അന്യരിലുണ്ടാവുന്ന ആദരവും നേടാൻ കഴിയുമെന്നിരിക്കട്ടെ; അപ്പോൾ മനുഷ്യൻ സ്വാതന്ത്ര്യം പരിത്യജിക്കുമോ?

ആധുനികലോകത്തിലെ സ്ഥിതിഗതികൾ എല്ലാ ജനാധിപത്യരാജ്യങ്ങളിലെയും പൗരന്മാരോടു് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നുണ്ടു്. അത്തരം ചോദ്യങ്ങൾ പ്രധാനമായോ സർവ്വസ്വമായോ രാഷ്ട്രീയമാണെന്നു ഗണിക്കപ്പെട്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഇന്നു സ്ഥിതി അതല്ല. രാഷ്ട്രീയം, ധനശാസ്ത്രം എന്നിവയ്ക്കു പുറമേ മനുഷ്യപ്രകൃതിയുടെ ഘടനയും പ്രശ്നങ്ങളും അതിലടങ്ങിയിരിക്കുന്നു. സ്വാതന്ത്ര്യസ്നേഹം മനുഷ്യപ്രകൃതിയിൽ അന്തർല്ലീനമാണെന്നതാണു് നമ്മുടെ വിശ്വാസം. ജനാധിപത്യത്തിന്റെ ജനകീയമനഃശാസ്ത്രം ഒരു മിഥ്യയാണോ? രാഷ്ട്രീയജനാധിപത്യം ഒരു ധാർമ്മിക അവകാശമാണു്. തൻമൂലം അതിന്റെ അടിസ്ഥാനനിയമങ്ങൾ എല്ലാ സാമുദായികസംഘടനകളും അ

നുസരിക്കേണ്ടിയിരിക്കുന്ന സദാചാരക്രമങ്ങളാണു്. ഈ വിശ്വാസത്തോടു ബന്ധപ്പെട്ടതായിരുന്നു മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള പൂർവ്വതത്വങ്ങൾ. മറെറാരുതരത്തിൽ നമുക്കു ഈ ചോദ്യങ്ങളെ സമീപിക്കാം. സ്വതന്ത്രഭരണകൂടത്തിന്റെ അടിസ്ഥാനം പ്രകൃതിദത്തമായ അവകാശങ്ങളും പ്രകൃതിദത്തമായ നിയമങ്ങളുമാണെന്ന വിശ്വാസം കൈവിടുകയാണെങ്കിൽ ആ ഭരണകൂടത്തിനു് മറെറന്തു ധാർമ്മികാടിസ്ഥാനമാണുള്ളതു്? അമേരിക്കൻ കോളനികൾ യുദ്ധം ചെയ്താണു് സ്വാതന്ത്ര്യം നേടിയതെന്നും, മനഃശാസ്ത്രപരമായും ധാർമ്മികവുമായുള്ള ഒരസ്ഥിവാരത്തിൽ അവർ ബോധപൂർവ്വം, കരുതിക്കൂട്ടി ഒരു ഭരണകൂടം പടുത്തുയർത്തുകയുമാണു് ചെയ്തതെന്നും വിശ്വസിക്കുന്നതു് വിഡ്ഢിത്തമായിരിക്കാം. എങ്കിലും നമ്മുടെ ജനാധിപത്യപാരമ്പര്യം—അതിനെ ഒരു സ്വപ്നമെന്നോ ദീർഘദർശനമെന്നോ വിളിച്ചോളൂ—മനുഷ്യപ്രകൃതിയിലുള്ള വിശ്വാസങ്ങളോടും രാഷ്ട്രീയസ്ഥാപനങ്ങളുടെ ധാർമ്മികലക്ഷ്യങ്ങളോടും അത്ര വളരെ ബന്ധപ്പെട്ടതായതുകൊണ്ടു് ആ ബന്ധങ്ങൾ തകരുമ്പോൾ ഭയങ്കര ഞെട്ടലുണ്ടാകും. അവയുടെ സ്ഥാനം ഏറെറടുക്കാനോ, അവ നൽകിയ പിൻബലം നല്കാനോ വേറെ വല്ലതുമുണ്ടോ?

പൊതുജീവിതത്തിൽനിന്നു വിരമിച്ചശേഷം തോമസ് ജഫേർസൻ, വാർദ്ധക്യകാലത്തു് ജോൺ ആഡംസുമായി പല താത്വികപ്രശ്നങ്ങളെക്കുറിച്ചും സൗഹാർദ്ദപരമായ കത്തിടപാടു നടത്തിയിരുന്നു. ആ കത്തുകളൊന്നിൽ അദ്ദേഹം അമേരിക്കയിലെ അന്നത്തെ സ്ഥിതികളെക്കുറിച്ചു പ്രസ്താവിക്കുകയും അവയുടെ ഭാവിയെക്കുറിച്ചു് ഇങ്ങനെ പ്രത്യാശിക്കുകയും ചെയ്തിരുന്നു. "രണ്ടായിരം വർഷങ്ങൾക്കുമുമ്പു് മനുഷ്യമനസ്സിനുണ്ടായിരുന്ന സ്വാതന്ത്ര്യം ഒരുകാലത്തു് അതിനു തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയ്ക്കു് ലിബറലിസത്തിന്റെ പുരോഗതി ശക്തി കൂട്ടുന്നുണ്ടു്. ഭൗതികസ്വാതന്ത്ര്യ

ത്തിൻെറ മാതൃക ലോകത്തിന്നു നല്കിയ ഈ രാജ്യത്തിന്ന്, ധാർമ്മികസ്വാതന്ത്ര്യത്തിൻെറ മാതൃകയും ലോകത്തിന്നു നല്കുവാനുള്ള കടമയുണ്ട്—കാരണം, നമ്മുടെ ഇടയിൽ അതു നാമമാത്രമാണു്. താത്വികമായി നിയമം നിഷ്കർഷിക്കുന്ന സ്വാതന്ത്ര്യം പ്രയോഗത്തിൽ പൊതുജനാഭിപ്രായത്തിൻെറ കുററാന്വേഷണത്തിന്ന് മുമ്പിൽ പരാജയപ്പെട്ടുപോവുന്നു.'' പില്ക്കാലസംഭവഗതികൾ ഒരുപക്ഷേ അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ മാററാനും, രാഷ്ട്രീയസ്വാതന്ത്ര്യത്തിൻെറ അവസാനഫലമാണെന്നു് അദ്ദേഹം പ്രതീക്ഷിച്ച സാംസ്കാരിക സ്വാതന്ത്ര്യംകൂടാതെ തന്നെ രാഷ്ട്രീയസ്വാതന്ത്ര്യം നിലനിൽത്താൻ കഴിയുകയില്ലേ എന്നന്വേഷിക്കാനും പ്രേരിപ്പിച്ചിട്ടുണ്ടായിരിക്കാം. അവശ്യമായ രാഷ്ട്രീയസ്വാതന്ത്ര്യം കിട്ടുകയാണെങ്കിൽ മറെറല്ലാം ക്രമേണ വന്നുകൂട്ടം; അങ്ങിനെ നമുക്കു കിട്ടും. ഈ സുപ്രതീക്ഷ ഇനിയും വച്ചുപുലർത്താനെളുപ്പമല്ല. കാരണം വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ—വ്യവസായങ്ങളിലും സന്ദേശസമ്പർക്കങ്ങൾ മുഖേനയും, ശാസ്ത്രം, കല, മതം മുതലായവയിലൂടെയും രാഷ്ട്രീയസ്ഥാപനങ്ങൾക്കതീതമായ പരസ്പരബന്ധങ്ങൾ ദൈനന്ദിനസമ്പർക്കത്തെ ബാധിക്കും. അങ്ങനെ ഭരണക്രമത്തിലും നിയമനടപടികളിലും പ്രകടമാകുന്ന മനോഭാവത്തെയും പെരുമാററത്തെയും കൂടി സാരമായി സ്പർശിക്കും. ഈ സംഗതി ഇന്നു നമുക്കറിയാം. രാഷ്ട്രീയവും നിയമപരവുമായ സംഗതികൾക്കു് മററു കാര്യങ്ങളുമായി പരസ്പരകാര്യകാരണബന്ധമുണ്ടെന്ന വസ്തുത ശരിയാണെങ്കിൽ, രാഷ്ട്രീയസ്ഥാപനങ്ങൾ കാരണമല്ല, കാര്യമാണു് എന്ന വസ്തുത അതിലേറെ വാസ്തവമാണു്.

മനുഷ്യർക്കു് ഒത്തുചേരുവാനും ഒന്നിച്ചുജീവിക്കാനുമുള്ള വ്യവസ്ഥകളെ സംബന്ധിക്കുന്ന സ്ഥിതിബാഹുല്യത്തെയാണു് സംസ്കാരം എന്ന പദപ്രയോഗത്താൽ പ്രകൃതത്തിൽ വി

വക്ഷിച്ചിരിക്കുന്നതു്. രാഷ്ട്രീയസ്വാതന്ത്ര്യം രൂപപ്പെട്ടുത്താനും സംജാതമാകാനും കഴിയുന്നത്ര സ്വയം സ്വതന്ത്രമായ സംസ്കാരം ഏതു്, ഏതു മട്ടിലുള്ളതു് എന്നറിയുവാനാണു വിഷമം. ശാസ്ത്രത്തിന്റേയും വിജ്ഞാനത്തിന്റേയും സ്ഥിതി എന്താണു്. ലളിതകലകൾ, സാങ്കേതികകലകൾ, സുഹൃൽബന്ധങ്ങൾ, കുടുംബജീവിതം, വ്യാപാരം, ധനവിനിമയം, ദൈനംദിനജീവിതത്തിൽ സർവ്വസാധാരണമായ കൊള്ളലും കൊടുക്കലും, വളർത്തിവിടുന്ന സ്വഭാവമാതൃകകൾ, മനോഭാവങ്ങൾ ഇവയുടെ സ്ഥിതിയോ? മനുഷ്യസ്വഭാവത്തിന്റെ നൈസർഗ്ഗികഘടകങ്ങൾ എന്തുതന്നെയായിരുന്നാലും, അതിന്റെ പ്രവർത്തനശക്തികൾ, പ്രധാനമായും അവയ്ക്കു രൂപം നൽകുന്ന സ്ഥാപനങ്ങളോടും, നിയമങ്ങളോടും ബന്ധമുള്ള ശക്തികൾ ഒരു സംസ്കാരത്തിലുൾക്കൊള്ളുന്ന തൊഴിലാളികളുടെയും, വൈദഗ്ദ്ധ്യങ്ങളുടെയും, വിശ്വാസങ്ങളുടെയും സൃഷ്ടിയാണു്. സംസ്കാരത്തിന്നു മാററങ്ങൾ സംഭവിക്കുമ്പോൾ, അതു് വൈവിധ്യംനിറഞ്ഞു് സങ്കീർണ്ണമാകുമ്പോൾ, പുതിയ പ്രശ്നങ്ങളും ശക്തികളും രൂപംകൊള്ളുന്നു. സ്വാതന്ത്ര്യസ്നേഹം മനുഷ്യനിൽ അന്തർല്ലീനമായി കിടപ്പുണ്ടു്; അതുകൊണ്ടു് ഒരിക്കൽ തിരുസഭയുടെയും, രാഷ്ട്രശക്തിയുടെയും മേൽക്കോയ്മയും മേധാവിത്വവും അവസാനിപ്പിച്ചാൽ സ്വതന്ത്രസ്ഥാപനങ്ങൾ സ്വയം ഉളവാകുകയും പരിരക്ഷിക്കപ്പെടുകയും ചെയ്യുമെന്ന അഭിപ്രായം ഇനി വിലപ്പോകുകയില്ല. നിലവിലിരുന്ന മർദ്ദനങ്ങളിൽനിന്നും, മേധാവിത്വങ്ങളിൽനിന്നും വിമോചനം നേടുകയെന്നതു് ആവശ്യമായ ഒരു പരിണാമദശയാണു്; എന്നാൽ വ്യത്യസ്തവും നവീനവുമായ മറെറാന്നിലേയ്ക്കു് കടക്കുവാനുള്ള ഒരു പാലം മാത്രമാണല്ലോ പരിണാമദശ.

സംസ്കാരം എന്ന വാക്കിൽ ഒതുക്കുവാൻ കഴിയുന്ന പല സാമാന്യസ്ഥിതികൾക്കും രാഷ്ട്രീയസ്ഥാപനങ്ങളുമായി വ

ളരെയടുത്ത ബന്ധമുണ്ട്. തിരുസഭയുടെയും സ്റ്റേയിററി ൻെറയും മർദ്ദനങ്ങൾ മനുഷ്യപ്രകൃതിയെ ദൂഷിപ്പിക്കുകയും അങ്ങനെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മൗലികവികാരങ്ങൾ ഒന്നുകിൽ തീരെ നഷ്ടപ്പെട്ടുപോവുകയോ അല്ലെങ്കിൽ വികൃതരൂപമാവുകയോ ചെയ്യുമെന്ന് അമേരിക്കയിലെ ആദ്യകാല റിപ്പബ്ളിക്കന്മാർ സിദ്ധാന്തിച്ചിരുന്നു. പ്രകൃതിദത്തമായ വാസനകളേക്കാൾ ചുററുപാടുമുള്ള സ്ഥിതിഗതികൾക്ക് ശക്തികൂടുമെന്ന് സമ്മതിക്കയാണിതുകൊണ്ടവർ വാസ്തവത്തിൽ ചെയ്തതു്. മനുഷ്യപ്രകൃതി ഒരു കണക്കിൽ ഏതു രൂപത്തിൽ വേണമെങ്കിലും വാർത്തെടുക്കാൻ കഴിയുന്ന ഒരുതരം ക്ലേടാണ്. തന്നിമിത്തം എന്നെന്നും ഉൽക്കണ്ഠയ്ക്കവകാശമുണ്ട്. ഇതേ ആശയംതന്നെയാണ് "നിരന്തരമായ ജാഗരൂകതയാണ് സ്വാതന്ത്ര്യത്തിൻെറ വില" എന്ന ചൊല്ലിൻെറയും പൊരുൾ. അധികാരമോഹം മനുഷ്യപ്രകൃതിയുടെ ഒരു പ്രത്യേക സ്വഭാവമാണ്. വ്യക്തമായ പ്രതിരോധവ്യവസ്ഥകളുടെ അഭാവത്തിൽ സ്വതന്ത്രസ്ഥാപനങ്ങളുടെമേൽ കയ്യേററംനടത്താനും അവയെ അട്ടിമറിക്കാനും പ്രേരിപ്പിക്കത്തക്ക ശക്തിയേറിയതാണ് അധികാരമോഹമെന്നും, "സ്ഥാപകപിതാക്കന്മാർ" (Founding Fathers) മനസ്സിലാക്കിയിരുന്നു. ദീർഘകാലപരിചയംകൊണ്ടുതന്നെ അവനെ കെട്ടിയിരിക്കുന്ന ചങ്ങല കെട്ടിപ്പുണരാൻപ്രേരിപ്പിക്കുമെന്ന പ്രസ്താവനയിൽ മനുഷ്യൻെറ മൂലപ്രകൃതിയെക്കാൾ അവൻ പിന്നീട്ട് ആർജ്ജിക്കുന്ന സ്വഭാവത്തിനു് ശക്തികൂടുമെന്ന വിശ്വാസം ഉൾക്കൊള്ളുന്നു.

ജഫെർസൺ ഒരുപടി മുന്നോട്ടുപോയി. കാർഷികവൃത്തിയോട്ട് പ്രതിപത്തിയും, വ്യവസായം, വ്യാപാരം മുതലായവയുടെ വളർച്ചയെക്കുറിച്ച് ഭയവും ഉണ്ടായിരുന്ന അദ്ദേഹം പ്രത്യേക പ്രവർത്തനമണ്ഡലങ്ങളിൽനിന്നുടലെടുക്കുന്ന താല്പര്യങ്ങൾ, മൗലികപ്രകൃതിയേയും അവയോടേററവും ഇണങ്ങി

ക്കഴിയുന്ന സ്ഥാപനങ്ങളെയും സമൂലം മാററിക്കളയുമെന്നു വിശ്വസിച്ചു. ജഫേർസൺ ഭയപ്പെട്ടിരുന്ന ആ സ്ഥിതിവ്യത്യാസം വന്നുചേർന്നു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു മുൻകൂട്ടി കാണാൻ കഴിഞ്ഞതിലും വളരെ വിപുലമായ തോതിൽ കൃഷികവൃത്തിയിൽ കഴിഞ്ഞിരുന്ന ഒരു ഗ്രാമീണജനതതി വൻകിട വ്യവസായങ്ങളിൽ ആമഗ്നരായ ഒരു നാഗരിക ജനതതിയായി രൂപാന്തരപ്പെട്ടതിൻെറ അനന്തരഫലങ്ങൾ നാം ഇന്നഭിമുഖീകരിക്കയാണു്.

സാമ്പത്തികഘടകങ്ങൾ സംസ്കാരത്തിൻെറ ആന്തരവിഭാഗങ്ങളാണു്. വാക്ക്രൂപേണയുള്ള വിശ്വാസങ്ങൾ എന്തുതന്നെയായാലും സാംസ്കാരികഘടകങ്ങളാണു് രാഷ്ട്രീയനടപടികളുടെയും നിയമങ്ങളുടെയും ഗതി നിർണ്ണയിക്കുന്നതു്.

• രാഷ്ട്രീയസ്ഥാപനങ്ങളെപ്പോലെതന്നെ സാമ്പത്തികബന്ധങ്ങളെയും ഒററപ്പെടുത്തുക സാദ്ധ്യമല്ല. പ്രകൃതിയെപ്പററി, അതായതു് ഭൗതികശാസ്ത്രത്തെപ്പററി ഉള്ള അറിവ് സംസ്കാരത്തിൻെറ ഒരു വശമാണു്. വ്യവസായം, വ്യാപാരം, സാധനങ്ങളുടെ ഉല്പാദനവിതരണം, ജോലികളുടെ ക്രമീകരണം എന്നിവയെല്ലാം പ്രത്യക്ഷമായി സംസ്കാരത്തെ ആശ്രയിക്കുന്നു. പതിനേഴാംനൂററാണ്ടിലുണ്ടായിത്തീൎന്ന പുതിയ ഭൗതികപ്രകൃതിശാസ്ത്രത്തിൻെറ ഉത്ഭവവും അതിൻെറ ഇന്നോളമുള്ള വികാസവും നാം കണക്കിലെടുക്കാതെ ഉല്പാദനവിതരണവിനിയോഗക്രമങ്ങളുടെ സാമ്പത്തികസങ്കേതങ്ങളെ നമുക്കു മനസ്സിലാക്കുവാൻ കഴിയുകയില്ല. വ്യാവസായികവിപ്ലവത്തിലെ സംഭവങ്ങൾക്കു് മുന്നേറിക്കൊണ്ടിരിക്കുന്ന ശാസ്ത്രീയവിപ്ലവത്തിനോടുള്ള ബന്ധംതന്നെ ഇതിനുള്ള അവിതൎക്കിതമായ തെളിവാണു്.

ജനാധിപത്യസ്ഥാപനങ്ങളെയും, വ്യക്തിസ്വാതന്ത്ര്യത്തെയും സ്വാധീനിക്കുന്ന സാമൂഹ്യസ്ഥിതികളുടെ ഒരു പ്രധാന ഭാഗമായി കലകളെ, പ്രത്യേകിച്ചും ലളിതകലകളെ

സാധാരണ കണക്കാക്കാറില്ല. വ്യവസായത്തിന്റെയും ഭൗതികശാസ്ത്രത്തിന്റെയും സ്ഥിതിഗതികൾക്കുള്ള സ്വാധീനശക്തി സമ്മതിച്ചുകൊടുത്തശേഷംപോലും സാഹിത്യം, സംഗീതം, ചിത്രകല, നാടകം, ശില്പകല മുതലായവയ്ക്ക് ജനാധിപത്യത്തിന്റെ സാംസ്കാരികാടിസ്ഥാനവുമായി വളരെ അടുത്ത ബന്ധമുണ്ടെന്ന കാര്യം അംഗീകരിക്കാൻ വിഷമം കാണുന്നു. കലാസ്വാദനത്തിൽ എല്ലാവർക്കും പങ്കുചേരാൻ കഴിയണമെന്നു വിശ്വസിക്കുന്നതിനേക്കാൾ, അവയെല്ലാം സംസ്കാരത്തിന്നൊരലങ്കാരമാണെന്നുമാത്രം വിശ്വസിക്കാനാണ് നല്ല ജനാധിപത്യവാദികളെന്നു സ്വയം കരുതുന്നവർപോലും പലപ്പോഴും ഇഷ്ടപ്പെടുന്നതു്. സർവ്വാധിപത്യരാജ്യങ്ങളിലെ സ്ഥിതിഗതികൾ ഈ അഭിപ്രായം മാററാൻ നമ്മെ പ്രേരിപ്പിച്ചേക്കാം. കാരണം, കലാകാരനെ അവന്റെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കു് പ്രേരിപ്പിക്കുന്ന വികാരങ്ങളും ശക്തികളും എന്തുതന്നെയായാലും എല്ലാ കലാസൃഷ്ടികളും ഒരിക്കൽ നിലവിൽവന്നാൽ പിന്നെ വികാരങ്ങൾ ഇളക്കിവിടാനും, അഭിപ്രായങ്ങൾ രൂപമെടുക്കാനും സഹായിക്കുന്ന ഏററവും ശക്തിമത്തായ സന്ദേശോപാധികളായിത്തീരുന്നു എന്നാണ് ഇതുവരെ തെളിയിക്കപ്പെട്ടിട്ടുള്ളതു്. നാടകശാല, സിനിമ, സംഗീതമണ്ഡപം, ചിത്രശാല, വാദ്യമേളം, പ്രകടനങ്ങൾ. കായികവിനോദങ്ങൾ, വിശ്രമത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങൾ ഇവയെല്ലാംതന്നെ സർവ്വാധിപത്യം ഒരു മർദ്ദകഭരണമാണെന്നു ബഹുജനങ്ങളെ തോന്നിക്കാതെതന്നെ അതിനെ അധികാരത്തിൽ വാഴിക്കാൻ സഹായിക്കുന്ന പ്രചരണയന്ത്രത്തിന്റെ പ്രധാന ഘടകങ്ങളായി വ്യവസ്ഥിതമാക്കപ്പെട്ടിരിക്കുന്നു. യുക്തിയെക്കാളും അറിവിനെക്കാളും വികാരങ്ങൾക്കും ഭാവനക്കുമാണ് പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ കഴിയുകയെന്ന് നാം മനസ്സിലാക്കാൻ തുടങ്ങിട്ടുണ്ടു്. ഇന്നത്തെ പ്രതിസ

സ്ഥിഘടനമുണ്ടാകുന്നതിന്ന് എത്രയോ മുമ്പുതന്നെയുള്ള ഒരു ചൊല്ലുണ്ട്. 'ഒരു രാഷ്ട്രത്തിൻെറ പാട്ടുകൾ നിയന്ത്രിക്കാൻ കഴിയുമെങ്കിൽ പിന്നെ അവിടത്തെ നിയമങ്ങൾ ആരുണ്ടാക്കി എന്നന്വേഷിക്കാൻ മിനക്കെടേണ്ട' എന്ന്. പ്രാകൃതമതങ്ങളെല്ലാംതന്നെ വിശ്വാസവും അനുസരണവും ആജ്ജിച്ച് അധികാരം നടത്തിയിരുന്നതു് കലയുടെ മൂടുപടമണിഞ്ഞ അവരുടെ ആചാരങ്ങളും, ചടങ്ങുകളും, ഉത്സവങ്ങളും, കെട്ടുകഥകളും, നാടോടിപ്പാട്ടുകളും ഉപയോഗിച്ച് ജനങ്ങളുടെ വികാരങ്ങളെയും, ഭാവനയേയും സ്വാധീനിച്ചുകൊണ്ടാണെന്നു് ചരിത്രപഠനംമൂലം മനസ്സിലാക്കാൻ കഴിയും. ആധുനികലോകത്തു് ഏററവും അധികം സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുള്ള ക്രിസ്തുമതവും അതേ കലോപാധികൾ സ്വീകരിക്കുകയും, ബഹുജനവിശ്വാസവും അനുസരണവും നിലനിത്താൻതക്കവിധത്തിലും, സ്വന്ത വിശ്വാസങ്ങൾക്കനുയോജ്യമായവിധത്തിലും അവ തങ്ങളുടെ ചട്ടക്കൂട്ടിലിണക്കിച്ചേക്കുകയുമാണു് ചെയ്തതു്.

ഒരു സവ്വാധിപത്യഭരണക്രമം, അതിൻെറ കീഴിലുള്ള ജനതയുടെ വികാരങ്ങളും, മനോഭാവങ്ങളും, അഭിപ്രായങ്ങളും സ്വാധീനിച്ചു്, അവരുടെ ജീവിതം സമൂലനിയന്ത്രണവിധേയമാക്കാൻ നിബ്ബന്ധിതമാണു്. സവ്വാധിപത്യഭരണം സമ്പൂണ്ണമായ സവ്വാധിപത്യം തന്നെ സ്ഥാപിക്കണമല്ലോ. മനുഷ്യഭാവനയെ, എല്ലാ ആന്തരികവികാരങ്ങളും പ്രേരണാശക്തികളും ഉൾക്കൊള്ളുന്ന ഭാവനയെ, ആദ്യമായി സവ്വാധിപത്യഭരണസമ്പ്രദായം നിയന്ത്രിക്കേണ്ടിയിരിക്കുന്നു; ഒരിക്കലും അതിന്നു് അയവു വരുത്തിക്കൂടാ. ഇതേ ഉപാധികൾ സ്വീകരിച്ചാണു് മതസംഘടനകളും അധികാരം സ്ഥാപിച്ചു നടത്തുന്നതു്. അതുകൊണ്ടാണു് സവ്വാധിപത്യമാഗ്ഗത്തിൽ ചരിക്കുന്ന ഏതു സ്റ്റെയിററിനോടും മതത്തിനു മത്സരിക്കേണ്ടിവരുന്നതു്. സവ്വാധിപത്യവ്യവസ്ഥ

യുടെ ഏററവും അറപ്പിക്കുന്ന വശങ്ങളായി ജനാധിപത്യരാജ്യങ്ങളിലുള്ളവക്ക തോന്നുന്ന അതേ കാര്യങ്ങൾക്കുവേണ്ടി സർവ്വാധിപത്യവാദികൾ വക്കാലത്തെടുക്കുന്നതും, ജനാധിപത്യവ്യവസ്ഥയിൽ ആ വശങ്ങൾ ഇല്ലെന്നതുകൊണ്ടാണ് അവർ അതിനെ അധിക്ഷേപിക്കുന്നതും. ജനാധിപത്യരാഷ്ട്രങ്ങൾക്ക് അവിടത്തെ പൌരന്മാരെ വൈകാരികമായും, ആശയപരമായും പരിപൂർണ്ണമായി ഏകീകരിക്കാൻ കഴിയുന്നില്ല; പൌരന്മാരുടെ കൂറു നിലനിത്താൻവേണ്ടി വെറും ബാഹ്യവും യാന്ത്രികവുമായ ഉപാധികൾ മാത്രമേ ജനാധിപത്യവ്യവസ്ഥയിൽ ഉപയോഗിക്കാൻ നിവൃത്തിയുള്ളൂ, എന്നാണവർ ജനാധിപത്യത്തെ കുററംപറയാൻ കണ്ടുപിടിച്ചിട്ടുള്ള കാരണങ്ങൾ തന്നെ. ജനങ്ങളെ മുഴുവൻ മയക്കിക്കളയുന്ന ഒരുതരം സമൂഹേന്ദ്രജാലമായി കണക്കാക്കിയാലും ഇതിൻെറ സ്വാധീനശക്തി നാം അംഗീകരിക്കേണ്ടിയിരിക്കുന്നു—ബാഹ്യമായ സമ്മർദ്ദത്തിന്മേൽ മാത്രമാണ് സർവ്വാധിപത്യം നിലനിന്നുപോരുന്നതെന്ന തെററിദ്ധാരണയിൽനിന്നു് രക്ഷനേടാനെങ്കിലും.

സംസ്കാരം എന്ന സംജ്ഞയിലുൾപ്പെടുന്ന സങ്കീർണ്ണസമൂഹശക്തികളുടെ മൂലകന്ദമായി ധാർമ്മികഘടകവും ഉണ്ടു്. ധാർമ്മികവിശ്വാസങ്ങളും വിചിന്തനങ്ങളും അത്യാവശ്യമാണെന്നും അവയ്ക്കു് ശാസ്ത്രീയമായ യാതൊരടിസ്ഥാനവുമില്ലെന്നും ഉള്ള വിശ്വാസത്തിനു പ്രചാരമുണ്ടെങ്കിലും ഒരു കാര്യം തീർച്ചയാണ്. മനുഷ്യൻ ചില കാര്യങ്ങൾ മററു ചിലതിനേക്കാൾ അഭിലഷണീയമായി കരുതുന്നു. ആ കാര്യങ്ങൾവേണ്ടി സമയവും ശക്തിയും വിനിയോഗിച്ചു് സമരം ചെയ്യുന്നു. വിലമതിക്കപ്പെടുന്ന ആ കാര്യങ്ങളെ അളക്കുന്നതുതന്നെ അവയ്ക്കുവേണ്ടി ചിലവഴിക്കുന്ന പ്രയത്നംവച്ചുകൊണ്ടാണ് എന്നു പറയത്തക്കരീതിയിൽ അത്രയ്ക്കു വിപുലമാണ് ആ പ്രയത്നങ്ങൾ. കുറെ വ്യക്തികൾ കൂടിച്ചേർന്നു് യഥാ

ത്ഥത്തിൽ ഒരു സമൂഹമായിത്തീരണമെങ്കിൽ അതിനു പൊതുവായ ചില മൂല്യങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ടു്. മൂല്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ യാന്ത്രികമായാവിഷ്കരിക്കപ്പെടുന്ന പരസ്പരബന്ധങ്ങൾ മൂലം ഉടലെടുക്കുന്ന സമുദായങ്ങളും, വർഗ്ഗങ്ങളും, ജനസംഘങ്ങളുമെല്ലാം ശിഥിലീകരിക്കപ്പെടാനാണിടയുള്ളതു്. മൂല്യങ്ങൾ ധാർമ്മികമാണോ,അവയ്ക്കു് തനതായ ജീവനും ശക്തിയുമുണ്ടോ, ജീവശാസ്ത്രപരവും, സാമ്പത്തികവും മററുമായ ചില പരിതഃസ്ഥിതികളുടെ ഉപസൃഷ്ടികൾ മാത്രമല്ലേ അവ, എന്ന പ്രശ്നങ്ങളൊക്കെ തല്ക്കാലം അവിടെ നില്ക്കട്ടെ. ഈ സാമൂഹ്യവൽക്കരണം തുലോം ഉപരിപ്ലവമല്ലേ? ഈ വിശേഷണം പലക്കും തോന്നിയേക്കാം. കാരണം ധാർമ്മികലക്ഷ്യങ്ങൾക്കുവേണ്ടിയാണു് എല്ലാ സാമൂഹ്യശക്തികളും പ്രാപഞ്ചികശക്തികളും നിയന്ത്രിക്കപ്പെട്ടിരിക്കുന്നതെന്നു് വിശ്വസിക്കാൻ മതം പഠിപ്പിച്ചിട്ടുണ്ടു്. മനുഷ്യസമുദായത്തിന്റെ ഉയർച്ചയും താഴ്ചയും പരമമായി നിർണ്ണയിക്കുന്നതു് ധാർമ്മികശക്തികളാണെന്നു് പേരിന്നു മാത്രമെങ്കിലും വിശ്വസിച്ചുവരുന്നവരും വളരെയുണ്ടു്. ഈ സംഗതി ഇവിടെ എടുത്തുപറയാൻ പ്രത്യേകകാരണമുണ്ടു്. അറിയാനാവുന്ന കാര്യങ്ങൾ ഭൗതികസംഭവങ്ങൾ മാത്രമാണു്. അതുകൊണ്ടു് ധാർമ്മികാചാരമൂല്യങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾക്കു് ശാസ്ത്രീയമായ യാതൊരടിസ്ഥാനവുമില്ല എന്നു വാദിക്കുന്ന ഒരു തത്വജ്ഞാനവിഭാഗമുണ്ടു്. ഉല്പാദനശക്തികളാണു് മാനുഷികമൂല്യങ്ങളെ നിയന്ത്രിക്കുന്നതെന്ന മാർക്സിയിൻവിശ്വാസപ്രമാണത്തിന്റെ സ്വഭാവംതന്നെയാണു് സംഭവങ്ങളുടെ ദീർഘഗതിവികാസത്തിൽ മൂല്യങ്ങൾക്കു് യാതൊരു സ്വാധീനവുമില്ലെന്നുള്ള വാദത്തിനുമുള്ളതു്. ഗണിതശാസ്ത്രത്തിന്റെയും ഭൗതികശാസ്ത്രത്തിന്റെയും വിജയത്തിൽ കണ്ണഞ്ചിപ്പോയ പല ധിഷണാശാലികളും, ആശയങ്ങളെയും, ചിന്തകളെയും ബുദ്ധിപ

രമായി നിയന്ത്രിക്കാനസാദ്ധ്യമാണെന്ന അഭിപ്രായത്തോടു യോജിക്കുന്നവരാണ്. സംസ്കാരത്തിൽ ശ്രദ്ധിക്കപ്പെടേണ്ടതായി ചുരുങ്ങിയതു് ഒരു ഘടകംകൂടിയുണ്ടെന്നു് ഈ സംഗതി സൂചിപ്പിക്കുന്നു. നിലവിലുള്ള വിവിധസാമൂഹ്യതത്വശാസ്ത്രങ്ങളും, പരസ്പരം മത്സരിക്കുന്ന തത്വസംഹിതകളും ഉള്ള ബന്ധത്തിന്റെ പ്രശ്നം സാധാരണപരിശോധനാവിധേയമാകാറില്ല. എന്നാൽ അവയിൽ ഓരോന്നിന്റെയും തത്വങ്ങളുടെ വിശകലനത്തിന്നിടയിൽ ആ പ്രശ്നം കിടക്കുന്നതുകൊണ്ടു് അതിൽനിന്നുളവാകുന്ന ഏതു നിഗമനവുമായിരിക്കും ചില പ്രത്യേകകാര്യങ്ങളിലെടുക്കുന്ന നിലപാടു് പരമമായി നിർണ്ണയിക്കുന്നതു്. ഏതെങ്കിലും ഒരു ഘടകം മൗലികമായ കാരണശക്തിയായിത്തീരാൻമാത്രം പ്രബലമാണോ? തന്നിമിത്തം മററു ഘടകങ്ങൾ അവയുടെ അനന്തരഫലങ്ങളും പ്രാധാന്യം കുറഞ്ഞതും ആയിത്തീരുന്നുണ്ടോ? തത്വജ്ഞാനികൾ "അദ്വൈതം" എന്നു പറയുന്നതരത്തിലുള്ള ചില ഉത്തരങ്ങൾ മാത്രമേ ഇതിന്നു പൊതുവെ കിട്ടാറുള്ളു. മാനുഷികബന്ധങ്ങളുടെ പരമമായ നിയന്ത്രണശക്തി സാമ്പത്തികസ്ഥിതിഗതികളാണെന്ന വിശ്വാസമാണ് ഇക്കാലത്തു കാണപ്പെടുന്നതിൽ വച്ചേററവും വ്യക്തമായ ഉദാഹരണം. ഈ അഭിപ്രായം തുലോം ആധുനികമാണെന്ന സംഗതിയും ശ്രദ്ധാർഹമാണ്. പതിനെട്ടാംനൂററാണ്ടിൽ പ്രാബല്യത്തിലിരുന്ന വിജ്ഞാന നവോത്ഥാനം യുക്തിക്കും, ശാസ്ത്രപുരോഗതിക്കും, വിദ്യാഭ്യാസപുരോഗതിക്കും പരമാധികാരം നല്കി. കഴിഞ്ഞ നൂററാണ്ടിൽപോലും ഈ അഭിപ്രായം ചില ചരിത്രകാരന്മാരുടെ മുദ്രാവാക്യമായിരുന്നു. "ഭൂതകാലരാഷ്ട്രീയമാണ് ചരിത്രം; വർത്തമാനചരിത്രം രാഷ്ട്രീയവും."

എല്ലാററിനും സാമ്പത്തിക വിശദീകരണം നൽകുന്നതു് ഇന്നൊരു ഫാഷനായിത്തീർന്നിരിക്കുന്നു. അതിനാൽ ഈ

രാഷ്ട്രീയാഭിപ്രായം ചില ചരിത്രകാരന്മാരുടെ കിറുക്കുമാത്രമായിരുന്നെന്നു തോന്നിപ്പോകും. ദേശീയസ്റ്റേറ്റുകൾ രൂപവൽക്കരിച്ചിരുന്ന കാലഘട്ടത്തിൽ അടിക്കടി പ്രയോഗിച്ചിരുന്ന ഒരാശയത്തിന്ന് അതു് രൂപം നല്കിയെന്നേയുള്ളു. "പൊളിട്ടിക്കൽ എക്കോണമി" (രാഷ്ട്രീയ സാമ്പത്തികം) എന്ന വാക്കുതന്നെ സൂചിപ്പിക്കുന്നതു് ഒരു കാലത്തു് സാമ്പത്തികകാര്യങ്ങളെ പരിപൂർണ്ണമായും രാഷ്ട്രീയം കീഴടക്കിവെച്ചിരുന്നു എന്നാണു്. ഈ "അവശത"യ്ക്കൊരറുതി വരുത്തിയതു് ആഡംസ്മിത്തിന്റെ സുപ്രസിദ്ധഗ്രന്ഥമായ "വെൽത്ത് ഓഫ് നാഷൻസ്" ആണു്. പക്ഷേ ഉള്ളടക്കത്തിലല്ലെങ്കിൽ പേരിലെങ്കിലും പഴയ പാരമ്പര്യംതന്നെയാണു് ആ ഗ്രന്ഥവും തുടർന്നതു്. അരിസ്റ്റോട്ടിൽ രാഷ്ട്രീയഘടകത്തിനാണു് എല്ലാ നിയന്ത്രണാധികാരവും കല്പിച്ചുകൊടുത്തിരുന്നതു്. സാമ്പത്തികകാര്യങ്ങളെല്ലാം അടുക്കളയിലേയ്ക്കു തള്ളിനീക്കപ്പെട്ടു. ധാർമ്മികമായി നീതീകരിക്കാവുന്ന എല്ലാ സാമ്പത്തിക ഏർപ്പാടുകളും വാസ്തവത്തിൽ അടുക്കള ഏർപ്പാടുകളായിരുന്നു. ഇന്നു് മാർക്സിയൻ തത്വചിന്തയ്ക്കു് ഇത്ര അധികം സ്വാധീനവും പ്രചാരവുമുണ്ടായിരുന്നിട്ടും, ഓപ്പൻഹെയിം അദ്ദേഹത്തിന്റെ പ്രമേയം തെളിയിക്കാൻ വേണ്ടത്ര തെളിവുകൾ സംഭരിച്ചിരിക്കുന്നു. രാഷ്ട്രീയസ്റ്റേയിറ്റുകൾ സൈനികവിജയങ്ങളുടെ സൃഷ്ടിയാണു്; അത്തരം സ്റ്റേയിറ്റുകളിൽ തോല്പിക്കപ്പെട്ട ജനങ്ങൾ വിജയികളുടെ അടിമകളായിത്തീരുന്നു; വിജയികൾ കീഴടക്കപ്പെട്ടവരുടെമേൽ ഭരണം സ്ഥാപിക്കുന്നു; അങ്ങനെയാണു് ആദ്യത്തെ രാഷ്ട്രീയസ്റ്റേയിറ്റു് ഉണ്ടായതു്—എന്നാണദ്ദേഹത്തിന്റെ പ്രമേയം.

സർവ്വാധിപത്യസ്റ്റേയിറ്റുകളുടെ വളർച്ച അവ ഏകാധിപത്യപരമാണെന്ന ഒരൊററക്കാരണത്താൽ പഴയ രാഷ്ട്രീയസ്ഥാപനങ്ങളുടെ പരമാധികാരസിദ്ധാന്തത്തിലേയ്ക്കു് തി

രിച്ചുപോവലായി കരുതുവാൻ സാദ്ധ്യമല്ല. എങ്കിലും, രാഷ്ട്രീയത്തെ സാമ്പത്തികത്തിനു കീഴ്പ്പെടുത്തുന്ന സിദ്ധാന്തങ്ങളുമായി (മാർക്സിസ്റ്റ് രീതിയിലുള്ളതായാലും ശരി, ബ്രിട്ടീഷ് ക്ലാസിക്കൽ രീതിയിലുള്ളതായാലും ശരി)--താരതമ്യപ്പെടുത്തിനോക്കുമ്പോൾ സർവ്വാധിപത്യത്തിൻെറ വളച്ച് ആധുനികസ്റ്റേയിററുകളുടെ പ്രവർത്തനത്തിൽനിന്നു നിശ്ശേഷം വിട്ടുപോയെന്നു കരുതപ്പെട്ടിരുന്ന പഴയ തത്വങ്ങളിലേക്കും പ്രയോഗങ്ങളിലേക്കുമുള്ള പിൻവാങ്ങലിനെത്തന്നെയാണു് സൂചിപ്പിക്കുന്നതു്. അവ പുനരാരംഭിച്ചിരിക്കുന്നെന്നു മാത്രമല്ല, വ്യവസായം, ധനകാര്യം, വ്യാപാരം മുതലായവയെ നിയന്ത്രിക്കാനുള്ള പുതിയ ശാസ്ത്രീയവിദ്യകൾ ഉപയോഗിച്ചു വിപുലീകരിക്കയും ചെയ്തിരിക്കുന്നു. എല്ലാ സാമൂഹ്യകാര്യങ്ങളെയും പരമമായി നിയന്ത്രിക്കുന്നതു് ധാർമ്മികകാര്യങ്ങളായിരിക്കണം എന്ന ആശയത്തിനു് അന്നത്തെപ്പോലെ പ്രചാരം ഇന്നില്ല. ധാർമ്മികശക്തികൾ അങ്ങേഅററത്തോളം സ്വാധീനം ചെലുത്തിയിരുന്നതായി കരുതപ്പെട്ടിരുന്ന കാലത്തും അതു സാധിച്ചിരുന്നതു് അക്കാലത്തു് മനുഷ്യൻെറ പരസ്പരബന്ധങ്ങൾ യഥാർത്ഥത്തിൽ നിയന്ത്രിച്ചിരുന്ന ആചാരങ്ങളുമായി ധാർമ്മികശക്തികൾ താദാത്മ്യം പ്രാപിച്ചിരുന്നതുകൊണ്ടാണെന്നുപോലും തെളിയിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ ഇന്നുണ്ടു്. ഒരുതരം "സുവർണ്ണനിയമം" സ്വീകരിക്കുന്നതാണെങ്കിൽ എല്ലാ സാമൂഹ്യവൈരുദ്ധ്യങ്ങളും കുഴപ്പങ്ങളും താനേ തീൎന്നുപോകുമെന്ന ഒരാശയം ഇന്നും പത്രപംക്തികളിലും പ്രസംഗമഞ്ചങ്ങളിലും പ്രകടിപ്പിക്കപ്പെട്ടു കാണുന്നുണ്ടു്; ഞാൻ ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ "ധാർമ്മികപുനരായുധീകരണം" (Moral re-armament) എന്ന പേരിലറിയപ്പെടുന്ന ഒരു പ്രസ്ഥാനത്തിൻെറ പുരോഗതിയെക്കുറിച്ചു് പത്രങ്ങൾ റിപ്പോർട്ടു ചെയ്യുന്നുണ്ടു്. ആചാരങ്ങളും ധാർമ്മികമൂല്യങ്ങളും തമ്മിലുണ്ടായിട്ടുള്ളതായി പറയ

പ്പെട്ട ഏകീകരണം ഒരു ചോദ്യം ഉന്നയിക്കുന്നു. മനുഷ്യരെ കുറെക്കാലം ഏകോപിച്ചുനിർത്തിയിരുന്ന ആചാരങ്ങളുടെ ശിഥിലീകരണംകൊണ്ടുണ്ടാകുന്ന ഫലങ്ങളെ അഭിമുഖീകരിക്കാൻ സാമാന്യ സ്വീകാര്യതയുള്ള പുതിയ ആചാരങ്ങളും നടപടികളും കൊണ്ടല്ലാതെ കഴിയുമോ? ഈ അഭിപ്രായപ്രകാരമുള്ള സംഭവവികാസം, പുതിയ ധാർമ്മികമൂല്യങ്ങൾ സൃഷ്ടിക്കുന്നതിന്നു് തുല്യമായിരിക്കും. അവ നേരത്തെ ചോദിച്ച ചോദ്യങ്ങൾക്കു് നൽകുന്ന പ്രാധാന്യത്തെ മുൻനിർത്തിയാണു് അത്തരം പ്രശ്നങ്ങൾ ഇവിടെ ഉന്നയിച്ചിരിക്കുന്നതു്. സർവ്വപ്രധാനമായ ഏതെങ്കിലും ഒരു ഘടകമോ സാംസ്കാരികാംശമോ ഉണ്ടോ? ഉണ്ടെങ്കിൽ അവ മററു ഘടകങ്ങളെ സൃഷ്ടിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നുണ്ടോ? അല്ലെങ്കിൽ അവ ധനകാര്യം, ധാർമ്മികമൂല്യങ്ങൾ, കലാശാസ്ത്രം മുതലായവ നിരവധി ഘടകങ്ങളുടെ പരസ്പരപ്രവർത്തനത്തിൻെറ വിവിധവശങ്ങൾ മാത്രമാണോ? തത്വജ്ഞാനത്തിൻെറ ഭാഷയിൽ ചോദിച്ചാൽ നമ്മുടെ വീക്ഷണം "അദ്വൈത"മായിരിക്കണോ, ദ്വൈതമായിരിക്കണോ? മേല്പറഞ്ഞ ഘടകങ്ങളോരോന്നിനെക്കുറിച്ചും ഇതേ ചോദ്യങ്ങൾ ചോദിക്കാം. സാമ്പത്തികകാര്യങ്ങൾ, രാഷ്ട്രീയം, കല, ശാസ്ത്രം എന്നിവയെക്കുറിച്ചൊക്കെയും കൂടാതെ മനുഷ്യപ്രകൃതിയുടെ ഘടനയെ പലപ്പോഴായി സ്വാധീനിപ്പിച്ചിട്ടുള്ള സിദ്ധാന്തങ്ങളിൽനിന്നുള്ള ഉദാഹരണങ്ങൾകൊണ്ടു് ഈ കാര്യം തെളിയിക്കാം. സ്വാർത്ഥതാല്പര്യമാണു് മനുഷ്യപ്രവർത്തനങ്ങളുടെ പ്രധാന പ്രേരകശക്തിയെന്നു് ക്ലാസിക്കൽ സാമ്പത്തിക സിദ്ധാന്തമെടുക്കുക. അതിൻെറ സാങ്കേതികവശത്തിൽ ഈ ആശയം വേറൊരാശയത്തോടു ബന്ധപ്പെട്ടതാണു്–വേദനയും സുഖവുമാണു് എല്ലാ മനുഷ്യപ്രവർത്തനങ്ങളുടെയും മൂലകാരണം; ഒന്നു് ഒഴിവാക്കാനും മററതു നേടുവാനുമുള്ള ലക്ഷ്യദർശനമാണു് സബോധപ്രവർത്തനത്തെ നി

യന്ത്രിക്കുന്നതു്. സ്വാത്മതാല്പര്യവും, സഹാനുഭൂതിയും മനുഷ്യപ്രകൃതിയുടെ രണ്ടു ഘടകങ്ങളാണെന്നും പരസ്പരവിരുദ്ധങ്ങളെങ്കിലും അവ തുല്യങ്ങളാണെന്നുമുള്ള ഒരഭിപ്രായഗതിയും ഉണ്ടായിരുന്നു.

മനുഷ്യപ്രവത്തനങ്ങളുടെ നിയന്ത്രണത്തിനു് ഇപ്പോൾ "തിരഞ്ഞെടുക്ക"പ്പെടുവാൻ ഏററവും അധികം സാദ്ധ്യതയുള്ള മനശ്ശാസ്ത്രതാത്വിക "സ്ഥാനാത്ഥി" അധികാരമോഹമാണു്. ധനലാഭത്തിനുള്ള അന്വേഷണത്തിൽനിന്നു മനസ്സിലായി, ധനലബ്ധിയുണ്ടാവണമെങ്കിൽ മേലധികാരം കൂടിയേ കഴിയൂ എന്നു്. ദേശീയസ്റ്റേററുകളുടെ വളച്ച്യോടൊപ്പം വമ്പിച്ചതോതിലുള്ള സൈനിക–നാവികശക്തികളും സംഘടിപ്പിച്ചിരുന്നതുകൊണ്ടു്, രാഷ്ട്രീയം കൂടുതൽ വ്യക്തമായി "ശക്തിരാഷ്ട്രീയ"മായിത്തീരുകയാണെന്ന നിഗമനത്തിലെത്താൻ സഹായിച്ചു,–പണ്ടു് രാഷ്ട്രീയത്തിൻെറ അധികാരവശം മോടിയായും അന്തസ്സിലും മൂടിവെക്കപ്പെട്ടിരുന്നുവെങ്കിലും. അസ്തിത്വത്തിനുള്ള ആയോധനത്തിൽ "കൊള്ളാവുന്നവൻ തള്ളിമുന്നേറുന്നു" എന്ന ഡാർവിനിയൻ സിദ്ധാന്തത്തിൻെറ ഒരു വ്യാഖ്യാനം "ശക്തിരാഷ്ട്രീയ"ത്തിൻെറ പ്രാധാന്യത്തിനു് താത്വികമായ പിൻബലം നൽകി. ചില എഴുത്തുകാർ, പ്രധാനമായും നിത്ഷേ, ക്രിസ്ത്യാനികളുടെ ത്യാഗധമ്മത്തിനെതിരായി ഒരു "ശക്തിധമ്മം" ആവശ്യമാണെന്നുപോലും വാദിക്കയുണ്ടായി.

സംസ്കാരസൃഷ്ടിയിൽ ചുററുപാടുമുള്ള സ്ഥിതിഗതികളുമായി എപ്പോഴും ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ പരസ്പരപ്രവത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഏക ഘടകമെന്ന നിലക്കു് മനുഷ്യപ്രകൃതിയെക്കുറിച്ചു് വിശദമായ പഠനം ആവശ്യമാണു്. എന്നാൽ മനുഷ്യപ്രകൃതിയുടെ പ്രധാന പ്രേരകശക്തിയെക്കുറിച്ചു പ്രചാരത്തിലുള്ള സിദ്ധാന്തങ്ങളിൽ അപ്പോഴപ്പോഴായി ഉണ്ടായിക്കൊണ്ടിരിക്കുന്ന

മാററങ്ങൾ സാധാരണ ചോദിക്കപ്പെടാത്ത ഒരു ചോദ്യത്തിനിടനൽകുന്നു: വാസ്തവത്തിൽ ഈ മന:ശാസ്ത്രങ്ങൾ വണ്ടിയെ കുതിരയായി തെററിദ്ധരിക്കുകയല്ലേ? സമകാലീന സാമൂഹ്യജീവിതത്തിൽ പ്രകടമായ ചില സ്ഥിതിഗതികളെ കണ്ടറിയുക. അതിൽനിന്നു് മനുഷ്യപ്രകൃതിയിലെ പ്രധാന ശക്തിയെക്കുറിച്ചു് ചില ആശയങ്ങൾ രൂപവൽക്കരിക്കുക, എന്നിട്ടു് അവയെല്ലാം ജനപ്രതിനിധിഭരണത്തിനുവേണ്ടി സമരമുണ്ടായപ്പോൾ മനുഷ്യപ്രകൃതി ആന്തരികമായി സ്വാതന്ത്ര്യാസക്തിയാൽ പ്രചോദിതമാണെന്ന തത്വം ആവിഷ്കരിക്കപ്പെട്ടു. വ്യാവസായികവിപ്ലവംനിമിത്തം ഉല്പാദനത്തിൽ പുതിയ മാർഗ്ഗങ്ങൾ ഉണ്ടായപ്പോൾ ഇംഗ്ലണ്ടിൽ പണത്തിൻെറ പ്രവർത്തനപരിധി വിപുലമായിത്തീർന്ന അവസരത്തിൽ സ്വാർത്ഥതാല്പര്യം ഒരു പ്രേരണാശക്തിയാണെന്ന വാദത്തിനു് പ്രസക്തിയും പ്രചാരവും കൂടിവന്നു. സംഘടിച്ചു് അവശതാപരിഹാരത്തിനുള്ള സംരംഭങ്ങൾ വളർന്നുവന്നതോടൊപ്പം, സഹതാപം ഒരു പ്രേരകശക്തിയായി പരിഗണിക്കപ്പെട്ടുവന്നു. അതുപോലെതന്നെ ഇന്നത്തെ പരിത:സ്ഥിതികളാണു് അധികാരമോഹത്തെ മനുഷ്യപ്രകൃതിയുടെ ഒരു പ്രധാന ഉറവിടമായി കണക്കാക്കാനിടയാക്കിയതു്. കാര്യങ്ങളെ കാരണമായി എടുക്കുകയല്ലേ പലപ്പോഴും ചെയ്തിട്ടുള്ളതു് എന്നു് ന്യായമായി ശങ്കിക്കേണ്ടിയിരിക്കുന്നു.

നരവംശശാസ്ത്രപഠനഫലമായി പ്രചാരത്തിൽ വന്നിട്ടുള്ള സംസ്കാരസിദ്ധാന്തം ഒരു സംഗതി തെളിയിക്കുന്നു. മനുഷ്യപ്രകൃതിയുടെ നൈസർഗ്ഗികഘടകങ്ങൾ എന്തുതന്നെയായിരുന്നാലും, അവയുടെ സ്ഥാനക്രമനിർണ്ണയം ചെയ്യുന്ന കാര്യത്തിൽ സ്വാധീനം ചെലുത്തുന്നതു് ഒരു പ്രത്യേകകാലത്തെ പ്രത്യേകഗ്രൂപ്പുകളുടെ സംസ്കാരമാണു്. മനുഷ്യസ്വഭാവത്തിൻെറ പ്രകൃതം നിർണ്ണയിക്കുന്ന ശക്തിയേതോ, അതാണു് ഏതെങ്കിലും ഗ്രൂപ്പിൻെറയോ, കുടുംബത്തിൻെറയോ, ക

ലത്തിൻെറയോ, വംശത്തിൻെറയോ, വർഗ്ഗത്തിൻെറയോ പ്രവർത്തനത്തിലുള്ള പ്രത്യേകത വ്യക്തമാക്കുന്നതു്. സ്വസംതൃപ്തിക്കുവേണ്ടി മനുഷ്യപ്രകൃതി ചില പ്രത്യേക സാമൂഹ്യസാഹചര്യങ്ങൾ സൃഷ്ടിക്കുന്നുവെന്ന തത്വത്തോളം തന്നെ ശരിയാണു് സംസ്കാരസ്ഥിതിയാണു് പ്രകൃതിദത്തമായ ശക്തികളുടെ സ്ഥാനക്രമം നിർണ്ണയിക്കുന്നതു് എന്നതും. ഒരു സംസ്കാരത്തിലെ വിവിധാംശങ്ങളുടെ പരസ്പരപ്രവർത്തനങ്ങൾ എവ്വിധമാണെന്നു് നിലവിലുള്ള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ മനുഷ്യപ്രകൃതിയുടെ വ്യത്യസ്തഘടകങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നുവെന്നും കണ്ടുപിടിക്കാനാണു വിഷമം. ഉദാഹരണമായി അമേരിക്കൻസംസ്കാരം പ്രധാനമായും ഒരു സാമ്പത്തിക സംസ്കാരമാണെന്നു കരുതുന്നപക്ഷം ആ പരിഗണനയ്ക്കു് ഉപോൽബലകഹേതു മൗലികമായ മനുഷ്യപ്രകൃതിയുടെ ഘടന സാമ്പത്തികലാഭം നേടാൻ സ്വയം നിയുക്തമാണെന്നതല്ല. ഒരു പ്രത്യേക സംസ്കാരം ചില പ്രത്യേകാഭിലാഷങ്ങളേയും ലക്ഷ്യങ്ങളേയും ഉളവാക്കുവാൻ പര്യാപ്തമായ ചില വാസനകളെ പ്രചോദിപ്പിക്കുകയും, വളർത്തുകയും, ഉറപ്പിക്കുകയും ചെയ്യുന്നുവെന്നതാണു് വാസ്തവം. ലോകത്തിലിന്നേവരെയുണ്ടായിട്ടുള്ള എല്ലാ സമുദായങ്ങളേയും ജനവിഭാഗങ്ങളേയും, വർഗ്ഗങ്ങളേയും, വംശങ്ങളേയും മുൻപിൽ വച്ചു നോക്കുകയാണെങ്കിൽ മനുഷ്യപ്രകൃതി അതിൻെറ പ്രാഥമികഘടനയിൽ താരതമ്യേന സ്ഥിരമായിരിക്കകൊണ്ടു്, വിവിധസമൂഹരൂപങ്ങളിൽ കണ്ടുവരുന്ന വിപുലമായ വൈരുദ്ധ്യങ്ങൾക്കു് കാരണം ബോധിപ്പിക്കാൻ ഏതെങ്കിലും ഒരു പ്രത്യേകവിഭാഗത്തോട്ടു് ഒററയ്ക്കൊററയ്ക്കു് ആവശ്യപ്പെടുന്നതു് ശരിയല്ലെന്നു ബോധ്യപ്പെടും.

പ്രാകൃതജനങ്ങൾ രക്തത്തിനു പല മാന്ത്രികശക്തികളുമുള്ളതായി വിശ്വസിച്ചിരുന്നു. വംശത്തെക്കുറിച്ചും, ആന്തരികമായ വംശവ്യത്യാസങ്ങളെക്കുറിച്ചുമുള്ള പൊതുധാരണ

കൾ പഴയ അന്ധവിശ്വാസങ്ങളെ മിക്കവാറും ശാശ്വതമായി നിലനിർത്താൻ സഹായിച്ചിട്ടുണ്ട്. വ്യത്യസ്തവംശങ്ങളിൽ കാണപ്പെടുന്ന അന്തരങ്ങൾ അവരുടെ ശാരീരികഘടനയിലുള്ള പ്രത്യേകതകൾകൊണ്ടല്ല, അവർ വളർന്നു വന്നിട്ടുള്ള പ്രത്യേക സാംസ്കാരികപരിതഃസ്ഥിതികൾ ചെലുത്തിയ സ്വാധീനഫലമാണ്. ഇക്കാര്യത്തിൽ നരവംശശാസ്ത്രജ്ഞന്മാർക്കിടയിൽ യോജിപ്പാണുള്ളതു്. സാംസ്കാരികപരിതഃസ്ഥിതികൾ മനുഷ്യൻെറ ജനനംമുതല്ക്കുതന്നെ മൗലികമനുഷ്യപ്രകൃതിയിൽ സ്വാധീനം ചെലുത്തുന്നു. ഒരു ഭാഷയും വശമില്ലാതെ ജനിക്കുന്ന ശിശുക്കൾ അവർ ജനിച്ചുവീണ സമുദായത്തിലെ ഭാഷ എന്തുതന്നെയായിരുന്നാലും അതു സംസാരിക്കാൻ പഠിക്കുന്നു. മറേറതു സാധാരണ സംഭവത്തെയുംപോലെ ഇതും യാതൊരു പ്രത്യേക ജിജ്ഞാസയും ഉളവാക്കിയിട്ടില്ല; സാംസ്കാരികപരിതഃസ്ഥിതികളുടെ സ്വാധീനശക്തിയെക്കുറിച്ചു് ഒരു സാമാന്യ തത്വം രൂപവൽക്കരിക്കാനും സഹായിച്ചിട്ടില്ല. ഒരനിവാര്യസംഭവമാണെന്നു തോന്നിക്കത്തക്കവണ്ണം അത്രയ്ക്കു് സ്വാഭാവികമായ ഇതിനെക്കുറിച്ചു പൊതുവെ പഠനങ്ങൾ നടത്തേണ്ട ആവശ്യമില്ലെന്നായിരുന്നു സങ്കല്പം. വ്യവസ്ഥിതമായ അന്വേഷണങ്ങൾ തുടങ്ങിയശേഷമേ, ഒരു പ്രത്യേക ഗ്രൂപ്പിനു് ഒരു പൊതുഭാഷ നൽകുന്ന സാംസ്കാരികപരിതഃസ്ഥിതികൾ മററു ചില സാമൂഹ്യസ്വഭാവങ്ങളും അവക്കു നൽകുന്നുണ്ടെന്ന കാര്യം ശ്രദ്ധിക്കപ്പെട്ടിട്ടുള്ളു. മാതൃഭാഷയെപ്പോലെ തന്നെ ഒരു ഗ്രൂപ്പിനെയോ സമുദായത്തെയോ മററു ഗ്രൂപ്പുകളിൽനിന്നും സമുദായങ്ങളിൽനിന്നും വേർതിരിച്ചു കാണിക്കുന്നവയാണു് മേൽപ്പറഞ്ഞ സാമാന്യസ്വഭാവങ്ങൾ.

സംസ്കാരം, ആചാരങ്ങളുടെ ഒരു സങ്കീർണ്ണഘടനയാണു് ആ നിലയ്ക്കു് അതു് പരിരക്ഷണസാദ്ധ്യതയുള്ളതുമാണ്. അതുൾക്കൊള്ളുന്ന മൗലികഘടകങ്ങളിൽ പല വ്യത്യാസങ്ങ

ളും മാററങ്ങളും മാത്രമേ അതിനു സ്വയം പുനരാവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ. ഓരോ സംസ്കാരത്തിനും അതിന്റേതായ ഓരോ ചട്ടക്കൂടുണ്ട്; അതിന്റെ ഘടകങ്ങൾക്കും ശക്തികൾക്കും തനതായ വ്യക്തിത്വമുള്ള ചില സ്ഥാനക്രമങ്ങളും. അതിന്റെ നിലനില്പിന്റെ ശക്തികൊണ്ടുതന്നെയും, വ്യവസ്ഥാനുസൃതം അനുവർത്തിച്ചുവരുന്ന സോദ്ദേശനടപടികൾകൊണ്ടും, വളർച്ചയെത്താത്തവരുടെ മൗലികമനുഷ്യപ്രകൃതിയെ അനുയോജ്യമാംവണ്ണം രൂപപ്പെടുത്തിക്കൊണ്ട് സംസ്കാരം സ്വയം നിലനിർത്താൻ, ശാശ്വതമാക്കാൻ ശ്രമിക്കുന്നു.

ശാരീരികപാരമ്പര്യങ്ങളും ജന്മസിദ്ധമായ വൈയക്തികവ്യത്യാസങ്ങളും അപ്രധാനങ്ങളാണെന്നു ധരിക്കേണ്ടതില്ല. ഒരു വ്യക്തമായ സാമൂഹ്യഘടനയിൽ വർത്തിക്കുമ്പോൾ, അതിനുള്ളിൽത്തന്നെ ഈ ഘടകങ്ങളും രൂപപ്പെടുത്തപ്പെടുന്നു എന്നുമാത്രം. ഒരു ഗ്രൂപ്പിനെയോ, ജനവിഭാഗത്തെയോ, മററാരു ഗ്രൂപ്പിൽനിന്നോ ജനവിഭാഗത്തിൽനിന്നോ വർഗ്ഗത്തിൽനിന്നോ തിരിച്ചറിയാൻ സഹായിക്കുന്ന സ്വഭാവവിശേഷങ്ങളല്ല. ഓരോ വിഭാഗത്തിനുള്ളിലും കാണപ്പെടുന്ന ആന്തരമായ വ്യത്യാസങ്ങൾ മാത്രമാണവ. "വെള്ളക്കാരന്റെ ഭാണ്ഡം" എന്തുതന്നെയായാലും അതു് പാരമ്പര്യത്തിന്റെ സൃഷ്ടിയല്ല.

മനുഷ്യപ്രകൃതിയിലെ അപ്രധാന അംഗങ്ങളും, അവയുടെ പരസ്പരബന്ധവും സ്ഥാനക്രമവും നിർണ്ണയിക്കുന്നതിൽ സംസ്കാരത്തിനുള്ള പങ്ക് പ്രത്യേകിച്ച് ചൂണ്ടിക്കാണിക്കാൻ കഴിയാവുന്നതിലും വിപുലമായിരുന്നത്രേ. വ്യക്തിത്വം എന്ന ആശയത്തെത്തന്നെ അതു ബാധിക്കുന്നു. ആന്തരികമായും സമഗ്രമായും വ്യക്തിഗതമാണു് മനുഷ്യപ്രകൃതി എന്ന ആശയംതന്നെ സംസ്കാരിക വ്യക്തിവാദപ്രസ്ഥാനത്തിന്റെ സന്തതിയാണു്. മനസ്സും ബോധാവസ്ഥയും സ്വതവേത

80819
D.M. 3129
DISTRICT LIBRARY KOTTAYAM
KOTTAYAM

ന്നെ വ്യക്തിഗതമാണെന്ന ആശയം മാനവചരിത്രത്തിൽ വളരെക്കാലത്തോളം ആക്കും തോന്നിയിരുന്നില്ല. അങ്ങിനെ ആരെങ്കിലും സൂചിപ്പിച്ചിരുന്നെങ്കിൽ അരാജകത്വത്തിൻെറയും ക്രമക്കേടിൻെറയും ഉറവിടമായി ആ ആശയത്തെ തള്ളിക്കളയുമായിരുന്നു. മനുഷ്യപ്രകൃതി, മററെല്ലാ ജീവിതരൂപങ്ങളെയുംപോലെ, വ്യത്യസ്തതയിലേക്കുനീങ്ങുന്നു, ആ വ്യത്യസ്തത സ്പഷ്ടമായ വ്യക്തിത്വത്തിലേക്കും, അവിടെനിന്നു വ്യക്തിത്വം സംഘം ചേരലിലേക്കും സമൂഹത്വത്തിലേക്കും നീങ്ങുന്നു, എന്നു മാത്രമേ നമുക്കുറപ്പിച്ചു പറയാൻ കഴിയുകയുള്ളു. ഒരു പ്രത്യേക മൃഗവർഗ്ഗത്തിലോ, സസ്യവർഗ്ഗത്തിലോ ഉള്ള പ്രധാന പ്രവണതയേയും രണ്ടും തമ്മിലുള്ള ആനുപാതികബന്ധത്തെയും നിർണ്ണയിക്കുന്നതു് ശാരീരിക-ജീവ:ശാസ്ത്രഘടകങ്ങളാണു്. ഏതെങ്കിലും ഒന്നു് "ഏകാന്ത" ജീവിയാണോ "സമൂഹ"ജീവിയാണോ എന്നു് തരംതിരിക്കാൻ സഹായിക്കുന്നതും ഈ ഘടകങ്ങൾതന്നെ. ശാരീരികഘടകങ്ങൾക്കുപകരം സംസ്കാരികപരിത:സ്ഥിതികളാണു് മനുഷ്യരെ സംബന്ധിച്ചിടത്തോളം നിർണ്ണായകകാര്യം. മനുഷ്യചരിത്രത്തിൻെറ തുടക്കത്തിൽ ബോധപൂർവ്വമുള്ള ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം, ശാരീരികപരിത:സ്ഥിതികളും സാംസ്കാരികപരിത:സ്ഥിതികളും ഏതാണ്ടൊരേനിലയിൽതന്നെയായിരുന്നു. ആ സംസ്കാരികപരിത:സ്ഥിതികൾ സ്വാഭാവികങ്ങളും അവയിലെ മാററങ്ങൾ പ്രകൃതിവിരുദ്ധങ്ങളുമായിട്ടാണു് കണക്കാക്കിയിരുന്നതു്. പിൽക്കാലത്തു്, കരുതിക്കൂട്ടിയുള്ള രൂപവൽക്കരണത്തിനു് വിധേയമാണു് സാംസ്കാരികപരിത:സ്ഥിതികളെന്നും ഗണിക്കപ്പെട്ടിരുന്നു. കൃത്രിമസാമൂഹ്യപരിത:സ്ഥിതികൾ ഇല്ലായ്മചെയ്താൽ മാത്രമേ, വ്യക്തിത്വത്തിനു സ്വതന്ത്രപ്രവർത്തനം സാദ്ധ്യമാവുന്ന സാമൂഹ്യവ്യവസ്ഥിതി മനുഷ്യപ്രകൃതിക്കു സ്വയമേവ ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ എന്ന വിശ്വാസത്തോടു്

പുരോഗമനവാദികൾ കുറേക്കാലം പരിപൂർണ്ണമായി യോജിച്ചിരുന്നു.

സാമൂഹ്യപ്രവണതകളായ സഹാനുകമ്പയും മററും ഉണ്ടെന്നുള്ള കാര്യം സമ്മതിക്കപ്പെട്ടിരുന്നുവെങ്കിലും സ്വന്തം ദേഹരക്ഷയ്ക്കുവേണ്ടി മററുള്ളവരുമായി സംഘം ചേരാനുള്ള മനുഷ്യവാസനപോലെ കേവലം വ്യക്തിപരമായ, ഒററപ്പെട്ട സ്വഭാവവിശേഷമാണതെന്നു മാത്രമായിരുന്നു ധാരണ. മനുഷ്യപ്രകൃതിയും വ്യക്തിത്വവും തമ്മിൽ പരിപൂർണ്ണമായ ഒരു സംയോജനം അഭിലഷണീയമാണോ, അല്ലയോ എന്നതു് അലസമായ ഒരു താത്വികപ്രശ്നമാണു്. കാരണം അങ്ങനെയൊരു പ്രശ്നമില്ല. ചില സാംസ്കാരികപരിതഃസ്ഥിതികൾ വ്യത്യസ്തതയിലേക്കു നയിക്കുന്ന മനശ്ശാസ്ത്രഘടകങ്ങളെ വികസിപ്പിക്കുന്നു; മററു ചിലവയാകട്ടെ, തേനീച്ചക്കൂട്ടിലേയോ, ഉറുമ്പിൻപുററിലേയോപോലുള്ള സാമൂഹ്യസൗഹാർദ്ദത്തിലേക്കും. ഓരോ ഘടകത്തിൻെറയും പരിപൂർണ്ണവളർച്ചയേയും സ്വാതന്ത്ര്യത്തേയും സഹായിക്കാൻ രണ്ടു ഘടകങ്ങളുടെ വികസനവും ഭദ്രമാക്കുകയാണു് മനുഷ്യൻെറ പ്രശ്നം. സഹകരണം—സുപ്രസിദ്ധ ഫ്രഞ്ചു മുദ്രാവാക്യമായ സാഹോദര്യം (Fraternity) തന്നെ—ജനാധിപത്യ ആദർശത്തിൽ വ്യക്തിപരമായ നേതൃത്വത്തോളം തന്നെ പ്രധാന പങ്കു വഹിക്കുന്നുണ്ടു്. സഹകരണബോധത്തെ സമത്വത്തിൻേറയും സ്വാതന്ത്ര്യത്തിൻേറയും കീഴിലാക്കിത്തീർത്ത സാംസ്കാരികസാഹചര്യങ്ങൾ വളരാനനുവദിച്ചതുതന്നെ (പ്രത്യേകിച്ചും സാമ്പത്തികരംഗത്തു്) സ്വാതന്ത്ര്യത്തിൻെറയും സമത്വത്തിൻെറയും അധഃപതനഹേതു വ്യക്തമാക്കുന്നു. പരോക്ഷമായി ഈ അധഃപതനം വ്യക്തിവാദത്തിനു് ഇന്നുള്ള ദുഷ്പ്രവാദം വരുത്തിവെക്കാനും, സാമൂഹ്യത്വത്തിനു് വിമർശനാതീതമായ ഒരുതരം ധാർമ്മികാഢ്യത്വം നൽകുന്നതിനും

സഹായിച്ചിട്ടുണ്ട്. എന്നാൽ വെറും സ്വാർത്ഥതാല്പര്യങ്ങൾ നേടുവാൻ മാത്രം പരസ്പരബന്ധത്തിലേർപ്പെട്ടുന്നവർക്കിടയിൽ മനുഷ്യപ്രകൃതിയെപ്പററി പൂർണ്ണബോധ്യമുണ്ടാകാം എന്ന ധാരണ അബദ്ധമാണ്. വിപുലമായ തോതിൽ നിഷേധങ്ങൾ കൂട്ടിച്ചേർത്താൽ അതു മനുഷ്യപ്രകൃതിയായിത്തീരുമെന്നുള്ള വിശ്വാസം അത്രയോ അതിലധികമോ അബദ്ധമാണ്.

പരസ്പരം സഹകരിക്കുന്ന വ്യക്തിത്വങ്ങളുടെ സ്വാതന്ത്ര്യപ്രശ്നം, സംസ്കാരത്തിൻെറ പശ്ചാത്തലത്തിൽ പരിഗണിക്കപ്പെടേണ്ട ഒന്നാണ്. സംസ്കാരം നിരവധി ഘടകങ്ങളുടെ പരസ്പരപ്രവർത്തനമാണ്. നിയമം, രാഷ്ട്രീയം, വ്യവസായം, വാണിജ്യം, ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരസ്പരസമ്പർക്കത്തിൻെറയും ആശയപ്രകടനത്തിൻെറയും കലകൾ, മനുഷ്യൻ വില കല്പിച്ചിരിക്കുന്ന ധാർമ്മികമൂല്യങ്ങൾ മുതലായവയാണ് പ്രധാന ഘടകങ്ങൾ. ഇവക്കു പുറമേ, ചുററുപാട്ടുമുള്ള ജീവിതത്തിൻെറ അടിസ്ഥാനകാര്യങ്ങളെ ന്യായീകരിക്കാനും വിമർശിക്കാനും മനുഷ്യൻ ഉപയോഗിച്ചുവരുന്ന ആശയസംഹിതകൾ, സാമൂഹ്യതത്വശാസ്ത്രം എന്നിവയും പരോക്ഷമായി ആ ഘടകങ്ങളിൽപെടുന്നു. സ്വാതന്ത്ര്യപ്രശ്നത്തെക്കുറിച്ചാണ് പരിഹാരമാർഗ്ഗത്തെക്കുറിച്ചല്ല നാം പരിചിന്തിക്കുന്നതു്. ഈ ചർച്ചയുടെ അടിസ്ഥാനതത്വം ഇതാണ്. ഏതെങ്കിലും ഒരു പ്രത്യേകഘടകത്തെ, ഒരു പ്രത്യേക കാലഘട്ടത്തിൽ അതെത്രതന്നെ പ്രബലമായിരുന്നാലും ശരി, ഒററപ്പെടുത്തുന്നതു് ശരിയായ ധാരണക്കും ബുദ്ധിപൂർവ്വമായ പ്രവർത്തനത്തിനും ഹാനികരമാണ്. ഇത്തരം ഒററപ്പെടുത്തൽ ധാരാളമുണ്ടായിട്ടുണ്ട്,—ഒരുവശത്തു് മനുഷ്യപ്രകൃതിയിലെ ഏതെങ്കിലും ഒരു ഘടകത്തെ ഏററവും പ്രധാ

നപ്പെട്ട പ്രേരണാശക്തിയായി കണക്കാക്കുകയും, മറുവശത്ത് ഏതെങ്കിലും ഒരു സാമൂഹ്യപ്രവത്തനത്തെ സവ്വപ്രധാനമായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യപ്രകൃതിക്കകത്തും പുറത്തുമുള്ള ഒട്ടേറെ ഘടകങ്ങൾക്കുടെ പരസ്പരപ്രവത്തനരീതിയാണ് നമ്മുടെ പ്രശ്നം. അതിനാൽ നൈസർഗ്ഗിക മനുഷ്യസ്വഭാവവും സംസ്കാരവും തമ്മിലുള്ള പരസ്പരബന്ധത്തെ പരിശോധിക്കുക.

## II

# സംസ്കാരവും മനുഷ്യപ്രകൃതിയും

വ്യത്യസ്തപരിതഃസ്ഥിതികളിൽ സ്വാതന്ത്ര്യത്തിനു നല്ക
പ്പെട്ട വിഭിന്നവ്യാഖ്യാനങ്ങളെ പരിശോധിക്കുമ്പോൾ സ്വാ
തന്ത്ര്യത്തിൻെറ സമഗ്രപ്രശ്നവും സംസ്കാരവുമായുള്ള ബന്ധം
സ്പഷ്ടമാവുന്നതാണു്. നരവംശശാസ്ത്രപഠനത്തിൽ അതിപ്ര
ധാനമാണു് സംസ്കാരമെന്ന ആശയം. നരവംശശാസ്ത്രപഠ
നങ്ങൾ സാമൂഹ്യപ്രശ്നങ്ങളെ വിപുലമായ തോതിൽ ബാധി
ക്കുന്നതു നിമിത്തം, വ്യക്തിസമഷ്ടിബന്ധത്തെക്കുറിച്ചുള്ള
പഴഞ്ചൻപ്രശ്നങ്ങളെ പുത്തൻരൂപത്തിൽ ആവിഷ്കരിക്കാൻ
മാത്രമേ അവ ഉപരിക്കുന്നുള്ളു. നിർദ്ദിഷ്ടപരിഹാരമാർഗ്ഗങ്ങ
ളിൽ സംസ്കാരത്തിനുള്ള നിലയും വിലയും എന്തോ ആവ
ട്ടെ, പ്രശ്നരൂപവൽക്കരണത്തിനുപയോഗിച്ചിട്ടുള്ള പദാവ
ലികൾതന്നെ സംസ്കാരത്തിന്നു് നിരക്കാത്തതാണു്. കാര
ണം, വ്യക്തിയും സമുദായവും തമ്മിൽ ആന്തരമായ വ്യത്യാ
സങ്ങൾ ഉണ്ടെന്നും അവ പരസ്പരവിരുദ്ധങ്ങളാണെന്നും
തോന്നിക്കുന്ന തരത്തിലാണു് മിക്ക പ്രസ്താവനകളും. ഇതി
ൻെറ ഫലമോ സിദ്ധാന്തതല്പരരായവർ രണ്ടു ചേരികളായി
അണിനിന്നു് ഒരു കൂട്ടർ ഉറപ്പിച്ചു പറയുന്നതു് മറേറക്കൂട്ടർ
പരിപൂർണ്ണമായി നിഷേധിക്കാൻ മുതിന്നു്, എല്ലാ സാമൂഹ്യവ
ഴക്കങ്ങളും, പാരമ്പര്യങ്ങളും, സ്ഥാപനങ്ങളും, നിയമങ്ങളും
പ്രത്യക്ഷമായോ, പരോക്ഷമായോ ഉള്ള ബലപ്രയോഗംകൊ
ണ്ടുമാത്രമാണു് പുലത്തിപ്പോരുന്നതു്. അതു വ്യക്തിയുടെ
പ്രകൃതിദത്തമായ സ്വാതന്ത്ര്യത്തിന്മേലുള്ള കയ്യേററമാണു്

എന്നു് ഒരു കൂട്ടർ; വ്യക്തികൾ പ്രകൃത്യാ "താന്തോന്നികളാണു്," അതിനാൽ അവരെ സാമൂഹ്യനിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരികയെന്നതാണു് പ്രധാന സാമൂഹ്യപ്രശ്നം എന്നു മറേറക്കൂട്ടരും. ഒരു കൂട്ടക്ക് ആദരണീയമായ അതേ കാര്യംതന്നെ മറേറക്കൂട്ടക്ക് ആക്ഷേപാർഹമായിത്തീന്നു. പ്രശ്നം എങ്ങനെ വീക്ഷിക്കപ്പെട്ടിരുന്നുവെന്നതു് ഈ അഭിപ്രായവൈരുദ്ധ്യങ്ങളിൽനിന്നു് വ്യക്തമായിരിക്കുമല്ലോ. ഇവക്കിടയിലുള്ള ഒരുതരം മൂന്നാംചേരിക്കാരാണു് മിക്കവരും. ന്യായമായ സ്വാതന്ത്ര്യത്തെയും, നിയമപരമായ അധികാരപ്രയോഗത്തെയും വേർതിരിക്കുന്ന അതിർവരമ്പു കണ്ടുപിടിക്കയാണു് നിയമത്തിൻെറയും രാഷ്ട്രീയസ്വാതന്ത്ര്യത്തിൻെറയും അടിസ്ഥാനപ്രശ്നം എന്നവർ കരുതുന്നു; ഈ അധികാരപരിധി നിൎണ്ണയിക്കപ്പെട്ടാൽ അവക്കു് സ്വന്തം പരിധിക്കുള്ളിൽ കഴിഞ്ഞുകൂടാം; സ്വാതന്ത്ര്യം അതിൻെറ ന്യായമായ അതിൎത്തി കടക്കുമ്പോൾ മാത്രമേ നിയമം പ്രവൎത്തനത്തിൽ വരുന്നുള്ളു. "സ്വതന്ത്രവ്യാപാര"തത്വങ്ങൾക്കു് പ്രാബല്യമുണ്ടായിരുന്ന കാലത്തു് സമാധാനം നിലനിൎത്തുവാൻ മാത്രമേ പോലീസ് നടപടി ന്യായീകരിക്കപ്പെട്ടിരുന്നുള്ളു.

മനുഷ്യപ്രകൃതി ആന്തരമായിത്തന്നെ സാമൂഹ്യവിരുദ്ധമാണു്; അതിൻെറ സ്വതന്ത്രവിഹാരംകാരണം എല്ലാവരും എല്ലാവക്കുമെതിരായി യുദ്ധം ചെയ്യുന്നു. തൽഫലമായ അനുഭവംകൊണ്ടു് മനുഷ്യനു ഭയമുണ്ടാകുമ്പോൾ മാത്രമേ അവൻ അധികാരത്തിന്നു് സ്വയം വഴങ്ങിക്കൊടുക്കുകയുള്ളു. അപ്പോൾപോലും മനുഷ്യപ്രകൃതി അതിൻെറ ദൂഷ്യങ്ങൾ വിട്ടുകളയുന്നില്ല; അതിൻെറ ക്ഷുദ്രവാസനകൾക്കെതിരായുള്ള ഒരേഒരു രക്ഷാമാൎഗ്ഗം മനുഷ്യനെ ഒരു പരമാധികാരത്തിനടിമപ്പെടുത്തുകയാണു്. ഇതൊക്കെയായിരുന്നു ഹോബ്സിൻെറ സിദ്ധാന്തം. ഇതിനോടനന്നധികംപേക്കും യോജി

പ്പുണ്ടായില്ല. എങ്കിലും സാമൂഹ്യശാസ്ത്രഗ്രന്ഥങ്ങൾ വായിക്കുമ്പോൾ, വ്യക്തികളെ മെരുക്കിയെടുത്ത്, "സാമൂഹ്യവൽക്കരണം" നടത്തിയ മാർഗ്ഗങ്ങളെയൊ, രീതിയെയൊ എണ്ണിയെണ്ണിപ്പറയലും വിശകലനം ചെയ്യലുമാണോ അവയുടെ അടിസ്ഥാനപ്രശ്നമെന്നു തോന്നിപ്പോകുന്നതരത്തിലുള്ള പ്രതിപാദനങ്ങൾ അസാധാരണമല്ല. രാഷ്ട്രീയാധികാരത്തിന്റെ സമ്മർദ്ദശക്തിക്ക് ഹോബ്സ് നല്കിയിരുന്നത്ര പ്രാധാന്യം അവർ നൽകുന്നില്ല. സാമൂഹ്യനിയമങ്ങളെയും നിയന്ത്രണങ്ങളെയും അനുകൂലിക്കുന്ന ചില സ്വഭാവവിശേഷങ്ങൾ മനുഷ്യപ്രകൃതിയിലടങ്ങിയിട്ടുണ്ടെന്ന് അതേ അവസരത്തിൽ അവർ അംഗീകരിക്കുന്നു. ഇത്രമാത്രമാണ് ഹോബ്സും മേല്പറഞ്ഞ ലേഖകന്മാരും തമ്മിലുള്ള പ്രധാനവ്യത്യാസം. ഫ്യൂഡലിസത്തിന്റെ വ്യക്തവും ഉറച്ചതുമായ രൂപങ്ങൾ മാഞ്ഞുപോയതിനുശേഷം ബാക്കിയായ നിയന്ത്രണങ്ങൾക്കെതിരായി ഇംഗ്ലണ്ടിൽ വ്യവസായവർഗ്ഗം നടത്തിയ നിരന്തരസമരം കാരണം പൊതുജനാഭിപ്രായം സ്വാതന്ത്ര്യത്തിന്റെ ഭാഗത്തേയ്ക്കു ചായുകയുണ്ടായി. മററുള്ളവരുടെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താത്തിടത്തോളം ഓരോ വ്യക്തിയും സ്വതന്ത്രനാണ് എന്നവർ വിശ്വസിച്ചു.

മനുഷ്യപ്രകൃതിയിൽ എന്തിനാണു കൂടുതൽ പ്രാധാന്യം, സഹജീവിസ്നേഹത്തിനോ. സ്വാർത്ഥതല്പരതയ്ക്കോ? ഈ ധാർമ്മികപ്രശ്നത്തെക്കുറിച്ചോ അതുപോലുള്ള കാര്യങ്ങളെക്കുറിച്ചോ ഉള്ള ചർവിതചർവണമല്ല പ്രകൃതോദ്ദേശം. പ്രശ്നങ്ങൾക്കു ഹേതുകമായ ആശയങ്ങളെക്കുറിച്ച് മാത്രമേ നാം ചിന്തിക്കേണ്ടതുള്ളു. പരിഹാരങ്ങൾ തല്ക്കാലം മാററിനിർത്തുക. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ഏതെങ്കിലും ഒരു ഗ്രൂപ്പിനു മുന്നോട്ടുകൊണ്ടുപോകേണ്ടിയിരിക്കുന്ന നയപരിപാടികൾക്കും ലക്ഷ്യങ്ങൾക്കും അനുസരിച്ചു വാർത്തെടുക്കുന്ന സമ്പ്രദായമാണ് പൊതുവെ കാണപ്പെടുന്ന

തു്. മററുള്ളവരുടെമേൽ അധികാരം അടിച്ചേല്പിക്കുന്നതു ന്യായീകരിക്കാൻ ആഗ്രഹിച്ചിരുന്നവർ മനുഷ്യപ്രകൃതിയുടെ ഘടനയെക്കുറിച്ചു് ശുഭാപ്തിവിശ്വാസം ലവലേശമില്ലാത്ത ഒരു നിലപാടു് സ്വീകരിച്ചു. പുറമെ കാണപ്പെട്ട വസ്തുനിഷ്ഠഭാവം വാസ്തവത്തിൽ ഒരു മറമാത്രമാണെന്നുള്ളതായിരുന്നു വാസ്തവം. മർദ്ദനത്തിൽനിന്നും വിമോചനം നേടിയിരുന്നവർ മനുഷ്യപ്രകൃതിയുടെ മൗലികഘടനയിൽ വമ്പിച്ച ശുഭപ്രതീക്ഷകൾ ദർശിച്ചു. ധിഷണാശാലികളായ അന്വേഷകന്മാർ ഇതുവരെ പ്രവേശിക്കാത്ത മേഖലയാണിതു്. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള ആശയങ്ങൾ മനശ്ശാസ്ത്രപരമായ അന്വേഷണങ്ങളുടെ പരിണതഫലമാണെന്നു തോന്നിപ്പിക്കുന്ന ആശയങ്ങൾ, വാസ്തവത്തിൽ വ്യത്യസ്തഗ്രൂപ്പുകളും, വർഗ്ഗങ്ങളും സംഘങ്ങളും നിലനിന്നുകാണാനോ അംഗീകരിക്കപ്പെടാനോ ആശിച്ചിരുന്ന പ്രായോഗികപരിപാടികളുടെ പ്രതിഫലനങ്ങൾ മാത്രമായിരുന്നു. തന്നിമിത്തം മനശ്ശാസ്ത്രമെന്നപേരിൽ പ്രചരിച്ചിരുന്നതു്, വാസ്തവത്തിൽ രാഷ്ട്രീയസിദ്ധാന്തങ്ങളുടെ ഒരു ശാഖ മാത്രമായിരുന്നു. ഇതെങ്ങനെ സംഭവിച്ചുവെന്നതാണു് ചിന്തനീയം.

"പ്രകൃതിപരവും," സാംസ്കാരികവും തമ്മിലുള്ള യഥാർത്ഥബന്ധമാണു് എല്ലാററിന്റെയും അടിയിൽ കിടക്കുന്ന പ്രശ്നം. നിലവിലുണ്ടായിരുന്ന നിയമത്തെയും ഗവമ്മെണ്ടിനെയും എതിർത്തപോലെതന്നെ റൂസ്സോ കലകളെയും ശാസ്ത്രങ്ങളെയുംകൂടി എതിർത്തപ്പോൾ അദ്ദേഹത്തിന്റെ സമകാലീനർ ഞെട്ടിപ്പോയി. കാരണം അസമത്വം സൃഷ്ടിച്ചുവിട്ടു് മനുഷ്യപ്രകൃതിയെ ദുഷിപ്പിക്കുവാൻ സഹായിക്കുന്നുവെന്നു് അദ്ദേഹം കുററപ്പെടുത്തിയ അതേ കാര്യങ്ങൾതന്നെയായിരുന്നു മനുഷ്യന്റെ ഒടുങ്ങാത്ത പുരോഗതിക്കു നിദാനമായി പരിഗണിക്കപ്പെട്ടിരുന്നവ. എന്നിരുന്നാലും സംസ്കാരവും പ്രകൃതിയും തമ്മിലുള്ള പ്രശ്നം, ഒരുവിധത്തിൽ അദ്ദേഹം ഉന്ന

യിക്കുകയുണ്ടായി. മനുഷ്യപ്രകൃതിയ്ക്കു് അദ്ദേഹം സർവ്വപ്രാധാന്യം നല്കി. എല്ലാ ഉത്തമകാര്യങ്ങളുടെയും അടിസ്ഥാനം അതിൽ ആരോപിക്കുകയും ചെയ്തു. റൂസ്സോയുടെ അഭിപ്രായത്തിൽ മൗലികസമത്വം നഷ്ടപ്പെട്ട് ദൂഷിക്കപ്പെടാതിരിക്കുന്നിടത്തോളംകാലം, ഏററവും അപരിഷ്കൃതമായ നിലയിൽപോലും മനുഷ്യപ്രകൃതി സ്വാഭാവികനന്മ പുലർത്തിപ്പോരുന്നതാണു്. റൂസ്സോവിൻെറ ജനസമ്മതിനേടാത്ത ആശയവൈരുദ്ധ്യങ്ങളിലടങ്ങിയിരുന്ന വെല്ലുവിളി കാൻറും അദ്ദേഹത്തിൻെറ ജർമ്മൻ അനുയായികളും ഏററെടുത്തു. അവർ റൂസ്സോവിൻെറ സിദ്ധാന്തത്തിൻെറ നേരെ മറുവശം പിടിച്ചു. മനുഷ്യൻെറ അടിസ്ഥാനപരമായ മൃഗീയപ്രകൃതി പരിഷ്കരിച്ചുപരിഷ്കരിച്ചു്, ക്രമേണ മൃഗത്തിൽനിന്നു വ്യക്തമായി മനുഷ്യൻ രൂപമെടുക്കുന്നു. അതിനു സഹായിക്കുന്ന സംസ്കാരത്തിൻെറ തുടർക്കഥയാണു് ചരിത്രം എന്നായിരുന്നു ഇവരുടെ വ്യാഖ്യാനം.

പക്ഷേ റൂസ്സോവും എതിരാളികളും ഈ പ്രശ്നത്തെക്കുറിച്ചുള്ള ചർച്ചയിൽ, പഴയ വാദമുഖങ്ങൾതന്നെ പലതും പുതിയ രൂപത്തിൽ ഉന്നയിക്കുകയായിരുന്നു ചെയ്തതു്. നെപ്പോളിയൻെറ സൈനികാക്രമണങ്ങളെ തുടർന്നു് വളർന്നുവന്ന ദേശീയബോധം ജർമ്മൻ തത്വചിന്തയിൽ ഈ പ്രശ്നത്തെ കുറേക്കൂടി സങ്കീർണ്ണമാക്കിത്തീർത്തു. യുദ്ധത്തിൽ ജർമ്മൻകാർ തോററുപോയെങ്കിലും സംസ്ക്കാരത്തിൽ അവർക്കു് മേധാവിത്വം സ്ഥാപിക്കേണ്ടിയിരുന്നു. ഈ ആശയം ഇന്നും ജർമ്മൻദേശീയപ്രചാരവേലയിൽ തുടർന്നുവരുന്നതു കാണാം. മനുഷ്യനു മൃഗങ്ങളുടെ മേലുള്ളതുപോലെ സാംസ്ക്കാരിക മേധാവിത്വം, സാംസ്ക്കാരികമായി താഴ്ന്നനിലയിലുള്ള ജനങ്ങളുടെമേൽ ചില ന്യായമായ അധികാരങ്ങൾ നൽകുന്നുണ്ടല്ലോ. ഇതിനുപുറമെ ഫ്രഞ്ചുവിപ്ലവവും, റൂസ്സോവിൻെറ കൃതികളും ജർമ്മൻകാരുടെ മനസ്സിൽ നിയമം അധികാ

രം തുടങ്ങിയവയോട്ട് സാംസ്ക്കാരികാദർശത്തെ യോജിപ്പിക്കുവാൻ സഹായിച്ചു. വിപ്ലവാചാര്യന്മാരുടെ കണ്ണിൽ വ്യക്തിസ്വാതന്ത്ര്യം മനുഷ്യവർഗ്ഗത്തിന്റെ "ജന്മാവകാശ"മായിരുന്നെങ്കിൽ, ജർമ്മനിയിലെ പിൻതിരിപ്പൻതത്വചിന്തകന്മാരുടെ കണ്ണിൽ അതു വെറും മൃഗീയവും പ്രാകൃതവും ആയ വൈകാരികസ്വാതന്ത്ര്യം മാത്രമായിരുന്നു. ഉന്നതനിലവാരത്തിലുള്ള സാക്ഷാൽ സ്വാതന്ത്ര്യം കൈവരുന്നതിന്, മനുഷ്യതയുടെ പ്രാകൃതരഹിതമായ സമുന്നതവികാരങ്ങൾ പ്രകടമാക്കുന്ന ഒരു സാർവ്വത്രികനിയമത്തിൻകീഴിൽ കുറച്ചുകാലം കഴിഞ്ഞുകൂടണമെന്ന് അവർ വാദിച്ചു. സർവ്വാധിപത്യത്തിന്റെ വളർച്ചയടക്കം ജർമ്മനിയിലുണ്ടായിട്ടുള്ള സംഭവങ്ങളെല്ലാംതന്നെ ഈ ആശയത്തിന്റെ സ്വാധീനമുദ്ര വഹിക്കുന്നവയാണ്. മൗലികമായ "നൈസർഗ്ഗിക"സ്വാതന്ത്ര്യത്തിൽനിന്നും നിലവിലുള്ള അടിമത്വത്തിൽനിന്നും വ്യത്യസ്തമായ ഒരു സാമൂഹ്യവ്യവസ്ഥിതി അവസാനം രൂപം കൊള്ളാൻ പോവുകയാണെന്ന പ്രതീക്ഷ, ജർമ്മൻതത്വചിന്തയുടെ സ്വാധീനവലയത്തിനുള്ളിൽ രൂപവൽകൃതമായ എല്ലാ സാമൂഹ്യതത്വശാസ്ത്രങ്ങളിലും—മാർക്സിസ്റ്റ് തത്വശാസ്ത്രമടക്കം—പ്രധാനമായ പങ്കു വഹിച്ചിട്ടുണ്ട്. "അവൻ വീണ്ടും വരുന്നു" എന്ന പഴയ ആശയത്തിന് ഒരുകാലത്തുണ്ടായിരുന്ന സ്വാധീനശക്തി അതിന്നുമുണ്ടായിരുന്നു.

നരവംശശാസ്ത്രഗവേഷണഫലമായ അറിവ് ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ പ്രശ്നത്തിന് ഇന്നത്തെ പുതിയ രൂപം കിട്ടുകയില്ലായിരുന്നു. കാരണം സംസ്കാരവൈരുദ്ധ്യങ്ങളെക്കുറിച്ചു തെളിഞ്ഞിട്ടുള്ള സംഗതികൾ സൂചിപ്പിക്കുന്നത്, വ്യക്തികൾക്കും വ്യക്തിസ്വാതന്ത്ര്യത്തിന്നും, സാമൂഹ്യവഴക്കങ്ങളോടും, ആചാരങ്ങളോടും, പാരമ്പര്യത്തോടും, നിയമങ്ങളോടുമുള്ള ബന്ധത്തെപ്പററി വളരെ സാമാന്യമായ രീതിയിൽ മാത്രമേ പ്രതിപാദിക്കപ്പെട്ടിട്ടുള്ളു എന്നാണ്. ത

ന്നിമിത്തം ആ പ്രശ്നത്തെ ബുദ്ധിപരമായോ ശാസ്ത്രീയമായോ വിശകലനം ചെയ്യുക അസാദ്ധ്യമായിത്തീൎന്നിരിക്കുന്നു. പ്രകൃതിശാസ്ത്രത്തിൻെറ പഠനരീതികൾവച്ചുനോക്കിയാൽ സാമൂഹ്യശാസ്ത്രത്തിൻെറ രീതികൾ ശാസ്ത്രീയപഠനസമ്പ്രദായത്തിനു് മുമ്പുണ്ടായിട്ടുള്ളവയും ശാസ്ത്രവിരുദ്ധവും ആണെന്നുവരുന്നു. വിശകലനനിരീക്ഷണങ്ങൾകൊണ്ടും, നിരീക്ഷണവിധേയമായ വസ്തുതകളെ പരസ്പരബന്ധത്തിൻെറ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചുകൊണ്ടും ആണല്ലോ ശാസ്ത്രം വളൎന്നുവന്നിട്ടുള്ളതു്. സാമൂഹ്യസിദ്ധാന്തങ്ങളാകട്ടെ, പ്രകൃതിയിൽനിന്നുതന്നെ ലഭിക്കുന്നതും, സാമൂഹ്യമെന്നനുമാനിക്കപ്പെടുന്നതുമായ പ്രേരണകൾമൂലം ഉളവാകുന്ന സാമാന്യശക്തികളുടെ അടിസ്ഥാനത്തിലാണു് പ്രവൎത്തിച്ചിട്ടുള്ളതു്.

സിദ്ധാന്തത്തിലും പ്രവൃത്തിയിലും ദൃശ്യമാവുന്ന ഒരു തരം അലസമനോഭാവമില്ലായിരുന്നുവെങ്കിൽ, ഭൗതികശാസ്ത്രസമ്പ്രദായങ്ങൾ മനസ്സിലാക്കിയിട്ടുള്ളവരും അതേ സമയം, ചില മാനുഷിക—സാമൂഹ്യസംഭവങ്ങളുടെ കാരണം എന്തോ ചില "ശക്തി"കളാണെന്നു വ്യാഖ്യാനിക്കുന്നവരുമായ എഴുത്തുകാരെ ഇക്കാലത്തു കണ്ടെത്തുമ്പോൾ നാം അത്ഭുതപ്പെട്ടുപോയേനെ. കാരണം ശാസ്ത്രത്തിൻെറ കാര്യത്തിൽ അവക്കറിയാം, വിദ്യുച്ഛക്തി, ഉഷ്ണം, വെളിച്ചം മുതലായവ നിരീക്ഷണവിധേയവും വ്യക്തവും ദൃഢവുമായ ചില സംഭവികാസങ്ങളുടെ പരസ്പരബന്ധത്തെ വ്യവസ്ഥപ്പെടുത്തുന്ന പേരുകൾ മാത്രമാണെന്നു്. നിരീക്ഷണവിധേയമായ ഏതെങ്കിലും ഒരു പ്രത്യേക സംഭവത്തെ തെളിയിക്കാൻ വ്യക്തമായ വിവരണങ്ങൾ ആവശ്യമാണെന്നും അവക്കറിയാം, പരിശോധനക്കുശേഷം തെറുപററാത്ത രീതിയിൽ കൃത്യമായി സംഭവിച്ചതായി സ്ഥാപിക്കപ്പെട്ട ചില പ്രതിഭാസങ്ങളുടെ ചുരുക്കെഴുത്തു സൂചനകൾ മാത്രമാണു് വിദ്യുച്ഛ

കതി, ഉഷ്ണം മുതലായവയെന്ന് അവക്കറിയാം. എന്നാൽ സാമൂഹ്യസംഭവങ്ങളെ ചില പ്രേരണാശക്തികളെക്കൊണ്ടു് (ഉദാഹരണമായി അധികാരമോഹം മുതലായവ) വിശദീകരിക്കുവാൻ അവർ മടിക്കുന്നില്ല. ഈ പ്രേരണാശക്തികളാകട്ടെ, വിശദീകരണമാവശ്യപ്പെടുന്ന സംഭവങ്ങളുടെ കേവലശബ്ദത്തിൽ പൊതിഞ്ഞ പര്യായങ്ങൾ മാത്രമാണുതാനും.

സംസ്കാരവും പ്രകൃതിയും തമ്മിലുള്ള പരസ്പരബന്ധങ്ങളുടെ അടിസ്ഥാനത്തിൽ കാര്യം പറയുകയാണെങ്കിൽ, അവ്യക്തമായ കേവലതത്വപ്രസ്താവനകളിൽനിന്നും അകന്നുനില്ക്കാൻ കഴിയും. ഈ സമീപനരീതികൊണ്ടു് നിലവിലുള്ള വിവിധസംസ്കാരങ്ങളിലേക്കും, മനുഷ്യപ്രകൃതിയുടെ വിവിധാംശങ്ങളിലേക്കും നമ്മുടെ ശ്രദ്ധ തിരിക്കാൻ നാം നിബ്ബന്ധിതരായിത്തീരുന്നു. വ്യക്തികൾ തമ്മിൽ പ്രകൃത്യാതന്നെയുള്ള വ്യത്യാസങ്ങൾ, അതായതു് എണ്ണത്തിലും വലുപ്പത്തിലും മാത്രമല്ലാതെയുള്ള വ്യത്യാസങ്ങൾ പരിഗണനയിലെടുക്കാതിരിക്കാനും നമുക്കു നിവൃത്തിയില്ല. മനുഷ്യപ്രകൃതിയുടെ സ്വാഭാവികമോ സംഭവിക്കപ്പെട്ടതോ ആയ ഏതെങ്കിലും പ്രത്യേകാംശങ്ങൾ ഒരു പ്രത്യേക സംസ്കാരത്തിൻെറ ചില സൃഷ്ടിശക്തികളോടു് എങ്ങിനെ ബന്ധപ്പെടുന്നു? ഇതാണു് അന്വേഷണവിഷയം. ഒരുവശത്തു് മനുഷ്യപ്രകൃതിയും മറുവശത്തു സാമൂഹ്യാചാരങ്ങളും നിയമങ്ങളും തമ്മിലുള്ള സംഘട്ടനങ്ങളും സമ്മേളനങ്ങളും വ്യക്തമായ ചില പരസ്പര പ്രവത്തനോപാധികളുടെ സൃഷ്ടിയായിരിക്കുന്നതു് എങ്ങിനെയാണെന്നതും അന്വേഷണവിഷയമാണു്. ഒരു സമുദായത്തിൽ കുറേപ്പേർ നിലവിലുള്ള സ്ഥാപനങ്ങളോടു് എല്ലാ കാര്യത്തിലും യോജിപ്പുള്ളവരായിരിക്കും; മററു കുറേപ്പേർ അവയോടു് എതിർപ്പുള്ളവരും. മിതവാദികളുടെ പ്രതിഷേധവും അസംതൃപ്തിപ്രകടനങ്ങളും തുടങ്ങി സായുധ

ലഹളകൾവരെയുള്ള പല രീതിയിലും ഈ എതിർപ്പുകൾ പ്രകടമായേക്കാം. അത്തരം അഭിപ്രായവ്യത്യാസങ്ങൾ വ്യക്തമായിത്തെളിഞ്ഞുവരുമ്പോഴാണ് ഉൽപ്പതിഷ്ണുക്കൾ, പുരോഗമനവാദികൾ, പുരോഗമനമനസ്കർ, വിപ്ലവകാരികൾ, പിന്തിരിപ്പന്മാർ തുടങ്ങിയ ''ലേബലു''കളൊട്ടിക്കാൻ കഴിയുന്നതു്. ഈ അഭിപ്രായവ്യത്യാസങ്ങൾ, സാമ്പത്തികവർഗ്ഗവ്യത്യാസങ്ങളെ കവിഞ്ഞുനില്ക്കുന്നു. ഉദാഹരണമായി വിപ്ലവകാരികളുടെ ഒരു പ്രധാന പ്രശ്നം മർദ്ദിതവർഗ്ഗങ്ങളിൽ അവരുടെ അടിമത്തത്തെക്കുറിച്ചു് ബോധമുളവാക്കുകയാണു്. എന്നിട്ടുമാത്രമേ അവരെക്കൊണ്ടു് സജീവമായി പ്രക്ഷോഭം കൂട്ടിക്കാൻ കഴിയുകയുള്ളു എന്നവർ വിശ്വസിക്കുന്നു.

അടിമവർഗ്ഗം നിലനിന്നിരുന്നു എന്നു പറയുന്നതുതന്നെ സത്യമാണ് പലപ്പോഴും അവർ അവരുടെ അടിമത്തത്തിൽ സംതൃപ്തരായിരുന്നുവെന്നതും. നിലവിലുണ്ടായിരുന്ന മർദ്ദനങ്ങളിൽനിന്നും അനീതികളിൽനിന്നും വ്യക്തിപരമായി യാതൊരസുഖങ്ങളും അനുഭവിച്ചിട്ടില്ലാത്ത (ഒരുപക്ഷേ ധാർമ്മികമായിട്ടല്ലാതെ) ആളുകൾ സമത്വത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടിയുള്ള സമരങ്ങളുടെ നേതാക്കന്മാരായിരുന്നു എന്നതും അതുപോലെതന്നെ വാസ്തവമാണ്. അത്രതന്നെ വാസ്തവമായ മറെറാരു സംഗതിയാണ്, ചില ആന്തരിക ''സാമൂഹ്യ''വാസനകളാൽ വശംവദരായി ചിലർ അക്രമി സംഘങ്ങൾ രൂപീകരിച്ചിരുന്നതെന്നും. ഒരുപക്ഷേ മനുഷ്യനെ സഹകരണസംഘങ്ങൾ രൂപീകരിക്കാൻ പ്രേരിപ്പിച്ചതും അത്തരത്തിലുള്ള സാമൂഹ്യവാസനകളായിരിക്കാം. വിവിധാംശങ്ങളുടെ പ്രവർത്തനരീതി നിർണ്ണയിക്കാനും അവയുടെ ഫലങ്ങൾ തിട്ടപ്പെടുത്താനും ഉതകുന്നതരത്തിൽ പരസ്പരപ്രവർത്തനങ്ങളെ വിശകലനരീത്യാ നിരീക്ഷിക്കുക എളുപ്പമല്ല. അതിൻെറ ആവശ്യകതയംഗീകരിച്ചെങ്കിൽ മാത്ര

മേ യഥാത്ഥസംഭവങ്ങളെപ്പററി വിധി പറയാൻ കഴിയുക യുള്ളൂ. ഒരു നിർദ്ദിഷ്ടനയത്തിൻെറ വിലമതിക്കാൻ കഴിയാ ത്തതു് ഒരുവശത്തു് അതിനെ വ്യക്തിപരമായ "ശക്തി"ക ളുടെയും മറുവശത്തു് സാമൂഹ്യപരമായ "ശക്തി"കളുടെ പ്ര ശ്നമായും ഈ ശക്തികളുടെ സ്വഭാവം മുൻകൂട്ടി അറിയാവു ന്നതുപോലെ വ്യാഖ്യാനിക്കപ്പെടുന്നതുകൊണ്ടാണു്. സ്വാ തന്ത്ര്യത്തിൻെറ പ്രശ്നത്തെ അതിൻെറ സാക്ഷാൽ പശ്ചാ ത്തലത്തിൽ പ്രതിഷ്ഠിക്കണമെങ്കിൽ നാം വേറെ ചില അടി സ്ഥാനതത്വങ്ങളിൽനിന്നു് നമ്മുടെ അന്വേഷണം ആരംഭി ക്കേണ്ടിയിരിക്കുന്നു

ജനാധിപത്യവ്യവസ്ഥിതിക്കു സ്വയം സംരക്ഷണസാ ദ്ധ്യതയുണ്ടു്. ഭരണഘടനാനിബന്ധനകൾ കാത്തുസൂക്ഷി ച്ചാൽ മതി. ജനാധിപത്യം നിലനിന്നുകൊള്ളും. ഏതാദൃശ മായ വിശ്വാസങ്ങൾ വെച്ചുപുലത്തുവാൻ നമ്മെ പ്രേരിപ്പി ക്കുന്ന ആശയങ്ങൾ പലതുമുണ്ടു്. ജാലവിദ്യക്കാരൻെറ വാ യ്ത്താരി അവൻെറ കുറുകൗശലങ്ങളിൽനിന്നു് ആളുകളുടെ ശ്രദ്ധ തിരിച്ചുവിടാൻ ഉപകരിക്കുന്നതുപോലെ ഇത്തരത്തി ലുള്ള വിശ്വാസങ്ങൾ യഥാത്ഥസംഭവങ്ങളിൽനിന്നു് ന മ്മുടെ ശ്രദ്ധ തിരിച്ചുവിടുവാനേ സഹായിക്കുന്നുള്ളൂ. നാമി ങ്ങനെ വിശ്വസിച്ചാശ്വാസംകൊള്ളുന്നതിനിടയിൽത്തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നതു് ജനാധിപത്യസ്വാതന്ത്ര്യവി രുദ്ധമായ പരിതഃസ്ഥിതികളുടെ വളച്ച്യായിരിക്കാം. ജനാ ധിപത്യപാരമ്പയ്യത്തെ ഫലപ്രദമായി രക്ഷിക്കാൻ ചില ഭരണഘടനാനിബന്ധനകൾ മേല്പറഞ്ഞ മന്ത്രോച്ചാരണം പോലെ അനുസരിച്ചുകൊണ്ടിരുന്നാൽമതിയെന്ന പ്രസ്താ വന ഉന്നതകേന്ദ്രങ്ങളിൽനിന്നുതന്നെ കേൾക്കപ്പെടുന്നു. അ പ്പോൾ ഈ പഴയ കാര്യ്യം വീണ്ടും ആവത്തിക്കേണ്ടതുണ്ടാ യിരുന്നില്ല. നാം വ്യക്തമായി മനസ്സിലാക്കേണ്ട മറെറാരു തത്വവുമുണ്ടു്. നമുക്ക തികച്ചും അപരിചിതമായ സാഹച

ത്ത്വങ്ങളാണു് സർവ്വാധിപത്യവ്യവസ്ഥിതി ഉണ്ടാക്കിത്തീർക്കുന്നതു്. അതുകൊണ്ടുതന്നെ "അതു് ഇവിടെ ഉണ്ടാകില്ല" എന്ന ധാരണ അപൽക്കരവുമാണു്. പ്രത്യേകിച്ചും, സർവ്വാധിപത്യവ്യവസ്ഥിതി വെള്ളംകൂട്ടാത്ത ബലപ്രയോഗവും ഭീഷണിയുംകൊണ്ടുമാത്രം നിലനിന്നുപോരുന്നതാണെന്ന വിശ്വാസത്തെ കൂടുതൽ സൂക്ഷിക്കുക. കാരണം, തേജോവധങ്ങളും, തൂക്കിക്കൊല്ലലുകളും, തടങ്ങൽക്യാമ്പുകളും, സ്വത്തുകണ്ടുകെട്ടലും, ഉപജീവനമാർഗ്ഗങ്ങൾ തടയലും എത്രതന്നെ വിപുലമായതോതിൽ ഉണ്ടായാലും ഒരുകാലത്തു് ശാസ്ത്രാന്വേഷണമനോഭാവം നിലനിന്നിരുന്ന ഒരു രാജ്യത്തിൽ മാനുഷികഘടനയിലെ ആദർശസ്നേഹാംശം എന്നു പറയപ്പെടുന്നതിൻെറ സുശക്തമായ പിൻതുണയില്ലെങ്കിൽ, എത്തരത്തിലുള്ള സർവ്വാധിപത്യവ്യവസ്ഥിതിക്കും അധികനാൾ തുടർന്നുപോവാൻ കഴിയുകയില്ല. സർവ്വാധിപത്യവ്യവസ്ഥിതിയേയും സ്വേച്ഛാധിപത്യത്തേയും ന്യായീകരിക്കാനോ, അല്ലെങ്കിൽ അവയ്ക്കൊരു മാപ്പുസാക്ഷിയായിട്ടോ, ആണു് ഇത്തരം പ്രസ്താവനകൾ ചെയ്യുന്നതെന്നു് ചില വൃത്തങ്ങളിൽ ഒരു ധാരണയുണ്ടായിട്ടുണ്ടു്. സ്വതവേ വിവേകികളും സത്യസന്ധരുമായവരെ തല്ക്കാലത്തേക്കെങ്കിലും, സർവ്വാധിപത്യത്തെ അനുകൂലിക്കാൻ പ്രേരിപ്പിക്കുന്ന സംഗതിയെന്താണെന്നു് കണ്ടുപിടിക്കാനുള്ള പരിശ്രമത്തെ കാര്യം മനസ്സിലാക്കാതെ ദുർവ്യാഖ്യാനംചെയ്യുന്നതു് എത്രമാത്രം അപകടകരമാണെന്നു് എടുത്തുപറയേണ്ടതില്ല. കാര്യം മനസ്സിലാക്കാൻ ശ്രമിക്കുന്നതിനുപകരം അതു് വിദ്വേഷമുളവാക്കാൻ സഹായിക്കുന്നു. വിദ്വേഷം ഒരിക്കൽ ഉണർത്തിക്കഴിഞ്ഞാൽ സമർത്ഥമായ നയതന്ത്രങ്ങൾകൊണ്ടു് അതു് ആദ്യം എന്തിനു് എതിരായാണോ ഉപയോഗിച്ചിരുന്നതു്, അതിൽനിന്നു വിഭിന്നമായ മററു ലക്ഷ്യങ്ങളിലേയ്ക്കു് അതിനെ തിരിച്ചുവിടാൻ വളരെ എളുപ്പമാണു്. സർവ്വാധിപത്യവ്യവസ്ഥയിലുള്ള ദൃ

ഷ്യങ്ങൾ നമ്മുടെ ഇടയിൽത്തന്നെ വളൎന്നുവരുന്നുണ്ടെന്ന് നാം അറിയാതിരിക്കുന്നേടത്തോളംകാലം, മററുള്ളവർ അകപ്പെട്ടുപോയ ഈ രോഗം നമ്മെ ഒരിക്കലും ബാധിക്കയില്ലെന്ന ധാരണക്ക് അതു വഴിവെച്ചുകൊടുക്കുന്നു. ജനാധിപത്യത്തിന്ന് ഹാനികരമായ രീതിയിൽ പ്രവൎത്തിക്കുവാൻ ഇത്തരത്തിലുള്ള കാൎയ്യങ്ങൾമാത്രമേയുള്ളുവെന്ന വിശ്വാസം, നാം സാധാരണ ഏററവും വിലമതിക്കുന്ന മൂല്യങ്ങളെ തുരങ്കംവെക്കാനുതകുന്ന പ്രേരണാശക്തികൾക്കും, കാരണങ്ങൾക്കുമെതിരായി ജാഗരൂകരായിരിക്കുന്നതിൽനിന്നു നമ്മെ വിമുഖരാക്കുന്നതാണ്. നമ്മുടെ കണ്ണിൽതന്നെയുള്ള കരടുകൾ, ഉദാഹരണമായി അമേരിക്കയിലെ വൎണ്ണവിവേചനങ്ങൾ, അവഗണിക്കപ്പെടാനും അതു സഹായിക്കും.

മനുഷ്യപ്രകൃതിയിലെ സദ്വശങ്ങളെ ആകൎഷിക്കത്തക്കതായി നാസികളുടേയും മററും നയപരിപാടികളിൽ എന്തുണ്ടായിരുന്നു? ഭയം, സ്വാതന്ത്ര്യപൗരാവകാശം തലയിൽ വച്ചുകെട്ടുന്ന ഉത്തരവാദിത്വങ്ങളിൽനിന്നൊഴിഞ്ഞുമാറാനുള്ള ആഗ്രഹം; കഴിഞ്ഞകാലത്തു പരിശീലിച്ചുവന്ന അനുസരണാസ്വഭാവങ്ങൾ സുശക്തമാക്കിത്തീൎത്ത അടിമത്തമനസ്ഥിതി; മുമ്പ് അനുഭവിക്കേണ്ടിവന്ന അപമാനങ്ങൾക്ക് പരിഹാരംനേടാനുള്ള ആഗ്രഹം; ഒരു നൂററാണ്ടിലധികമായി (ജൎമ്മനിയിൽമാത്രമല്ല) ശക്തികൂടിവരുന്ന ദേശീയബോധത്തിൻെറ പ്രചോദനം, ഇങ്ങനെ എണ്ണിയെണ്ണിപ്പറയാൻ കഴിയുന്ന നിരവധി കാരണങ്ങൾക്കുപുറമേ, ഒരു പ്രത്യേകതരം ആദൎശവിശ്വാസവും, കാലക്രമത്തിൽ ലോകമൊട്ടുക്കും അംഗീകരിക്കാൻപോകുന്ന ഒരു വ്യവസ്ഥിതി സൃഷ്ടിക്കുന്നതിൽ പങ്കാളികളാണെന്ന ഊററംനിറഞ്ഞ ബോധവും, യുവാക്കളിൽ വളൎത്തിയിട്ടുള്ള പുതുമയോടുള്ള സ്നേഹവും—ഇതെല്ലാം അതിന്നു സഹായിച്ചിട്ടുണ്ടാവാം—മനുഷ്യപ്രകൃതിയുടെ ഘടകങ്ങളിൽ പലപ്പോഴും താത്വികമായും പ്രാ

യൗഗികമായും വേണ്ടത്ര സ്ഥാനം നല്കിയിട്ടില്ലാത്ത ഒന്നാണു്, സൃഷ്ടിപരമായ പ്രവൎത്തനങ്ങളിൽ പങ്കാളിയാണെന്ന ബോധത്തിൽനിന്നുളവാകുന്ന സംതൃപ്തി. സൃഷ്ടിപരമായ പ്രവൎത്തനങ്ങളുടെ വ്യാപ്തിക്കും വലുപ്പത്തിന്നുമനുസരിച്ചു് പ്രത്യക്ഷമായതോതിൽ വൎദ്ധിച്ചുവരുന്നതാണതു്.

വേറേയും കാരണങ്ങളുണ്ടു്. പക്ഷേ, അവ സജീവമാണോ അല്ലയോ എന്ന കാൎയ്യം സംശയാസ്പദമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. മററുള്ളവരുമായി യോജിച്ചുനില്ക്കുന്നതിൽ ഒരു സംതൃപ്തിയുണ്ടു്. ഒന്നാണെന്നുള്ള വിചാരം വൎദ്ധിച്ചുവന്നു് ഒരുതരം "മിസ്റ്റിക്കു്" ഏകത്വബോധമായിത്തീരുകയും അതു വളരെ ഉന്നതനിലവാരത്തിലുള്ള ഒരുതരം സ്നേഹമാണെന്നു തെററിദ്ധരിക്കപ്പെടുകയും ചെയ്യാറുണ്ടു്. അത്തരം വികാരങ്ങൾ പ്രകടമാക്കുന്നതിന്നു് മുൻകാലങ്ങളിൽ എത്രകണ്ടു് അവസരങ്ങൾ ഇല്ലായിരുന്നുവോ, അത്രകണ്ടു് അതിൎത്തികൾ ഭേദിച്ചു് മററുള്ളവരുമായി ഏകത്വം പ്രാപിക്കുവാനുള്ള വികാരത്തിനും അതിൽനിന്നുളവാകുന്ന സംതൃപ്തിക്കും കാഠിന്യംകൂടിയിരിക്കും. അമേരിക്കയിൽ പ്രവിശ്യാധികാരമനസ്ഥിതിക്കു് എത്രത്തോളം ശക്തിയും സ്വാധീനവും ഉണ്ടായിരുന്നുവോ അത്രതന്നെ ജൎമ്മനിയിലും പ്രവിശ്യാമനസ്ഥിതിക്കു് ശക്തിയും സ്വാധീനവും ഉണ്ടായിരുന്നു. എന്നാൽ എത്ര എളുപ്പത്തിലാണു് ജൎമ്മനിയിലതു തകൎന്നുപോയതു്. അതുപോലെതന്നെ എത്ര എളുപ്പത്തിലാണു് സുപരിചിതമായ മതവിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം വൎഗ്ഗീയവും സാമൂഹ്യവുമായ ഏകത്വബോധത്തിനുമുമ്പിൽ അടിയറ വയ്ക്കപ്പെട്ടതു്! ഇതെല്ലാം തെളിയിക്കുന്നതു് ഇതിന്നടിയിലായി ഒന്നായിക്കൂടാനുള്ള ഒരു ഭയങ്കരാഭിനിവേശം ഉണ്ടായിരുന്നുവെന്നാണു്. ഇത്തരത്തിലുള്ള എന്തോ ചിലതെല്ലാം ലോകമഹായുദ്ധകാലത്തു് എല്ലാ രാജ്യങ്ങളിലും കാണപ്പെട്ടിരുന്നു. വ്യക്തികളെ തമ്മിൽ തമ്മിൽ അകററിനിൎത്തി

യിരുന്ന വിലങ്ങുകളെല്ലാം തട്ടിനീക്കപ്പെട്ടതായി തല്ക്കാലം അനുഭവപ്പെട്ടിരുന്നു. സുശക്തമായിരുന്ന രാഷ്ട്രീയകക്ഷികളേയും തൊഴിലാളിസംഘടനകളേയും നിത്തൽചെയ്തതിനെ ആരും അന്നെതിൎത്തില്ല; എന്തോ ഒരു വലിയ വിടവ് പുതിയ ഭരണകൂടം നികത്താൻപോകുന്നു എന്ന വിശ്വാസം സൃഷ്ടിക്കാൻ സാധിച്ചതുമൂലമാണ് ഇങ്ങനെ സംഭവിച്ചതു്. വൎഗ്ഗവ്യത്യാസങ്ങൾ വളരെയധികം പ്രബലമായിരുന്ന ഒരു രാജ്യത്തിൽ ഏകീകരണവും സമത്വബോധവും എത്രത്തോളം ഒന്നിച്ചുകൊണ്ടുപോകാൻ കഴിയുമെന്ന കാൎയ്യം ഊഹിക്കാൻ മാത്രമേ നിർവാഹമുള്ളൂ. എന്നാൽ ഒരു കാൎയ്യം വിശ്വസിക്കുന്നതിനു് ധാരാളം ന്യായമുണ്ടു്. സുഖസൗകൎയ്യങ്ങൾ പലതും നിർബന്ധപൂൎവ്വം ഇല്ലാതായിത്തീൎന്ന ഒരവസ്ഥയോടിണങ്ങിച്ചേരുവാൻ "വിനീതരായ ജനങ്ങളെ" അതു സഹായിച്ചു. തല്ക്കാലത്തേക്കെങ്കിലും, ആദരണീയമായ സമത്വബോധം, ആഹാരക്കുറവിനും ദീർഘിച്ച കഠിനാദ്ധ്വാനത്തിനും നഷ്ടപരിഹാരമായിത്തീൎന്നു. മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ജീവിക്കുന്നതു് എന്നതു് മനശ്ശാസ്ത്രപരമായ ഒരു സത്യമാണല്ലോ. ആശയഘടകത്തിന്റെ പ്രവൎത്തനത്തിലുള്ള വിശ്വാസത്തെ ക്രൂരവും നിരന്തരവുമായ മൎദ്ദനപ്രവൃത്തികൾകൊണ്ടു തടഞ്ഞിരുന്നുവെന്നു പലൎക്കും തോന്നിയേക്കാം; ജനനവും ജന്മദേശവും നോക്കാതെ എല്ലാവരുമായി ഒന്നിച്ചുചേരാനുള്ള അനുഗ്രഹത്തേക്കാളധികം ഒരുതരം പരസ്പരദ്രോഹവാസനയുടെ വാഴ്ചമാത്രമേ അതു സൂചിപ്പിക്കുന്നുള്ളൂ. എന്നാൽ, യഥാൎത്ഥത്തിലുള്ളതോ, വെറുതെ പറയുന്നതോ ആയ ചില എതിർകക്ഷികളുടെ സാന്നിദ്ധ്യം സാമൂഹൈക്യത്തെ സഹായിച്ചിട്ടുള്ളതായി ചരിത്രത്തിൽ പലയിടത്തും കാണാം. സ്വന്തം അധികാരം നിലനിൎത്തുവാനാഗ്രഹിക്കുന്ന രാഷ്ട്രീയനേതാക്കന്മാർ വളരെക്കാലമായി അനുവൎത്തിച്ചുവരുന്ന ഒരടവാണു്, തന്നെ അധികാരത്തിൽനിന്നുമാററിയാൽ എന്തെങ്കി

ല്യം ഒരു ശത്രു നാട്ടപിടിച്ചടക്കിക്കളയും എന്ന ഒരപകട ബോധം വളത്തിവിടൽ. ബഹുജനങ്ങളുടെ അഭിപ്രായങ്ങ ളേയും മനോഭാവങ്ങളേയും മാററിമറിക്കാനുള്ള കഴിവു് വള രെയധികം വദ്ധിച്ചിട്ടുള്ള ആധുനികശാസ്ത്രസൃഷ്ടികളായ സാ ങ്കേതികോപാധികളാണു് സാമൂഹ്യഘടനയിലെ പരസ്പരബ ന്ധങ്ങളെ സ്വാധീനിക്കുന്ന മററു പ്രധാന ഘടകങ്ങൾ സാ മ്പത്തികകേന്ദ്രീകരണവും കൂടിയാകുമ്പോൾ ആ ഘടകങ്ങൾ ക്കു പൊതുജനാഭിപ്രായത്തെ നിത്യോപയോഗസാധനങ്ങളെ പ്പോലെ വൻകിട രീതിയില്ലം അളവില്ലം ഉല്പാദിപ്പിക്കാൻ കഴിയുകയും ചെയ്യും. ജനാധിപത്യസ്വാതന്ത്ര്യത്തെ നിലനി ത്താനാവശ്യമായ സാംസ്കാരിക പരിതഃസ്ഥിതികളെക്കുറി ച്ചാലോചിക്കുന്നവക്കു് ഒരു താക്കീതും ഒരു സൂചനയും ഇതി ലടങ്ങിയിട്ടുണ്ടു്. പ്രചാരവേലകളെപ്പററിയുള്ള താക്കീതു് വളരെ വ്യക്തമാണു്: കാരണം, താരതമ്യേന പ്രത്യക്ഷവും ഔദ്യോഗികമാഗ്ഗങ്ങളിൽക്കൂടിയും ഉള്ളതല്ലെങ്കില്ലം പ്രചാര വേല ഇന്നു നമ്മുടെയിടയിൽ സവ്വസാധാരണമായിത്തീന്നി ട്ടുണ്ടു്. സൂചന ഇതാണു്. പ്രഖ്യാപിതലക്ഷ്യങ്ങൾക്കുവേ ണ്ടി ബുദ്ധിപൂവ്വകമായും സത്യസന്ധതയോടുകൂടിയും സമ്പ ക്കോപാധികൾ കൈകായ്യം ചെയ്യുകയെന്നതു് അച്ചടിയന്ത്ര വും റേഡിയോവും ഒരടിസ്ഥാനപ്രശ്നമാക്കിത്തീത്തിട്ടുണ്ടു്.

ഈ പ്രസ്താവന സാങ്കല്പികംമാത്രമാണെന്നു കരുതു വാൻ ആരെങ്കില്ലം ഇഷ്ടപ്പെടുന്നുവെങ്കിൽ അവക്കു് അതി ന്നു സ്വാതന്ത്ര്യമുണ്ടു്. പക്ഷേ മുമ്പു പ്രകാശം നല്കപ്പെടാതി രുന്ന മനുഷ്യപ്രകൃതിയുടെ ചില അംശങ്ങളെ തൃപ്തിപ്പെടു ത്തിയെങ്കിൽമാത്രമേ ഒരു സാമൂഹ്യവ്യവസ്ഥിതിക്കു് നില നില്ക്കാൻ കഴിയുകയുള്ളു എന്ന കാര്യം വ്യക്തമാക്കാനിവി ടെ ശ്രമിച്ചതു് മട്ടുത്തുപോയ ചില അംശങ്ങളെ കുറച്ചുനേ രം ഒഴിഞ്ഞുനില്ക്കാൻ അനുവദിക്കാമെങ്കിൽ അതിന്നുപകരം പുതുതായി കിട്ടുന്ന എന്തും, അതു വ്യത്യസ്തമായതുകൊണ്ടു

മാത്രം സ്വീകാര്യമായിരിക്കും. പുതുതായി പ്രകാശനം കിട്ടുന്ന അംശങ്ങൾ മനുഷ്യപ്രകൃതിയിലെ ഏററവും താഴ്ന്നതരം വികാരങ്ങളാണെങ്കിൽപോലും ഈ തത്വം ശരിയാണ്. ഭയം, വിശ്വാസക്കുറവ്, അസൂയ, അധഃകൃതമനോഭാവം മുതലായവ എല്ലാംതന്നെ മുമ്പത്തെ സ്ഥിതികളിൽ ഉദ്ദീപിക്കപ്പെട്ടിരുന്നതെങ്കിലും ഇപ്പോൾമാത്രം പ്രകാശം ലഭിക്കുന്നവയുമായിരിക്കാം. സൂക്ഷിച്ചുനോക്കിയാൽ, പ്രത്യേകിച്ചും കുട്ടികളിൽ ഒരു കാര്യം വ്യക്തമായി കാണാൻ കഴിയും. ഏതെങ്കിലും ഒരു പ്രവണതയോ വികാരമോ ഇളക്കിവിട്ടതിന്നുശേഷം അതിൻെറ പ്രകടനം തടഞ്ഞുനിർത്തുന്നതു് പ്രകോപനപരവും, പ്രക്ഷുബ്ധകരവുമായ ഫലത്തിന്നിടയാക്കും. മറെറാരു കാര്യംകൂടി നാം ശ്രദ്ധിക്കേണ്ടതുണ്ടു്. അനിശ്ചിതത്വവും അരക്ഷിതാവസ്ഥയും നടമാടുന്ന ഒരു കാലഘട്ടത്തിൽ അതോടൊപ്പം അസ്വാസ്ഥ്യവും മററു കുഴപ്പങ്ങളുമുണ്ടെങ്കിൽ, നിലവിലുള്ളതിൽനിന്നും വ്യത്യസ്തമായ എന്തും നല്ലതായിരിക്കുമെന്ന വിശ്വാസം ഉണ്ടായിത്തീരുന്നതു് സ്വാഭാവികമാണ്. എന്തു വില കൊടുത്തും നിയമവും സുരക്ഷിതത്വവും കൈവരുത്തുവാൻ അത്തരം മനോഭാവം പ്രേരിപ്പിക്കും. ഇതുകൊണ്ടാണു വിപ്ലവങ്ങൾക്കുശേഷം എപ്പോഴും പിൻതിരിച്ചിൽ ഉണ്ടാവുന്നതു്. വിപ്ലവങ്ങൾ അധികാരസമന്വിതമാണെന്നു് ലെനിൻ പറഞ്ഞതും, അദ്ദേഹം അതിന്നു കൊടുത്ത കാരണം വേറെയാണെങ്കിലും, ഇതേ സംഗതിയാണ് തെളിയിക്കുന്നതു്.

ജനാധിപത്യവ്യവസ്ഥിതിയുടെ വിജയകരമായ പ്രവൎത്തനത്തിലാണ് അവശ്യം ആവശ്യമായ സംസ്കാരികപരിതസ്ഥിതികളെക്കുറിച്ചു തീരെ അറിഞ്ഞുകൂടാതിരിക്കത്തക്കവണ്ണം അമേരിക്കൻജനാധിപത്യത്തിൻെറ സ്ഥാപകന്മാർ വെറും കേവലതത്വഭക്തന്മാരായിരുന്നില്ല. രാഷ്ട്രീയജനാധിപത്യം സുരക്ഷിതമാക്കണമെങ്കിൽ സ്വതന്ത്രമായ പത്രങ്ങ

ളും, വിദ്യാഭ്യാസസൗകര്യങ്ങളും, സ്വന്തം കാര്യങ്ങൾ വേണ്ടവിധം നടത്തിക്കൊണ്ടുപോകാൻ മീററിംങ്ങുകളും ചർച്ചകളും നടത്താനും തീരുമാനങ്ങൾ എടുക്കാനുമായി പ്രാദേശികസംഘങ്ങളും ആവശ്യമാണെന്ന കാര്യം ഊന്നിപ്പറയുന്ന തോമസ്സ് ജഫേർസൻെറ വാക്കുകൾ ഉദ്ധരിച്ചു വേണമെങ്കിൽ എത്രയോ പേജുകൾതന്നെ നിറയ്ക്കാൻ കഴിയും. ഇതിനുപുറമെ സ്പെയിനിൻെറ നുകം വലിച്ചെറിഞ്ഞുകൊണ്ടു തെക്കേ അമേരിക്കയിൽ സ്ഥാപിക്കപ്പെട്ടിരുന്ന റിപ്പബ്ളിക്കുകളിൽ ജനാധിപത്യത്തിൻെറ വിജയസാദ്ധ്യതകളെക്കുറിച്ച് സംശയിച്ചുകൊണ്ടദ്ദേഹം പ്രകടിപ്പിച്ചിരുന്ന അഭിപ്രായങ്ങളും ആദ്യത്തെ അഭിപ്രായങ്ങൾക്കു പിന്തുണയായി എടുക്കാം. ആ രാജ്യങ്ങളിലെ പാരമ്പര്യം ഒരു പ്രത്യേകരീതിയിലുള്ളതായിരുന്നതുകൊണ്ട് അവിടങ്ങളിൽ വിദേശാധിപത്യത്തിൻെറ സ്ഥാനത്ത് പട്ടാളമേധാവിത്വം വാഴിക്കപ്പെടാനാണ് കൂടുതൽ സാദ്ധ്യതയുണ്ടായിരുന്നതെന്ന് അദ്ദേഹം വ്യക്തമായിത്തന്നെ പറഞ്ഞിരുന്നു. "അജ്ഞതയുടേയും, അന്ധവിശ്വാസത്തിൻേറയും, മതഭ്രാന്തിൻേറയും" പശ്ചാത്തലം ഒരു നല്ല ലക്ഷണമായിരുന്നില്ല. സ്വയംഭരണത്തിൻെറ പരിചയം സമ്പാദിച്ചു പരിപൂർണ്ണസ്വാതന്ത്ര്യത്തിനു തയ്യാറാവുന്നതുവരെ ഫ്രാൻസ്, റഷ്യ, പോളണ്ട്, അമേരിക്കൻ ഐക്യരാജ്യങ്ങൾ എന്നിവയുടെ കൂട്ടുത്തരവാദിത്വത്തിന്മേലും ഉറപ്പിന്മേലും സ്പെയിനിൻെറ നാമമാത്രമായ അധികാരത്തിൻകീഴിൽ വർത്തിക്കുന്നതാണ് തെക്കേ അമേരിക്കയിലെ രാജ്യങ്ങൾക്ക് ഏററവും നല്ല ഏർപ്പാടെന്നുപോലും ഒരവസരത്തിൽ അദ്ദേഹം നിർദ്ദേശിച്ചിരുന്നു.

ജനാധിപത്യവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം നമ്മുടെ മുൻഗാമികളായ ഈ രാജ്യങ്ങളിൽ ജനാധിപത്യത്തിൻെറ ശക്തിക്ഷയത്തിനുണ്ടായ ഒരു പ്രധാന കാരണം, സ്വാതന്ത്ര്യത്തിനു വളരാൻ പററിയ പരിതഃസ്ഥിതികളിൽനിന്നു

സ്വാതന്ത്ര്യത്തെ വേർപെടുത്തിയതല്ല, സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള അവരുടെ വിശകലനം വേണ്ടത്ര മുന്നോട്ടുകൊണ്ടുപോയില്ല, കൊണ്ടുപോകാൻ കഴിഞ്ഞില്ല എന്നുള്ളതാണ്. ഉദാഹരണമായി പത്രസ്വാതന്ത്ര്യത്തിലും വിദ്യഭ്യാസസൗകര്യങ്ങളിലും അവർ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. എന്നാൽ അവരുടെ കണ്ണിൽ പത്രസ്വാതന്ത്ര്യത്തിൻെറ ഏകശത്രു ഗവൺമെണ്ടുനിയന്ത്രണമായിരുന്നു. പത്രസ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ കഴിയുന്ന അരാഷ്ട്രീയശക്തികളെയും, സാമ്പത്തികഘടകങ്ങളെയും അവർ മുൻകൂട്ടി കണ്ടറിയുവാൻ കഴിഞ്ഞിരുന്നില്ല. അതുപോലെതന്നെ അക്ഷരാഭ്യാസം ഗവൺമെണ്ടിൻെറ കയ്യിൽ ഒരായുധമായിത്തീരുന്നതെങ്ങനെയെന്നും, യൂറോപ്പിൽ സൈനികാധികാരം വർദ്ധിച്ചുവന്നതുകൊണ്ടാണ് പ്രാഥമിക വിദ്യാഭ്യാസം പ്രോത്സാഹിക്കപ്പെട്ടതെന്നും അവർക്കു മനസ്സിലായിരുന്നില്ല.

വിദ്യാഭ്യാസത്തിൻെറ പൊതുവിലുള്ള കൊള്ളരുതായ്മയുടെ ഉദാഹരണം ജർമ്മനിയിൽത്തന്നെയാണ് കാണാൻ കഴിയുന്നതു്. ലോകത്തിൽവച്ചു് നിരക്ഷരത്വം ഏററവും കുറഞ്ഞ രാജ്യമായി ജർമ്മനിയെ ഉയർത്തത്തക്കവണ്ണം അത്രയും നല്ല വിദ്യാഭ്യാസപദ്ധതിയായിരുന്നു അവിടെ ഉണ്ടായിരുന്നതു്. ജർമ്മൻ സർവ്വകലാശാലകളിലെ പാണ്ഡിത്യവും ശാസ്ത്രീയ ഗവേഷണങ്ങളും പരിഷ്കൃതലോകമെങ്ങും പ്രശസ്തിയാർജ്ജിച്ചിരുന്നു. വാസ്തവത്തിൽ, ഇന്നാട്ടിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ തകരാറുകൾ ഇല്ലാതാകണമെങ്കിൽ നാം ജർമ്മനിയിലെ വിദ്യാഭ്യാസസമ്പ്രദായത്തെയാണ് മാതൃകയായി സ്വീകരിക്കേണ്ടതു് എന്നു് ഒരു സുപ്രസിദ്ധ അമേരിക്കൻവിദ്യാഭ്യാസവിദഗ്ദ്ധൻ കുറെ മുമ്പു് അഭിപ്രായപ്പെടുകയുണ്ടായി. പക്ഷേ ജർമ്മനിയിലെ പ്രാഥമികവിദ്യാലയങ്ങളാണ് ഏകാധിപത്യത്തിൻെറ പ്രചാരവേലക്കു് ധിഷണാപരമായ വളം വെച്ചുകൊടുത്തിരുന്നതു്; ജർമ്മൻ റിപ്പ

ബ്ളിക്കിന്നെതിരായുള്ള പ്രവത്തനങ്ങളുടെ കേന്ദ്രം അവിടത്തെ ഉന്നതവിദ്യാലയങ്ങളായിരുന്നു.

വാത്തകളും ആശയങ്ങളും വേഗത്തിലും വിപുലമായ തോതിലും എത്തിക്കുവാൻ സ്വതന്ത്രമായ പത്രങ്ങളും അവയെ വേണ്ടുംവിധം ഉപയോഗിക്കുവാൻ ആവശ്യമായത്ര സാക്ഷരത്വം തുടങ്ങിയ സാഹചര്യങ്ങളും ഇല്ലെങ്കിൽ ഒരു വലിയ രാജ്യത്തു് സ്വതന്ത്രസ്ഥാപനങ്ങൾക്കു നിലനില്ക്കാൻ കഴിയുകയില്ലെന്നു് അവ ഉൽഘോഷിക്കുമ്പോൾ, മേൽപ്പറഞ്ഞ സാഹചര്യങ്ങൾ തന്നെ ജനാധിപത്യത്തിന്നു് ഒരു പരിഹാരമാഗ്ഗം നൽകുന്നതിനേക്കാൾ പ്രശ്നങ്ങളുണ്ടാക്കിത്തീക്കുകയാണു ചെയ്യുന്നതു്. പത്രത്തിനു ചില്ലറക്കാര്യങ്ങളിലേക്കു ശ്രദ്ധ തിരിച്ചുവിടാൻ കഴിയും; അല്ലെങ്കിൽ ഏതെങ്കിലും ഒരു കക്ഷിയുടെയോ വിഭാഗത്തിൻെറയൊ ഏജൻറായി പ്രവത്തിക്കാൻ കഴിയും: അതുമല്ലെങ്കിൽ ഏതെങ്കിലുമൊരു നിക്ഷിപ്തതാല്പര്യത്തിൻെറയോ, വഗ്ഗത്തിൻെറയോ സ്വകാര്യാവശ്യങ്ങൾക്കായി സ്വാധീനം ചെലുത്തുന്ന ഒരു പകരണമായിത്തീരാൻ കഴിയും. എന്നുമാത്രമല്ല ഇതിനെല്ലാററിനും പുറമെ, ഇന്നത്തെ വിശാലലോകവീക്ഷണം കാരണമായി ആവത്തിച്ചാവത്തിച്ചു പ്രസിദ്ധീകരിക്കപ്പെടുന്ന ഏതെങ്കിലും ഒരൊററപ്പെട്ട സംഭവത്തിൽ വ്യക്തികൾ മുഴുകിപ്പോകാനും അവക്കിടയിൽ ആശയക്കുഴപ്പം വദ്ധിക്കാനും പത്രങ്ങൾ ഇടയാക്കാറുണ്ടു്. അതുപോലെതന്നെ നമ്മുടെ പൊതുവിദ്യാലയങ്ങൾ "റിപ്പബ്ളിക്കിൻെറ സ്തംഭ"ങ്ങളാണു് എന്നു് ഒരു നൂററാണ്ടിലധികമായി നാം വിശ്വസിക്കാൻ തുടങ്ങിയിട്ടെങ്കിലും, വിദ്യാലയങ്ങളെപ്പററിയും, അവയുടെ ഭരണം, സംഘടന, നടത്തിപ്പു് എന്നിവയെപ്പററിയും, അതിന്നു പിന്നിലുള്ള ആളുകളെപ്പററിയും, അദ്ധ്യാപകന്മാരുടെ സ്ഥാനം, പഠിപ്പിക്കുന്ന വിഷയങ്ങൾ, അച്ചടക്കം മുതലായവയെപ്പററിയും നാം കേട്ടുകൊണ്ടിരിക്കുന്ന വസ്തുതകൾ ഒരു കുഴ

ളെ പ്രശ്നം തന്നെയാണ് നൽകുന്നത്. ജനാധിപത്യസ്ഥാപനങ്ങളോടു വിദ്യാലയങ്ങൾക്കുള്ള സംബന്ധത്തെപ്പററിയുള്ള പ്രശ്നം വളരെയധികം അവഗണിക്കപ്പെട്ട നിലയിലാണുള്ളതുതാനും. വാസ്തവത്തിൽ ഇക്കാര്യങ്ങൾക്ക് പല സാങ്കേതിക വീക്ഷണകോണുകളിൽനിന്നും ലഭിച്ചുവരുന്ന ശ്രദ്ധതന്നെ അതിൻെറ ഏററവും മർമ്മപ്രധാനമായ പ്രശ്നത്തെ മറച്ചുകളയാനാണ് സഹായിച്ചിട്ടുള്ളത്.

പല നൂററാണ്ടുകളോളം നീണ്ടുനിന്ന സമരങ്ങളും "കപടദേവതകളെ" പിൻതുടരലുമെല്ലാം കഴിഞ്ഞു് പ്രകൃതിശാസ്ത്രം ഇന്ന്, പ്രത്യേകവസ്തുതകളേയും, സാമാന്യതത്വങ്ങളേയും ഫലപ്രദമായ രീതിയിൽ സഹകരിപ്പിക്കുവാൻ കഴിയുന്ന മാർഗ്ഗങ്ങൾ സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ സാമൂഹ്യസംഭവവികാസങ്ങളെ മനസ്സിലാക്കുന്ന മാർഗ്ഗങ്ങളെസംബന്ധിച്ചിടത്തോളം നാം ഇന്നും ശാസ്ത്രമുണ്ടാവുന്നതിന്നു മുൻപുള്ള കാലഘട്ടത്തിൽതന്നെയാണ് ജീവിച്ചുവരുന്നത്. നാം മനസ്സിലാക്കാൻ ശ്രമിക്കുന്ന സംഭവങ്ങളാകട്ടെ, ചരിത്രത്തിലിതിനുമുമ്പുണ്ടായിട്ടില്ലാത്തത്ര വമ്പിച്ചതോതിൽ ശാസ്ത്രപരിജ്ഞാനം പ്രായോഗികമാക്കപ്പെട്ടുന്നതിൻെറ അനന്തരഫലങ്ങളാണുതാനും. സാമൂഹ്യസംഭവവികാസങ്ങൾ മനസ്സിലാക്കുക, അവയെക്കുറിച്ച് അറിവുശേഖരിക്കുക എന്നീ സംഗതികളെ സംബന്ധിച്ചിടത്തോളം നമ്മുടെ സ്ഥിതി ഇതാണ്. ഒരുവശത്തു ഗഹനമല്ലാത്തതും, പരസ്പരബന്ധമില്ലാതെ ഒററപ്പെട്ടുകിടക്കുന്നതും, തന്മൂലം തല്പരകക്ഷികൾക്ക് വളച്ചൊടിക്കാൻ കഴിയുന്നതുമായ വളരെയധികം വസ്തുതകൾ; പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത നിരവധി സാമാന്യതത്വങ്ങൾ മറുവശത്തും, രണ്ടിൻെറയും ഇടയിൽ നമ്മളും.

സാമാന്യതത്വങ്ങൾ ഏതു് സംഭവങ്ങളെക്കുറിച്ചുള്ളവയാണെന്നാണോ സങ്കല്പിച്ചിരിക്കുന്നത്, ആ സംഭവങ്ങളുമായുള്ള അകൽച്ച കാരണം വളരെ പൊതുവിലുള്ള ചില അ

ഭിപ്രായപ്രകടനങ്ങൾ മാത്രമായിത്തീന്നിരിക്കുന്നു. മാത്രമ ല്ല, പലപ്പോഴും അത്തരം തത്വങ്ങൾ ഏതെങ്കിലും കക്ഷിയു ടെയോ, വഗ്ഗത്തിൻെറയോ, മുദ്രാവാക്യങ്ങൾ മാത്രവുമായിരി ക്കുകയും ചെയ്യും. ധിഷണയുടെ വേഷമണിഞ്ഞ കക്ഷിതാ ല്പര്യപ്രകടനങ്ങൾ മാത്രമായിരിക്കും അവ പലപ്പോഴും. അ വ വെറും അഭിപ്രായപ്രകടനമായിരിക്കകൊണ്ടു്, വാദപ്ര തിവാദങ്ങളിലമ്മാനമാടപ്പെടുന്നതിന്നും, പ്രചാരത്തിലിരി ക്കുന്ന ഫാഷന്നനുസരിച്ചു് അടിക്കടി മാററപ്പെടുന്നതിന്നും ഇടയായിത്തീരുന്നു. ശാസ്ത്രീയനിഗമനങ്ങളിൽനിന്നും അവ എല്ലാ കാര്യത്തിലും വിഭിന്നമാണു്. കാരണം ശാസ്ത്രം വസ്തു തകൾ തമ്മിലുള്ള പരസ്പരബന്ധത്തെ പ്രകടമാക്കാനാണു ശ്രമിക്കുന്നതു്. കൂടുതൽ വസ്തുതകൾ ശേഖരിക്കാനാണു് അ വയുപയോഗിക്കുന്നതും. ശാസ്ത്രീയനിഗമനങ്ങൾ ഏതു കാ ര്യത്തെപ്പററിയുള്ളവയാണോ, ആ കാര്യത്തെ സംബന്ധിച്ചു തന്നെ പരീക്ഷിക്കപ്പെടുന്നതുമാണു്.

ഒരു വത്തമാനപ്പത്രമെടുത്തു നിവത്തിനോക്കിയാൽ അ തിൻെറ "എഡിറേറാറിയൽ" പേജിൽ കാണാൻ കഴിയുന്ന തു് സാമാന്യതത്വങ്ങളുടെയും തെററുപററാത്ത ന്യായാന്യാ യവിവേചനത്തിൻെറയും കുപ്പായമിട്ട, പരീക്ഷണവിധേയ മാക്കിയിട്ടില്ലാത്ത അഭിപ്രായ പ്രകടനങ്ങളായിരിക്കും; വത്ത മാനങ്ങൾ നിറഞ്ഞിരിക്കുന്ന പേജുകളിൽ കാണുന്നതാകട്ടെ, വിവിധങ്ങളും പരസ്പരബന്ധമില്ലാത്തതുമായ നിരവധി വ സ്തുതകളുമായിരിക്കും. ദിനപ്പത്രങ്ങളിൽ നിന്നു ലഭിച്ചിരി ക്കാനിടയുള്ള "സംഭ്രമജനകം" എന്നതിൻെറ പൊതുധാര ണ, മനഃശാസ്ത്രത്തെപ്പററിയുള്ള പുസ്തകങ്ങളിൽ "സംഭ്രമജ നകം" എന്ന പദത്തിനു കൊടുത്തിട്ടുള്ള അത്ഥത്തേക്കാൾ വ്യക്തവും വിജ്ഞാനപ്രദവുമായിരിക്കും. സംഭവങ്ങൾ ഒര ത്ഥത്തിൽ സംഭ്രമജനകമാണു്,—അതായതു് ആ സംഭവ ങ്ങൾക്കു് പ്രത്യേക പ്രാധാന്യം നൽകാൻ സഹായിക്കുന്ന മ

റവു സംഭവങ്ങളുമായുള്ള ബന്ധത്തിൽനിന്നു് ഒററപ്പെട്ടുനി ല്ക്കാൻ കഴിയുന്നേടത്തോളം ആ സംഭവത്തിൻെറ പ്രത്യാഖ്യാനം ശക്തിയുള്ളതായിരിക്കും. കാര്യങ്ങൾ പച്ചയായി ഇഷ്ട പ്പെട്ടുന്നവരെ അത്തരം സംഭവങ്ങൾ ആകർഷിക്കാതിരിക്ക യില്ല. കൊലപാതകങ്ങൾ, പ്രണയക്കേസ്സുകൾ മുതലായതി ൻെറ സാധാരണ റിപ്പോർട്ടുകൾ ഇത്തരത്തിലുള്ളവയാണു്. അവക്കു് കാഠിന്യം കൂട്ടാൻ ചിലപ്പോൾ അച്ചടിയിൽ വെ ണ്ടയ്ക്കാ ടൈപ്പുകളും വർണ്ണങ്ങളും ഉപയോഗിച്ചെന്നുവരാം. ഏതെങ്കിലും ഒന്നിനോടുള്ള ആകർഷണത്വം ബുദ്ധിപരമായ താണു്, സംഭ്രമജനകമല്ല, എന്നു പറയുമ്പോൾ അതായത്തു് അതിൻെറ പ്രാധാന്യം എത്രത്തോളം മററു കാര്യങ്ങളോടു ള്ള അതിൻെറ ബന്ധത്തിൽനിന്നുളവാകുന്നതാണെന്നുവ ച്ചാൽ അത്രത്തോളം അതൊരു പരമാർത്ഥമാണു്. ഒരേകാ ര്യം പറയാൻ ഉപയോഗിച്ചുവരുന്ന രണ്ടുതരം വാക്കുകൾ മാ ത്രമാണവ.

നിലവിലുള്ള പരിത:സ്ഥിതികളിൽ സാക്ഷരത്വംകൊ ണ്ടുണ്ടായിട്ടുള്ള ഒരു ഫലം, തലച്ചോറുമായുള്ള ബന്ധം മുറി ഞ്ഞ ചില ഞരമ്പുകളുദ്ദീപിപ്പിക്കുന്ന പ്രഖ്യാതഫലമായ നൈമിഷിക "രോമാഞ്ചം" അനുഭവിക്കുന്നതിനു നിരവധി യാളുകൾക്കുണ്ടായിട്ടുള്ള അഭിരുചിയാണു്. അങ്ങിനെവരു മ്പോൾ വികാരോദ്ദീപനവും ആവേശവും ബുദ്ധിയുളവാക്കു ന്നരീതിയിൽ ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. കാര്യങ്ങൾ ബാഹ്യമായ ഉദ്ദീപനങ്ങളെ ആശ്രയിക്കുന്നതിനാൽ പരി ശോധിച്ചു തീരുമാനമെടുക്കാനുള്ള ക്ഷീണവും തട്ടുന്നു. മൊ ത്തത്തിൽ പറഞ്ഞാൽ ഇവയുടെ അനന്തരഫലങ്ങൾ ഇന്നു കണ്ടുവരുന്നതിലും ഭയങ്കരമല്ലെങ്കിൽ അതു കാണിക്കുന്നതു് മനുഷ്യപ്രകൃതിയുടെ സഹനശക്തിയുടെ അളവുമാത്രമാണു്.

ഇന്ദ്രിയങ്ങളെയും അവയോടു ബന്ധപ്പെട്ട വികാരങ്ങ ളെയും സ്വാധീനപ്പെടുത്താൻ കഴിയുന്ന പ്രത്യേകം സംഭവ

ങ്ങളുടെ അതായതു് "വൎത്തമാന"ങ്ങളുടെ വൈരുദ്ധ്യവും വൈപുല്യവും, ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളിൽനിന്നുണ്ടായിട്ടുള്ള പുതിയ യന്ത്രസാമഗ്രികൾ വളരെയധികം വൎദ്ധിപ്പിച്ചിട്ടുണ്ടു്. ഭൂമുഖത്തെവിടെയെങ്കിലും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെല്ലാം തന്നെ റേഡിയോവും, ടെലിഫോണും, ടെലിഗ്രാഫും അടിക്കടി റിപ്പോർട്ടു ചെയ്തുകൊണ്ടിരിക്കുന്നു. അത്തരം സംഭവങ്ങളെക്കുറിച്ചു് അവ അറിയാനിടവരുന്ന വ്യക്തികളിലധികംപേൎക്കും ഒന്നും ചെയ്യാൻ കഴിയുന്നതുമല്ല. അവരിൽ വൈകാരികമായ ഒരു താല്കാലിക പ്രതിചലനം ഉണ്ടാകുന്നതിൽ കവിഞ്ഞൊന്നും സംഭവിക്കുന്നില്ല. കാരണം, കാര്യങ്ങൾ പരസ്പരം ഒത്തുനോക്കാൻ സഹായിക്കുന്ന സംഘടനയോ ബന്ധങ്ങളോ, ഇല്ലാത്തതുകൊണ്ടു്, സംഭവങ്ങളെയും അവയുടെ പശ്ചാത്തലത്തെയും ഭാവനയിൽ സൃഷ്ടിക്കുവാൻപോലും കഴിയാതെപോകുന്നു. വാൎത്താപ്രചരണത്തിനുതകുന്ന ആധുനിക യന്ത്രസാമഗ്രികൾ കണ്ടുപിടിക്കപ്പെട്ടുന്നതുവരെ നമ്മുടെ ഗ്രാമാന്തരങ്ങളിലെ ജനങ്ങൾ എങ്ങനെയാണു് കഴിഞ്ഞുകൂടിയതെന്നു് നാം അനുഭാവം പ്രകടിപ്പിക്കുന്നതിനു മുൻപു്, ഇന്നത്തെ നഗരവാസികൾക്കു് തങ്ങളുടെ സ്വന്തം കാര്യങ്ങൾ അറിയാവുന്നതിലും കൂടുതലായി ആ കാലത്തു് ഗ്രാമീണജനങ്ങൾക്കു് അവരുടെ ജീവിതത്തെ ബാധിച്ചിരുന്ന കാര്യങ്ങൾ അറിയാമായിരുന്നുവെന്നു് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വെവ്വേറെ എണ്ണിയെണ്ണിപ്പറയാൻ കഴിയുന്ന വളരെയധികം വൎത്തമാനങ്ങൾ അവരുടെ പക്കൽ ഉണ്ടായിരുന്നിരിക്കയില്ല. എന്നാൽ അവരുടെ സ്വന്തം കാര്യങ്ങൾ നടത്തിപ്പോരുന്നതിൽ പ്രധാന പങ്കു വഹിച്ചിരുന്ന എല്ലാത്തിനേയുംപററി അറിയാൻ, മനസ്സിലാക്കാൻ, അവർ നിർബ്ബന്ധിതരായിരുന്നു. ഇന്നാകട്ടെ, വ്യക്തികളുടെ പ്രവൃത്തികളെ സ്വാധീനിക്കുന്ന ശക്തികൾ അറിയാൻ കഴിയാത്തത്ര വിദൂരമായിത്തീൎന്നിരിക്ക

യാണ്. സംഭവങ്ങൾ യാതൊരു മുന്നറിയിപ്പുംകൂടാതെ, പെട്ടെന്നു ശക്തിമത്തായരീതിയിൽ നമ്മുടെ മേൽ വന്നു വീഴുക എന്ന സ്ഥിതിയിൽ നാം അകപ്പെട്ടിരിക്കയാണ്.

സ്വാതന്ത്ര്യം നിലനിൽക്കുന്ന കാര്യത്തിൽ സാംസ്കാരികപരിതഃസ്ഥിതികൾക്കുള്ള സ്ഥാനത്തെപ്പററിയുള്ള ചർച്ചയിൽ ഇപ്പറഞ്ഞതിനൊക്കെ എന്തു പ്രസക്തിയെന്നു ബഹുദൂരം അന്വേഷിച്ചുപോകേണ്ടതില്ല. അമേരിക്കൻ റിപ്പബ്ലിക്കൻ ഭരണരീതിയുടെ ശില്പികൾ ജനാധിപത്യത്തെ വളരെ ലഘൂകരിച്ചുകാണിച്ചുവെന്നുള്ള നമ്മുടെ അഭിപ്രായത്തിനോട് ഇതിന്നു പ്രത്യക്ഷബന്ധമുണ്ട്. അവർ മുന്നിൽ കണ്ടിരുന്ന ആളുകൾ തങ്ങളുടെ തൊഴിൽവൃത്തിയിൽനിന്നു കുറച്ചും മുൻകൈയെടുക്കാനുള്ള കഴിവും ആർജ്ജിച്ചവരായിരുന്നു. അവർക്കു ലഭിച്ചിരുന്ന വിവരങ്ങൾ ഇടുങ്ങിയതെങ്കിലും, പ്രവൃത്തിയുമായി നേരിട്ടു ബന്ധപ്പെട്ടതും അവയുടെ ഉത്ഭവസ്ഥാനം അവരുടെ നിയന്ത്രണത്തിൽപ്പെട്ടതും ആയിരുന്നു. അവരുടെ പ്രവൃത്തിയുടെയും ബന്ധങ്ങളുടെയും വലയത്തിലൊതുങ്ങിനിന്നിരുന്ന കാര്യങ്ങളെപ്പററി മാത്രമേ അവർ ആലോചിച്ച് അഭിപ്രായം പറയേണ്ടിയിരുന്നുള്ളു. ഇന്നു സാധാരണക്കാരനു ലഭിക്കുന്ന വിജ്ഞാനങ്ങളുടെയും, വിവരങ്ങളുടെയും വൈപുല്യം, പത്രങ്ങളും, ടെലഗ്രാഫും, ടെലഫോണും, റേഡിയോവും കാരണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. അലസതയിലാണ്ടു കിടക്കുന്ന മാനസിക പ്രവർത്തനത്തെ ഒരു കണക്കിൽ അതു ത്വരിതപ്പെടുത്തിയിട്ടുണ്ടെന്ന വസ്തുത നിഷേധിക്കുന്നതു് വിഡ്ഢിത്തമായിരിക്കും. എന്നാൽ സംഘടിത പ്രചാരവേലക്കു് സ്വതന്ത്രമായി പ്രവർത്തിക്കാനും, വികാരങ്ങളെ തട്ടിയുണർത്തി ചില അഭിപ്രായങ്ങൾ ആളുകളുടെ മനസ്സിന്നടിയിൽ നിക്ഷേപിക്കാനും സൗകര്യമുള്ള നൂതനസരണികൾ തുറന്നുവെച്ചിട്ടുണ്ടെങ്കിലും, ചിന്താർഹമല്ലാത്തതും, വിവേചനവിധേയമല്ലാത്തതുമായ എത്രയോ

വിവരങ്ങളും വസ്തുതകളും വെറുതെ കിടപ്പുണ്ട്. അഥവാ ചിന്തിപ്പിക്കലും വിവേചനവിധേയമാക്കലും വേണമെങ്കിൽത്തന്നെ അതിന്നു സൗകര്യമില്ലാത്തവിധം ചിന്നിച്ചിതറിക്കിടക്കുന്നവയാണു് ആ വസ്തുതകളും വിവരങ്ങളും. സാധാരണക്കാരനു ചുററും 'റെഡിമെയ്ഡ്' ഭക്ഷണസാധനങ്ങളും മററു സാമഗ്രികളും ഉള്ളതുപോലെതന്നെ 'റെഡിമെയ്ഡ്' ധിഷണാവസ്തുക്കളും നിറഞ്ഞുകിടക്കുന്നുണ്ട്. ധിഷണാപരമായും ഭൗതികമായും ആവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കുന്നതിൽ അവൻെറ പൂർവ്വികന്മാർക്കുണ്ടായിരുന്ന വ്യക്തിപരമായ പങ്കു് ഇന്നവനില്ല. ലോകമൊട്ടുക്കും എന്താണു ചെയ്യുന്നതെന്നതിനെപ്പററി പഴമക്കാർക്കുണ്ടായിരുന്ന അറിവു് കുറവായിരുന്നെങ്കിലും തങ്ങളുടെ ചുററിലും നടന്നുകൊണ്ടിരിക്കുന്നതിനെപ്പററിയും പഴമക്കാർക്കു് വളരെയധികം അറിവുണ്ടായിരുന്നു.

സ്കൂളുകൾ, പ്രാദേശികനികുതി കാര്യങ്ങൾ, പ്രാദേശിക നിരത്തുകൾ മുതലായ തദ്ദേശീയകാര്യങ്ങൾ നോക്കി നടത്തുന്നതിനു് നഗരസഭാരീതിയിലുള്ള സ്വയംഭരണം പര്യാപ്തമായിരുന്നു. ഇത്തരം സ്വയംഭരണസമ്പ്രദായങ്ങളിൽ പങ്കെടുക്കുന്നതു് വിപുലരീതിയിലുള്ള സ്വയംഭരണത്തിനു പററിയ നല്ല പരിശീലനമായിരുന്നു. എന്നാൽ വിദ്യാഭ്യാസം ഗതാഗതം മുതലായ കാര്യങ്ങൾക്കു് ഇന്നു് ഉൾനാട്ടുകളിൽപോലും പ്രാദേശികത്വത്തിൽ കവിഞ്ഞ പ്രാധാന്യം ഉണ്ട്. അങ്ങിനെ, നഗരസഭയിൽ പങ്കെടുക്കുന്നതുകൊണ്ടു് ഒരു പൗരനിൽ പൊതുക്കാര്യപ്രസക്തിയുളവാക്കാൻ സഹായിക്കുമെങ്കിലും, ദേശവ്യാപകമായ പ്രശ്നങ്ങളെക്കുറിച്ചാലോചിച്ച് ഒരു തീരുമാനമെടുക്കാനുള്ള അറിവും പരിചയവും ലഭിക്കയില്ല. വിദ്യാഭ്യാസത്തിൻെറ ഗുണങ്ങളുണ്ടായിരുന്നതും നേരിട്ടു ലഭിച്ചിരുന്നതുമായ അന്നത്തെ അനുഭവങ്ങൾക്കും പരിചയങ്ങൾക്കും പകരം അക്ഷരാഭ്യാസം ലഭിച്ചതുകൊണ്ടു് പ്ര

യോജനമില്ലല്ലോ. പ്രസക്തമായ സ്വാനുഭവങ്ങളും പരിച യങ്ങളുമില്ലാത്തതുകൊണ്ടു് തരിശ്ശായിക്കിടക്കുന്ന മനസ്സിൽ പരസ്പരബന്ധമില്ലാത്ത സംഭവബാഹുല്യങ്ങളുടെ പ്രത്യാ ഖ്യാനമേല്ക്കുമ്പോൾ ഒരു പ്രത്യേക കാലാവസ്ഥയുളവാകുന്നു. രാഷ്ട്രമേന്മയ്ക്കും ഗുണത്തിനും അത്യാവശ്യമെന്നു് ആവർത്തി ക്കപ്പെടുന്നതും വിശ്വസിച്ചുപോകാൻ എളുപ്പമുള്ളതുമായ ആശയങ്ങളുടെ സംഘടിതപ്രചരണത്തിന്നു് വളരെ അനു കൂലമാണു് ഈ മാനസിക കാലാവസ്ഥ. ചുരുക്കത്തിൽ, സംഘടിതപ്രചാരവേലയ്ക്കു് ഇന്നുള്ള ശക്തി മനസ്സിലാക്ക ണമെങ്കിൽ, യന്ത്രസാമഗ്രികളിലുണ്ടായിട്ടുള്ള വമ്പിച്ച വള ൎച്ച മനുഷ്യപ്രകൃതിയിലുളവാക്കിയിട്ടുള്ള ഭാവഭേദങ്ങൾ അ റിയേണ്ടതുണ്ടു്.

സാധാരണക്കാരൻെറമേൽ പരസ്പരബന്ധമില്ലാത്ത പ ല വസ്തുതകളും ചാടിവീഴുന്നു. അവ പലതരത്തിൽപെട്ട തും പല അളവിലുള്ളതുമാണു്; ഇവയുടെ ഫലമെന്തെന്നു മനസ്സിലാക്കുവാൻ താരതമ്യേന പ്രയാസമില്ല. പക്ഷേ അ ത്ര എളുപ്പമല്ല സാമാന്യതത്വങ്ങളുടെ സ്വാധീനശക്തി അ റിയാൻ. ഈ സ്വാധീനശക്തി വളരെ വലുതല്ലെന്നു തോ ന്നിക്കുവാനുള്ള പ്രധാന കാരണം, അങ്ങനെയൊന്നുണ്ടെന്നു് അതിൻെറ സ്വാധീനവലയത്തിൽപെട്ടവൎക്കുപോലും തിരി ച്ചറിയാത്തമട്ടിൽ അവരുടെ സ്വഭാവവുമായി അതു് ഇഴകി ച്ചേൎന്നതുകൊണ്ടാണു്. അഥവാ, അവൎക്കതിനെപ്പററി ബോ ധമുണ്ടെങ്കിൽത്തന്നെ, അവൻ ഈ തത്വങ്ങളെ വിശേഷ ബുദ്ധിയുടെ സുവ്യക്തമായ സത്യപ്രകടനമായി കണക്കാക്കു കയും ചെയ്യുന്നു. സ്വഭാവങ്ങൾ ഒരുതരം ''ഉപകൃത''മായി ത്തീരത്തക്കവണ്ണം വേരൂന്നിക്കിടക്കുകയാണെങ്കിൽ, അവ ൎക്കു് സൗരമണ്ഡലത്തിലെ ചലനങ്ങളെപ്പോലെ ഒരുതരം അ നിവാര്യതയുള്ളതായി തോന്നിപ്പോകും. ഏതെങ്കിലും ഒരു പ്രത്യേകകാലത്തു് പ്രചുരപ്രചാരത്തിലിരിക്കുന്ന തത്വങ്ങ

ളും, മാനദണ്ഡങ്ങളുമെല്ലാം ആളുകൾ ധിഷണാപരമായ അത്ഥത്തിൽ വിശ്വസിക്കുന്നവയായിരിക്കുകയില്ല, അധികവും ഒരുതരം അബോധാവസ്ഥയിൽ സ്വീകരിച്ചുപോന്നിട്ടുള്ള ആശയങ്ങൾ മാത്രമായിരിക്കും. വ്യത്യസ്തമായ പരിത:സ്ഥിതികളിൽ ജീവിച്ചുവരുന്നവരും വ്യത്യസ്തമായ സ്വഭാവക്രമങ്ങൾ രൂപീകരിച്ചിട്ടുള്ളവരുമായ ആളുകൾ വിഭിന്നമായ ചില 'തത്വ'ങ്ങൾ പുറപ്പെടുവിക്കുന്നുവെങ്കിൽ, അവയെല്ലാം നമ്മുടെ സ്ഥാപനങ്ങളോട്ട് വിരോധമുള്ള വിദേശികൾ പരത്തിവിടുന്ന പകച്ച്വ്യാധികളുടെ ഉറവിടമാണെന്നു പറഞ്ഞു തള്ളിക്കളയുകയാണ് സാധാരണ ചെയ്യാറുള്ളതു്.

മനുഷ്യവ്യവഹാരങ്ങളിൽ ഒരേസമയത്തുതന്നെ അടിയുറച്ചുനില്ക്കുന്നതും, നിലംതൊടാത്തതുമായ ഒന്നു് അഭിപ്രായം മാത്രമാണു്. എല്ലാ പ്രവൃത്തിയേയും അതിനെപ്പററി ബോധമില്ലാതെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന സ്വഭാവങ്ങളുമായി അവക്കു് ബന്ധമുണ്ടോ, ഇല്ലയോ എന്നതനുസരിച്ചാണു് ഈ വ്യത്യാസമുണ്ടാവുന്നതു്. വാചാസ്വഭാവങ്ങളുണ്ടു്; അവക്കു് ശക്തിയുമുണ്ടു്. ചില തത്വങ്ങൾക്കു് അവ വെറും ഭാഷാരൂപത്തിലുള്ള വെറും ആചാരങ്ങൾ മാത്രമായിത്തീന്നതിനുശേഷംപോലും, ആളുകൾ സമ്മതം മൂളാറുണ്ടു്. വെറും വാചലിൽ ആയാലും അതിനു ഫലമുണ്ടു്; ബുദ്ധിപരവും വൈകാരികവുമായ ഭിന്നതകളുണ്ടാക്കാം. അതൊരുപക്ഷേ കല്പിച്ചുകൂട്ടിയുള്ള "ഹൈപോക്രസി" (അകത്തൊന്നും പുറത്തു വേറൊന്നും) ആയിരിക്കാം. എന്നാൽ ഒരാൾ ചെയ്യുന്ന പ്രവൃത്തിയുമായി അയാളുടെ വിശ്വാസങ്ങൾക്കു യാതൊരു പൊരുത്തവുമില്ലെന്ന കാര്യം തന്നെ അയാൾക്കു നിശ്ചയമില്ലെങ്കിൽ സംഗതി വളരെ ആപല്ക്കരമാണു്. ഈ പൊരുത്തക്കേടും, ആത്മാത്ഥതക്കുറവുമെല്ലാം, പ്രായോഗികകാര്യങ്ങളിലും, സംഭവങ്ങളിലും വമ്പിച്ച മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് വാക്കുകളു

ടെ രൂപീകരണത്തെ സംബന്ധിച്ചിടത്തോളം സാംസ്കാരിക മായി പിന്നണിയിൽ നില്ക്കുന്നിടത്തോളം, കൂടുതൽ കൂടുതൽ അഗാധവും വിശാലവുമായിത്തീരുകയാണു്. ആദ്യംമുതല്ക്കു തന്നെ സ്വയം വഞ്ചിതരായ ആളുകളാവട്ടെ, മററുള്ളവരെ വഴിതെററിക്കാൻ ഏററവും കഴിവുള്ളവരുമാണു്. ആത്മാർത്ഥതയുമായി യാതൊരു ബന്ധവുമുണ്ടാകാൻ നിവൃത്തിയി ല്ലെന്നു യുക്തിയുക്തം തെളിയിക്കാൻ കഴിയുന്ന കാര്യങ്ങൾ "തികഞ്ഞ ആത്മാർത്ഥതയോടെ" ചെയ്യുന്ന ആളുകളുടെ സ്ഥിതി മനുഷ്യചരിത്രത്തിലുണ്ടായിട്ടുള്ള ഏററവും അത്ഭുതാവഹമായ ഒരു സംഭവപരിണാമമാണു്.

ഇത്തരത്തിലുള്ള ആത്മവഞ്ചനയാണു് കല്പിച്ചുകൂട്ടിയുള്ള "ഹൈപോക്രസി"യെക്കാൾ സാധാരണ കണ്ടുവരുന്നതു്; കൂടുതൽ ഹാനികരമായതും അതുതന്നെ. മാറിവരുന്ന പരിതഃസ്ഥിതികൾക്കൊപ്പം മനുഷ്യന്റെ പ്രചോദിതപ്രവർത്തനത്തിലും, സ്വഭാവപ്രകടനങ്ങളിലും മാററങ്ങൾ ഉണ്ടായിത്തീരുകയും, എന്നാൽ ചുററുപാടുമുള്ള പരിതഃസ്ഥിതിയിലുണ്ടാവുന്ന മാററങ്ങൾക്കു് മുമ്പുണ്ടായിരുന്ന ധാർമ്മികവും വൈകാരികവുമായ മൗലികമനോഭാവങ്ങൾ അവയ്ക്കൊത്തു പുനഃസംവിധാനം ചെയ്യപ്പെടാതിരിക്കയും ചെയ്യുന്ന കാലഘട്ടങ്ങളിൽ ആത്മവഞ്ചന വളരെ വിപുലമായ തോതിൽ കാണപ്പെടാവുന്നതാണു്. സാംസ്കാരികമായ ഈ "മന്ദഗതി" ഇക്കാലത്തു് എവിടെയും കാണാൻ കഴിയും. ലോകം ഇതിന്നുമുമ്പൊരിക്കലും കണ്ടിട്ടില്ലാത്തത്ര വേഗത്തിലാണു് ഇന്നു് സ്ഥിതിഗതികൾ മാറിക്കൊണ്ടിരിക്കുന്നതു്. അങ്ങിനെ മനുഷ്യൻ ജീവിക്കുകയും സമ്പർക്കം പുലർത്തുകയും ചെയ്യുന്ന പരിതഃസ്ഥിതികളിൽ കഴിഞ്ഞ ആയിരമായിരം കൊല്ലങ്ങളിൽ ഉണ്ടായിട്ടുള്ളതിനേക്കാൾ മാററങ്ങൾ കഴിഞ്ഞ ഒരു നൂററാണ്ടിനുള്ളിൽ സംഭവിച്ചിട്ടുണ്ടെന്നുപോലും കണക്കാക്കപ്പെട്ടിരിക്കുന്നു. അടിത്തട്ടിൽ കിടക്കുന്ന പാരമ്പര്യങ്ങൾക്കും

വിശ്വാസങ്ങൾക്കും ഒപ്പമെത്താൻ കഴിയാത്തത്ര വേഗത്തിലാണ് മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അങ്ങിങ്ങായി കിടക്കുന്ന ഒന്നോ രണ്ടോ വ്യക്തികൾ മാത്രമല്ല, വളരെയധികം ആളുകൾ, തങ്ങൾക്കു ചുററുമുള്ള സ്ഥിതിഗതികളോട്, അവർ പരിചയിച്ചിട്ടുള്ള വാക്പ്രയോഗങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത പ്രവൃത്തികളിൽക്കൂടി സ്വാഭാവികമായി അടുക്കാറുണ്ട്. എങ്കിൽക്കൂടി അവർ പ്രകടമാക്കുന്ന വികാരമഗ്നമായ മനോഭാവങ്ങൾ വാക്കുകളിൽക്കൂടിയാണ്, പ്രവൃത്തിയിൽക്കൂടിയല്ല പുറത്തുവരുന്നത്.

വ്യക്തികളെന്നനിലയ്ക്ക് നമ്മുടെ ഘടനയിലുള്ള ധാർമ്മികവും, മതപരവുമായ ഭിന്നാംശങ്ങൾ കണക്കിലെടുക്കാതെ, സ്വാതന്ത്ര്യത്തിൻെറ ഘടകങ്ങളിന്മേൽ സംസ്കാരത്തിനുള്ള സ്വാധീനശക്തി അളന്നുനോക്കാൻ എങ്ങനെ ശ്രമിച്ചാലും സാധ്യമല്ല. താറുമാറായിക്കിടക്കുന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ, ധിഷണാപരവും ധാർമ്മികവുമായ ഒരു സംയോജനമുണ്ടാകുമ്പോഴല്ലാതെ, യഥാർത്ഥ ജനാധിപത്യം ഉന്നയിക്കുന്ന പ്രശ്നങ്ങളെ താത്വികമായോ പ്രായോഗികമായോ വിജയപൂർവ്വം കൈകാര്യം ചെയ്യുക സാദ്ധ്യമല്ല. പഴമയോടിഴുകിച്ചേർന്ന മനോഭാവങ്ങളും പുതിയ സാഹചര്യങ്ങളോട്ട നേരിടുവാനാവശ്യമായിത്തീർന്നിരിക്കുന്ന സ്വഭാവശീലങ്ങളും തമ്മിൽ വലിയ വടംവലിയും ഉൾപ്പോരും നടക്കുന്നു; ജനാധിപത്യത്തിൻെറ ധാർമ്മികനിലവാരത്തിനൊത്ത് ദൈനംദിനജീവിതത്തിൽ പ്രവർത്തിക്കുകയോ ചിന്തിക്കുകയോ ചെയ്യാത്ത ആളുകൾപോലും ജനാധിപത്യ വിശ്വാസികളായി ആണയിടുന്നതിന്നു പ്രധാന കാരണം ഈ വൈകാരിക ഭിന്നതയാണ്. അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും കാണപ്പെടുന്നത് വ്യാപാരികളുടെ ഇടയിലായാലും, മതപുരോഹിതന്മാരുടെ ഇടയിലായാലും. വിദ്യാഭ്യാസപ്രവർത്തകന്മാരുടെ ഇടയിലായാലും, രാഷ്ട്രീയനേതാക്കന്മാർക്കിടയിലായാ

ലും അതിൻെറ അനന്തരഫലം യഥാർത്ഥജനാധിപത്യം ആശ്രയിച്ചു നില്ക്കുന്ന സാഹചര്യങ്ങളെയും പരിതഃസ്ഥിതികളെയും കൂടുതൽ ദുർബ്ബലമാക്കലാണ്. നമ്മുടെ ജനാധിപത്യവ്യവസ്ഥിതിക്കു നേരിടേണ്ടിയിരിക്കുന്ന ഏററവും വലിയ ഭീഷണി വിദേശത്തെവിടെയെങ്കിലും ഒരു സ്വേച്ഛാധിപത്യവ്യവസ്ഥിതിയുണ്ടെന്നുള്ളതല്ല; ബാഹ്യമായ അധികാരത്തെയും കശ്ശനമായ അച്ചടക്കത്തെയും, ഐകരൂപ്യത്തെയും, ഒരു നേതാവിനെ ആശ്രയിക്കുന്ന സമ്പ്രദായത്തെയും അവിടെ വിജയിപ്പിച്ച അതേ പരിതഃസ്ഥിതികൾക്കു് തുല്യമായ സാഹചര്യങ്ങൾ നമ്മുടെ ഇടയിൽ, നമ്മുടെ മനോഭാവത്തിലും, നമ്മുടെ സ്ഥാപനങ്ങളിലും ഉണ്ടെന്നുള്ളതാണ്. യുദ്ധരംഗം ഇവിടെത്തന്നെയാണ്—നമ്മിലും നമ്മുടെ സ്ഥാപനങ്ങളിലും.

# III

## സർവ്വാധിപത്യസാമ്പത്തിക വ്യവസ്ഥയും ജനഭരണവും

സ്വാതന്ത്ര്യവും സമത്വവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആദ്യകാലധാരണ എവ്വിധമായിരുന്നുവെന്നു് സുവ്യക്തമാക്കുന്നതു് വലിയ സംഘങ്ങളും കൂട്ടുകെട്ടുകളും—സ്വമേധയാ ഉണ്ടായിത്തീരുന്നതുപോലും—തടയുവാൻ ഫ്രഞ്ചുവിപ്ലവത്തിൽ നടത്തിയിരുന്ന തീവ്രപരിശ്രമങ്ങളാണു്. വൻകൂട്ടുകെട്ടുകളും സംഘങ്ങളും സ്വാതന്ത്ര്യവിരുദ്ധമാണെന്നു് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ വിപ്ലവാദർശങ്ങളുടെ നേതാക്കന്മാർ അടിയുറച്ചു വിശ്വസിച്ചിരുന്നു. ഇംഗ്ലണ്ടിൽ ട്രെയിഡ് യൂണിയൻ സംഘടനകളെ ഗൂഢസംഘങ്ങളായി കണക്കാക്കി അവയ്ക്കെതിരായി നിയമനിർമ്മാണം ചെയ്യാനിടയാക്കിയ പരിതഃസ്ഥിതികൾ വ്യത്യസ്തമായിരുന്നെങ്കിലും കൂട്ടുകെട്ടുകളെക്കുറിച്ചും സംഘടനകളെക്കുറിച്ചുമുണ്ടായിരുന്ന ഈ ഭയം അതു മിതവാദികേന്ദ്രങ്ങളിൽനിന്നോ പിന്തിരിപ്പൻ കേന്ദ്രങ്ങളിൽനിന്നോ വരുന്നതായിക്കൊള്ളട്ടെ, ഒരു പ്രശ്നം നിലവിലുണ്ടായിരുന്നുവെന്നുള്ളതാണു് തെളിയിക്കുന്നതു്. തൊഴിലാളി സംഘടനകളുടെ വളച്ച് തൊഴിലാളികൾക്കു് എപ്പോൾ എവിടെ, എങ്ങനെ ജോലി ചെയ്യണമെന്നുള്ള വ്യക്തിപരമായ അഭിപ്രായത്തിന്നനുസരിച്ചു് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യത്തെ ചുരുക്കുകയല്ലേ ചെയ്യുന്നതെന്നു് പരേതനായ പ്രസിഡണ്ടു് എലിയ

ട്ട് ഭയപ്പെട്ടിരുന്നു. താത്വികമായ "കൂട്ടായ വില പേശലി" നെ അനുകൂലിക്കുന്നവർപോലും അതേ തത്വം വ്യവസ്ഥാപിതമായ രീതിയിൽ നടപ്പിൽ വരുത്തുമ്പോൾ അതിൽനിന്നു് പിൻവലിയാറുണ്ടു്. ആരാണു് ശരി ആരാണു് തെററു് എന്നുള്ളതല്ല; സാങ്കേതികശാസ്ത്രഫലമായി വ്യവസായത്തിലും വ്യാപാരത്തിലുമുണ്ടായിട്ടുള്ള സ്ഥിതിഗതികൾ സംഘടനയും സ്വാതന്ത്ര്യവും തമ്മിലുള്ള സംബന്ധത്തെക്കുറിച്ചു മുൻകൂട്ടിക്കാണാൻ കഴിഞ്ഞിട്ടില്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ടെന്നുള്ളതാണു് ഇവിടെ പ്രസക്തമായ പ്രശ്നം.

വൻകിടസംഘടനകൾ ഉണ്ടെങ്കിൽ മാത്രമേ വ്യക്തികൾക്കു സ്വതന്ത്രരായിരിക്കാൻ കഴിയുകയുള്ളു എന്നും, അത്തരം സംഘടനകൾ വ്യക്തിസ്വാതന്ത്ര്യത്തെ പരിമിതമാക്കുകയാണു ചെയ്യുന്നതെന്നും രണ്ടു വാദഗതികളുണ്ടു്; രണ്ടും ഏറെക്കുറെ യുക്തിയുക്തവുമാണു്. വാസ്തവത്തിൽ തൊഴിലാളി സംഘടനകളും മുതലാളി സംഘടനകളും ഒരേപ്രശ്നത്തിൻെറ രണ്ടു വശങ്ങൾ മാത്രമാണു്. രണ്ടിനുമിടയിലുള്ള ബഹുജനങ്ങളാകട്ടെ രണ്ടിനെക്കുറിച്ചും സംശയാലുക്കളുമാണു്—ഒരു പ്രത്യേക സമയത്തു് ഒരു പ്രത്യേക അസൗകര്യം പ്രത്യക്ഷമാവുമ്പോൾ ഏതിൻെറ പ്രവർത്തനഫലമാണതെന്നതനുസരിച്ചു് അവരുടെ മനഃസ്ഥിതി മാറിക്കൊണ്ടിരിക്കയും ചെയ്യും. മാർഗ്ഗതടസ്സങ്ങൾ ഇല്ലാതാവുകയും ഗതാഗതസൗകര്യങ്ങൾ വർദ്ധിച്ചുവരികയും ചെയ്തിട്ടും വൻതോതിലുള്ള ഉല്പാദനവും വിതരണവും വമ്പിച്ച കേന്ദ്രീകരണവും സ്ഥാനമുറപ്പിക്കലും കൂടാതെ എങ്ങനെ സാദ്ധ്യമായി എന്ന കാര്യം വിശദീകരിക്കുക സാദ്ധ്യമല്ല. എന്നിട്ടും, ആദ്യകാലത്തെ ജനാധിപത്യതത്വങ്ങളുടെ ആന്തരാർത്ഥങ്ങളേക്കാൾ അവയുടെ ബാഹ്യരൂപങ്ങളിൽ വിശ്വസിക്കുന്നവർ, സ്വാതന്ത്ര്യത്തിനും സമത്വത്തിനും ഹാനികരമായ വിധത്തിലാ

ണ് മേൽപ്പറഞ്ഞ സംഘടനകളിലേതെങ്കിലും ഒന്നു നിലവിൽ വന്നിട്ടുള്ളതെന്ന് ആക്ഷേപിക്കുന്നതു കാണാം. ഒരു പുതിയ പ്രശ്നം ഉത്ഭവിച്ചിട്ടുണ്ടെന്നാണ് ഈ വസ്തുത തെളിയിക്കുന്നത്;—അതിൻെറ പരിഹാരം എന്തായാലും.

പാർലമെൻററി സമ്പ്രദായത്തിൽ അവിശ്വാസം വളർന്നുവരാനുള്ള കാരണം മുൻപു സൂചിപ്പിച്ചതുപോലെ സമ്പൂർണ്ണമായ സംഭവവികാസങ്ങളുടെ ആധിക്യമാണ്. പാർട്ടികളുടെ അടിസ്ഥാനത്തിൽ കിട്ടാനുള്ളവരിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഒരുകൂട്ടം ആളുകൾക്ക്, ഇന്നു നിലവിലുള്ള പരസ്പരം കെട്ടിമറിഞ്ഞു കിടക്കുന്ന വിപുലമായ പ്രശ്നങ്ങളെ നേരിടുന്നതിനുള്ള അറിവോ കഴിവോ ഉണ്ടാകുന്നതെങ്ങനെയാണ്? സ്വന്തമായി സുദൃഢാഭിപ്രായങ്ങൾ ഉണ്ടായിരിക്കുന്ന ഒരു പ്രസിഡണ്ടാണ് അധികാരത്തിലുള്ളതെങ്കിൽ അപ്പോഴെല്ലാം അമേരിക്കയിലെ നിയമനിർമ്മാണവിഭാഗവും നിർവാഹകവിഭാഗവും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുക പതിവാണ്. അപ്പോഴെല്ലാംതന്നെ ഭരണം നടത്തുന്ന വിഭാഗം ജനങ്ങളുടെ ഭാഗത്തും, ജനങ്ങളെ പ്രതിനിധീകരിക്കുന്ന നിയമനിർമ്മാണവിഭാഗം ചില പ്രത്യേക താല്പര്യങ്ങളുടെ ഭാഗത്തുമാണ് വക്കാലത്തെടുക്കാറുള്ളതെന്നതു് ചരിത്രപരമായ ഒരു പരമാർത്ഥവുമാണ്. ഇതു് അമേരിക്കയിൽമാത്രം നടന്നിട്ടുള്ള ഒരു സംഭവമല്ല. നിയമനിർമ്മാണസഭകളും, കോടതികളും, ഉദ്യോഗസ്ഥന്മാരുമെല്ലാം സാഹചര്യങ്ങൾകൊണ്ടും വിദ്യാഭ്യാസംകൊണ്ടും, ചിലപ്പോൾ കൈക്കൂലി മുതലായ അഴിമതികൾ മുഖേനയും ചില പ്രത്യേക താല്പര്യങ്ങളെ അനുകൂലിക്കുന്നവയാണെന്നുള്ള സാമാന്യ ധാരണ, നിയമനിർമ്മാണസഭകൾക്ക് യഥാർത്ഥസ്ഥിതിഗതികളെ കണ്ടറിഞ്ഞു് ഫലപ്രദമായ നടപടികളെടുക്കുന്നതിനുള്ള വിഷമതകളെ വർദ്ധിപ്പിക്ക മാത്രമേ ചെയ്തിട്ടുള്ളൂ. ഈ വിശ്വാസക്കുറവ് പ്രക്ഷോഭകക്കാർക്കും ഡിക്റ്റേ

ററക്കും അവരവരുടെ അവസരം നൽകുന്നു. ആദ്യത്തെക്കൂട്ടർ മർദ്ദനത്തിനെതിരായി ജനങ്ങളുടെ ഭാഗം വാദിക്കുന്നു; അറിഞ്ഞോ അറിയാതെയോ അതേ ആളുകൾ ഒരു പുതിയതരം മർദ്ദനത്തിന്റെ ചട്ടുകങ്ങളായിത്തീരുകയാണ് പതിവെന്നതു് ചരിത്രപരമായ ഒരു സത്യമാണ്. നൃയിലോങ്ങ് പറഞ്ഞിട്ടുള്ളതുപോലെ "ജനാധിപത്യത്തെ അതിന്റെ ശത്രുക്കളിൽനിന്നു രക്ഷിക്കുക" എന്ന മുദ്രാവാക്യവുമായിട്ടായിരിക്കും "ഫാഷിസം" ഈ നാട്ടിൽ വരുന്നതു്.

രാഷ്ട്രീയസാമ്പത്തികപ്രശ്നങ്ങൾ തമ്മിലുള്ള ഇന്നത്തെ ബന്ധങ്ങളെക്കുറിച്ചു് ശരിയായവിധത്തിൽ ഒരു ചർച്ചയ്ക്കൊരുങ്ങുകയാണെങ്കിൽ, അതു് ഗ്രാമം, നഗരം, ജില്ല, സംസ്ഥാനം, രാഷ്ട്രം അങ്ങിനെ വിപുലമായ ഒരടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടിവരും. ആ ചർച്ചയിൽനിന്നുണ്ടാവുന്ന നിഗമനങ്ങളാകട്ടെ, വളരെ വലിയ ഒരു ഗ്രന്ഥാവലി നിർമ്മിക്കുകയും ചെയ്യും. വ്യവസായവും ഭരണകൂടവും തമ്മിലുള്ള പരസ്പരബന്ധങ്ങളും പരസ്പരാശ്രയത്വവും ജനാധിപത്യപരിപാടികളുടെ പ്രശ്നത്തിനു് ഒരു പുതിയ രൂപം കൊടുക്കുന്നു എന്ന സിദ്ധാന്തത്തിനു് ആ നിഗമനങ്ങൾ വഴിതെളിയിക്കുന്നതായിരിക്കും. പ്രത്യേകിച്ചെടുത്തു പറയാവുന്ന ഒരു വസ്തുതകൂടിമാത്രം ഞാനിവിടെ പ്രസ്താവിക്കാം. കമ്പനി നിയമങ്ങളുടെ സഹായമില്ലാതിരുന്നെങ്കിൽ ആധുനികവ്യവസായത്തിനു് അതിന്റെ വളർച്ച പ്രാപിക്കാൻ കഴിയുമായിരുന്നില്ല. കമ്പനിനിയമങ്ങൾകാരണമായുണ്ടാകുന്ന വൻകിട വ്യവസായസ്ഥാപനങ്ങൾ അപ്പോൾ സ്റ്റെയിററിന്റെ സൃഷ്ടിയായിത്തീരുന്നു—അതായതു് രാഷ്ട്രീയപ്രവർത്തനത്തിന്റെ സൃഷ്ടി. നിയമനിർമ്മാണസഭകളുടെയും കോടതികളുടെയും പ്രവർത്തനഫലമായിട്ടല്ലാതെ അവയ്ക്കു നിലനില്ക്കാൻതന്നെ കഴിയുകയില്ല. വൻകിട വ്യവസായസംഘടനയ്ക്കു് ആദ്യമായി നിയമപരമായ അംഗീകാരം നല്കിയപ്പോൾ, അതിനു മുമ്പു്

അധികാരവികേന്ദ്രീകരണത്തിന്നും അധികാരപരിധിക്കും വേണ്ടി ഉന്നയിച്ചിരുന്ന വാദമുഖങ്ങൾ പരിത്യക്തങ്ങളായി. വ്യവസായതാല്പര്യങ്ങളും ഗവമ്മേണ്ടു നടപടികളും തമ്മിൽ ഇന്നാട്ടിൽ നടന്നുവരുന്ന കടുത്ത മത്സരം കുറെയൊക്കെ സ്റ്റെയിററിൻെറ സൃഷ്ടിയായ ഈ ശിശുവാണോ അച്ഛൻെറ നടപടികൾ നിയന്ത്രിക്കേണ്ടതു് എന്ന കാര്യം തീരുമാനിക്കുവാനുള്ള സമരമായിരുന്നു. കോടതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റെയിററിൻെറ സൃഷ്ടിയായ വ്യവസായകോർപ്പറേഷൻെറ പ്രവൎത്തനങ്ങൾ രാഷ്ട്രീയവും വ്യാപാരവും തമ്മിൽ പലതരത്തിൽ അകലുകയും വീണ്ടും ഒന്നിച്ചുചേരുകയും മത്സരിക്കയും ചെയ്യുന്ന പ്രവൎത്തനങ്ങൾ മാത്രമാണെന്നതിൻെറ വ്യക്തമായ തെളിവാണു്. നമ്മുടെ ആദ്യത്തെ ഭരണഘടന രൂപീകരിച്ചപ്പോൾ മുൻകൂട്ടി കാണുവാൻ കഴിയാതിരുന്ന ഒരു വസ്തുതയാണിതു്. കുതിരവണ്ടിയിൽനിന്നു തീവണ്ടിയിലേക്കും അതിൽനിന്നു വ്യോമയാനങ്ങളിലേക്കുമുള്ള മാററത്തിൻെറ ചിത്രീകരണം വാസ്തവത്തിൽ വ്യവസായപുരോഗതിയിൽ വന്നുചേൎന്നിട്ടുള്ള മാററങ്ങൾ വരുത്തിത്തീൎത്തിട്ടുള്ള മനുഷ്യബന്ധങ്ങളിലെ മാററങ്ങളെ സൂചിപ്പിക്കമാത്രമേ ചെയ്യുന്നുള്ളു. പുതിയ ബന്ധങ്ങൾ ഉണ്ടാവുമ്പോൾ അവകാശങ്ങളും കടമകളും പുതുതായി നിൎണ്ണയിക്കപ്പെടേണ്ടിയിരിക്കുന്നു. വ്യക്തികൾക്കു് വ്യക്തികളെന്ന നിലക്കുള്ള പരസ്പരബന്ധങ്ങളെ സമാധാനപരമായി നിലനിൎത്താനുതകുന്നതരത്തിൽ അവകാശങ്ങളും കടമകളും നിൎണ്ണയിക്കപ്പെട്ടതു്, ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ കഴിവുള്ള വ്യക്തികളുടെ സ്ഥാനം വലിയ സംഘടനകൾ പിടിച്ചുപററിയിരിക്കുന്ന പരിതഃസ്ഥിതിയിൽ ആവശ്യമായി വരുന്ന അവകാശങ്ങളും കടമകളും നിൎണ്ണയിക്കുന്നതിനു് പര്യാപ്തമാവുകയില്ല. ഇന്നു നിലവിലുള്ള ജനാധിപത്യോപാധികൾക്കു് ഈ മാററം വരുത്തിത്തീൎക്കാൻ കഴിയുമോ എന്ന

പ്രശ്നത്തെ, മാററത്തിനുള്ള അടിയന്തിരാവശ്യം ഒരു അടിയന്തിരപ്രശ്നമാക്കിത്തീർത്തിരിക്കുന്നു.

ഇതുവരെ വിവരിച്ച സ്ഥിതിഗതികൾ ഈ അടിസ്ഥാനപ്രശ്നത്തിലേക്കാണു വിരൽ ചൂണ്ടുന്നതു്. പല വൃത്തങ്ങളിൽനിന്നും പൊങ്ങിവരുന്ന വിവിധനയപരിപാടികളെക്കാളും മുൻഗണനയർഹിക്കുന്ന പ്രശ്നമാണതു്. ഉദാഹരണമായി വ്യവസായം തൊഴിലാളികളുടെ ഭാഗത്തുനിന്നും, ഒരു വലിയ കൂട്ടിടപാടായിത്തീർന്നിരിക്കകൊണ്ടു് വ്യവസായത്തിന്റെ ഉടമാവകാശവും കൂട്ടടമാവകാശമായിരിക്കണമെന്നും, അങ്ങിനെ പാട്ടം, പലിശ, ഓഹരിവിഹിതം മുതലായ സ്വകാര്യവരുമാനമാർഗ്ഗങ്ങൾ ഇല്ലായ്മ ചെയ്യാമെന്നുമുള്ള വാദഗതി നമുക്കെടുക്കാം. ' ജനാധിപത്യത്തിന്റെ നിലപാടിൽനിന്നുനോക്കുമ്പോൾ, ജനാധിപത്യവ്യവസ്ഥ തുടന്നു നിലനിന്നുപോരണമെന്ന ഉദ്ദേശത്തോടുകൂടി നിർദ്ദേശിക്കപ്പെട്ട ഈ പരിപാടി നടപ്പിലാക്കണമെങ്കിൽ അതു ജനാധിപത്യമാർഗ്ഗങ്ങളിൽക്കൂടി സാദ്ധ്യമാണോ എന്ന ചോദ്യം ഉയന്നുവരുന്നു. ഈ മാററം ജനാധിപത്യമാർഗ്ഗത്തിൽ നടപ്പിലാക്കാൻ കഴിയുമോ? അതു നടപ്പിലാക്കിയെന്നുവെക്കുക. എന്നാൽ അതിനുശേഷം ഉല്പാദനവും വിതരണവുമെല്ലാം ഒരു കേന്ദ്രീകൃതഅധികാരശക്തിക്കല്ലാതെ നടത്താൻ കഴിയുമോ? അതു ജനാധിപത്യത്തിനു ഹാനികരമല്ലേ? ഇതിൽ ആദ്യത്തെ ചോദ്യം സോഷ്യലിസ്റ്റു വിശ്വാസികൾക്കിടയിൽ അഭിപ്രായവ്യത്യാസത്തിനിടയാക്കീട്ടുണ്ടു്. പരിണാമഫലട്ടം തരണം ചെയ്യാൻ അംഗീകൃതജനാധിപത്യമാർഗ്ഗങ്ങൾതന്നെ സ്വീകരിക്കാൻ കഴിയുമെന്നു് അവരിൽ ചിലർ വിശ്വസിക്കുന്നു. എന്നാൽ അവരിൽ ഒരു വലിയ വിഭാഗം വിശ്വസിക്കുന്നതു് പിഴുതെറിയേണ്ടതും മാററി മറിച്ചിടേണ്ടതുമായ കാര്യങ്ങളുമായി ഇന്നത്തെ ജനാധിപത്യരാഷ്ട്രങ്ങൾ ആന്തരികബന്ധം പുലത്തിവരുന്നുവെന്നാണു്. അതുകൊണ്ടു് നില

വിലുള്ള ഗവമ്മേണ്ടുകളെ ബലം പ്രയോഗിച്ചു മറിച്ചിട്ടുക യും അധികാരം തൊഴിലാളികളുടെ, പ്രത്യേകിച്ച് ഫാക്ടറി തൊഴിലാളികളുടെ പ്രതിനിധികൾക്കേല്പിച്ചുകൊടുക്കുകയും ചെയ്യാതെ ആവശ്യമായ പരിവത്തനം കൈവരുത്തുവാൻ കഴിയുമെന്നു വിശ്വസിക്കുന്നതു പരമാബദ്ധമാണ്, കരുതിക്കൂട്ടിയുള്ള വഞ്ചനയാണ്. ഈ വീക്ഷണഗതിയനുസരിച്ച് മേധാവിവർഗ്ഗത്തിൻെറ കയ്യിലാണ് സ്വാഭാവികമായി എപ്പോഴും രാഷ്ട്രീയാധികാരം നിലകൊള്ളുന്നതു്; ആ മേധാവിവർഗ്ഗം മുതലാളിവർഗ്ഗമാണ്; അതുകൊണ്ടു മുതലാളിവർഗ്ഗത്തെ പരിപൂർണ്ണമായി സ്ഥാനഭ്രഷ്ടമാക്കിയാൽ മാത്രമേ പരിവത്തനം സാദ്ധ്യമാവുകയുള്ളൂ.

ഈ വലിയ പരിവത്തനം ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ വന്നുചേൎന്നുവെന്നു വെയ്ക്കുക. എന്നിട്ടോ? അടിയിൽ കിടക്കുന്ന പ്രശ്നങ്ങൾക്ക് പ്രായേണ യാതൊരു ശ്രദ്ധയും നല്കിയിട്ടില്ലെന്ന വസ്തുതയിലേക്കു ശ്രദ്ധയാകർഷിക്കുന്നതിനു തുല്യമാണ് ഈ ചോദ്യം. നല്ലതായാലും ചീത്തയായാലും തല്ക്കാലം അത്രയൊക്കെക്കൊണ്ടു തൃപ്തിപ്പെട്ടുക എന്നർത്ഥത്തിലുള്ള മറുപടികൾ മാത്രമേ ഇതിന്നധികവും ലഭിക്കാറുള്ളൂ. ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു സാമൂഹ്യവ്യവസ്ഥിതിയുടെ വിശദാംശങ്ങളെ ഭാവനയിൽ ദർശിക്കാൻ ശ്രമിക്കുന്നതു വെറും സ്വപ്നം കാണൽ മാത്രമായിരിക്കുകയാൽ, ബലപ്രയോഗം കൊണ്ടുണ്ടാക്കാവുന്ന ഒരു പരിവത്തനത്തിന്നോ, വിദ്യാഭ്യാസം മുഖേന സമാധാനപരമായ രീതിയിൽ ഒരു സോഷ്യലിസ്റ്റ് സമുദായവ്യവസ്ഥിതി ഉണ്ടാക്കിത്തീർക്കുന്നതിനോ പരിശ്രമിക്കേണ്ടിവരുന്നു. രണ്ടാമതു പറഞ്ഞ തരത്തിലുള്ള സോഷ്യലിസ്റ്റ് വിശ്വാസികളിൽ പലരും ജനാധിപത്യപാരമ്പര്യത്തിൽപ്പെട്ടവർതന്നെയാണ്. ജനാധിപത്യമാർഗ്ഗങ്ങൾ തുടരുന്നതുകൊണ്ട് ആ മാർഗ്ഗങ്ങൾക്കു പാകത വരുമെന്നും അങ്ങനെ അതിൽനിന്നുണ്ടാകുന്ന പ്ര

ത്യേക പ്രശ്നങ്ങളെ നേരിടാൻ അവസ്ഥക്ക് കഴിവുണ്ടായിത്തീരുമെന്നും അവർ വിശ്വസിക്കുന്നു. എന്നിരുന്നാലും സോഷ്യലിസത്തെപ്പററി പ്രചാരത്തിലിരിക്കുന്ന ആശയങ്ങളിലധികവും ആ തത്വത്തേയും സ്റ്റേയിററിനേയും ഏകീകരിച്ചുകാണാവുന്നതുകൊണ്ടും, അതേസമയത്തു ജനാധിപത്യസോഷ്യലിസ്റ്റുകൾ "സ്റ്റേയിററ് സോഷ്യലിസ"ത്തിനെതിരായിരിക്കയാലും—(അഥവാ അതു് ആവശ്യമാണെങ്കിൽത്തന്നെ തല്ക്കാലത്തേക്കു മാത്രം ആവാം എന്നേ അവർ വിശ്വസിക്കുന്നുള്ളൂ.)—ഈ പ്രശ്നത്തെപ്പററി വളരെയധികം ആരും ശ്രദ്ധിച്ചിട്ടില്ലെന്നുവേണം പറയുവാൻ. അതു വളരെ വിശദമായി ചർച്ചചെയ്തിട്ടുള്ളതു് "സിൻഡിക്കലിസ്റ്റ് സോഷ്യലിസ്റ്റുകൾ" മാത്രമാണു്.

ഇതുവരെയുണ്ടായിട്ടുള്ള വ്യവസായങ്ങളുടെ സാമൂഹ്യനിയന്ത്രണം, ഗവർമ്മേണ്ടു മേൽനോട്ടത്തിൽ ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ നടത്തിവരുന്ന നിയന്ത്രണമോ ഉടമസ്ഥതയോ മാത്രമാണു്. നാഷണൽ സോഷ്യലിസ്റ്റ് (നാസി) രാജ്യത്തിലും, ബോൾഷെവിക്ക് സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലും ജനാധിപത്യരാജ്യങ്ങളിലും അങ്ങിനെയാണുണ്ടായിട്ടുള്ളതു്. സ്റ്റേയിററ് സോഷ്യലിസം, സ്റ്റേയിററ് കാപ്പിററലിസത്തിൽനിന്നും വ്യത്യസ്തമായിരിക്കുമെന്നു് ഇതുവരെയുള്ള സിദ്ധാന്തങ്ങളോ പ്രായോഗികാനുഭവങ്ങളോ കാണിച്ചുതന്നിട്ടില്ല. ഗവർമ്മേണ്ടിൻെറ ചെയ്തികളെല്ലാംതന്നെ സ്വാഭാവികമായി സ്വാതന്ത്ര്യസ്വയംഭരണത്തിന്നു വിരുദ്ധമായിട്ടുള്ളതാണെന്ന നമ്മുടെ പഴയ വിശ്വാസം എന്നെന്നേക്കുമായി ഉപേക്ഷിക്കുവാൻ നാം തയ്യാറാണെങ്കിൽകൂടി, രാഷ്ട്രീയാധികാരം കൈവശമുള്ള ഉദ്യോഗസ്ഥന്മാർ അതു സ്വേച്ഛാനുസൃതം ഉപയോഗിക്കുമെന്നു ചരിത്രം നൽകുന്ന തെളിവ് നിഷേധിക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. സ്വകാര്യഹസ്തങ്ങളിൽനിന്നു വ്യവസായത്തെ എടുത്തു മാററുക എന്നുള്ള മുദ്രാ

വാക്യം, അങ്ങനെ ഏറ്റെടുത്തുമാററിയതിനുശേഷം അതു നടത്താനേല്പിക്കപ്പെട്ടുന്ന സ്വകാര്യവ്യക്തികൾ തികച്ചും പൊതുതാല്പര്യങ്ങളെ ലക്ഷ്യംവെച്ചുമാത്രമേ വ്യവസായം നടത്തുകയുള്ളൂ എന്ന ഉറപ്പ് ലഭിക്കുന്നതുവരെ ബാലിശമായ ഒരഭിപ്രായം മാത്രമായിരിക്കും. ഈ പ്രശ്നം ജനാധിപത്യപരമായ രീതിയിൽ പരിഹരിക്കാൻ കഴിയില്ലെന്നോ "സ്വതന്ത്ര്യവ്യാപാര"വാദികളും വ്യക്തിവാദികളും പ്രവചിക്കുന്നതുപോലെ വ്യവസായങ്ങളുടെ സാമൂഹ്യവൽക്കരണത്തെ തുടന്നു ഒരുതരം പട്ടാളച്ചിട്ടതന്നെ വന്നുചേരുമെന്നോ ഞാൻ പറയുന്നില്ല. ഞാൻ പറയുന്നതു് ഇത്രയുമാണ്. ജനാധിപത്യത്തിൻെറ പ്രശ്നം ഒരു പുതിയ രൂപമെടുത്തിരിക്കുന്നു. എന്നാൽ നിലവിലുള്ള സാമ്പത്തികഘടകങ്ങൾക്കു് ജനാധിപത്യലക്ഷ്യങ്ങളോടും മാർഗ്ഗങ്ങളോടും ഉള്ള ശരിയായ ബന്ധത്തെപ്പററിയാകട്ടെ നമുക്കു വേണ്ടത്ര പരിചയമൊട്ടില്ലതാനും.

അതിനാൽ പരസ്പരവിരുദ്ധമായ സമൂലസിദ്ധാന്തങ്ങൾ ഉന്നയിക്കുവാനാണ് പൊതുവിലുള്ള വാസന. ഉദാഹരണമായി ഇന്നത്തെ നമ്മുടെ പ്രശ്നത്തെ വ്യക്തിവാദവും സോഷ്യലിസവും തമ്മിലുള്ള വൈരുദ്ധ്യത്തിൻെറ പ്രശ്നമായി പ്രസ്താവിക്കപ്പെട്ടുന്നതു്, ഒരു കണക്കിൽ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥയിലുള്ള വിഭിന്ന സാമ്പത്തികഘടകങ്ങളുടെ പ്രകടനമാണ്; മറെറാരു കണക്കിൽ സമൂലമായ എതിർപ്പിൻെറ ഉദാഹരണവുമാണ്. അത്തരം ആശയസംഘട്ടനങ്ങളിൽ ഓരോ തത്വസംഹിതയും മറേറതിൻെറ ബലക്കുറവിന്മേലാണ് ജയിച്ചുപോരുന്നതു്. അതുകൊണ്ടു് വലിയ ആശയക്കുഴപ്പവും ഉണ്ടായിത്തീരുന്നു. എല്ലാ 'വ്യവസായങ്ങളും "സാമൂഹ്യവൽക്കരിക്ക"പ്പെട്ടുന്നതായാൽ ഉടൻതന്നെ ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതി ഉണ്ടായിത്തീരും എന്നു വിശ്വസിക്കുന്നതു് മൂഢസ്വർഗ്ഗവിശ്വാസമാണെങ്കിൽ, വ്യവസാ

യത്തിനു വ്യക്തിസ്വാതന്ത്ര്യത്തോടും ആദ്യകാലത്തെ കാർഷികവ്യവസ്ഥയിൽ മാത്രം അർത്ഥവത്തായിരുന്ന വ്യക്തിവിശേഷങ്ങളോടും ഉള്ള ബന്ധത്തെപ്പററി മുദ്രാവാക്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നതു് യാഥാർത്ഥ്യത്തെ അവഗണിച്ചുകൊണ്ടുള്ള ഒരു പ്രവൃത്തിയായിവേണം കണക്കാക്കാൻ. മുതലാളിത്തഭരണമെന്നു പറയപ്പെടുന്ന ഇന്നത്തെ ഭരണവ്യവസ്ഥയും ജനാധിപത്യവും മുൻകൂട്ടിത്തന്നെ പരസ്പരം ബന്ധപ്പെട്ടതും പൊരുത്തപ്പെട്ടതുമാണെന്ന ആശയം അബദ്ധജടിലമാണു്.

നവീനലക്ഷ്യങ്ങളോടുകൂടിയ സാമൂഹ്യപ്രസ്ഥാനങ്ങൾക്കു് താത്വികമായ ലഘൂകരണം സംഭവിക്കാറുണ്ടു്. വ്യക്തമായ തത്വദർശനത്തിനു വിലങ്ങടിച്ചുനില്ക്കുന്ന സംഗതികളെ അവഗണിക്കാൻ ഭാവന സഹായിക്കുന്നു; ഏകീകൃതശക്തിയുടെ മുമ്പിൽ വലിഞ്ഞുകയറുന്ന എന്തിനേയും ആസൂത്രണങ്ങൾ അവഗണിക്കുന്നു. അങ്ങിനെ കുറെ ചെല്ലുമ്പോളാണു് അവഗണിക്കപ്പെട്ട സംഗതികൾ ശ്രദ്ധേയമായി ഭവിക്കുന്നതു്; ആദ്യപരിപാടിയനുസരിച്ച കാര്യങ്ങൾ സാധിക്കാതെവരുന്നതിനുള്ള കാരണങ്ങളിൽ അവയും പെടുമെന്നു് മനസ്സിലാകുന്നതും. ഉത്സാഹകാലത്തെ തുടർന്നു് എപ്പോഴും നിരാശയും പരാജയബോധവും ഉണ്ടായിരിക്കും. പ്രതീക്ഷകൾക്കു പിറകിലായി വികാരകലുഷിതവും വിമർശനപരവുമായ പുനരാലോചനയും. വിശാലമായ സാമൂഹ്യവീക്ഷണഗതിയുടെ പ്രായോഗികവില്പയെപ്പററി പലപ്പോഴും നിരുത്സാഹമാണു് കാണപ്പെടുന്നതു്. റൊമാൻറിക് ആദർശവിശ്വാസകാലത്തിനുശേഷം വൈകാരികമായ സ്വപ്നലോകത്തിൽനിന്നുണരുകയും കടുത്ത യാഥാർത്ഥ്യമെന്തെന്നു് ധരിക്കുകയും ചെയ്യുന്നു. സർവ്വാധിപത്യരാഷ്ട്രങ്ങളുടെ വളർച്ച മൗലികതത്വങ്ങളെക്കുറിച്ചു് ഒരു വീണ്ടുവിചാരത്തിനു് നമ്മെ നിർബ്ബന്ധിക്കുന്നതുവരെ നാം ഏറെക്കുറെ അത്തരം ഒരവസ്ഥ

യിലായിരുന്നു.

ആദ്യദശയിലെ ലഘൂകരണഫലങ്ങളായ സൗകര്യങ്ങളെ പില്ക്കാലത്തു മറന്നുകളയുവാൻ എളുപ്പമാണു്. കിട്ടിയ നേട്ടങ്ങളും പററിയ അബദ്ധങ്ങളും, അവയുടെ ഉത്ഭവകാലത്തും വിമർശനകാലത്തും തെററായി സ്ഥാനനിർണ്ണയം ചെയ്യപ്പെടാറുണ്ടു്. മാനുഷികവ്യവഹാരങ്ങളിൽ ഉണ്ടാവുന്ന ഏതെങ്കിലും നൂതനപ്രവണതകളെ വ്യക്തമായിക്കാണിക്കാൻ എത്രത്തോളം കഴിയുന്നുവോ അത്രത്തോളം ലഘൂകരണം ഉപയോഗപ്രദമാണു്. പുതിയൊരു ഘടകത്തെ പെരുപ്പിച്ചു കാണിക്കുന്നതുകൊണ്ടു് അതിനു സ്വോപരി പ്രാധാന്യവും മുൻഗണനയും സിദ്ധിക്കുന്നു. അങ്ങിനെ സ്വയമേവ പ്രവത്തിക്കപ്പെട്ടുന്നതിനുപകരം പുതിയ പ്രവണതകൾ കരുതിക്കൂട്ടി പ്രയോഗിക്കപ്പെട്ടുന്നു. കുഴപ്പം ഇതല്ല. തത്വസംഹിതയെന്നുവെച്ചാൽ, സമകാലീന പരിത:സ്ഥിതികളിൽ മാത്രം ബാധകവും വ്യക്തമായ പരിമിതികളുള്ളതുമാണെന്നു മനസ്സിലാക്കാതെ എക്കാലത്തും എവിടെയും ബാധകമാക്കാവുന്ന ഒന്നാണെന്നു ഗണിക്കുന്നതാണു് തകരാറു്. പരിത:സ്ഥിതികൾ മാറുകയും തത്വം പ്രായോഗികമല്ലാതായിത്തീരുകയും ചെയ്യുമ്പോൾ താത്വികമായ പിന്തിരിയൽ ഉണ്ടാവുന്നു; അതും സമഗ്രമായിരിക്കും. ആദ്യത്തെ ആദർശം വെറും വ്യാമോഹമായി പുറംതള്ളപ്പെട്ടുന്നു. എന്നിട്ടോ? ആദ്യാദർശങ്ങൾക്കു് വഴിവെച്ച സ്ഥിതിഗതികൾക്കെതിരായ ഒരു നൂതനപ്രസ്ഥാനത്തിന്നു മേപ്പടി കേവലതത്വം നൽകുന്നു.

പ്രകൃതിശാസ്ത്രത്തിൻെറയും അതിനെത്തുടന്നു് സാങ്കേതികശാസ്ത്രങ്ങളുടെയും വളച്ച്യൂശേഷം താത്വികമായ ലഘൂകരണം രണ്ടുതരത്തിലായിത്തീന്നിട്ടുണ്ടു്. ഒന്നുകിൽ മനുഷ്യപ്രകൃതിയിൽ അന്തർല്ലീനമായ ഘടകങ്ങളെ വലുതാക്കിക്കാണിച്ചുകൊണ്ടോ, അഥവാ ബാഹ്യഘടകങ്ങളെ പെരുപ്പിച്ചുകാണിച്ചുകൊണ്ടോ ആണു് തത്വസംഹിതകൾ ല

ഘൂകരിക്കപ്പെട്ടിട്ടുള്ളതു്. ഓരോ വീക്ഷണഗതിയിൽനിന്നും തങ്ങൾക്കിഷ്ടമുള്ള അംശങ്ങൾ മാത്രം സ്വീകരിച്ചു്തോന്നിയപോലെ കൂട്ടിക്കുഴയ്ക്കുന്ന ആശയങ്ങളാണു് അധികവും പ്രചാരത്തിലുള്ളവ. ഏകപക്ഷീയമായ അത്യന്തലഘൂകരണത്തിനൊരുമ്പെട്ടിട്ടുള്ള രണ്ടുതരം തത്വസംഹിതകൾ ഈ അദ്ധ്യായത്തിലും അടുത്ത അദ്ധ്യായത്തിലും പര്യാലോചിക്കപ്പെടുന്നതു് കാര്യം വ്യക്തമാക്കാൻ സഹായിച്ചേക്കാം. അടിസ്ഥാനതത്വം ആവിഷ്ക്കരിച്ചു കഴിഞ്ഞാൽ ഇത്തരം അത്യന്തലഘൂകരണം യുക്തിയുക്തംതന്നെ; എന്നാൽ അടിസ്ഥാനതത്വത്തിനു് കേവലസ്വഭാവം നൽകുന്നതുകൊണ്ടു് പ്രയോഗത്തിൽ പിഴവു പററാനിടയായിത്തീരുന്നു. ഇത്തരത്തിലുള്ള തത്വാവിഷ്ക്കരണം, ഒരുവശത്തു മനുഷ്യപ്രകൃതിയുടെ മുഴുവൻ ഘടകങ്ങളും മറുവശത്തു് സാംസ്ക്കാരികപരിത:സ്ഥിതികളും തമ്മിലുള്ള പരസ്പരപ്രവത്തനത്തിൻെറ അടിസ്ഥാനത്തിലുള്ള തത്വചിന്തയിൽനിന്നും കടകവിരുദ്ധമാണു്. ഈ പരസ്പരപ്രവത്തനത്തിലെ ഏതെങ്കിലും ഒരു ഘടകം മാത്രം വേർപെടുത്തിയെടുത്തു് അതാണു മുഴുവൻ എന്ന നിലയിൽ സംഭവഗതികൾ വിശദീകരിക്കാനാണു് പരിശ്രമം. മനുഷ്യഘടകം മിക്കവാറും പൂജ്യമാണെന്നു കരുതുന്ന സാമൂഹ്യസിദ്ധാന്തത്തെ വിമശിക്കുവാനാണു് ഞാൻ ഈ അദ്ധ്യായത്തിൽ ഉദ്ദേശിക്കുന്നതു്. പരിത:സ്ഥിതികളെമാത്രം അടിസ്ഥാനപ്പെടുത്തിയാണല്ലോ ആ സിദ്ധാന്തം സംഭവങ്ങളെ വ്യാഖ്യാനിക്കയും നയപരിപാടികൾ തയ്യാറാക്കുകയും ചെയ്യുന്നതു്. പരസ്പരപ്രവത്തനത്തിൽ ഈ ഘടകം മാത്രം വേർപെടുത്തി സവ്വപ്രധാനമാക്കിവെക്കുന്നതിൻെറ മകുടോദാഹരണമാണു് മാർക്സിസം. ഇന്നു പ്രചാരത്തിലുള്ള ഒന്നായതുകൊണ്ടും, സാമൂഹ്യപരിവത്തനത്തെക്കുറിച്ചു തികച്ചും ശാസ്ത്രീയമായ ഒരേയൊരു സിദ്ധാന്തത്തെയാണു് അതു് പ്രതിനിധീകരിക്കുന്ന

തെന്നവകാശപ്പെടുന്നതുകൊണ്ടും ആണു് മാർക്സിസം അത്തരം ഒരുദാഹരണമായിത്തീരുന്നതു്.

മാർക്സിസം "സോദ്ദേശ" കേവലതത്വത്തിൻെറയോ "യഥാതഥ" കേവലതത്വത്തിൻെറയോ ഉദാഹരണമായതുകൊണ്ടോ അതു് ഇന്നത്തെ യഥാർത്ഥ പ്രശ്നങ്ങളിൽ വെളിച്ചം വീശുന്നതുകൊണ്ടോ ആണു് അതിവിടെ ചർച്ചാവിഷയമായിരിക്കുന്നതെന്നു പറയുന്നതുകൊണ്ടു് കാര്യമൊന്നുമില്ല. കാരണം പ്രായോഗികവും കക്ഷിപരവുമായ വഴക്കുകളിൽ കെട്ടുപിണഞ്ഞുകിടക്കുന്നതും അത്തരം വഴക്കുകളിൽ വികാരങ്ങൾ ആളിക്കത്താനിടയാക്കുന്നതും ആണു് മാർക്സിസം. സിദ്ധാന്തത്തിൻെറ അടിസ്ഥാനസ്വഭാവം കാരണമായിത്തന്നെ അതിൻെറ അനുയായികൾ കേവലതത്വമനോഭാവക്കാരായിത്തീരുന്നതിനാൽ, അവരുടെ സിദ്ധാന്തത്തെക്കുറിച്ചുള്ള ഏതു വിമർശനത്തെയും, അറിഞ്ഞോ അറിയാതെയോ വർഗ്ഗപരമായ പക്ഷപാതമായി മാത്രമേ അവർക്കു് കാണാൻ കഴിയുകയുള്ളു. തങ്ങളെ എതിർക്കുന്ന എല്ലാവരേയും "ഫാഷിസ്റ്റനുഭാവികൾ" എന്നു വിളിക്കുന്നതു് ഈ മനോഭാവത്തിൻെറ സംക്ഷിപ്തോദാഹരണമാണു്. നിഷ്പക്ഷമനസ്കരായ വായനക്കാർക്കുവേണ്ടി പറഞ്ഞുകൊള്ളട്ടെ: സമുദായത്തിൽ സാമ്പത്തികഘടകങ്ങൾക്കുള്ള പങ്കു നിഷേധിക്കുകയോ, ജനാധിപത്യസ്വാതന്ത്ര്യത്തിനു വിരുദ്ധമായ അനന്തഫലങ്ങൾ വരുത്തിവെക്കുവാനുള്ള ഇന്നത്തെ സാമ്പത്തികാധികാരികളുടെ പ്രത്യേക വാസനകളെ നിഷേധിക്കുകയോ അല്ല ഈ വിമർശനോദ്ദേശ്യം. ഏറെക്കുറെ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതകളാണിവ. അനിഷേധ്യമായ ഈ ഘടകത്തെ പ്രത്യേകം എടുത്തു നീർത്തി 'എല്ലാ' സാമൂഹ്യപരിവർത്തനത്തിൻെറയും 'ഒരേയൊരു'കാരണം അതാണെന്നു് സ്ഥാപിക്കുമ്പോൾ എന്തു സംഭവിക്കുന്നു എന്നു വിവരിക്കുക മാത്രമാണു് ഈ വിമർശനോദ്ദേശ്യം. അററകുററങ്ങളില്ലാത്ത യഥാർത്ഥജനാധി

പത്യവ്യവസ്ഥിതിയുണ്ടാവണമെങ്കിൽ, ഇന്നത്തെ സാമ്പത്തികോല്പാദനത്തിലും വിതരണത്തിലുമുള്ള നിയന്ത്രണത്തിൽ വളരെ വിലമാററങ്ങൾ അത്യാവശ്യമാണെന്നു് ഒരാൾക്കഭിപ്രായപ്പെടാം. എന്നാൽ അതേസമയത്തു് ആ അഭിപ്രായത്തെക്കുറിച്ചുള്ള വിമശ്നങ്ങൾ സ്വീകരിക്കാനും വൈമനസ്യം പ്രകടിപ്പിക്കരുതു്. പരിവത്തനം ആവശ്യമാണെന്നു വിശ്വസിക്കുന്നതുകൊണ്ടുതന്നെ വിമശ്നങ്ങൾ നടത്തുകയും വിമശ്നങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണല്ലോ.

മാർക്സിസ്റ്റുകൾ സാമ്പത്തികഘടകത്തെമാത്രം വേറിട്ടുനിത്തുന്നതുകൊണ്ടു് (വാസ്തവത്തിൽ ആ ഘടകം മററു ഘടകങ്ങളുമായുള്ള പരസ്പരബന്ധത്തിൽ മാത്രമേ പ്രവത്തിക്കുന്നുള്ളു.) ഒരു നിശ്ചിതകാലഘട്ടത്തിലെ സാമ്പത്തികോല്പാദനശക്തികളുടെ സ്ഥിതിയാണു് രാഷ്ട്രീയവും, നിയമപരവും, ശാസ്ത്രീയവും, കലാപരവും, മതപരവും, ധാമ്മികവുമായ എല്ലാ സാമൂഹ്യപ്രവത്തനങ്ങളെയും രൂപപ്പെടുത്തുന്നതു് എന്ന അഭിപ്രായം അവക്കു് മുറുകെപ്പിടിക്കേണ്ടിവരുന്നു. ആദ്യമായി രൂപപ്പെട്ടുത്തിയ ഘട്ടത്തിൽ ഈ സിദ്ധാന്തത്തിന്നു് ഒരു പ്രധാന വിശേഷണം ഉണ്ടായിരുന്നു. പിൽക്കാല പ്രസ്താവനകളിൽ അതു മിക്കവാറും അവഗണിക്കപ്പെട്ടു. രാഷ്ട്രീയബന്ധങ്ങൾ, ശാസ്ത്രം മുതലായവ ഒരിക്കൽ ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട്ടുണ്ടാവുന്ന സംഭവവികാസങ്ങൾക്കു് അവ കാരണമായിത്തീരുന്നു. തൻമൂലം അവയുടെ ഉത്ഭവകാരണമായിരുന്ന പരിത:സ്ഥിതികളെ ഏറെക്കുറെ മാററിത്തീക്കാൻ അവക്കുതന്നെ കഴിയും,—ഇതായിരുന്നു ആ വിശേഷണം.

വെറും ഒരു ഫുട്ട്നോട്ടായി അതു പുറംതള്ളപ്പെട്ടതു് അകാരണമായിട്ടല്ല. അവഗണനക്കു ഹേതുകങ്ങളായ പ്രായോഗിക സംഗതികൾ ഉണ്ടായിരുന്നു. ഈ വിശേഷണം

സ്വീകരിക്കപ്പെട്ടുകയാണെങ്കിൽ, നിലവിലുള്ള സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചെങ്കിൽ മാത്രമേ (അല്ലാതെ കേവലസിദ്ധാന്തംകൊണ്ടല്ല) ഒരു നിശ്ചിതസമയത്ത് മുമ്പോരിക്കൽ "കാര്യങ്ങളും" ഇപ്പോൾ കാരണങ്ങളും ആയ സംഭവങ്ങളുടെ അനന്തരഫലങ്ങൾ എന്തെല്ലാമായിരിക്കും എന്നു പറയാൻ നിവൃത്തിയുള്ളു. അന്വേഷണവും പരിശോധനയുംകൊണ്ടു മാത്രമേ അവ നിർണ്ണയിക്കാനും കഴിയുകയുള്ളു. ഉദാഹരണമായി ശാസ്ത്രംമൂലം എന്തെല്ലാമാണുണ്ടായിത്തീരുക, അല്ലെങ്കിൽ സാമ്പത്തികോല്പാദനശക്തികളുടെ ഫലമായി എന്താണുണ്ടാവുക എന്ന കാര്യം തിട്ടമായി നിർവ്വചിക്കാൻ യഥാർത്ഥ പരിശോധനതന്നെ വേണം. ഈ മാർഗ്ഗം സ്വീകരിച്ചാൽ "സാമ്പത്തികനിർണ്ണായകത്വ"വാദത്തിന്റെ സമഗ്രസ്വഭാവം കൈവെടിയുകയായിരിക്കും ഫലം. അപ്പോൾ പരസ്പരം ബന്ധിതങ്ങളായ നിരവധി ഘടകങ്ങളെ—ഇവയിൽ നിശ്ചയമായും സാമ്പത്തികഘടകത്തിനു് പ്രധാന സ്ഥാനമുണ്ടു്—പരിശോധിക്കേണ്ടിവരുന്ന ഒരു പരിതഃസ്ഥിതിയിൽ നാം എത്തിച്ചേരും.

താൻ അനുവദിച്ചതിലും പൂർണ്ണമായ രീതിയിൽ മാർക്സ് ഈ വിശേഷണം സ്വീകരിച്ചിരുന്നുവെങ്കിൽ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം ഇന്നത്തേതിലും പ്രാധാന്യവും പ്രാഭവവും ഉള്ളതാകുമായിരുന്നു. രാഷ്ട്രീയവും നിയമപരവുമായ രൂപങ്ങൾ നിർണ്ണയിക്കപ്പെടുന്ന വിഷയത്തിൽ സാമ്പത്തികസ്ഥിതിഗതികൾക്കുള്ള പങ്കു് അംഗീകരിച്ച ആദ്യത്തെ ആൾ എന്തുകൊണ്ടും അദ്ദേഹം ആയിരിക്കാൻ നിവൃത്തിയില്ല. അരിസ്റ്റോട്ടലിന്റെ തത്വചിന്തയിൽ സർവ്വത്ര കാണാവുന്ന ഒന്നാണതു്. ഇംഗ്ലീഷു് സാഹിത്യകാരന്മാർ അതുതന്നെ വേറൊരു ഭാഷയിൽ പുനരാവർത്തിക്കുകയുമുണ്ടായി; അമേരിക്കൻ റിപ്പബ്ളിക്കിന്റെ സ്ഥാപകന്മാരുടെ ആശയങ്ങളെ അതു സ്വാധീനിക്കയും ചെയ്തിരുന്നു. സ്വ

ത്തിൻെറ വിതരണത്തിനുള്ള ഒരു പ്രത്യേക വ്യവസ്ഥിതിയും ജനാധിപത്യഗവമ്മെൻറിൻെറ നിലനില്പും തമ്മിലുള്ള ബന്ധത്തെ അവർ സാർവ്വത്രികമായി ഊന്നിപ്പറഞ്ഞിരുന്നു. എന്നാൽ മാർക്സ് സാമ്പത്തികബന്ധങ്ങൾക്കു പിറകിലുള്ള ഉല്പാദനശക്തികളുടെ പ്രവത്തനത്തെ എടുത്തുകാട്ടി; അതിനുമുമ്പ് അതാരും ചെയ്തിരുന്നില്ല. ഉല്പാദനസാദ്ധ്യതയുള്ള ശക്തികളുടെയും യഥാൎത്ഥത്തിലുള്ള ഉല്പാദനത്തിൻെറയും സ്ഥിതികളെ അദ്ദേഹം വേർതിരിച്ച് അവയ്ക്കിടയിലുള്ള അന്തരം ചൂണ്ടിക്കാട്ടി. ഈ അന്തരത്തിനു കാരണം, മുമ്പത്തെ ഉല്പാദനവ്യവസ്ഥയിലധിഷ്ഠിതമായിരുന്ന രാഷ്ട്രീയവും നിയമപരവുമായ പരിതഃസ്ഥിതികൾക്ക് ഉല്പാദനശക്തിൽ വഴങ്ങിക്കൊടുക്കുന്നതുകൊണ്ടാണെന്ന് അദ്ദേഹം വിശദീകരിച്ചു. ഈ വീക്ഷണകോണിൽനിന്നുള്ള മാർക്സിൻെറ വിമർശനം അഗാധമായ അന്തർദർശനത്തോടുകൂടിയതാണ്. ഏററവും ലഘൂകരിച്ച രൂപത്തിൽ അതംഗീകരിച്ചിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം, മാർക്സിസ്റ്റ് ലഘൂകരണത്തിൻെറ വിശേഷഗുണം, ആദ്യകാലത്തെ വിപ്ലവകാരികളുടെ റൊമാൻറിക് ആദർശസ്നേഹവും സർവ്വാശ്ലേഷിതവുമായ ഏക "നിയമ"രൂപത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതും "സോദ്ദേശ"വുമായ ഒരു സാക്ഷാൽ "ശാസ്ത്രീയവിശകലനവും" വ്യക്തമായി അതിൽ ഒത്തിണങ്ങിയിരിക്കുന്നു എന്നതാണ്. മർദ്ദിതവർഗ്ഗത്തിന് അതിൻെറ പരമമായ സ്വാതന്ത്ര്യലബ്ധിക്കുവേണ്ട മാർഗ്ഗങ്ങളുൾക്കൊണ്ടതും കൂടിയാണീനിയമം. ചരിത്രപരവും, സാമൂഹ്യശാസ്ത്രപരവുമായ അന്വേഷണങ്ങളിൽ ഉപയോഗിക്കാവുന്ന ഒരു വീക്ഷണഗതിയിൽ നിന്നും കവിഞ്ഞ ഒന്നായിരുന്നു ഈ തത്വസംഹിത. സാമൂഹ്യപരിവത്തനങ്ങളുടെ ഗതി നിർണ്ണയിക്കുന്ന സാമ്പത്തികബന്ധങ്ങൾ അതനുസരിച്ചുവരുന്ന ഒരേ ഒരു നിയമമാണ് ഇതു സ്ഥാപിച്ചതായി അവകാശപ്പെട്ടിരിക്കുന്നതു്. സാമ്പ

ത്തികാടിസ്ഥാനത്തിൽ നിൎണ്ണയിക്കപ്പെട്ട വർഗ്ഗങ്ങൾ നില വിലുണ്ടു്; അവ തമ്മിൽ നിരന്തരസമരമാണു്; തങ്ങളെ കീഴടക്കിവെച്ചിരിക്കുന്ന ശക്തികളിൽനിന്നും ഉല്പാദകവൎഗ്ഗത്തിനു് സ്വാതന്ത്ര്യം നേടാൻ സഹായിക്കുന്ന സാമൂഹ്യപരിവൎത്തനമാണു് ഈ സമരത്തിൻെറ അനന്തരഫലം—ഇതൊക്കെയാണു് ആ നിയമം. അവസാനലക്ഷ്യമാകട്ടെ, വൎഗ്ഗരഹിതമായ ഒരു സമുദായവ്യവസ്ഥിതിയും.

സാമ്പത്തികനിൎണ്ണായകത്വത്തെപ്പററി വല്ലതരത്തിലുമുള്ള ഒരാശയം സ്വീകരിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ അതുകൊണ്ടൊരാൾ ഒരു മാർക്സിസ്റ്റ് ആയിത്തീരുന്നില്ല. കാരണം, സാമ്പത്തികശക്തികളുടെ പ്രവൎത്തനം മൂലമാണു് സാമൂഹ്യപരിവൎത്തനങ്ങളും പുരോഗതിയും സംഭവിക്കുന്നതെന്നാണല്ലോ മാർക്സിസത്തിൻെറ കാതലായ ആശയം. ഈ "നിയമം" ചരിത്രപരമായ സംഭവങ്ങൾ പഠിച്ചതിൽനിന്നല്ല. പ്രത്യുത, ഹെഗലിൻെറ ദ്വന്ദ്വ അനുമാനതത്വശാസ്ത്രത്തിൽനിന്നാണു് ലഭിച്ചിട്ടുള്ളതു്. ഹെഗലിനെ താൻ തലതിരിച്ചുനിൎത്തുകയാണു് ചെയ്തിട്ടുള്ളതു് എന്നു് മാർക്സ് പറയുന്നുണ്ടല്ലോ. ഹെഗലിൽനിന്നു് എങ്ങിനെ ഈ ആശയം കിട്ടിയെന്നതിൻെറ സൂചനയാണതു്. ഹെഗലിൻെറ ദൎശനവ്യവസ്ഥ ഒരുതരം ദ്വന്ദ്വമാന ആശയവാദമാണു്. പ്രപഞ്ചത്തിൻെറ യുക്തിപരമായ ഘടനയുടെ ഭാഗികമോ പരിപൂൎണ്ണമോ ആയ രൂപവൽക്കരണങ്ങളിൽ അന്തർലീനമായിക്കിടക്കുന്ന ചലനങ്ങൾ കാരണം എല്ലാ താൎക്കികഘടകങ്ങൾക്കും വൈരുദ്ധ്യങ്ങൾ സ്വയമേവ ഉണ്ടായിത്തീരുന്നു; ഈ വൈരുദ്ധ്യങ്ങളുടെ ഏകീകരണം സംഭവങ്ങളുടെയും സംഗതികളുടെയും സ്വഭാവത്തെപ്പററി ഉന്നതവും കൂടുതൽ പര്യാപ്തവുമായ പരിജ്ഞാനം നൽകാൻ സഹായിക്കുന്നു; ഒടുവിൽ എല്ലാ അഭിപ്രായങ്ങളും, അവയ്ക്കുണ്ടെന്നു തോന്നുന്ന വൈരുദ്ധ്യങ്ങളോടുകൂടിത്തന്നെ, ഒരു സമഗ്രവ്യവസ്ഥയുടെ

സമൂലഘടകങ്ങളായിത്തീരുന്നു.— ഇതാണു ചുരുക്കത്തിൽ ഹെഗലിൻെറ ചിന്താഗതി.

ഹെഗലിൻെറ ദ്വന്ദ്വമാന ആശയവാദത്തെ മാർക്സ് ദ്വന്ദ്വമാന ഭൗതികവാദമാക്കിത്തീർത്തു. പരമമായ ഐക്യത്തിലും സ്വരച്ചേർച്ചയിലും എത്തിച്ചേരുന്നതിനുള്ള മാർഗ്ഗമായി ദ്വന്ദ്വമാന സംഘട്ടനം സ്വീകരിക്കപ്പെട്ടുവെങ്കിലും അതിൻെറ പ്രേരകശക്തി സാമ്പത്തികവർഗ്ഗങ്ങളാണു്, ആശയങ്ങളല്ല എന്നു മാർക്സ് സ്ഥാപിക്കയാണുണ്ടായതു്. ഭൗതികശാസ്ത്രനിഗമനങ്ങളെ അടിസ്ഥാനമാക്കിയുള്ള "ആഭാസ" ഭൗതികവാദത്തിൽനിന്നു് ഈ "ഭൗതികവാദം" എത്ര വ്യത്യസ്തമാണോ അത്രയുംതന്നെ വ്യത്യസ്തമാണു്, ആദ്യകാലത്തെ കമ്യൂണിസ്റ്റ്കാരുടെ "ഉട്ടോപ്യൻ" സോഷ്യലിസത്തിൽനിന്നു് ഈ പുതിയ വർഗ്ഗരഹിത സാമൂഹ്യസങ്കലനഫലമായ സോഷ്യലിസവും. ആദ്യകാലത്തെ കമ്യൂണിസ്റ്റ് സിദ്ധാന്തക്കാരുടെ സോഷ്യലിസം "ഉട്ട്യോപ്യ"നാവാനുള്ള കാരണം അവർ മൂല്യങ്ങൾക്കു പ്രാധാന്യം നൽകുകയും അങ്ങിനെ ധാർമ്മികഘടകങ്ങൾക്കു് കാരണശക്തി കല്പിച്ചുകൊടുക്കുകയും ചെയ്തതായിരുന്നു. ഹെഗലിൻെറ ചിന്താവ്യവസ്ഥയിൽ പരമമായ ലക്ഷ്യപ്രാപ്തിക്കു് താർക്കികഘടകങ്ങൾ എത്രമാത്രം സ്വയം നിർണ്ണയിക്കാമായിരുന്നുവോ, അത്രതന്നെ സ്വയം നിർണ്ണായകത്വം, മാർക്സിൻെറ തത്വസംഹിതയിൽ സാമ്പത്തികശക്തികൾക്കും നൽകിയിരുന്നു. അങ്ങനെ മാർക്സിസം ഹെഗലിൻെറ ആശയയുക്തിവാദത്തെ കൈവെടിഞ്ഞുവെന്നു മാത്രമല്ല, അതിനെ ശക്തിയായി അധിക്ഷേപിക്കുകയും, ശാസ്ത്രത്തിൻെറ പേരിൽ മാനുഷികമൂല്യങ്ങളുടെ പ്രേരണാശക്തിയെ നിഷേധിക്കയും ചെയ്തു. ഒരുതരത്തിലുള്ള റൊമാൻറിക് കേവലാദർശത്തിനു പകരം ശാസ്ത്രത്തിൻെറയും ശാസ്ത്രനിയമങ്ങളുടെയും വർദ്ധമാനമായ അന്തസ്സിന്നനുയോജ്യമായി മറെറാരുതരം റൊമാൻറിക് കേവലാദ

ശം അതു കൈവരുത്തി. എല്ലാ സാമൂഹ്യസംഭവവികാസങ്ങൾക്കും പററിയ നിയമാവലി ഉണ്ടാക്കുകയെന്നതു് ബുദ്ധിയുടെ അത്ഭുതാവഹസിദ്ധിയാണു്. തുലോം അത്ഭുതകരമായ മറെറാരു നേട്ടമാണു്, ബുഷ്പാമൃതലാളിത്തത്തിലെ "വൈരുദ്ധ്യങ്ങൾ" മനസ്സിലാക്കി ദന്ദ്വമാന പ്രകാരേണ സമുദായത്തെ ഏതു ലക്ഷ്യത്തിലേക്കാണു് അവ നയിക്കുന്നതെന്നു് ചൂണ്ടിക്കാട്ടുന്ന അഭിപ്രായത്തെയും നിഗമനങ്ങളെയും ഒരപരിത്യാജ്യനിയന്ത്രത്തിലൊതുക്കുന്നതു്. ചരിത്രം നിയമം പരിവർത്തനത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിന്റെ നിയമമായിത്തീർന്നു. അതോടുകൂടി വ്യക്തമായ ലക്ഷ്യദർശനത്തിനും അതിന്നുവേണ്ടി വികാരവും പ്രയത്നവും കേന്ദ്രീകരിക്കുന്നതിന്നും ആവശ്യമായ സംഗതികളെല്ലാം ആവുന്നിടത്തോളം സാധിക്കയും ചെയ്തു.

സാമൂഹ്യസംഭവവികാസങ്ങളും "പരിണാമങ്ങളും സ്വയംഭൂവല്ല; അവയ്ക്കെല്ലാം "കാരണം" അത്യാവശ്യമാണു്— ഈ ആശയം ഏതാണ്ടു് ഒരു നൂററാണ്ടു മുൻപുള്ള ധിഷണാമേഖലയിൽത്തന്നെയുണ്ടായിരുന്നു. ഡാർവിന്റെ ജീവശ്ശാസ്ത്രപരിണാമസിദ്ധാന്തം ഈ ആശയത്തിൽനിന്നുണ്ടായതാണു്. പ്രകൃതിശാസ്ത്രത്തിന്നു് ഈ ആശയംകൂടാതെ കഴിയുകയില്ലെന്നു് കാൻറും പറഞ്ഞിട്ടുണ്ടു്. കാൻറു് ശാസ്ത്രത്തിന്റെയും ഭൗതികമൂല്യങ്ങളുടെയും മണ്ഡലങ്ങൾ അതിൽ തിരിച്ചുവെച്ചിരുന്നതിനാൽ ജർമ്മൻശാസ്ത്രജ്ഞന്മാരും ഈ ആശയം ചോദ്യം ചെയ്യാതെ സ്വീകരിച്ചുപോന്നിരുന്നു. ഹ്യൂം ഈ നിഗമനത്തെ വിമർശിച്ചിരുന്നെങ്കിലും അദ്ദേഹത്തിന്റെ വിമർശനത്തിന്നു് അക്കാലത്തുതന്നെ വലിയ സ്വീകാര്യത ഉണ്ടായിരുന്നില്ല; കാരണം ഹ്യൂം ഒരു "സന്ദേഹി"യായിരുന്നു. മാത്രമല്ല, കാൻറു് ഹ്യൂമിന്റെ വിമർശനത്തിന്നു് തക്കതായ മറുപടിയും നല്കിയിരുന്നു.

സാമൂഹ്യപ്രതിഭാസങ്ങളുടെ ശാസ്ത്രം സൃഷ്ടിക്കുവാൻ ഇ

ടക്കാലങ്ങളിൽ പലരും പരിശ്രമിച്ചിട്ടുണ്ട്. അവയ്ക്ക് ഒരു നിയമം ഒഴിച്ചുകൂടാത്തതായി കണക്കാക്കപ്പെട്ടുപോന്നു. അതിനെക്കുറിച്ചുള്ള സമഗ്രമായ ആശയസങ്കലനത്തിനു് "സാമൂഹ്യശാസ്ത്രം" (സോഷ്യോളജി) എന്ന പേർ ആദ്യമായി നല്കിയതു് ആഗസ്റ്റ് കോംതെ ആണു്. വികസനത്തിൻെറ ആവശ്യമായ മൂന്നു പതനങ്ങളുടെ "നിയമ"ത്തിലാണു് അദ്ദേഹം ഈ ആശയത്തിൻെറ അടിസ്ഥാനം കണ്ടിരുന്നതു്. പിൽക്കാലത്തു് ജ്യോതിശ്ശാസ്ത്രം, മനശ്ശാസ്ത്രം എന്നിവയെ സംബന്ധിച്ചതും സാമൂഹ്യമായ എല്ലാ സംഭവവികാസങ്ങളേയും ഉൾക്കൊള്ളുന്ന ഒരു സിദ്ധാന്തം രൂപവൽക്കരിക്കുന്നതിൽ ഹെർബട്ട് സ്പെൻസറിന്നു് ഒരു വിഷമമുണ്ടായില്ല. മാനുഷികസംഭവപരമ്പരകളെ സാമൂഹ്യമായി അടുക്കിവെക്കുവാനുള്ള ആദ്യകാലത്തെ പരിശ്രമങ്ങളിൽ "പരിണാമ"ത്തിന്നാവശ്യമായ വ്യത്യസ്തപതനങ്ങളുടെ ആശയം, ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഉപയോഗിക്കപ്പെട്ടിരുന്നു.

കഴിഞ്ഞ നൂററാണ്ടിലെ നാല്പതുകൾ (1840–1849) വ്യക്തമായ സാമ്പത്തികചായ്വുള്ള പുരോഗമനരാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ആശാവഹമായ കാലഘട്ടംകൂടിയായിരുന്നു; ഈ പ്രസ്ഥാനങ്ങളിൽ ചിലതു് സോഷ്യലിസത്തോടും ചിലതു് കമ്യൂണിസത്തോടും കൂറു പ്രഖ്യാപിച്ചു,—പ്രത്യേകിച്ചു ഫ്രാൻസിൽ. ജർമ്മനിയിൽ ഹെഗലിൻെറ തത്വശാസ്ത്രത്തിന്നു് പ്രാമാണികത്വമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു; അക്കാലത്തു തത്വശാസ്ത്രപരമായി വല്ല അഭിപ്രായവ്യത്യാസങ്ങളുമുണ്ടായിരുന്നെങ്കിൽത്തന്നെ, അവ ഹെഗലിയൻ അനുയായിമണ്ഡലത്തിലെ വ്യത്യസ്തവിഭാഗങ്ങൾ തമ്മിലുള്ളതായിരുന്നു. ഈ പരിതഃസ്ഥിതിയിൽ ഹെഗലിയൻ ദ്വന്ദ്വമാനസിദ്ധാന്തത്തിനു് ഒരു സാമ്പത്തിക വ്യാഖ്യാനം നല്കിയാൽ സാമൂഹ്യപരിവർത്തനത്തിൻെറ ശാസ്ത്രത്തിന്നു് വിശാ

സ്വയോഗ്യമായ ഒരടിസ്ഥാനമായി എന്നു മാർക്സ് ധരിച്ചുവശായതിൽ അതിശയിക്കാനില്ല. അതോടൊപ്പം വിപ്ലവപ്രസ്ഥാനത്തിൻെറ പ്രായോഗികപരിപാടികൾക്ക് ഒരു നല്ല നേതൃത്വവും നല്കാൻ അതുകൊണ്ടു സാധിച്ചു.

എല്ലാ സാമൂഹ്യപ്രസ്ഥാനങ്ങളും അവക്കു മാർഗ്ഗനിർദ്ദേശം നല്കുന്നതിന്നും അവയുടെ പ്രായോഗികപരിപാടികൾ ന്യായീകരിക്കുന്നതിന്നുമായി എന്തെങ്കിലും തരത്തിലുള്ള ഒരു തത്വശാസ്ത്രം വളർത്തിവരുന്നതായിക്കാണാം. ജർമ്മൻ സംസ്കാരം ഇക്കാര്യത്തിൽ വളരെ ഫലഭൂയിഷ്ഠവും സമ്പൽസമൃദ്ധവുമായിരുന്നു. ഒരു തത്വശാസ്ത്രത്തിൻെറ അടിസ്ഥാനത്തിലല്ലാതെ വല്ലതും ചെയ്യുന്നവരെ ഒരുതരം മുറിവൈദ്യന്മാരെന്നാണ് മുദ്ര കുത്തിയിരുന്നത്. മാർക്സിസത്തിൽ ഭൗതികാടിസ്ഥാനത്തിലല്ലാതെ "നിയമ"ങ്ങൾ സ്വീകരിക്കുന്ന ഏതൊരാളും "ഉട്ടോപ്യൻ" സ്വപ്നാടനക്കാരനാണ്. ദ്വന്ദ്വമാനസിദ്ധാന്തം ആധുനിക തത്വചിന്തകന്മാരിൽവെച്ച് അശാസ്ത്രീയമായ ഒരർത്ഥത്തിൽ, ഏററവും വലിയ അനുമാനചിന്തകനായിരുന്ന ഒരാളിൽനിന്നു കടംവാങ്ങിയതാണെന്ന വസ്തുത മാർക്സിസ്റ്റ് തത്വസംഹിതക്കു വിലങ്ങായി നില്ക്കുന്നതേയില്ല. കാരണം, യഥാർത്ഥ സാമ്പത്തിക പരിതഃസ്ഥിതികളും മാർക്സിൻെറ പ്രവചനങ്ങളും മാത്രമല്ല, വർദ്ധിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗസംഘട്ടനങ്ങളും അതിൻെറ പ്രായോഗികസ്വഭാവത്തെപ്പററി ഉറപ്പുനല്കിയിരുന്നു.

അന്നത്തെ ഫാക്ടറിത്തൊഴിലാളികൾക്കു നിലമുടമക്കവകാശമോ മററു കൈമുതലോ ഇല്ലാതിരുന്നതുകൊണ്ടു നിലവിലുണ്ടായിരുന്ന വർഗ്ഗസമരം ബൂർഷ്വാമുതലാളിമാരും പ്രോലിട്ടേറിയൻ തൊഴിലാളികളും തമ്മിലുള്ള ഒന്നാണെന്നു മാർക്സിസം പഠിപ്പിച്ചതിനാൽ അതിന്നു വലിയ കാലികപ്രാധാന്യവും ലഭിച്ചു. ഗ്രെയിററ്ബ്രിട്ടനിലെ ഫാക്ടറിവ്യവസ്ഥയുടെ യാഥാർത്ഥ്യങ്ങൾ മാർക്സു പഠിച്ചിരുന്നതു

അദ്ദേഹത്തിൻെറ സിദ്ധാന്തത്തിന്നു് നല്ല പിന്തുണ നൽകുകയും ചെയ്തു. ഇതിന്നുപോൽബലകമായി, താത്വികമായി ശരിവെക്കാൻ കഴിയുന്ന ചില സാമ്പത്തിക സാമാന്യതത്വങ്ങളും ഉണ്ടായിരുന്നു. ഉദാഹരണമായി വിലക്കയററവും വിലയിടിവും തുടർച്ചയായി വരുന്ന സാമ്പത്തികവൃത്തങ്ങൾ, മുതലാളിത്തക്കൂട്ടുകെട്ടുകൾ കേന്ദ്രീകരണങ്ങൾ മുതലായവ. നിഷേധങ്ങളുടെ നിഷേധം എന്ന തത്വത്തിലടങ്ങിയിരുന്ന ലഘൂകൃത റൊമാൻസിസിസം, വർഗ്ഗസമരത്തെത്തുടർന്നുണ്ടാവുന്ന തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യംമൂലമായി ഒരു വർഗ്ഗരഹിത സമുദായവ്യവസ്ഥിതി വന്നുചേരുമെന്നു പഠിപ്പിച്ചു. അങ്ങിനെ ഒരു രാഷ്ട്രീയ മർദ്ദകശക്തിയായ സ്റ്റെയിററു് കൊണ്ടുപോവുകയും എല്ലാ രാഷ്ട്രീയോപാധികളും പൊതുതാല്പര്യംനോക്കി നടത്തുവാനുള്ള ജനാധിപത്യഭരണത്തിൻെറ ഉപകരണങ്ങളായി മാറുകയും ചെയ്യു. എല്ലാ മർദ്ദകാധികാരത്തെയും എതിർക്കുന്ന അങ്ങേഅററത്തെ അരാജവാദികൾക്കുപോലും ഈ അവസാനഫലത്തെക്കുറിച്ചാലോചിക്കുമ്പോൾ സംതൃപ്തിക്കേ അവകാശമുള്ളൂ.

പഴയകാലത്തെ മതസമ്പ്രദായങ്ങളും മാർക്സിസ്റ്റുതത്വചിന്തയും സാമ്യപ്പെടുത്തുന്ന ഏതൊരു സൂചനയെപ്പോലും മാർക്സിസ്റ്റുകൾ ശക്തിയായി എതിർക്കുന്നു; അതു സ്വാഭാവികം മാത്രമാണു്. എന്നാൽ മാർക്സിസമുൾപ്പടെയുള്ള കേവലതത്വങ്ങളെല്ലാംതന്നെ പഴയ മതസമ്പ്രദായങ്ങളുടെ രൂപം കൈക്കൊള്ളുവാനും കുരിശുയുദ്ധങ്ങളിലെ വികാരവായ്പുളവാക്കുന്നതിനും സ്വാഭാവികമായി വെമ്പൽകൊള്ളുന്നവയാണു്. കഴിഞ്ഞുപോയ നൂററാണ്ടുകളിൽ നടന്നിരുന്ന മതപരമായ സംഘട്ടനങ്ങളിലും നടപടികളിലും പല സമകാലീനതാല്പര്യങ്ങളും ഉൾക്കൊണ്ടിരുന്നു; ഇന്നു് ഭാവനയിൽ കാണാൻപോലും വിഷമമാണവയെല്ലാം. അതായതു് ഇന്നു പിന്തിരിഞ്ഞുനോക്കുമ്പോൾ കാണാൻ കഴിയുന്നതിനേക്കാൾ

''പ്രായോഗിക''മായിരുന്നു അവ. അതുപോലെ മാർക്സിസവും നിലവിലുള്ള സാമ്പത്തിക പ്രശ്നങ്ങൾക്കും അവയുടെ മർദ്ദനരൂപങ്ങൾക്കും പെട്ടെന്നുള്ള പ്രായോഗിക പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിൽ വ്യാപൃതമായിരുന്നു. പ്രായോഗികസംഭവങ്ങൾ കേവലതത്വത്തെ കൂടുതൽ ആകർഷകത്വമുള്ളതാക്കിത്തീർക്കുന്നു. തത്വസംഹിത പ്രവർത്തനത്തിന്നു് ആവേശവും മുദ്രാവാക്യങ്ങളും നൽകുന്നതോടൊപ്പം പ്രായോഗികസംഭവവികാസങ്ങൾ കേവലതത്വത്തെ നിറംപിടിപ്പിക്കുന്നതരത്തിലുള്ള താത്വിക—പ്രായോഗിക സംയോജനം ചരിത്രത്തിൽ ഒട്ടും പുത്തരിയല്ല. വിശദീകരണങ്ങൾകൊണ്ടു വിടവുകൾ നികത്താനും പരസ്പരവൈരുദ്ധ്യങ്ങൾ ഇല്ലാതാക്കാനും കഴിയും. എല്ലാ കേവലതത്വസംഹിതകളും തെളിയിക്കുന്നതു് വിശദീകരണത്തിൻെറ കഴിവിന്നു പരിമിതികളില്ലെന്നാണു്. യഥാർത്ഥ സംഭവങ്ങളെ അങ്ങനെ വിശ്വാസപ്രമാണങ്ങളോടു പൊരുത്തപ്പെടുത്താൻ എളുപ്പമാണു്; അതുപോലെ പ്രമാണങ്ങളെ സംഭവങ്ങൾക്കൊത്തു വ്യാഖ്യാനിക്കാനും.

മാർക്സിസ്റ്റു് തത്വസംഹിതയുടെ സിദ്ധാന്തവശം മുഴുവൻ ഇവിടെ വിസ്തരിച്ചു പരിശോധിക്കേണ്ടതില്ല. സാമൂഹ്യസംഭവവികാസങ്ങൾക്കു് ശാസ്ത്രീയരൂപം നൽകുകയും അത്തരം സംഭവവികാസങ്ങൾ ശാസ്ത്രീയമാകയാൽ അനിവാര്യമാണെന്നു വാദിക്കുകയും ചെയ്യുന്നതുകൊണ്ടു് മാർക്സിസം ശാസ്ത്രീയമാണെന്നു പറയുന്നതിനെയാണു് നാം ഇവിടെ പര്യാലോചിക്കുന്നതു്. സാഹിത്യസൃഷ്ടികളെപ്പററി പറയാറുള്ളതുപോലെ മാർക്സിസം പ്രത്യേക രീതിയിലുള്ള ശാസ്ത്രീയവീക്ഷണഗതിയാണെന്നുള്ള അവകാശവാദത്തെ സംബന്ധിച്ചിടത്തോളം, ഒരു ''കാലഘട്ട''ത്തിൽ പെട്ടതാണു്. കാരണം ഒരു സമഗ്രനിയമത്തിൻെറ ''ആവശ്യകത''യും അതിനുള്ള അന്വേഷണവും കഴിഞ്ഞ നൂററാണ്ടുകളിലെ നാല്പ

താംവഷ്ങ്ങളുടെ പ്രത്യേകതയായിരുന്നതുപോലെ, "സംഭാവ്യത"യും, "നാനാത്വ"വും ആണ് ഇന്നത്തെ ശാസ്ത്രത്തിന്റെ സ്വഭാവവിശേഷങ്ങൾ. എല്ലാ സംഭവങ്ങൾക്കും "കാരണം" ആവശ്യമാണെന്ന ആശയത്തിന്റെ പഴയ വ്യാഖ്യാനങ്ങൾക്ക് വമ്പിച്ച ഒരു ഞെട്ടൽ ഉണ്ടായിട്ടുണ്ടെന്ന വസ്തുത അടുത്ത കാലത്തുള്ള സംഭവങ്ങളുമായി അടുത്തു പരിചയമുള്ള ആക്കും പറഞ്ഞുകൊടുക്കേണ്ടതില്ല. എന്തായാലും നമ്മുടെ മുമ്പിലുള്ള വിഷയത്തിന്നു പ്രത്യേക പ്രാധാന്യമുള്ള കാര്യം സ്ഥാപിക്കുന്നതിന്നായി ഈ ആശയം മുഴവൻ വലിച്ചെറിയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

പരിശോധനാവിഷയമാക്കപ്പെടുന്ന ഏതു സംഭവങ്ങളിലും അതിന്റെ കാരണങ്ങളുടെ നൈരന്തര്യം കാണാൻ കഴിയുമെന്ന ആശയവും, എല്ലാ സംഭവങ്ങളും ഒരേയൊരു സംഭവകാരണനിയമത്താൽ ബന്ധിതമായിക്കിടക്കുന്ന ഒരൊററ പൂർണ്ണസംഭവമാണെന്നുള്ള ആശയവും തമ്മിൽ അതിവിപുലമായ വ്യത്യാസമുണ്ട്. ആദ്യത്തെ തത്വം ശാസ്ത്രീയഗവേഷണത്തിനത്യന്താപേക്ഷിതമായ അടിസ്ഥാനമാണെന്നു സമ്മതിക്കുകയാണെങ്കിൽപോലും, രണ്ടാമത്തെ തത്വം കേവലം ചിന്താപരവും ശാസ്ത്രാതീതവുമായിരിക്കും. പ്രകൃതിശാസ്ത്രം അതിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നപ്പോഴും, പിന്നീടു സ്വതന്ത്രമായ സ്വേച്ഛാശക്തിയുടെ അധികാരപരിധിയിൽനിന്നു് സാമൂഹ്യസംഭവങ്ങളെ സ്വതന്ത്രമാക്കാൻ ശ്രമിച്ചിരുന്നപ്പോഴും, പുതിയ സമരങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നവർ സർവ്വാശ്ലേഷിയായ ഒരു കാരണശക്തിയുടെ ആശയം മതതത്വങ്ങളിൽനിന്നു കടംവാങ്ങിയിരുന്നു. ഈ ശക്തിയുടെ സ്വഭാവത്തെയും അതിന്റെ പ്രവത്തനരീതിയേയും ശാസ്ത്രത്തിന്റെ പുതിയ മാപ്പുസാക്ഷികൾ അടിസ്ഥാനമായി മാററിയിരുന്നു. എന്നാൽ "കുതിരയില്ലാത്ത വണ്ടികൾ" ആവിർഭവിച്ചപ്പോൾ

പഴയ വണ്ടിയുടെ രൂപം നിലനിർത്തിയിരുന്നതുപോലെ അവരും പഴയ ചിന്താരൂപങ്ങൾ തുടൎന്നുവന്നിരുന്നു. കുറെ കാലമായി തഴകിയതു് പെട്ടെന്നു മാററുന്നതു് ശരിയായിരിക്കയില്ലല്ലോ. അമാനുഷികശക്തിയെയും പിററീട്ട പ്രകൃതിയുടെ ശക്തിയെയും (ദൈവത്തിൻെറ സ്ഥാനം കുറച്ചുകാലം പ്രകൃതിക്കു നല്കിയിരുന്നു) കൈവെടിഞ്ഞപ്പോഴുണ്ടായ വിടവു നികത്താൻ അങ്ങനെ അതിന്നു കഴിഞ്ഞു. എല്ലാററിനും പരമമായ ഒരേ ഒരു വിശദീകരണം നൽകുന്ന കാര്യത്തിൽ മതത്തോടു മത്സരിക്കയല്ല ശാസ്ത്രം ചെയ്യുന്നതെന്നു് ശാസ്ത്രപ്രവൎത്തനങ്ങളും അവയുടെ പ്രത്യേക നിഗമനങ്ങളും ക്രമേണയും സാവധാനത്തിലുമാണു തെളിയിച്ചതു്. അപ്പോൾ അതിന്നൊരു ന്യായീകരണം ആവശ്യമില്ലാതെയും വന്നു.

വിപുലമായ സാമാന്യതത്വവൽക്കരണങ്ങൾ വേണ്ടെന്നുവെച്ചു എന്നു് ഇതിന്നൎത്ഥമില്ല. ഈ സാമാന്യതത്വവല്ക്കരണങ്ങളുടെ സ്വഭാവവും രീതിയും മാററപ്പെട്ടു എന്നു മാത്രമേ ഇതിന്നൎത്ഥമുള്ളു. ഒരു രംഗത്തുനിന്നു മറെറാരു രംഗത്തേക്കു്, അവയുടെ സവിശേഷതകൾ നിലനിർത്തിക്കൊണ്ടുതന്നെ മാററങ്ങൾ വരുത്തിത്തീക്കുന്നതിനുള്ള നിൎദ്ദേശങ്ങളാണു് ഫലത്തിലും സ്വഭാവത്തിലും, മേല്പറഞ്ഞ സാമാന്യതത്വവല്ക്കരണങ്ങൾ. ഉദാഹരണമായി, ശക്തിസംഭരണതത്വം, വളരെ സമഗ്രമായ ഒരു സാമാന്യതത്വവല്ക്കരണമാണു്. ഇന്നു നാം കൈവെടിഞ്ഞിട്ടുള്ള ശാസ്ത്രീയതത്വജ്ഞാനത്തിൻെറ ഭാഷയിൽ, അതു് വിദ്യുച്ഛക്തി, യാന്ത്രികശക്തി, ആവിശ്ശക്തി മുതലായ പല ശക്തികളേയും ഉദ്ദേശിച്ചായിരിക്കും. എന്നാൽ അവയൊന്നും ആയിരിക്കയില്ല; മറിച്ചു് അവയെല്ലാം പിന്നിലുള്ള വിവരിക്കാനാവാത്ത, എന്തോ ഒരു ശക്തിമാത്രമായിരിക്കയും. യഥാൎത്ഥ ശാസ്ത്രീയനടപടിക്രമത്തിൽ ഇനിയേതെങ്കിലും ഒരു ശക്തിയെ ചില പരിതഃസ്ഥിതികളുണ്ടെങ്കിൽ മറേറതെങ്കിലുമൊന്നായി മാ

ററാൻ കഴിയുന്ന ഒരു നിർദ്ദേശം മാത്രമാണതു്.

ഏററവും അടുത്ത കാലത്തു കണ്ടുപിടിച്ചിട്ടുള്ള രാസപരിണാമസിദ്ധാന്തത്തെ സംബന്ധിച്ചും ഈ തത്വം ശരിയായിരിക്കുന്നതാണു്. ഒരു സംഭവവികാസത്തെ മറെറാന്നിൽനിന്നു് വേർതിരിച്ചുകാട്ടുന്ന വിശേഷതകളെ അതില്ലാസ്യ ചെയ്യുന്നില്ല; ഒരുതരം സാധനം മറെറാന്നായി രൂപാന്തരപ്പെടുത്തുന്നതിനാവശ്യമായ പരിത:സ്ഥിതികൾ എന്തെല്ലാമാണെന്നു വ്യക്തമായി പ്രസ്താവിക്കുന്നേയുള്ളു. ആധുനികരസതന്ത്രവ്യവസായത്തിൻെറ പ്രവർത്തനസങ്കേതങ്ങൾ മദ്ധ്യകാലരസതന്ത്രജ്ഞന്മാരുടെ സ്വപ്നത്തിൽനിന്നും വളരെയധികം വ്യത്യസ്തമായിരിക്കുന്നതുപോലെ, ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പ്രായോഗികപ്രവർത്തനങ്ങൾ അതാതുകാലത്തു ശാസ്ത്രീയസിദ്ധാന്തത്തിലുണ്ടായിട്ടുള്ള മാററങ്ങൾക്കനുസരിച്ചു് ഒത്തുപോകുന്നതാണു്. ഏകവും പരമവുമായ ഒരു ശക്തിയുടെ സാർവ്വത്രികനിയമമെന്നു പറയപ്പെടുന്ന ഒരടിസ്ഥാനംവെച്ചുകൊണ്ടു് വ്യക്തമായ വല്ലതും കണ്ടുപിടിക്കാൻ ഇന്നാരും മുതിരുകയില്ല. ഒരാശയത്തെ ഒരു പ്രവർത്തനസാങ്കേതികോപാധിയായി മാററാൻ ശ്രമിക്കുന്ന ഒരു കണ്ടുപിടുത്തക്കാരൻ പ്രത്യേകസാമഗ്രികളെ സസൂക്ഷ്മം പരിശോധിക്കയും അവയെക്കൂടി ഘടിപ്പിക്കുന്നതിനുള്ള പ്രത്യേകരീതികളെന്തൊക്കെയാണെന്നു പരിശോധിക്കയുമാണുവേണ്ടതു്.

മാർക്സിസ്റ്റ് ചിന്തയിലുള്ള ഏകീകരണശക്തിയുടെ സർവ്വാശ്ലേഷിയായ നിയമത്തിൽനിന്നും ലഭിക്കുന്ന പ്രായോഗികപ്രവർത്തനസങ്കേതങ്ങൾ ശാസ്ത്രീയാന്വേഷണത്തിലും ശാസ്ത്രീയയന്ത്രശാസ്ത്രത്തിലും കൈവെടിഞ്ഞിട്ടുള്ള മാർഗ്ഗമാണു പിന്തുടരുന്നതു്. മാർക്സിസ്റ്റ് തത്വപ്രകാരം ആവശ്യമായിരിക്കുന്നതു് ഏതെല്ലാംതരത്തിൽ സാദ്ധ്യമാണോ അത്രയും ഏതെല്ലാം അവസരത്തിൽ കഴിയുമോ അത്രയും വിപുലമാ

യ തോതിൽ വർഗ്ഗസമരം പ്രോത്സാഹിപ്പിക്കയാണ്. കാരണം ദ്വന്ദ്വമാനരീതിയിലുള്ള ഈ സിദ്ധാന്തത്തിൻെറ കാതൽ വർഗ്ഗസംഘട്ടനത്തെ യഥാർത്ഥവസ്തുതയായി അംഗീകരിക്കലല്ല. അങ്ങനെ ചെയ്യുന്നപക്ഷം പത്തൊമ്പതാം നൂററാണ്ടിൻെറ തുടക്കത്തിലുണ്ടായിരുന്ന സാർവ്വത്രികസൗഹാർദ്ദത്തെയും സാർവ്വത്രികപരാശ്രയത്വത്തെയും തിരുത്തേണ്ടിവരും. ജോലികൊടുക്കുന്ന മുതലാളിവർഗ്ഗവും ജോലി ചെയ്യുന്ന തൊഴിലാളിവർഗ്ഗവും തമ്മിലുള്ള സംഘട്ടനത്തെ വർദ്ധിപ്പിക്കുന്നതുകൊണ്ടാണു സാമൂഹ്യപുരോഗതിയുണ്ടാവുന്നതെന്ന തത്വമാണ് മാർക്സിസത്തിൻെറ കാതൽ. അങ്ങനെ തൊഴിലാളിവർഗ്ഗത്തിൻെറ ശക്തിവർദ്ധിപ്പിക്കയാണ് ഏററവും മഹത്തായ ധാർമ്മിക കർത്തവ്യമെന്നത് പഠിപ്പിക്കുന്നു.

ഭൗതികശാസ്ത്രത്തിലെ ഒരുദാഹരണമെടുക്കാം. പ്രകൃതി "സംഘട്ടനത്തെ വെറുക്കുന്നു" എന്ന ഒരു സിദ്ധാന്തം ഒരുകാലത്തുണ്ടായിരുന്നുവെന്നിരിക്കട്ടെ. പ്രതിരോധമില്ലാത്ത ഒരു യാന്ത്രികപ്രവൃത്തിയും നടക്കുന്നില്ലെന്നും, സംഘട്ടനമില്ലാതെ പ്രതിരോധമില്ലെന്നും പിന്നീട്ട കണ്ടുപിടിക്കപ്പെടുന്നു. അപ്പോൾ എണ്ണയിട്ടു മിനുസപ്പെടുത്താതിരിക്കയും സംഘട്ടനം വർദ്ധിപ്പിക്കയും ചെയ്യുന്നതുകൊണ്ട് സാർവ്വത്രിക സംഘട്ടനം ഉണ്ടായിത്തീരുമെന്നും അതിൻെറ ദ്വന്ദ്വമാന ഫലമായുണ്ടാകുന്ന ശക്തികൾ ഉപയോഗപ്രദമായ പ്രവർത്തനത്തിന് ഏററവും പററിയ പരിതഃസ്ഥിതികൾ സൃഷ്ടിച്ചുകൊള്ളുമെന്നും ഉള്ള നിഗമനത്തിൽ എത്തിച്ചേരുന്നു. സമുദായത്തിൽ സംഘട്ടനങ്ങളും താല്പര്യവൈരുദ്ധ്യങ്ങളുമുണ്ട്. താല്പര്യങ്ങളെ വിപുലപ്പെടുത്തിയും ഉറപ്പിച്ചും വർഗ്ഗങ്ങളെ വ്യക്തമാക്കാൻ കഴിയും. അവ തമ്മിലുള്ള സംഘട്ടനങ്ങൾ വർദ്ധിപ്പിക്കുന്നതുകൊണ്ട് സാർവ്വത്രിക സൗഹാർദ്ദമുണ്ടാക്കാൻ കഴിയുമെന്ന ആശയം ഭൗതികശാസ്ത്രത്തിൽനിന്നും കാണിച്ച ഉദാഹരണംപോലെയിരിക്കും. സാമ്പത്തികതാല്പര്യങ്ങൾ

തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടെന്നുള്ള വസ്തുത മാർക്സിസത്തിൽ വിശ്വസിക്കാത്തവരും സമ്മതിക്കുന്നതാണ്. എന്നാൽ അഭിലഷണീയമായ ഒരു വർഗ്ഗരഹിതസമുദായം കൈവരുത്തുന്നതിനുള്ള ഏക ഉപാധി സംഘട്ടനം മാത്രമാണെന്നാണ് യഥാർത്ഥ മാർക്സിസ്റ്റ് സിദ്ധാന്തം. ഇതു രണ്ടും ഒന്നാണെന്നു മാർക്സിസ്റ്റല്ലാത്ത ചിലർ ധരിച്ചുവെച്ചിട്ടുണ്ട്. അപ്പോൾ, യഥാർത്ഥസ്ഥിതിഗതികൾ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ മാർക്സ് രൂപവൽക്കരിച്ച സാമാന്യ തത്വത്തെയല്ല, മറിച്ച് യഥാർത്ഥസ്ഥിതിഗതികൾ തുടർച്ചയായി സൂക്ഷ്മനിരീക്ഷണം ചെയ്യേണ്ടതിന്റെയും, പുതായി നിരീക്ഷിക്കപ്പെടുന്ന വസ്തുക്കളുടെ അടിസ്ഥാനത്തിൽ മുമ്പു സ്ഥാപിച്ച സാമാന്യ തത്വങ്ങളെ പരീക്ഷണവിധേയവും പരിവർത്തനോന്മുഖവുമാക്കേണ്ടതിന്റെയും ആവശ്യകതയാണ് ഈ വിമർശനത്തിൽ ഊന്നിപ്പറയുന്നതു്. ഒരു പ്രത്യേക സ്ഥല—കാലപശ്ചാത്തലത്തിൽ സ്ഥാപിതമായ ഒരു സാമാന്യതത്വത്തിനു്, തുടർന്നുള്ള സൂക്ഷ്മനിരീക്ഷണത്തിന്റെയും അതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ സാമാന്യ തത്വം മാററപ്പെടേണ്ടതിന്റെയും ആവശ്യകത ഇല്ലായ്മചെയ്യാൻ കഴിയുമെന്നു സങ്കല്പിച്ചതാണ് വാസ്തവത്തിൽ മാർക്സിസത്തിന്റെ ആന്തരികദൗർബല്യം. ശാസ്ത്രത്തിന്റപേരിൽ തികച്ചും ശാസ്ത്രവിരുദ്ധമായ ഒരു നടപടിക്രമം സ്വീകരിക്കയും അതനുസരിച്ച് "പരമമായ സത്യ"ത്തിന്റെ വിശേഷണം നല്കിയ ഒരു സാമാന്യതത്വം ആവിഷ്കരിക്കയും, അതു് എല്ലാക്കാലത്തും എല്ലാ സ്ഥലത്തും ശരിയായിരിക്കുമെന്നു സങ്കല്പിക്കുകയും ചെയ്കയാണുണ്ടായതു്. "സ്വാതന്ത്ര്യവ്യാപാര" വ്യക്തിവാദവും ഇതേതരത്തിലുള്ള ഒരു സാമാന്യതത്വാവിഷ്കരണം നടത്തിയിട്ടുണ്ട്—പക്ഷേ ഇതിന്നു നേരേ വിപരീതമായിരുന്നെന്നുമാത്രം. വൈരുദ്ധ്യങ്ങളുടെ ഏകീകരണനിയമപ്രകാരം, സംശയമെന്യേ, ഈ പശ്ചാത്തലം മാർക്സി

സത്തിന്നനുകൂലമായ സാംസ്കാരികാന്തരീക്ഷം സൃഷ്ടിക്കുന്നതി നുള്ള പങ്കു വഹിച്ചിട്ടുണ്ടെന്നിരുന്നാലും വൈരുദ്ധ്യമുള്ള രണ്ടു തെറ്റുകൾ ഒരു 'സത്യ'മായിത്തീരുകയില്ലല്ലോ—പ്രത്യേകിച്ച്, രണ്ടു തെറ്റുകൾക്കും ഒരേമൂല്യമുള്ളപ്പോൾ. ചരിത്രപരമായ വസ്തുതകളെ അല്പമെന്നവഗണിക്കയാണെങ്കിൽ, തുറന്ന മാക്കറ്റിൽ സ്വാതന്ത്ര്യമത്സരം അനുവദിക്കുന്നപക്ഷം വ്യക്തികളുടെയും രാഷ്ട്രങ്ങളുടെയും സാർവ്വത്രിക സൗഹാർദ്ദം താനേ വന്നുചേർന്നുകൊള്ളുമെന്നു പറഞ്ഞിരുന്ന ക്ലാസിക്ക് സാമ്പത്തിക സിദ്ധാന്തത്തിന്റെ സാമാന്യവൽക്കരിച്ച പതിപ്പുമാത്രമാണു് മാർക്സിസം എന്നു പറയാം. വ്യക്തികളുടെ സ്വാതന്ത്ര്യമത്സരത്തിന്നു പകരം മാർക്സ് വർഗ്ഗസമരം മാററിച്ചേർത്തുവെന്നേയുള്ളു.

സാമൂഹ്യസംഭവകാരണങ്ങളെ സംബന്ധിക്കുന്ന ഒരുതരം "അദ്വൈത" ഏകഘടകപ്രപഞ്ചനിയമത്തിന്റെ മാതൃകയായി മാർക്സിസത്തെ കണക്കാക്കാം. കുറച്ചുകാലം മുമ്പ് ഉപയുക്തധർമ്മത്തോടും മനശ്ശാസ്ത്രത്തോടും ബന്ധപ്പെട്ടിരുന്ന ആഡംസ്മിത്തിന്റെ ആശയങ്ങളിൽനിന്നുടലെടുത്ത "സ്വാതന്ത്ര്യവ്യാപാര"സിദ്ധാന്തത്തെയും അങ്ങിനെതന്നെ കണക്കാക്കാമായിരുന്നു. മാർക്സിസത്തെ മുന്നണിയിൽ കൊണ്ടുവരാൻ സഹായിച്ചതു് പ്രധാനമായും റഷ്യൻ വിപ്ലവമാണു്. മാർക്സിന്റെ പേരിൽ നടത്തിയ വിപ്ലവമായിരുന്നതുകൊണ്ടു് മാർക്സിസ്റ്റു സിദ്ധാന്തം ശരിവെക്കുന്നതിനുള്ള ഒരു വലിയ പ്രകടനമായി അതു കണക്കാക്കപ്പെട്ടു. ഒരാശയത്തിന്നും സ്വന്തനിലയിൽ ശ്രദ്ധയാകൃഷിക്കാൻ കഴിയാത്ത തരത്തിൽ സോവിയററു് റഷ്യൻ റിപ്പബ്ളിക് മാർക്സിസത്തിൽ ശ്രദ്ധയുറപ്പിക്കാൻ സഹായിച്ചു. മാർക്സിസം ചില സ്ഥലങ്ങളിൽ മാന്യസ്ഥാനമുള്ള ഒരു ശുഭോദർക്കവസ്തുവുമായിത്തീരാൻ അതു കാരണമാക്കിത്തീർത്തു. പഴയ സോഷ്യലിസ്റ്റ്പാർട്ടികളിൽ ഭിന്നിപ്പുണ്ടാക്കാനും അതു വഴിവെച്ചു.

കാരണം മാർക്സിന്റെ വർഗ്ഗസമരസിദ്ധാന്തത്തിന്റെയും തൊഴിലാളി സർവ്വാധിപത്യത്തിന്റെയും തികഞ്ഞ തെളിവായി റഷ്യൻ വിപ്ലവം മററു രാജ്യങ്ങളിൽ ഉയർത്തിക്കാണിക്കപ്പെട്ടു. റഷ്യയിലെ സംഭവങ്ങൾ മാർക്സിസ്റ്റ് സിദ്ധാന്തങ്ങൾക്ക് ലോകമൊട്ടുക്കും യഥാർത്ഥസ്ഥാനം നല്കി.

ഇത്തരത്തിലുള്ള ഏതു സംഭവവും വികാരമിളക്കിവിടുകയും പരസ്പരവിരുദ്ധങ്ങളായ വ്യാഖ്യാനങ്ങൾക്കിടം നല്കുകയും ചെയ്യും. എന്നാൽ ഇക്കാര്യത്തിലാകട്ടെ, അഭിപ്രായഭിന്നതയുള്ളതു് സിദ്ധാന്തത്തെക്കുറിച്ചു മാത്രമല്ല, വസ്തുതകളെ സംബന്ധിച്ചുകൂടിയാണ്. റഷ്യയിലെ സ്ഥിതിഗതികളെപ്പററിയുള്ള ഏതു വീക്ഷണഗതിയേയും പിൻതാങ്ങുവാനുതകുന്ന, ഉള്ളതോ ഉണ്ടെന്നു പറയപ്പെടുന്നതോ ആയ യഥാർത്ഥവസ്തുതകൾ എത്രവേണമെങ്കിലും കിട്ടാനുണ്ടു്. എവിടെനിന്നു കിട്ടുന്ന വസ്തുതയാണ് ശരിയെന്ന കാര്യത്തിൽ മാത്രമേ സംശയമുള്ളു. അവിടെ വ്യവസായത്തിലും കൃഷിയിലും വമ്പിച്ച പുരോഗതിയുണ്ടായിരിക്കുന്നുവെന്നും, ഒരു യഥാർത്ഥ തൊഴിലാളി റിപ്പബ്ളിക്ക് സ്ഥാപിതമായിരിക്കുന്നുവെന്നും, ജനതയുടെ ഭൗതികവും സാംസ്കാരികവുമായ ജീവിതനിലവാരം സീമാതീതമായി വളന്നിട്ടുണ്ടെന്നും കാണിക്കുന്ന സ്ഥിതിവിവരക്കണക്കുകളും വസ്തുതകളും എത്രവേണമെങ്കിലും ഉദ്ധരിച്ചുവരുന്നുണ്ടു്. എന്നാൽ തൊഴിലാളി സർവ്വാധിപത്യം ആദ്യമായി തൊഴിലാളികളുടെമേൽ പാർട്ടിയുടെ സർവ്വാധിപത്യവും, പിന്നീടു പാർട്ടിയുടെമേൽ ചുരുക്കം ചില ഉദ്യോഗസ്ഥന്മാരുടെ സർവ്വാധിപത്യവും ആയിത്തീന്നിരിക്കുന്നുവെന്നും ഒടുവിൽ പറഞ്ഞ കൂട്ടർ തങ്ങളുടെ അധികാരം നിലനിത്തുന്നതിനുവേണ്ടി സാറിസ്റ്റ് ഭരണാധികാരികൾ ഉപയോഗിച്ചുവന്നിരുന്ന എല്ലാ മർദ്ദനനടപടികളും, സാങ്കേതികമായി വളരെയധികം പരിഷ്കരിച്ച നിലയിൽ, സ്വീകരിച്ചിരിക്കുന്നുവെന്നുമുള്ള അഭിപ്രായഗതിയെ പിൻ

താങ്ങുന്ന തെളിവുകളും ധാരാളം കിട്ടിവരുന്നുണ്ടു്. സാമൂഹ്യനിയന്ത്രണത്തിന്നു പകരം ഗവമ്മേണ്ടു നിയന്ത്രണം മാത്രമുള്ളതുകൊണ്ടു് വരുമാനത്തിൽ വമ്പിച്ച അസമതങ്ങളുള്ള സാമ്പത്തികവർഗ്ഗങ്ങൾ നിലനിന്നുപോരുന്നതിൻെറ തെളിവുകളും കിട്ടാനുണ്ടു്. വസ്തുതകളുടെ പ്രശ്നം തർക്കംകൊണ്ടു തീർക്കാവുന്നതല്ല. അതുകൊണ്ടു് ഇതുവരെ ലഭിച്ചിട്ടുള്ള തെളിവുകൾ ഏതു നിഗമനത്തിലേക്കാണു നയിക്കുന്നതെന്നതിനെപ്പററി എൻെറ മനസ്സിൽ യാതൊരു സംശയവുമില്ലെങ്കിലും, ഇതിലടങ്ങിയിരിക്കുന്ന വ്യത്യസ്തവസ്തുതകളുടെ പ്രശ്നത്തെപ്പററി ഞാൻ പ്രത്യേക ഒരു നിലപാടും സ്വീകരിക്കുന്നില്ല. അനിഷേധ്യമായ ചില വസ്തുതകളുണ്ടു്, നമ്മുടെ മുമ്പിലുള്ള പ്രശ്നത്തെ സംബന്ധിച്ചിടത്തോളം അതു മതിതാനും. "അദ്വൈത" രൂപത്തിലുള്ള ഒരു സിദ്ധാന്തം പ്രയോഗത്തിൽ വരുമ്പോൾ പത്രങ്ങൾ, റേഡിയോ, നാടകശാല, പരസ്പരസമ്പർക്കത്തിനുള്ള മററുപാധികൾ മുതലായവയെല്ലാംതന്നെ ഒരു കക്ഷിയുടെ നിയന്ത്രണത്തിലായിത്തീരുകയും സ്വകാര്യസംഭാഷണങ്ങളും സ്വകാര്യയോഗങ്ങളുംപോലും ഫലപ്രദമായി നിയന്ത്രിക്കപ്പെടുകയും ചെയ്യും. വസ്തുസ്ഥിതികളെക്കുറിച്ചുള്ള വമ്പിച്ച അഭിപ്രായഭിന്നതകൾക്കു് ഒരു പ്രധാന കാരണംതന്നെ പത്രങ്ങൾ, സഞ്ചാരം, കത്തിടപാടുകൾ, മററു വ്യക്തിപരമായ സമ്പർക്കങ്ങൾ ഇവയെല്ലാം ഫലപ്രദമായി നിയന്ത്രിക്കാൻ സർവ്വാധിപത്യത്തിനു കഴിയുന്നതുകൊണ്ടാണു്. തൽഫലമായി രാഷ്ട്രത്തെ സംബന്ധിക്കുന്ന യഥാർത്ഥ വിവരങ്ങളിൽ കൈവെക്കാൻ കഴിയുന്നവർ വളരെ ചുരുക്കം ചിലർ മാത്രമാണു്. ഈ ചുരുക്കം ആളുകളാകട്ടെ, സ്വതന്ത്രമായ അന്വേഷണങ്ങളേയും സ്വതന്ത്രമായ റിപ്പോർട്ടുകളേയും തടയുന്നതിൽ ഏററവുമധികം താല്പര്യമുള്ള ആളുകൾ തന്നെ ആയിരിക്കുമെന്നതാണു് മറെറാരു സവിശേഷത. വിശ്വാസം, അഭിപ്രായപ്രകടനം,

പത്രപ്രവത്തനം പൊതുയോഗംചേരൽ മുതലായവയ്ക്കുള്ള സ്വാതന്ത്ര്യം അടിച്ചമക്കപ്പെട്ടിരിക്കയാണെന്നതു് തക്കമററ വസ്തുതയാണു്. കാരണം സവ്വാധിപത്യത്തിൻെറ കാതലാണതു്; വിപ്ലവംകൊണ്ടു സ്ഥാപിക്കാൻ ശ്രമിച്ചുവരുന്ന തത്വസംഹിതയുടെ കാതൽ സവ്വാധിപത്യവുമാണല്ലോ! എതിരഭിപ്രായക്കാരെ ദ്രോഹിക്കയും ശിക്ഷിക്കയും ചെയ്യുന്നുണ്ടെന്നുള്ളതും അനിഷേധ്യമായ ഒരു വസ്തുതയാണു്. വിപ്ലവത്തിൻെറ ജനയിതാക്കളിൽ അല്പം ചില "മൈനർ"മാരൊഴിച്ചു് ബാക്കി എല്ലാവരേയും സ്ത്രീപുരുഷഭേദമെന്യേ, രാഷ്ട്രീയപ്രവത്തനത്തിൽനിന്നും ജീവിതത്തിൽനിന്നു തന്നെയും പിഴുതെറിയുന്നതിന്നുവേണ്ടിയുള്ള വിചാരണപരമ്പരകൾ നടന്നിട്ടുണ്ടു്. പ്രധാനപ്പെട്ട എല്ലാ പഴയ നേതാക്കളേയും നാടുകടത്തിയെന്നോ, തൂക്കിക്കൊന്നുവെന്നോ, ജയിലിലടച്ചുവെന്നോ ഉള്ള വസ്തുതയെപ്പററിയും രണ്ടഭിപ്രായമില്ല; അതിൻെറ ന്യായീകരണത്തെപ്പററി മാത്രമേ അഭിപ്രായവ്യത്യാസമുള്ളു. ഇവർ മനുഷ്യസ്വാതന്ത്ര്യലബ്ധിക്കവേണ്ടി തങ്ങൾ സംഘടിപ്പിച്ച മഹാപ്രസ്ഥാനത്തിൻെറ വഞ്ചകന്മാരായിരുന്നോ, അതോ സവ്വാധികാരവും കയ്യടക്കിവെക്കുവാൻ മോഹിച്ചിരുന്ന ഒരു "ക്ലിക്കി"ൻെറ ഇരകൾ മാത്രമായിരുന്നോ എന്ന കാര്യം ഇരിക്കട്ടെ. ആ വ്യത്യാസം ആ വ്യക്തികളുടെ സ്വഭാവത്തെ സംബന്ധിച്ചു് പ്രാധാന്യമേറിയതുതന്നെയെങ്കിലും, വഗ്ഗസമരവിപ്ലവത്തിൻെറ പിന്നിലുള്ള തത്വസംഹിതയെപ്പററി ഒരു വിധി കല്പിക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അത്ര സാരമുള്ളതല്ല.

അവിതക്കിതമായ വസ്തുതകൾ, ചരിത്രത്തിലെ മററു സംഭവങ്ങളിൽനിന്നു് ലഭിക്കുന്ന നിഗമനത്തെ ഉറപ്പിക്കുക മാത്രമാണു ചെയ്യുന്നതു്. അതായതു് കേവലതത്വങ്ങൾ അഭിപ്രായഭിന്നതയോടു് സഹിഷ്ണുത കാണിക്കയില്ല. കാരണം, "ഏകസത്യ"ത്തിൽനിന്നു ഭിന്നമായ ഒരഭിപ്രായം ധിഷണാ

പരമായ ഒരു തെററുമാത്രമല്ല, അതിനെക്കാൾ വലുതാണ്; ദുഷിച്ചതും അപകടം പിടിച്ചതുമായ സ്വേച്ഛാശക്തിയെയാണതു കാണിക്കുന്നതു്. കേവലതത്വം മതപരമാണെങ്കിൽ ഈ ദുഷിച്ച മാനസികപ്രവണതയെ ഒരുകൂട്ടം വാക്കുകൾകൊണ്ടും, കേവലതത്വം രാഷ്ട്രീയമാണെങ്കിൽ അതിനെ വേറൊരുകൂട്ടം വാക്കുകൾകൊണ്ടുമാണ് വിശേഷിപ്പിക്കുക. ആദ്യത്തേതു് "ദൈവദൂഷ്യം", രണ്ടാമത്തേതു് "പ്രതിവിപ്ലവം." രണ്ടിലും പ്രകടിതമായിക്കാണുന്ന മനശ്ശാസ്ത്രപരവും ധാർമ്മികവുമായ മനോഭാവങ്ങളും തൽഫലമായുള്ള പ്രവർത്തനരീതികളും ഒരേതരത്തിലുള്ളവയാണെന്നതു് വിചിത്രമായിരിക്കുന്നു. പ്രത്യേക സംഭവങ്ങളെ സംബന്ധിച്ചിടത്തോളം സാമാന്യതത്വങ്ങളൊന്നുംതന്നെ സ്വയം വിശദീകരണം നല്കുന്നതല്ല. ഓരോ പ്രത്യേക സന്ദർഭത്തിലും സംഭവവികാസത്തിലും സാമാന്യതത്വത്തിനുള്ള ബന്ധവും പ്രാധാന്യവും വിശദമാക്കാൻ കഴിയും. അധികാരമുള്ള ചില ആളുകൾ ഉണ്ടായിരിക്കണം, എന്നാൽ വെറുതെ വിശദീകരണം നല്കാൻ മാത്രം ആളുണ്ടായാൽപോരാ; തങ്ങളുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്താനും അവക്ക് അധികാരമുണ്ടായിരിക്കണം. തങ്ങൾക്കു ലഭിച്ച അധികാരം എങ്ങനെ ഉപയോഗിക്കുന്നുവെന്നു് ആരോടും കണക്കുപറയാനില്ലാത്ത ആളുകൾക്കു് അത്തരം അധികാരം നല്കിയാലുള്ള അപകടങ്ങൾ ജനാധിപത്യവ്യവസ്ഥയിൽ സർവ്വസാധാരണമാണ്. ഏകപക്ഷീയമായ നിരുത്തരവാദിത്വം ഏതു തത്വസംഹിതയുടെ പേരിലാണോ അധികാരം നടപ്പിലാക്കുന്നതു് ആ തത്വത്തിൻെറ കേവലതത്വത്തിനോടു് പ്രത്യക്ഷ്യാനുപാതികബന്ധമുള്ളതായിരിക്കും. "ദൈവദൂഷ്യ"ത്തിന്നും "പ്രതിവിപ്ലവ"ത്തിന്നും എതിരായി ആ തത്വസംഹിതകളുടെ യഥാർത്ഥപ്രതിനിധികളെന്നു കരുതപ്പെടുന്ന ആളുകൾക്കു് അതിൻെറ പരമലക്ഷ്യങ്ങളെക്കുറിച്ചു് അവസാനതീരുമാനമെടു

ക്കാനുള്ള അധികാരം കല്പിച്ചുകൊടുക്കുന്നു. രാജാധികാരത്തിന്നു ചുററും ഒരു കാലത്തു ദിവ്യത്വം വലയം ചെയ്തിരുന്നു. റഷ്യയിൽ കൂട്ടപ്രവർത്തനത്തിൻെറ പ്രാമാണ്യവും പ്രാധാന്യവും സ്ഥാപിക്കുന്നതിനായി ആദ്യകാലങ്ങളിൽ വ്യക്തിപ്രതാപത്തെ അധിക്ഷേപിച്ചിരുന്നെങ്കിലും, പിന്നീട് "നേതാവി"ൻെറ സ്തുതിഗായകന്മാർക്ക് വഴിതുറന്നുകൊടുത്തിട്ടുണ്ട്.

ഗവർമ്മെണ്ടിൻെറ മർദ്ദനാധികാരശക്തിയെന്ന നിലയിൽ വർത്തിക്കുന്ന "സ്റ്റെയിററു്" കൊഴിഞ്ഞുപോവുന്നില്ലെന്നുള്ളതു് അവിതർക്കിതമായ മറെറാരു സംഗതിയാണ്. പകരം സ്റ്റെയിററിൻെറ അധികാരപരിധിയും, അധികാരശക്തിയും വർദ്ധിക്കുന്നതായിട്ടാണ് കണ്ടുവരുന്നതു്. പാർട്ടിയിലും ട്രെയിഡുയൂണിയനുകളിലും, പ്രാഥമിക സോവ്യററുകളിലുമുള്ള സ്വതന്ത്രഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ "പ്രതിവിപ്ലവ"പരമോ തൊഴിലാളി സർവ്വാധിപത്യവിരുദ്ധമോ ആയ പ്രവർത്തനങ്ങളായിട്ടാണ് മുദ്രകുത്തുന്നതു്. അധികാരം കയ്യടക്കിവെച്ചിരിക്കുന്ന ഒരു വർഗ്ഗം അതിനേക്കാൾ പ്രബലമായ ഒരു ശക്തി നിർബ്ബന്ധിച്ചാലല്ലാതെ സ്വമേധയാ അധികാരം കൈവെടിയുകയില്ലെന്നുള്ളതു് മാർക്സിസ്റ്റ് തത്വസംഹിതയുടെ ഒരു മൗലികവസ്തുതയാണ്. ഇന്ന് അധികാരം കയ്യടക്കിവെച്ചിരിക്കുന്നവരെ ഈ തത്വം എങ്ങനെ ബാധിക്കുന്നുവെന്നതു് ദ്വന്ദ്വമാനസിദ്ധാന്തത്തിലെ "വൈരുദ്ധ്യ"ങ്ങളിൽ ഒന്നാണ്. മാർക്സിസ്റ്റു വിശ്വാസികൾക്കിടയിലുണ്ടാകാവുന്ന തെററിപ്പിരിയലുകളും ശത്രുകണക്കെയുള്ള ഉൾപ്പോരുകളുമെല്ലാം വർഗ്ഗസമരസിദ്ധാന്തത്തിൻെറ ദ്വന്ദ്വമാന വൈരുദ്ധ്യമല്ലേ കാണിക്കുന്നതു് എന്നു ചോദിക്കുന്നതു നന്നായിരിക്കും.

വ്യക്തിപരമായ വെറുപ്പ്, സാമ്പത്തികശക്തികളുടെ സ്വാധീനവലയത്തിന്നതീതമാണെന്നു മൗലിക മാർക്സിസ്റ്റ് സിദ്ധാന്തം ഉൽഘോഷിക്കുന്നുണ്ടെങ്കിലും, മാർക്സിസത്തെക്കു

റിച്ചു് അഭിപ്രായവ്യത്യാസമുള്ളവരോട്ട്, യാഥാസ്ഥിതിക മാർക്സിസ്റ്റുകൾ പ്രകടിപ്പിക്കുന്ന വിഷകലുഷിതവൈരവും വൈരാഗ്യവും ചരിത്രത്തിൽ ഏതെങ്കിലും മതത്തെ സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ എന്ന സംശയമാണു്. മുതലാളിത്തത്തിന്റെ പ്രതിനിധികളോടുള്ളതിലും കൂടുതലാണു് ഒരു യാഥാസ്ഥിതിക മാർക്സിസ്റ്റിന്നു് മാർക്സിസത്തിന്റെ ചില ഭാഗങ്ങളോടു മാത്രം അഭിപ്രായവ്യത്യാസമുള്ളവരോടുള്ള വെറുപ്പു്. കാരണം, അവർ "മതനിന്ദ"യാണു ചെയ്യുന്നതു്; മററവരാകട്ടെ സ്വാഭാവികമായി "ഇതരമതവിശ്വാസി"കളുമാണു്. അറിയായ്മകൊണ്ടെതിക്കുന്ന "പ്രാകൃതരും" അറിഞ്ഞുകൊണ്ടു "മതനിന്ദ" ചെയ്യുന്നവരും തമ്മിൽ വ്യത്യാസമുണ്ടല്ലോ. സ്വേച്ഛാധിപത്യം നിലവിലുള്ളിടത്തു് ബലംപ്രയോഗിച്ചു "മതനിന്ദ" തടയുന്നു എന്നാൽ അമേരിക്കപോലുള്ള രാജ്യങ്ങളിൽ അതിന്നുപകരം പരസ്യമായി പുലഭ്യം പറയുന്നു, "ഫാഷിസ്റ്റ്", "ഫാഷിസ്റ്റ് സ്നേഹി" തുടങ്ങിയ പദങ്ങൾ ഇതിന്നുദാഹരണമായെടുക്കാം. ലിബെറൽ മനസ്ഥിതിക്കാരായ ആളുകൾ റഷ്യൻ സർവ്വാധിപത്യത്തോടു് അനുഭാവം പ്രകടിപ്പിച്ചുകാണുന്നതിൽ അത്ഭുതമില്ല. സാർഭരണം അവസാനിച്ചശേഷം റഷ്യയിൽ പല തുറകളിലും വമ്പിച്ച പുരോഗതിയുണ്ടായിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണു്. അവയെല്ലാം പ്രത്യക്ഷദൃഷ്ടവും പ്രസിദ്ധീകൃതവുമാണു്. എന്നാൽ രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ച സ്ഥിതി അതല്ല; സീലുവച്ചു പൂട്ടിയ ഒരദ്ധ്യായമാണതു്. ഇന്നാട്ടിൽ നിലവിലുള്ള സാമ്പത്തിക വ്യവസ്ഥിതി തങ്ങൾക്കു പ്രതിബന്ധമാണെന്നു വിശ്വസിക്കുന്നവർ അത്തരം വ്യവസ്ഥിതി മററൊരു നാട്ടിൽ തകിടംമറിക്കപ്പെട്ടതു കാണുമ്പോൾ ആവേശഭരിതരായിത്തീരുന്നുവെന്നതും സ്വാധീനമുള്ള വസ്തുതതന്നെയാണു്. സാമൂഹ്യരാഷ്ട്രീയ തത്വശാസ്ത്രങ്ങളെ നാം വളരെ

കാര്യമായെടുക്കുന്നില്ല എന്നൊരാക്ഷേപവുമുണ്ട്. പരീക്ഷിച്ചുനോക്കേണ്ടതോ, പ്രായോഗികമൂല്യങ്ങളുള്ളതോ ആയ മുദ്രാവാക്യങ്ങളായി മാത്രമേ നാം അവയെ കണക്കാക്കാറുള്ളു. യൂറോപ്പിലുള്ളവക്ക്, പ്രത്യേകിച്ചും ജമ്മൻ ആശയങ്ങളുടെ സ്വാധീനത്തിൽപ്പെട്ടവക്ക്, നമുക്ക് കേവലസിദ്ധാന്തത്തിനോടുള്ളതിനേക്കാൾ പരീക്ഷണനിയുക്തമായ പ്രായോഗികപ്രവത്തനങ്ങളോട് അവജ്ഞയുണ്ടെന്നു് നാം അധികം മനസ്സിലാക്കിയിട്ടില്ല. മാത്രമല്ല, ദൗർഭാഗ്യകരമായ സംഭവങ്ങളുണ്ടായിത്തീരുമ്പോൾ അവ മുമ്പുണ്ടായിരുന്ന സ്വേച്ഛാധിപത്യത്തിന്റെ അവശിഷ്ടവാസനകളുടെ ഫലമാണെന്നോ, ഒരുതരം "ഏഷ്യാററിക്ക് മനസ്ഥിതി"യുടെ പ്രകടനമാണെന്നോ വ്യാഖ്യാനിക്കാൻ എളുപ്പമാണു്. എങ്കിലും, മാർക്സിസ്റ്റ്രീതിയിലുള്ള ഒരു "അദ്വൈത"സിദ്ധാന്തത്തിന്നു് പ്രചാരവും സ്വാധീനവും ലഭിക്കാൻ സഹായിച്ചിട്ടുള്ളതു് വാസ്തവത്തിൽ ഈ മനോഭാവമാണു്.

ഇതുവരെ പറഞ്ഞതൊന്നും സാമ്പത്തികഘടകങ്ങൾക്കു് സാംസ്കാരികഘടകങ്ങളുടെയോ രാഷ്ട്രീയഘടകങ്ങളുടെയോ മേലുള്ള സ്വാധീനശക്തി നിഷേധിക്കുന്നില്ല. എങ്കിലും സാമ്പത്തികപരിവത്തനങ്ങൾ ഉണ്ടാക്കിത്തീക്കുന്നതിൽ, സ്വാതന്ത്ര്യത്തിന്റെ താല്പര്യം പരിഗണിച്ചുകൊണ്ടു്, ജനാധിപത്യമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കപ്പെട്ടിരുന്നു. ഇന്നത്തെ വ്യാവസായിക—വ്യാപാരമേധാവിത്വം ജനാധിപത്യലക്ഷ്യങ്ങൾക്കും മാർഗ്ഗങ്ങൾക്കും വരുത്തിവെച്ചിട്ടുള്ള ദ്രോഹഫലങ്ങൾ മററു പലരോടൊപ്പം ഞാനും അപ്പോഴപ്പോഴായി ചൂണ്ടിക്കാട്ടിയിട്ടുണ്ടു്. അതിൽ എനിക്കു യാതൊന്നും പിൻവലിക്കണമെന്നു തോന്നിയിട്ടില്ല. എന്നാൽ ഞാനടക്കമുള്ള വിമർശകന്മാർ നല്ലപോലെ മനസ്സിലാക്കിയിട്ടില്ലാത്ത ഒരു വസ്തുത സവ്വാധിപത്യരാഷ്ട്രങ്ങളിലെ സ്ഥിതിഗതികൾ വെളിവാക്കുന്നു

ണ്ടു്. വിമർശനങ്ങൾക്കും ചർച്ചകൾക്കും പ്രോത്സാഹനം നല്കുന്നതും സ്വമേധയാ ഒന്നായിച്ചേരാൻ സൗകര്യമുള്ളതുമായ വ്യവസ്ഥിതികൾ നിലവിലുള്ളതുകൊണ്ടു്, വോട്ടവകാശവും ജനപ്രാതിനിധ്യവുമുള്ള ഒരു രാജ്യവും സ്വേച്ഛാധിപത്യഭരണമുള്ള ഒരു രാജ്യവും തമ്മിലുള്ള അന്തരം വ്യക്തമായിത്തീർന്നിരിക്കുന്നു. സ്വേച്ഛാധിപത്യഭരണംതന്നെ രണ്ടുതരത്തിലുണ്ടു്—ഇടതുപക്ഷ സ്വേച്ഛാധിപത്യവും, വലതുപക്ഷ സ്വേച്ഛാധിപത്യവും. അവരുടെ പ്രവർത്തനരീതികൾ അന്യോന്യം സ്വീകരിച്ചുവരുന്തോറും അവ തമ്മിലുള്ള വ്യത്യാസങ്ങൾ കുറഞ്ഞുകുറഞ്ഞുവരികയാണെന്നുമാത്രം. ജനാധിപത്യരാഷ്ട്രങ്ങളിലെ ഭരണകൂടം മുതലാളിവർഗ്ഗത്തിന്റെ ചട്ടുകം മാത്രമാണു്; നിയമസഭ, കോടതി, പട്ടാളം, പോലീസ് മുതലായവയെല്ലാം കയ്യടക്കിവെച്ചു് തങ്ങളുടെ വർഗ്ഗമേധാവിത്വം നിലനിർത്താൻ അവർക്കു കഴിയുന്നു, എന്നൊക്കെയാണു് മാർക്സിസ്റ്റ്സിദ്ധാന്തം. എന്നാൽ ഗവർമ്മേണ്ടിന്റെ ചെയ്തികളെക്കുറിച്ചു് അനുസ്യൂതമായ വിമർശനങ്ങൾ, വ്യത്യസ്തലക്ഷ്യങ്ങളോടുകൂടിയ ഒന്നിലധികം രാഷ്ട്രീയപാർട്ടികൾ, ഇടയ്ക്കിടെയുള്ള തിരഞ്ഞെടുപ്പുകൾ, ഭൂരിപക്ഷഭരണസമ്പ്രദായത്തിന്റെ ഭാഗമായ പൊതുചർച്ചകളും പൊതുജനാഭിപ്രായരൂപവൽക്കരണവും; ഇവയ്ക്കെല്ലാം രാഷ്ട്രീയജീവിതത്തിൽ വമ്പിച്ച സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ടു്. മാത്രമല്ല, നിരവധി സാംസ്കാരികഘടകങ്ങളുടെ പരസ്പര പ്രവർത്തനങ്ങൾക്കിടയിലുള്ള ഒരു ഘടകം മാത്രമാണു് രാഷ്ട്രീയപ്രവർത്തനം. ഈ രണ്ടു വസ്തുതകളുടെയും മൂല്യം ജനാധിപത്യത്തിന്റെ വിമർശകന്മാർ മനസ്സിലാക്കിയിട്ടില്ല. സർവ്വാധിപത്യരാഷ്ട്രീയ നിയന്ത്രണവുമായി തട്ടിച്ചുനോക്കുമ്പോൾ, നമ്മുടെ രാഷ്ട്രീയജനാധിപത്യം കൂടുതൽ ഔപചാരികമാണെന്ന വിമർശനം നാം സ്വീകരിക്കുകയാണെങ്കിൽ ഈ കാര്യത്തിനു പ്രസക്തികൂടുന്നുണ്ടു്. രാഷ്ട്രീയസാമ്പത്തികശ

കതികൾക്കു് കീഴ്പ്പെട്ടതാണെന്ന വാദം അവ്യക്തവും ബ ഹുമുഖവുമായ സാമൂഹ്യശക്തികളുടെ പ്രവൎത്തനത്തിൽ വി ശ്വസിക്കാൻ പരിശീലിച്ചുപോന്നിട്ടുള്ളവക്കു് അൎത്ഥവത്താ യിതോന്നിയേക്കാം. എന്നാൽ ഈ സാമൂഹ്യശക്തികളധി കവും വ്യക്തമായ യാതൊരു സാമ്പത്തിക—രാഷ്ട്രീയബന്ധ വും ഇല്ലാത്തവയാണു്. ജനാധിപത്യപാരമ്പര്യമില്ലാത്ത രാജ്യങ്ങളിൽ അത്തരം ശക്തികൾക്കു് യാതൊരൎത്ഥവുമുണ്ടാ യിരിക്കാനും നിവൃത്തിയില്ല. ഇംഗ്ലണ്ടിലെപ്പോലെ രാഷ്ട്രീ യത്തിൽ വലിയ താല്പര്യം ഈ നാട്ടിൽ എന്താണുണ്ടാവാത്ത തെന്നു് ഇംഗ്ലീഷുകാൎക്കുപോലും മനസ്സിലാക്കാൻ വിഷമമാ യിരിക്കുന്നു. നമ്മുടെ ഇടയിൽ ഇതിൻെറ ഫലമായി സമ ഗ്രതക്കുറവോ, ലക്ഷ്യത്തിലും നടപടികളിലും അവ്യക്തത യൊ ആണുണ്ടായിട്ടുള്ളതെങ്കിൽ, അതു കാരണമായി ഒരുത രം നീതിന്യായബോധവും സാമൂഹ്യകാര്യങ്ങളിൽ സമചി ത്തതയുംകൂടെ ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. എന്തെങ്കിലും സാമൂഹ്യഫലം ഉണ്ടാക്കുന്നതിൽ പല വിഭി ന്നഘടകങ്ങൾക്കുമുള്ള പങ്കു് നാം വകവെച്ചുകൊടുക്കുന്നു. ഏതെങ്കിലും ഒരു പ്രത്യേക നടപടിയെക്കുറിച്ചോ, ലക്ഷ്യ ത്തെക്കുറിച്ചോ, അപ്പോഴപ്പോഴായി നാം കൂടുതൽ ഊന്നിപ്പ റഞ്ഞെന്നുവരാം. എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക പ്ര വണത മററു പ്രവണതകളുമായി ഏററുമുട്ടുകയും പരസ്പരം പ്രവൎത്തിക്കുകയും ചെയ്യുന്നതുകൊണ്ടു് അവയെ "ശരാശരി" യിൽ നിൎത്താൻ ജനാധിപത്യത്തിന്നു ഇന്നാട്ടിൽ കഴിവു ണ്ടു്. വിമൎശിക്കാനെളുപ്പമുള്ള വിശേഷത അതിന്നുണ്ടു്. "അദ്വൈത" ആശയങ്ങൾ പ്രവൎത്തനരംഗത്തു വരുമ്പോ ളുണ്ടാവുന്ന "മതഭ്രാന്തു"മായി താരതമ്യപ്പെടുത്തി നോക്കു മ്പോൾ ഈ "ശരാശരി" നിലവാരത്തിലേയ്ക്കു നീങ്ങിക്കൊ ണ്ടിരിക്കുന്ന പ്രവണതകളുടെ ചിത്രം ഒരു മഹാത്ഭുതംത ന്നെയാണു്. എന്നാൽ സങ്കല്പത്തിൽ വിഭാവനം ചെയ്യാനു

ളള കഴിവും വാസനയും വർദ്ധിച്ചുവന്നിട്ടുള്ളതുകൊണ്ടു്, റഷ്യയെപ്പോലെ ഒരു ഏകഘടകശില്പത്തെ അഭികാമ്യമായി കരുതുന്ന രാജ്യങ്ങളിലെ സ്ഥിതികൾ ആദർശപരമായി കണക്കാക്കാൻ എളുപ്പമായിത്തീന്നിരിക്കുന്നു. സാധാരണക്കാരൻ വെറും സാധാരണക്കാരൻതന്നെയാണു്. അതുകൊണ്ടുതന്നെ അവൻ കാര്യങ്ങൾ തുലനംചെയ്തുനോക്കുന്നു. ജനാധിപത്യത്തിൻെറ ഏററവും വലിയ രക്ഷാമാർഗ്ഗവും അതാണു്—ഏതു നിയമനിബന്ധനകളെക്കാളും, ഏതു ഭരണഘടനയെക്കാളും.

പരീക്ഷണമാർഗ്ഗം, നാനാധികാരമാർഗ്ഗം, പ്രയോഗാത്മകമാർഗ്ഗം എന്നിവയെ അന്ധമായി ആരാധിക്കണമെന്നല്ല ഇതിൽനിന്നു ലഭിക്കുന്ന ഗുണപാഠം. പിന്നെയോ, ആശയങ്ങളുടെ പ്രാധാന്യത്തെയും നാനാധീശത്വത്തെയും പരീക്ഷണങ്ങളിൽ ഉപാധിയാക്കണമെന്നാണു്. ആലോചനാരഹിതമായ പരീക്ഷണമാർഗ്ഗം അണിയറയിൽ രഹസ്യമായ ഏച്ചുകൂട്ടലുകൾക്കും കണക്കൊപ്പിക്കലുകൾക്കും അവസരം നൽകുന്നു. സാമാന്യബുദ്ധിനിയുക്തമായ നയപരിപാടികളാണു് നാം പിൻതുടരുന്നതെങ്കിൽക്കൂടി, സാമാന്യാശയങ്ങളുടെ വെളിച്ചത്തിൽ സ്ഥിതിഗതികൾ സസൂക്ഷ്മം കണ്ടു മനസ്സിലാക്കുന്നില്ലെങ്കിൽ ജനാധിപത്യക്കുപ്പായമണിഞ്ഞതും യഥാർത്ഥത്തിൽ സ്വാതന്ത്ര്യത്തെ തുരങ്കംവെക്കുന്നതുമായ ശക്തികളായിരിക്കും നമ്മെ വാസ്തവത്തിൽ നയിച്ചുകൊണ്ടിരിക്കുക.

അനുഭവങ്ങളും പരിചയങ്ങളും പാകത പ്രാപിക്കുമ്പോളുണ്ടാവുന്ന മാർഗ്ഗത്തിൻെറ മാതൃകയാണു് ശാസ്ത്രീയമായ പരീക്ഷണമാർഗ്ഗം. പ്രകടിതവും പരീക്ഷണവിധേയവുമായ ആശയങ്ങളോടു് യാതൊരു ബന്ധമില്ലാത്തതും അവയാൽ നിയന്ത്രിക്കപ്പെടാത്തതുമായ തെററു ചെയ്യലും തെററു തിരുത്തലും നടന്നുകൊണ്ടേയിരിക്കുന്ന "ആഭാസ"പരീക്ഷണപഥം

ശാസ്ത്രീയമാണ്ടമല്ല. സത്യം ഒന്നേയുള്ളൂ; ആ സത്യം ഒരു ഗ്രൂപ്പിൻെറയോ കക്ഷിയുടെയോ അട്ടിപ്പേറവകാശമാണ്;—ഇങ്ങനെ വിശ്വസിക്കുന്ന കേവലതത്വത്തിനോട്ടം ശാസ്ത്രം എതിരാണ്. ആധുനിക "കമ്യൂണിസ്റ്റ്" ചിന്ത എത്രത്തോളം അധികൃതമായി "അദ്വൈത" രൂപത്തിലുള്ളതാണെന്ന്—അതായത് എത്രത്തോളം ഐകരൂപ്യനിയമമനുസരിച്ചുള്ളതാണെന്ന്—കാണിക്കാൻ നമുക്ക് ജോൺ സ്ട്രാച്ചിയെ ഉദ്ധരിക്കാം. അദ്ദേഹം ഒരു ഇംഗ്ലീഷുകാരനാണ്, റഷ്യക്കാരനല്ല. അദ്ദേഹം പറയുന്നു റഷ്യക്കു പുറത്തുള്ള കമ്യൂണിസ്റ്റ്പാർട്ടികൾപോലും "വിഭിന്നമായ അഭിപ്രായങ്ങളുണ്ടെന്നനുവദിക്കാൻ കൂട്ടാക്കാത്തതുകൊണ്ട്, സോഷ്യലിസം ശാസ്ത്രീയമാണെന്ന അവകാശവാദം ഉറപ്പിച്ചു സ്ഥാപിക്കാൻ മാത്രമാണ് ശ്രമിക്കുന്നത്." ഈ പ്രസ്താവനയിൽ കാണുന്നതിനേക്കാൾ ഭംഗിയായും പ്രത്യക്ഷമായും ശാസ്ത്രീയവും ജനാധിപത്യപരവും ആയ സിദ്ധാന്തങ്ങൾക്കവശ്യം ആവശ്യമായ ഗുണങ്ങൾ നിഷേധിക്കാൻ വിഷമമായിരിക്കും, അസാദ്ധ്യമായിരിക്കും. മാർക്സിസ്റ്റ് തത്വസംഹിത അപ്പടി സ്വീകരിക്കുന്നതിൽ സാഹിത്യകാരന്മാർ മുന്നണിയിൽ നില്ക്കുന്നതിൻെറ രഹസ്യം ഇതിലടങ്ങിയിട്ടുണ്ട്. അവർക്ക് ശാസ്ത്രീയമനോഭാവം കുറവായതുകൊണ്ട് "ശാസ്ത്രം" ഒരിക്കലും തെററുപററാത്ത ഒരു പുതിയ സാധനമാണെന്ന് എളുപ്പം വിശ്വസിക്കാൻ കഴിയുന്നു.

ഭൗതികമോ സാമൂഹ്യമോ ആയ പരിവർത്തനത്തെക്കുറിച്ച് പരമമായ സത്യം സ്ഥാപിക്കയാണെന്നവകാശപ്പെട്ടുന്ന മാർക്സിസംപോലുള്ള ഒരു സാമാന്യതത്വത്തിനും യഥാർത്ഥ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതനുസരിച്ച് സ്വീകരിക്കപ്പെട്ടുവരുന്ന സാമാന്യാശയത്തിൻെറ പ്രാധാന്യവും സവിശേഷതയും മുൻകൂട്ടി നിർണ്ണയിക്കാൻ കഴിയുകയില്ല. ദൈനംദിനജീവിതത്തിൽ ഒരു സിദ്ധാന്തംകൊണ്ടുള്ള

ഉപയോഗവും അതിൻെറ വിലയും ഒന്നുമാത്രമാണ്. യഥാർത്ഥ സംഭവങ്ങളെ ആ സിദ്ധാന്തത്തിൻെറ വെളിച്ചത്തിൽ നോക്കിയാൽ അവയുടെ പരസ്പര പ്രവർത്തനത്തിൽ അതിനുള്ള പ്രത്യേകതയെന്തെന്നറിയാൻ കഴിയണം. ആശയങ്ങളുടെ ഐക്യരൂപംകൊണ്ടുണ്ടായിത്തീരുന്ന ഫലം സാമാന്യതത്വങ്ങൾക്കുമുപരിയായി വിധിയും വിധിന്യായവും നല്കാൻ തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചില വ്യക്തികളുടെ ആവിർഭാവമാണ്. "എന്തു ചെയ്യണം?" എന്ന മുഖ്യ വസ്തുതയെ സംബന്ധിച്ച് തത്വസംഹിത സൂചിപ്പിക്കുന്നതെന്തെന്ന് നിർണ്ണയിക്കുന്നവർ, ആ തത്വസംഹിതക്കു വിധേയമായാണ് പ്രവർത്തിക്കുന്നതെന്നവകാശപ്പെടുന്നുണ്ടെങ്കിൽക്കൂടി വാസ്തവത്തിൽ അതിനുപരിയായിരിക്കും. അഭിപ്രായത്തിൽ ഐകരൂപ്യം വേണമെന്നും, വിരുദ്ധാഭിപ്രായഗതികൾ അനുവദിക്കരുതെന്നും ആവശ്യപ്പെട്ടപ്പോൾ, അതിന്ന് ഒരു പാർട്ടി അത്യന്താപേക്ഷിതമായിത്തീരുന്നു. പ്രത്യേക സംഭവവികാസങ്ങൾ ഉണ്ടാവുമ്പോൾ യഥാർത്ഥമായ "പരമസത്യം" എന്താണെന്നു നിർണ്ണയിക്കുവാൻ പാർട്ടിക്കകത്തു ചുരുക്കം ചിലരടങ്ങുന്ന ഒരു കൗൺസിലും ആവശ്യമായിത്തീരുന്നു. മാത്രമല്ല, തുടർച്ചയായിവരുന്ന പരസ്പരവിരുദ്ധങ്ങളായ നയപരിപാടികൾ തികച്ചും വൈരുദ്ധ്യരഹിതമാണെന്ന് തെളിയിക്കാനും വിശദീകരിക്കാനും മാത്രം ക്രമപ്രകാരമുള്ള ചില സാങ്കേതിക പ്രയോഗങ്ങളും കൂടിയേതീരു. ഒരു കാലത്ത് ജനാധിപത്യത്തെ ഇടത്തരക്കാരുടെ മുതലാളിത്തമെന്നു വിളിച്ചിരുന്നവരും, മററല്ലാ സോഷ്യലിസ്റ്റ്കാരെയും "സോഷ്യൽ ഫാഷിസ്റ്റുകളെ"ന്നു മുദ്രകുത്തിയിരുന്നവരും പിന്നീട്ട് ജനകീയൈക്യമുന്നണിനയം സ്വീകരിക്കുകയും, ബോൾഷെവിസത്തെ ഇരുപതാംനൂററാണ്ടിലെ ജനാധിപത്യ വ്യവസ്ഥയെന്നു വിശേഷിപ്പിക്കയും ചെയ്യാൻ തുടങ്ങി. അതുപോലെതന്നെ നാസിജർമ്മനിയെ കലശലായി അധിക്ഷേ

പിച്ചവർതന്നെ പിന്നീടതിനോട്ട സഖ്യമുണ്ടാക്കുകയും, കുറച്ചു കഴിഞ്ഞു മാററനീയമായ ലോകസമാധാനതാല്പര്യം മുൻനിർത്തി, അന്താരാഷ്ട്രീയവും ആഭ്യന്തരവുമായ അനവധി യുദ്ധങ്ങൾക്കുശേഷം കമ്യൂണിസത്തിനു മാത്രമേ ലോകസമാധാനം കൈവരുത്തുവാൻ കഴിയുകയുള്ളു എന്ന "യാഥാസ്ഥിതിക" നയം തന്നെ സ്വീകരിക്കയും ചെയ്തിരിക്കുന്നു. ശാസ്ത്രീയമാർഗ്ഗമാകട്ടെ പരമ സത്യത്തിനു പകരം ഒരു പ്രവർത്തനമാർഗ്ഗം അടിസ്ഥാനമാക്കിയിരിക്കകൊണ്ടു്, പരമസത്യം യഥാർത്ഥത്തിൽ എന്താണെന്നു പ്രഖ്യാപിക്കുന്നതിന്നു് ഒരു കൗൺസിലിൻെറ സഹായംതേടാൻ നിർബ്ബന്ധിതമാകുന്നില്ല. വ്യക്തമായ വൈരുദ്ധ്യങ്ങളെ വിശദീകരിച്ചു് നേരെയാക്കുന്നതിന്നു് മതാചാരങ്ങളിൽ കണ്ടുവരുന്ന സമ്പ്രദായങ്ങൾ തുടരാനും ശാസ്ത്രം നിർബ്ബന്ധിതമാകുന്നില്ല. നിരീക്ഷണവിധേയമായ വസ്തുതകൾ ഉപോൽബലകമായുണ്ടായിരിക്കുന്നിടത്തോളം വിരുദ്ധാഭിപ്രായങ്ങളുടെ സംഘട്ടനം ശാസ്ത്രം സ്വാഗതാർഹമായി പരിഗണിക്കുന്നു.

മനുഷ്യപ്രകൃതിയുടെ ഘടകങ്ങൾ തമ്മിലുള്ള പരസ്പരപ്രവർത്തനങ്ങളിൽനിന്നു് വ്യത്യസ്തവും വ്യതിരിക്തവും നിർവ്വികാരവും യഥാർത്ഥവുമായ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ഒരു ഏകരൂപസിദ്ധാന്ത മാതൃകയായി മാർക്സിസം കണക്കാക്കപ്പെടുന്നതുകൊണ്ടു്, മനുഷ്യപ്രകൃതിയുടെ അവഗണനയെപ്പററിയും ചിലതെല്ലാം പറയേണ്ടിയിരിക്കുന്നു. കാരണം ഒരു പ്രായോഗികതത്വസംഹിത എന്ന നിലയ്ക്കെങ്കിലും മാർക്സിസം സ്വാർത്ഥതാല്പര്യപ്രേരണാശക്തിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണെന്ന പ്രസ്താവനയെ അതു നിഷേധിക്കുന്നു. മാർക്സിസ്റ്റേതരന്മാർ ഒരാരോപണമെന്നനിലയ്ക്കാണു് ഈ പ്രസ്താവന ചെയ്യുന്നതു്; എന്നാൽ ചില മാർക്സിസ്റ്റു ഗ്രന്ഥങ്ങളിൽതന്നെ ഈ പ്രസ്താവന കണ്ടെന്നുവരാം. വാസ്തവത്തിൽ യഥാർത്ഥ മാർക്സിസ്റ്റ്തത്വ

ത്തെ—അതായതു് ഉല്പാദനശക്തികളാണു് ഏകകകാരണശക്തിയെന്ന മാർക്സിസ്റ്റ്തത്വത്തെ—നിഷേധിക്കയാണിതുകൊണ്ടു സാധിക്കുന്നതു്. എന്തെന്നാൽ ഈ അഭിപ്രായപ്രകാരം, മനുഷ്യപ്രകൃതിയുടെ എല്ലാ ഘടകങ്ങളുംതന്നെ ബാഹ്യമായ ഭൗതികസാമ്പത്തികശക്തികളാൽ രൂപപ്പെടുത്തപ്പെട്ടവയാണു്. മനുഷ്യപ്രകൃതിയുടെ ഏതെങ്കിലും ഒരംശത്തിനു് പ്രത്യേകം അംഗീകാരം നൽകുകയെന്നുവെച്ചാൽ, മാർക്സിസ്റ്റ്വീക്ഷണത്തിൽ, അതു് ആശയവാദസിദ്ധാന്തത്തിലേക്കു മടങ്ങുകയായിരിക്കും. അതിന്റെ നാശത്തിനു വേണ്ടിയാണല്ലോ മാർക്സിസം ഉജ്ജാതമായതു്!

ഉല്പാദനശക്തികളുടെ സ്ഥിതിഗതികൾ മുൻകൂട്ടി നിർണ്ണയിച്ചതരത്തിലല്ലാതെ, മനുഷ്യപ്രകൃതിയുടെ ഘടകങ്ങൾക്കു് സ്വന്തമായി നിർദ്ദിഷ്ടഫലം കൈവരുത്തുവാൻ കഴിവില്ലെന്നു സ്ഥാപിക്കാൻ മാർക്സിസം ശ്രമിക്കുന്നു എന്നാണു് ന്യായമായ മറെറാരു വിമർശനം. "ഉട്ടോപ്യൻ" സോഷ്യലിസ്റ്റ് ചിന്താക്രമങ്ങളുടെ സ്ഥാനം മാർക്സിസം കൈവശപ്പെടുത്തിയതായി അവകാശപ്പെട്ടപ്പോൾ മനശ്ശാസ്ത്രപരവും ധാർമ്മികവുമായ പല പരിഗണനകളും അതിലടങ്ങിയിട്ടുണ്ടു്. മാർക്സിസ്റ്റുതത്വസംഹിതക്കു് ഈ അവകാശവാദം സാക്ഷാല്ക്കരിക്കാൻ കഴിയുമോ എന്ന കാര്യം വേറെ. അങ്ങനെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ "ഭൗതികവാദം" നിരർത്ഥകമായിത്തീരും. "ഉല്പാദനശക്തികൾ" ചലിപ്പിക്കണമെങ്കിൽ ചില മൗലികാവശ്യങ്ങളും അഭിരുചികളും തൃപ്തിപ്പെടുത്തപ്പെടേണ്ടവയായിട്ടുണ്ടു്. പക്ഷേ ജീവശ്ശാസ്ത്രപരവും ശരീരശാസ്ത്രപരവുമായ ഘടകങ്ങളുടെ പ്രാധാന്യം അനുവദിക്കുകയാണെങ്കിൽ, അവ ബാഹ്യഘടകങ്ങളുമായി പരസ്പരം പ്രവർത്തിക്കുകയാണെന്നകാര്യവും അനുവദിക്കേണ്ടിയിരിക്കുന്നു. ഈ പരസ്പരബന്ധവും പരസ്പരപ്രവർത്തനവും ഒരിക്കൽ തുടങ്ങിക്കഴിഞ്ഞാൽ എവിടെവെച്ചാണവസാനി

ക്കക എന്നു മുൻകൂട്ടി പറയുക വയ്യ. പ്രായോഗികവും താത്വികവുമായ പ്രസക്തിയുള്ള കാര്യമാണിതു്. വർഗ്ഗത്തിൻെറയും വർഗ്ഗബോധത്തിൻെറയും ഉദാഹരണമെടുക്കാം. മാർക്സിസ്റ്റ് തത്വസംഹിതയുടെ ഒരു അവിഭാജ്യഘടകമാണല്ലോ വർഗ്ഗബോധം. യാഥാസ്ഥിതികമാർക്സിസ്റ്റ് സിദ്ധാന്തപ്രകാരം, വൻകിട ഫാക്ടറിയുല്പാദകവ്യവസ്ഥയുടെ ഫലമായി തൊഴിലാളികൾ മുതലാളിമാരുമായി യാതൊരു ബന്ധവുമില്ലാത്തനിലയിൽ അകററപ്പെട്ടുകയും തൻമൂലമുണ്ടാകുന്ന സാമൂഹ്യപരിത:സ്ഥിതിയിൽനിന്നു് തൊഴിലാളിവർഗ്ഗത്തിനു വർഗ്ഗബോധമുണ്ടായിത്തീരുകയും ചെയ്യുന്നു. തൊഴിലാളികളും മുതലാളികളും അടുത്ത സമ്പർക്കം പുലർത്തിവരുന്ന ചെറുപീടികകൾ, ചെറുകിടവ്യവസായങ്ങൾ എന്നിവിടങ്ങളിൽ ഇതിന്നവസരം ലഭിക്കുകയില്ല ഭൗതികപരിത:സ്ഥിതികളാണു് അങ്ങനെ സാമ്പത്തികമാർഗ്ഗങ്ങളെ തരംതിരിച്ചുനിർത്താൻ സഹായിക്കുന്നതു്. മുതലാളികളുടെയും തൊഴിലാളികളുടെയും താല്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനം വ്യക്തമായിത്തീരുന്നതോടൊപ്പം, ഒരേതാല്പര്യങ്ങളുള്ളവർ ഒന്നിച്ചു ചേരുകയും ചെയ്യുന്നു. വാസ്തവത്തിൽ അനിഷേധ്യമായ ഒരു സത്യാംശം ഇതിലടങ്ങിയിട്ടുണ്ടു്. "മുതലാളി"യും "തൊഴിലാളി"യും പരസ്പരാശ്രിതരാണു്. അതുകൊണ്ടു് അവർ തമ്മിൽ സംഘട്ടനത്തിനിടയില്ല, എന്നു ചില പത്രങ്ങളിൽ കണ്ടുവരുന്ന സാധാരണ പല്ലവിയിൽനിന്നു വ്യക്തമായും വ്യത്യസ്തമാണു് ഈ അഭിപ്രായം. എന്നാൽ നിരീക്ഷണവിധേയമായ പരമമായ സിദ്ധാന്തവുമായി പൊരുത്തപ്പെടുന്നില്ല. വർഗ്ഗങ്ങളുടെ രൂപീകരണവും, വർഗ്ഗബോധോദയവുമെല്ലാം മനശ്ശാസ്ത്രപരമായ ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. അതിനെപ്പററി മാർക്സിസം നിശ്ശബ്ദത പാലിക്കുകയാണു്; താത്വികമായി അവയ്ക്കു് യാതൊരു സ്ഥാനവും നൽകിയിട്ടില്ല.

വാസ്തവത്തിൽ മാർക്സും മാർക്സിന്റെ അനുയായികളിലോരോരുത്തരും, ബോധപൂർവ്വമല്ലെങ്കിലും, മനുഷ്യപ്രകൃതിഘടനയിലെ വിവിധഘടകങ്ങളുടെ സജീവാസ്തിത്വം സങ്കല്പിച്ചുവന്നിട്ടുണ്ട്. ആ ഘടകങ്ങൾ ബാഹ്യമായ സാമ്പത്തികഭൗതികപരിതഃസ്ഥിതികളോടു സഹകരിക്കയും അങ്ങനെ യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്തോ അതുണ്ടായിത്തീരാൻ കാരണമാക്കുകയും ചെയ്യുന്നുവെന്ന് അവർ മനസ്സിലാക്കിയിരുന്നു. എന്നാൽ ഈ ഘടകങ്ങൾ വ്യക്തമായി അംഗീകരിച്ചിരുന്നെങ്കിൽ തത്വസംഹിതക്കു പ്രായോഗികവ്യതിയാനം സംഭവിക്കുമായിരുന്നു; മാർക്സു ഊന്നിപ്പറഞ്ഞിരുന്ന കാര്യങ്ങൾ വ്യത്യസ്തമായ പുതിയ വെളിച്ചത്തിൽ കാണാൻ നിർബ്ബന്ധിതമാകുമായിരുന്നു. മാർക്സ് തന്നെ അക്കാലത്തുണ്ടായിരുന്ന മനശ്ശാസ്ത്രചിന്താഗതി സ്വീകരിച്ചിരുന്നു എന്നതാണ് വാസ്തവമെന്നു തോന്നുന്നു. "സ്വതന്ത്രവ്യാപാര" ലിബറലിസത്തിന്റെ ശുഭാപ്തിവിശ്വാസം നിറഞ്ഞ മനശ്ശാസ്ത്രത്തെയും അദ്ദേഹം തലകുത്തിനിർത്തുകയായിരിക്കാം ചെയ്തതു്. മനശ്ശാസ്ത്രഘടകങ്ങളെ പരസ്യമായി അംഗീകരിക്കയാണെങ്കിൽ സാമൂഹ്യപ്രസ്ഥാനത്തിന്റെ തത്വസംഹിതയിൽ മൂല്യങ്ങൾക്കും മൂല്യങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകൾക്കും സ്ഥാനം നൽകേണ്ടതായിരുന്നു.

സാമൂഹ്യപ്രവർത്തനത്തെയും, സാമൂഹ്യകാരണങ്ങളേയും സംബന്ധിക്കുന്ന ഏതു ഘടകസിദ്ധാന്തവും സർവ്വപ്രശ്നങ്ങൾക്കും പരിഹാരമാർഗ്ഗങ്ങൾ സദാ തയ്യാറാക്കി ഇരിപ്പാൻ ശ്രമിക്കുന്നു. പരിഹാരമാർഗ്ഗം മൊത്തത്തിലുള്ളതാകകൊണ്ടു് യഥാർത്ഥപ്രശ്നങ്ങളുടെ പ്രത്യേക വസ്തുതകൾ വിമർശനദൃഷ്ട്യാ പരിശോധിക്കുന്നതിനോ പ്രത്യേകരീത്യാ നേരിടുന്നതിനോ കഴിയാതെ പോകുന്നു. തൽഫലമായി "ഒന്നുകിൽ മുഴുവൻ, അല്ലെങ്കിൽ ഒന്നും ഇല്ല" എന്ന തരത്തിലുള്ള ഒരു പ്രായോഗികനയം അടിച്ചേല്പിക്കപ്പെടുന്നു; ഒടുവിൽ അതു് പുതിയ

വിഷമതകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സോവ്യററു് റഷ്യയുടെ ചരിത്രത്തിൽ വലിയ പങ്കു വഹിച്ചിട്ടുള്ള രണ്ടു സംഭവങ്ങൾ ഇതിന്നുദാഹരണമായെടുക്കാം. താത്വികമായി കഷകവർഗ്ഗത്തിൽപെട്ടവർ, അവർ നിലമുടമകളായിരിക്കുന്നിടത്തോളം, "ബൂഷ്വ"കളാണു്. നഗരങ്ങളിൽ കേന്ദ്രീകരിച്ചു കഴിയുന്ന ഫാക്ടറിത്തൊഴിലാളികൾ മാത്രമാണു് യഥാർത്ഥ തൊഴിലാളിവർഗ്ഗം—"പ്രോളിട്ടേരിയററു്". താത്വികമായി പ്പറഞ്ഞാൽ ഫാക്ടറിത്തൊഴിലാളികളും ഗ്രാമീണജനതയും തമ്മിൽ എന്നും വർഗ്ഗസമരംതന്നെയാണു്. ഈ രണ്ടു ഗ്രൂപ്പിലും പെട്ട മനുഷ്യാത്മാക്കളെ പൊതുവായ സാമൂഹ്യപ്രവർത്തനത്തിനുവേണ്ടി ഏകീകരിക്കണമെങ്കിൽ അതിൽ യഥാർത്ഥത്തിലുള്ള മനശ്ശാസ്ത്രപരവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ ഉൾക്കൊള്ളിക്കണം. എന്നാൽ താത്വികോപാധിയുടെ ഏകഘടകസ്വഭാവം കാരണം ഈ പ്രശ്നത്തെ ഒരു പ്രശ്നമെന്ന നിലയിൽ പരിഗണിക്കാനോ പരിശോധിക്കാനോ സാദ്ധ്യമല്ലാതാകുന്നു. വിപ്ലവപ്രസ്ഥാനത്തിൻെറ വിജയം നഗരത്തിലെ തൊഴിലാളികൾ ഗ്രാമീണജനതയുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിലാണു സ്ഥിതിചെയ്യുന്നതെന്നും വർഗ്ഗസമരം അത്തരത്തിലുള്ളതാണെന്നും മുൻകൂട്ടിത്തന്നെ തത്വസംഹിത സ്ഥാപിച്ചിരിക്കുന്നു. റഷ്യൻ ചരിത്രം പഠിച്ചിട്ടുള്ള ആക്കും അറിയാവുന്നതാണു്, ഈ കേവലതത്വം അംഗീകരിച്ചതുകൊണ്ടു് വിഷമംപിടിച്ച ഒരു പ്രശ്നം എത്ര വളരെ സങ്കീർണ്ണമായിത്തീൎന്നുവെന്നു്. ലെനിൻ ആ തത്വം പ്രായോഗികമാക്കുന്നതിൽ വളരെയൊക്കെ വ്യതിയാനങ്ങൾ അനുവദിച്ചിട്ടും അങ്ങനെയാണുണ്ടായതെന്നോക്കണം.

ഉല്പാദനശക്തികളുടെ സ്ഥിതിഗതികൾ അന്തർരാഷ്ട്രീയമായി വ്യാപിച്ചുകിടക്കുമ്പോൾ ഒരു രാജ്യത്തുമാത്രം സോഷ്യലിസ്റ്റു് വ്യവസ്ഥ കെട്ടിപ്പടുക്കാൻ കഴിയുമോ ഇല്ലയോ എന്ന പ്രശ്നമാണു് രണ്ടാമത്തെ ഉദാഹരണം. ദേശീയപര

പാടികളും വിദേശബന്ധങ്ങളും പൊരുത്തപ്പെടുന്നതിനുതകു ന്ന നയവ്യത്യാസങ്ങളുടെ പ്രശ്നവും ഇവിടെ ഉത്ഭവിക്കുന്നു ണ്ട്. "ഒന്നുകിൽ മുഴുവൻ, അല്ലെങ്കിൽ ഒന്നുമില്ല" എന്ന തരത്തിലുള്ള സിദ്ധാന്തം റഷ്യയിൽ ആദ്യത്തെ കമ്യൂണിസ്റ്റ് പാർട്ടിയിൽ രണ്ടു വിരുദ്ധഗ്രൂപ്പുകൾ ഉണ്ടാക്കിത്തീർക്കുന്നതി ന്നും രാഷ്ട്രീയമായ പിളർപ്പുണ്ടാക്കിത്തീർക്കുന്നതിന്നും കാരണമാക്കിത്തീർത്തു. സന്ധിസംഭാഷണങ്ങൾ, ഒത്തു തീർപ്പ്, യഥാർത്ഥസ്ഥിതിഗതികൾ പഠിച്ച് അതിന്റെ അ ടിസ്ഥാനത്തിൽ നയപരിപാടികൾ നടപ്പാക്കൽ—ഇവയൊ ക്കെ മുൻകൂട്ടിത്തന്നെ തത്വസംഹിത അസാദ്ധ്യമാക്കിത്തീ ർത്തിരുന്നു. ഒരു രാജ്യത്തിൽ മാത്രം സോഷ്യലിസം നടപ്പി ലാക്കാൻ കഴിയുമെന്ന അഭിപ്രായത്തിന്നും അതിന്നുവേണ്ടി യുള്ള പരിശ്രമത്തിലും ആദ്യത്തെ യാഥാസ്ഥിതികതത്വം കൈവെടിയപ്പെട്ടുവെങ്കിലും പ്രസ്തുത നയമാണ് താത്വിക മായി ഒരേ ഒരു ശക്തിയായ നയമെന്ന് തെളിയിക്കേണ്ടി യിരുന്നു. പ്രായോഗികദൃഷ്ട്യാ ആ നയത്തിന്ന് ന്യായമായ സ്ഥാനമുണ്ടായിരുന്നു. എന്നാൽ അതുകൊണ്ടായില്ല. "ഒന്നു കിൽ മുഴുവൻ അല്ലെങ്കിൽ ഒന്നും ഇല്ല" എന്ന സിദ്ധാന്ത ത്തിൽ എതിരഭിപ്രായത്തിന്നു സ്ഥാനമില്ല; കാരണം അതു ശാസ്ത്രീയസിദ്ധാന്തമാണ്. ശരിയായ നയം ഒന്നേയുള്ളു; അതെന്താണെന്നു തെളിയിക്കുകയും വേണം. അതിനുള്ള ഏ റവും നല്ലതും തെറുപററാത്തതുമായ ഒരേ ഒരു മാർഗ്ഗം എ തിരഭിപ്രായക്കാരെ ഒന്നടങ്കം വഞ്ചകന്മാരും പ്രതിവിപ്ലവ കാരികളുമായി മുദ്രകുത്തി അവരുടെ തലയറുക്കുകയല്ലാ ണ്! ശാസ്ത്രീയസിദ്ധാന്തമെന്ന് വളരെയധികം കൊട്ടിഘോ ഷിക്കപ്പെട്ടിട്ടുള്ള ഒരു തത്വസംഹിതയാണ് ശാസ്ത്രീയമാർഗ്ഗ ത്തിന്റെ സകല തത്വസംഹിതകളും ക്രമാനുസൃതം ലംഘി ച്ചിട്ടുള്ളതെന്ന വസ്തുത ഒരു വിരോധാഭാസംതന്നെയാണ്. ഈ വൈരുദ്ധ്യങ്ങളിൽനിന്നു നാം മനസ്സിലാക്കുന്നതു് ജനാ

ധിപത്യമാർഗ്ഗവും ശാസ്ത്രീയമാർഗ്ഗവും തമ്മിൽ വലിയ യോജിപ്പുണ്ടെന്നും ഈ യോജിപ്പ് നിയമനിർമ്മാണത്തിലും ഭരണക്രമത്തിലും സഫലമാക്കിത്തീർക്കേണ്ടതാവശ്യമാണെന്നുമാണ്. അഭിപ്രായവ്യത്യാസങ്ങൾ അനുവദിക്കുകയെന്നതുമാത്രമല്ല, അവയെ സ്വാഗതം ചെയ്യുന്നു എന്നുള്ളതാണ് ശാസ്ത്രത്തിൻെറ പ്രത്യേകത. നിഗമനങ്ങളിൽ വ്യത്യാസമില്ലാതിരിക്കത്തക്കവണ്ണം നിരീക്ഷിതവസ്തുക്കൾ വെളിക്കു കൊണ്ടുവരുവാൻ അന്വേഷണങ്ങൾ തുടർന്നുകൊണ്ടിരിക്കണമെന്ന് അതു നിർബ്ബന്ധിക്കുന്നു. നിഗമനങ്ങൾപോലും പില്ക്കാലത്തുണ്ടാകുന്ന അന്വേഷണഫലമായ തെളിവുകൾവെച്ചു ഭേദഗതി ചെയ്യേണ്ടതാണെങ്കിൽ അതിന്നു ബാധകമായിരിക്കണമെന്നും ശാസ്ത്രം അനുശാസിക്കുന്നു. നിലവിലിരിക്കുന്ന ജനാധിപത്യവ്യവസ്ഥകളേതെങ്കിലും അതിൻെറ നയപരിപാടികൾ നിർണ്ണയിക്കുന്ന കാര്യത്തിൽ ശാസ്ത്രീയമാർഗ്ഗം പരിപൂർണ്ണമായും അവലംബിച്ചിട്ടുണ്ടെന്ന് അവകാശപ്പെടാൻ ഞാൻ തയ്യാറല്ല. എന്നാൽ അന്വേഷണത്തിനുള്ള സ്വാതന്ത്ര്യം, അഭിപ്രായവ്യത്യാസങ്ങൾ അനുവദിക്കൽ, ആശയവിനിമയ സ്വാതന്ത്ര്യം, കണ്ടുപിടിത്തങ്ങളുടെ ഫലങ്ങൾ, ധിഷണാപരമായ ഉപഭോക്താക്കളെന്ന നിലക്ക് എല്ലാവർക്കും വിതരണം ചെയ്യൽ—ഇതെല്ലാം ജനാധിപത്യമാർഗ്ഗത്തിലും ഒരുപോലെ അടങ്ങിയിട്ടുള്ളതാണ്. ജനാധിപത്യം പ്രശ്നങ്ങളേയും തൽസംബന്ധമായ അന്വേഷണത്തിൻെറ ആവശ്യകതയേയും പരസ്യമായി അംഗീകരിക്കുമ്പോൾ, അഭിപ്രായവ്യത്യാസങ്ങളനുവദിക്കാൻ കൂട്ടാക്കാത്ത രാഷ്ട്രീയഗ്രൂപ്പുകളെ അതു വിസ്മൃതിയിലേക്കു പുറംതള്ളിക്കളയും; ശാസ്ത്രത്തിൽ അത്തരം ഗ്രൂപ്പുകൾക്കു സംഭവിച്ചതും അതുതന്നെയായിരുന്നു.

IV

# ജനാധിപത്യവും മനുഷ്യപ്രകൃതിയും

മനശ്ശാസ്ത്രപരമായ സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യവ്യവഹാരങ്ങൾ വ്യാഖ്യാനിക്കുന്ന വീക്ഷണഗതി ജോൺസ്റ്റുവർട്ട്മില്ലിൻെറ "ലോജിക്ക്" എന്ന ഗ്രന്ഥത്തിലാണ് തെളിഞ്ഞുകാണുന്നത്. "എല്ലാ സാമൂഹ്യസംഭവവികാസങ്ങളും മനുഷ്യപ്രകൃതിയുടെ സംഭവവികാസങ്ങളാണ്. അതുകൊണ്ട് മനുഷ്യചിന്തയും മാനുഷികവികാരങ്ങളും മാനുഷികപ്രവൎത്തനങ്ങളുമടങ്ങുന്ന സംഭവവികാസങ്ങളെല്ലാം നിശ്ചിതനിയമങ്ങൾക്കു വിധേയമാണെങ്കിൽ, സാമൂഹ്യസംഭവവികാസങ്ങളും നിയമവിധേയമാകാതെ തരമില്ല. മാത്രമല്ല, സാമൂഹ്യസംഭവവികാസങ്ങളുടെ നിയമമാകട്ടെ, സാമൂഹ്യവ്യവസ്ഥിതിയിൽ സംഘടിച്ച മനുഷ്യാത്മാക്കളുടെ പ്രവൎത്തനങ്ങളുടെയും വികാരങ്ങളുടെയും നിയമങ്ങൾതന്നെയാണ്." അദ്ദേഹം അവിടെയും നിൎത്തുന്നില്ല, സാമൂഹ്യവ്യവസ്ഥിതിയിൽ സംഘടിക്കുന്നതുകൊണ്ട് വ്യക്തികളുടെയും സമൂഹത്തിലെ ഓരോ അംഗത്തിൻെറയും നിയമത്തിന്ന് യാതൊരു മാററവും സംഭവിക്കുന്നില്ലെന്നു വ്യക്തമാക്കുവാനെന്നോണം അദ്ദേഹം തുടരുന്നു. "വ്യക്തിയായ മനുഷ്യൻെറ പ്രകൃതിനിഷ്ഠമായ നിയമത്തിൽ നിന്നുത്ഭവിക്കുന്നതും അതിൽത്തന്നെ വീണ്ടും ലയിക്കുന്നതുമല്ലാത്ത യാതൊരു വിശേഷഗുണവും സമൂഹമനുഷ്യനില്ല."

ഈ പ്രത്യേകാഭിപ്രായക്കാരുടെ വീക്ഷണവും നയ

വും നിയന്ത്രിച്ചിരുന്ന പ്രത്യേക ലഘൂകരണത്തിൻെറ സ്വഭാവം വ്യക്തമാക്കുന്നതാണു് "വ്യക്തിയായ മനുഷ്യനെ"ക്കുറിച്ചുള്ള സൂചന. മിൽ സംഗ്രഹിച്ചു പറഞ്ഞതുപോലുള്ള തത്വചിന്തയിൽ വിശ്വസിച്ചിരുന്നവരും അതിന്നു പ്രകാശനം നല്കിയിരുന്നവരുമായ ആളുകൾ അക്കാലത്തെ വലിയ വിപ്ലവകാരികൾ ആയിരുന്നു. പ്രബലമായ ആഭിജാത്യത്തിൻെറ താല്പര്യങ്ങളും ആചാരങ്ങളും പ്രിയങ്കരങ്ങളായിക്കരുതിയിരുന്ന ഫ്യൂഡലിസ്റ്റ് പാരമ്പര്യത്തിൻെറ ബന്ധനത്തിൽനിന്നു പുതിയ വ്യാവസായിക—വ്യാപാര വ്യവഹാരങ്ങളിലേർപ്പെട്ടിരുന്നവരെ സ്വതന്ത്രരാക്കാൻ അവർ അഭിലഷിച്ചു. ഇന്നവർ വിപ്ലവകാരികളല്ലാതായിത്തീർന്നിട്ടുണ്ടെങ്കിൽ അതിന്നു കാരണം അവരുടെ അഭിപ്രായങ്ങൾ ഇന്നത്തെ വ്യവസായവൽകൃതരാഷ്ട്രങ്ങളിലെ ഏററവും മുരടിച്ച യാഥാസ്ഥിതികരുടെ തത്വചിന്തയായിത്തീർന്നതാണു്.

ഇന്നത്തെ വിപ്ലവകാരികൾ തകിടംമറിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന "ബൂർഷ്വാ—മുതലാളിത്ത" സാഹചര്യങ്ങൾ ന്യായീകരിക്കുകയാണു് അവരുടെ താത്വികാവിഷ്കരണംകൊണ്ടു സാധിച്ചതു്. അതിലടങ്ങിയിട്ടുള്ള മനശ്ശാസ്ത്രം ഇന്നത്തെ പാഠപുസ്തകങ്ങളിൽ കാണപ്പെടുന്നവയല്ല. എന്നിരുന്നാലും അന്നത്തെ പുരോഗമനവാദികളുടെ സാമ്പത്തിക—രാഷ്ട്രീയതത്വങ്ങൾക്കു് കരുത്തും ജീവനും നൽകിയ വ്യക്തിപ്രധാനമായ ആശയങ്ങൾ അവർ പ്രകടിപ്പിച്ചു. ഇന്നത്തെ സാങ്കേതിക മനശ്ശാസ്ത്രത്തിനു് ചില വിഷയത്തിൽ പശ്ചാത്തലം നൽകിയതു് അവരുടെ "വ്യക്തിവാദ"മാണു്. ജീവശ്ശാസ്ത്രപരവും നരവംശശാസ്ത്രപരവുമായ പുതിയ പരിജ്ഞാനങ്ങളിൽനിന്നു ലഭിച്ചതല്ലാത്ത മനശ്ശാസ്ത്രവിഭാഗങ്ങളെല്ലാംതന്നെ ഇതിൽനിന്നുടലെടുത്തതാണു്. ലിഖിതമെങ്കിലും അതൊരു പുസ്തകപ്രധാനമായ ആശയമായിരുന്നില്ല. അക്കാലത്തെ തിരഞ്ഞെടുപ്പുപ്രചരണയോഗങ്ങളിൽ ഉന്നയി

ക്കപ്പെട്ട ആശയങ്ങളും നിയമനിർമ്മാണത്തിന്ന പാർലിമെൻറിൽ നല്കപ്പെട്ട നിർദ്ദേശങ്ങളും വികസിച്ചുണ്ടായതാണ് അത്തരം പുസ്തകങ്ങൾതന്നെ.

വിശദപ്രതിപാദനത്തിന്നുമുമ്പ് നേരത്തെ പറഞ്ഞ ഒരു കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് ഒരു നിശ്ചിതകാലഘട്ടത്തിൽ മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള പൊതുധാരണ, സ്ഥാപിതസാമൂഹ്യപ്രസ്ഥാനങ്ങളുടെയൊ അല്ലെങ്കിൽ വിരുദ്ധസാമൂഹ്യപ്രവണതകളോടു മല്ലിടുവാൻ ധിഷണാപരവും ധാർമ്മികവുമായ തത്വരൂപവൽക്കരണത്തിൻെറ സഹായം ആവശ്യമായിരിക്കുന്ന സാമൂഹ്യപ്രസ്ഥാനങ്ങളുടെയോ പ്രതികരണങ്ങളായിരിക്കും. മനുഷ്യപ്രകൃതിയുടെ വിവിധാംശങ്ങൾ നിർണ്ണയിക്കുന്നതെങ്ങനെയെന്നു പ്ലേറേറാ പറഞ്ഞിട്ടുള്ളതു് ഇവിടെ പ്രസ്താവിക്കാം. വ്യക്തികളാകുന്ന ചെറിയ അക്ഷരങ്ങളിലച്ചടിച്ച പുസ്തകങ്ങളിൽനിന്നു് ശരിയായ മാർഗ്ഗം കണ്ടുപിടിക്കുന്നതിന്നുമുമ്പ് സമൂഹത്തിലെ വർഗ്ഗസംഘടനകളാകുന്ന വെണ്ടക്കാ അക്ഷരത്തിൽ മനുഷ്യപ്രകൃതിയെപ്പററി പ്രസ്താവിച്ചതിൽനിന്നു കണ്ടുപിടിക്കാൻ ശ്രമിക്കയായിരിക്കും നല്ലതെന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്. അദ്ദേഹത്തിന്ന സുപരിചിതമായിരുന്ന സാമൂഹ്യസംഘടനയിൽ സ്വാഭിലാഷങ്ങൾ സംതൃപ്തമാക്കുന്നതിനുള്ള ഉപാധികൾ കൈക്കലാക്കുന്നതിന്നായി അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗവും, സ്വന്തം ജീവനെ ബലികഴിച്ചുപോലും രാഷ്ട്രനിയമങ്ങളോടു കൂറുകാണിക്കാൻ തയ്യാറായിരുന്ന പൗരസൈന്യവർഗ്ഗവും നിയമനിർമ്മാണത്തിന്ന മാത്രമായുള്ള ഒരു വർഗ്ഗവും ഉണ്ടായിരുന്നതായി അദ്ദേഹം കണ്ടു. ആ അടിസ്ഥാനത്തിൽ ആലോചിച്ചപ്പോൾ മനുഷ്യാത്മാവിൻെറ ഘടകങ്ങൾ അടിസ്ഥാനമായ സ്വാഭിലാഷങ്ങളും. സ്വന്തം സുഖങ്ങൾപോലും പരിത്യജിക്കാൻ തയ്യാറാകുന്ന ഔദാര്യാത്മകവികാരങ്ങളും, നിയമനി

ഷ്ട്രാണത്തിന്റെ പ്രധാന ശക്തിയായ യുക്തിയും ആണെന്നു് അദ്ദേഹം കണക്കാക്കി.

മനുഷ്യപ്രകൃതിയുടെ മൂന്നു ഘടകങ്ങളും കണ്ടുപിടിച്ചതിനുശേഷം അവയെക്കുറിച്ചു ചില വസ്തുതകൾ സ്ഥാപിക്കുന്നതിനു് പ്ലേറേറാക്കു് വിഷമമുണ്ടായിരുന്നില്ല. മുകളിൽനിന്നുള്ള നിയമങ്ങളും നടപടിക്രമങ്ങളുംകൊണ്ടു് അടക്കിനിർത്തേണ്ടതാണു് ഒരു വർഗ്ഗമെന്നദ്ദേഹം തെളിയിച്ചു; അല്ലെങ്കിൽ സ്വാതന്ത്ര്യത്തിന്റെപേരിൽ അവർ സ്വരച്ചേർച്ചയും നിയമക്രമങ്ങളും നശിപ്പിക്കും. മറെറാരു വർഗ്ഗം സ്വാഭാവികമായി നിയമം അനുസരിക്കുകയും അതിനോടു കൂറു കാണിക്കുകയും ചെയ്യുന്നവരാണു്; ശരിയായ വിശ്വാസങ്ങളും അവർക്കുണ്ടു്; പക്ഷേ നിയമത്തിന്റെ യഥാർത്ഥ ഉത്ഭവസ്ഥാനം എന്താണെന്നു സ്വന്തമായി കണ്ടുപിടിക്കാൻ അവർക്കു കഴിവില്ല. ഇവയ്ക്കെല്ലാമുപരിയായി ഏതു സുസ്ഥാപിത സംഘടനയിലും യുക്തിഗുണം പ്രധാന സ്വഭാവവിശേഷമായിരിക്കുന്ന ഭരണവർഗ്ഗവുമുണ്ടു്; അവരുടെ കഴിവുകൾ വിദ്യാഭ്യാസംകൊണ്ടു് വേണ്ടവിധം രൂപപ്പെടുത്തുകയും ചെയ്യുന്നു.

സാമൂഹ്യസംഭവവികാസങ്ങളുടെ മനശ്ശാസ്ത്രഹേതുക്കളും ഉത്ഭവസ്ഥാനവും കണ്ടുപിടിക്കാനെന്നു പറയപ്പെടുന്ന ഏതു പ്രസ്ഥാനവും വാസ്തവത്തിൽ നിലവിലുള്ള സാമൂഹ്യപ്രവണതകളെ മനുഷ്യപ്രകൃതിയിലേക്കു് പിന്നോക്കം ഘടിപ്പിച്ചുവിടുന്ന ഒരുതരം ''പിൻതിരിപ്പൻ'' പ്രസ്ഥാനമാണെന്നതിനു് ഇതിലും നല്ല ഒരു മാതൃക കണ്ടുപിടിക്കാൻ പ്രയാസമായിരിക്കും. നിലവിലുള്ള സാമൂഹ്യപ്രവണതകളിൽനിന്നു് പിന്നോക്കംപോയി, സാമൂഹ്യപ്രവണതകളെ വിശദീകരിക്കാൻ ശ്രമിക്കുന്ന ഒരേർപ്പാടാണതു്. അതു തികച്ചും ഒരു നൂററാണ്ടുമുമ്പു് സ്വാർത്ഥതാല്പര്യത്തെയാണു് പ്രധാന ''പ്രേരണാശക്തി''യായി കണക്കാക്കിയിരുന്നതു്; ഇ

ന്നു് തൽസ്ഥാനത്തു് അധികാരമോഹത്തിന്നാണു് പ്രാധാന്യം. "പ്രേരണാശക്തി"യെന്നു പറയപ്പെട്ടുന്നതെന്താണെന്നു് സസൂക്ഷ്മം പരിശോധിച്ചുനോക്കിയാൽ, സാംസ്കാരിക പരിതഃസ്ഥിതികളിൽനിന്നുടലെടുത്ത ചില സങ്കീർണ്ണമനോഭാവങ്ങളല്ലാതെ മറെറാന്നുമല്ലെന്നു മനസ്സിലാകും. അവ മനുഷ്യപ്രകൃതിയുടെ അംശങ്ങളല്ലതന്നെ.

ആധുനികചിന്തകന്മാരിൽ ആദ്യമായി "സ്വാഭാവികസ്ഥിതി" (State of Nature) യെയും അതിൻെറ നിയമങ്ങളെയും മനുഷ്യപ്രകൃതിയുടെ അസംസ്കൃതസ്ഥിതിയുമായി ബന്ധപ്പെട്ടുത്തിയ ഹോബ്സ് പ്രസ്താവിക്കുന്നു: "മനുഷ്യൻ സ്വാഭാവികമായി പരസ്പരം കലഹിക്കുന്നതിന്നു് മൂന്നു് കാരണങ്ങളുണ്ടു്. ഒന്നു്, മാത്സര്യം; രണ്ടു്, ആത്മവിശ്വാസമില്ലായ്മ; മൂന്നു്, പെരുമ. ആദ്യത്തേതു് മനുഷ്യനെ ലാഭത്തിനുവേണ്ടിയുള്ള ആക്രമണത്തിന്നു പ്രേരിപ്പിക്കുന്നു; രണ്ടാമത്തേതു് ആത്മരക്ഷയ്ക്കുവേണ്ടി; മൂന്നാമത്തേതു് പ്രശസ്തിക്കുവേണ്ടിയും. മററുള്ളവരുടെമേൽ യജമാനത്വം സ്ഥാപിക്കുവാൻവേണ്ടി ആദ്യത്തെ കൂട്ടർ ബലം പ്രയോഗിക്കുന്നു; രണ്ടാമത്തെ കൂട്ടർ ആത്മരക്ഷയ്ക്കുവേണ്ടി ബലം പ്രയോഗിക്കുന്നു; മൂന്നാമത്തെ കൂട്ടരാകട്ടെ ഏതു നിസ്സാര കാര്യത്തിനുവേണ്ടിയും ബലം പ്രയോഗിക്കുന്നു. ഒരു വാക്കു്, ഒരു പുഞ്ചിരി, ഒരു വ്യത്യസ്താഭിപ്രായം, അല്ലെങ്കിൽ വേണ്ടത്ര വിലവെച്ചില്ല എന്നതിന്നു വല്ല സൂചനയും ഇത്രയും മതി ബലപ്രയോഗത്തിന്നു കാരണമാക്കാൻ.

ഹോബ്സ് എടുത്തുപറഞ്ഞിട്ടുള്ള വിശേഷഗുണങ്ങൾ യഥാർത്ഥത്തിൽ മനുഷ്യപ്രകൃതിയിലടങ്ങിയിട്ടുണ്ടെന്ന വസ്തുതയും, അവ കലഹത്തിന്നും, രാഷ്ട്രങ്ങൾ തമ്മിലും ആഭ്യന്തരവുമായ യുദ്ധങ്ങൾക്കും കാരണമായിത്തീരാറുണ്ടെന്ന വസ്തുതയും അനിഷേധ്യമാണു്. ഹോബ്സ് ജീവിച്ചിരുന്ന കാലത്തെ സ്ഥിതിഗതികൾതന്നെ അത്തരത്തിലുള്ളവയായി

രുന്നു. പരിഷ്കൃതസമുദായങ്ങൾ അത്യന്താപേക്ഷിതമായ സുരക്ഷിതാവസ്ഥ അസാദ്ധ്യമാണെന്നു തോന്നിപ്പിക്കുന്ന ഹോബ്സിൻെറ പ്രസ്താവനയിൽ, സാമൂഹ്യസംഭവവികാസങ്ങൾക്കുത്തരവാദിയാണെന്നു പറയപ്പെടുന്ന പ്രാകൃതമനുഷ്യസ്വഭാവങ്ങളെന്തൊക്കെയാണെന്നു് കണ്ടുപിടിക്കാനുള്ള ഇന്നത്തെ നിരവധി പരിശ്രമങ്ങളെക്കാൾ ക്രാന്തദർശിത്വം നിഴലിച്ചുകാണാം. മനുഷ്യൻെറ സ്വാഭാവികസ്ഥിതിയിലുള്ള പരസ്പരബന്ധങ്ങളിൽ, എല്ലാവരും എല്ലാവരോടും യുദ്ധം എന്ന അവസ്ഥയായിരുന്നു എന്നാണു് ഹോബ്സ് ധരിച്ചതു്—മനുഷ്യൻ മനുഷ്യനോടു് "ചെന്നായ"യെപ്പോലെ പെരുമാറുക. വ്യവസ്ഥാപിതബന്ധങ്ങളെയും, നടപടിക്രമങ്ങളെയും സ്തുതിക്കുവാൻ വേണ്ടിയായിരുന്നു ഹോബ്സ് അങ്ങനെ പ്രസ്താവിച്ചതു്; ഈ നിയമങ്ങളും നടപടിക്രമങ്ങളും മനുഷ്യൻെറ പ്രവൃത്തികൾ മാത്രം നിയന്ത്രിച്ചാൽപോരാ, ചില നല്ല കാര്യങ്ങളെയും, ലക്ഷ്യങ്ങളെയും തടഞ്ഞുനിർത്താൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന വികാരങ്ങളെയും ലക്ഷ്യങ്ങളെയും ആശയങ്ങളേയുംകൂടി നിയന്ത്രിക്കേണ്ടതാണു് എന്നദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. ഈ അധികാരത്തെ ഒരു രാഷ്ട്രീയപരമാധികാരമായിട്ടാണു് ഹോബ്സ് തന്നെ കണക്കാക്കിയിരുന്നതു്. എന്നാൽ അസംസ്കൃതമനുഷ്യപ്രകൃതിക്കുപരിയായും അതിന്നെതിരായും സംസ്കാരത്തെ സ്തുതിക്കുന്നതായി ഈ അഭിപ്രായത്തെ കണക്കാക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. ഹോബ്സിൻെറ "ലീവ്യാത്തനും" നാസിസർവ്വാധിപത്യവും തമ്മിലുള്ള സാമ്യത പല എഴുത്തുകാരും പ്രത്യേകം സൂചിപ്പിച്ചിട്ടുള്ളതു ശ്രദ്ധേയമാണു്.

ഹോബ്സ് ജീവിച്ചിരുന്നകാലവും ഇക്കാലവും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നതു് വിജ്ഞാനപ്രദമായിരിക്കും,-പ്രത്യേകിച്ചും രണ്ടു കാലഘട്ടങ്ങളിലുമുള്ള അരക്ഷിതാവസ്ഥയേയും രാഷ്ട്രാന്തരീയവും വർഗ്ഗീയവുമായ സംഘട്ടന

ങ്ങളേയും. ഇവിടെ ഒരു കാര്യത്തിന്നു മാത്രമാണ് പ്രസക്തി. മനുഷ്യജീവിതം "ക്രൂരവും ഹീനവും" ആയിത്തീരാൻ കാരണമായി ഹോബ്സ് കണ്ടുപിടിച്ച അതേ കാര്യങ്ങൾതന്നെയാണ് ഇന്നു സാമൂഹ്യപുരോഗതിയുടെയും ഐശ്വര്യത്തിന്റെയും നിദാനമായി മററുള്ളവർ കണ്ടെത്തിയിരിക്കുന്നതു്. ലാഭേച്ഛകൊണ്ടുണ്ടാവുന്ന മാത്സര്യത്തെക്കുറിച്ചുള്ള ഹോബ്സിന്റെ സിദ്ധാന്തം പത്തൊൻപതാംനൂററാണ്ടിലെ ബ്രിട്ടീഷ്സാമൂഹ്യശാസ്ത്രം തിരുത്തി എഴുതി. യുദ്ധകാരണമായി കണക്കാക്കപ്പെട്ടിരുന്ന മാത്സര്യം ഓരോ വ്യക്തിക്കും അനുയോജ്യമായ തൊഴിലും ഉപജീവനമാർഗ്ഗവും തിരഞ്ഞെടുക്കാനുള്ള ഉപാധിയായിത്തീന്നു. കൃത്രിമനിയന്ത്രണങ്ങളും പ്രതിബന്ധങ്ങളുമില്ലെങ്കിൽ സാധനങ്ങളുടെ വില കുറയ്ക്കാനും ജനരഞ്ജനവും പരസ്പരാശ്രയത്വവും വളർത്തുവാനും മാത്സര്യം സഹായകമായിത്തീരുമെന്നു വിശ്വസിച്ചുതുടങ്ങി. ലാഭത്തിനുവേണ്ടിയുള്ള സ്വകാര്യമാത്സര്യങ്ങളിൽ രാഷ്ട്രീയമായ കൈകടത്തലുകൾകൊണ്ടാണ് ഇന്നത്തെ സാമ്പത്തികവൈഷമ്യങ്ങളെല്ലാം ഉണ്ടായതു് എന്നു ഇക്കാലത്തുപോലും ചിലർ അഭിപ്രായപ്പെട്ടുവരുന്നുണ്ടു്.

മനുഷ്യപ്രകൃതിയുടെ ഘടകത്തെക്കുറിച്ചുള്ള രണ്ടു വ്യത്യസ്താഭിപ്രായങ്ങൾ ഇവിടെ എടുത്തുകാണിച്ചതിന്റെ ഉദ്ദേശം ഏതാണു ശരിയെന്നു ചർച്ചചെയ്യാനോ, നിശ്ചയിക്കാനോ അല്ല. രണ്ടഭിപ്രായക്കാർക്കും ഒരേതെററുതന്നെയാണ് പററിയിട്ടുള്ളതു്. വാസ്തവം പറഞ്ഞാൽ മേൽപ്പറഞ്ഞ "വികാരം" സ്വന്തം നിലയിൽ സമുദായത്തിന്നു ദോഷം ചെയ്യുന്നതോ ഗുണം ചെയ്യുന്നതോ അല്ല. അതിന്റെ പ്രാധാന്യം അനന്തരഫലങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്; അനന്തരഫലങ്ങളാകട്ടെ, അതിന്റെ പ്രവത്തനത്തെയും പരസ്പരബന്ധത്തെയും നിയന്ത്രിക്കുന്ന പരിതഃസ്ഥിതികളെ ആശ്രയിച്ചും. പാരമ്പര്യം, ആചാരസമ്പ്രദായങ്ങൾ, നിയമം, ബഹു

ജനങ്ങളുടെ അനുകൂലമോ പ്രതികൂലമോ ആയ മനസ്ഥിതി എന്നിവയെ അപേക്ഷിച്ചാണ് ഈ പരിതഃസ്ഥിതികൾ നിലകൊള്ളുന്നതു്. ചുററുമുള്ള എല്ലാ സംഗതികളേയും അതാശ്രയിക്കുന്നു. ഇവ ഒരേരാജ്യത്തിൽത്തന്നെ, ഒരേ കാലഘട്ടത്തിൽത്തന്നെ, നാനാരൂപത്തിലും ആയിരിക്കകൊണ്ടു് (മനുഷ്യപ്രകൃതിയുടെ ഒരു സ്വഭാവവിശേഷമായി കരുതപ്പെട്ടിരിക്കുന്ന) ലാഭേച്ഛ സമുദായത്തിന്നു് ഗുണകരമാണെന്ന നിലയിൽ അവയെ വളത്താൻ ശ്രമിക്കാറുണ്ടെങ്കിലും മനുഷ്യപ്രകൃതിയുടെ ഒരു ഘടകമെന്ന നിലക്കു് അതിൻെറ കാൎയ്യവും മേല്പടിതന്നെയാണു്. മനുഷ്യപ്രകൃതിയുടെ അംശങ്ങളെന്ന നിലക്കു് മാത്രം മാത്സര്യത്തെപ്പററിയും സഹകരണത്തെപ്പററിയും വിധി പറയുകവയ്യ. മററു സാമൂഹ്യബന്ധങ്ങളെപ്പോലെതന്നെ, വ്യക്തികളുടെ പ്രവൎത്തനങ്ങൾക്കിടയിലുണ്ടാവുന്ന ചില ബന്ധങ്ങളുടെ പേരുകൾ മാത്രമാണവ. മനുഷ്യസ്വഭാവത്തിൻെറ വിവിധ പ്രവണതകൾ വ്യക്തമായി തരംതിരിക്കാൻ കഴിയുന്നവയും അവക്കു് വ്യക്തവും വ്യത്യസ്തവുമായ പേരുകൾ നല്കാൻ കഴിയുന്നവയും ആണെങ്കിൽപോലും, മാത്രമല്ല ചിലർ പറഞ്ഞുവരുന്നതുപോലെ മനുഷ്യപ്രകൃതി സുസ്ഥിരമായ ഒന്നാണെന്നുവരികിൽപ്പോലും, മുൻപറഞ്ഞ സംഗതി വാസ്തവമായിരിക്കും. നിരവധി വ്യത്യസ്ത പരിതഃസ്ഥിതികളിലാണു് മനുഷ്യപ്രകൃതിയുടെ പ്രവൎത്തനം നടക്കുന്നതു്; ആ വ്യത്യസ്തപരിതഃസ്ഥിതികളുമായുള്ള പരസ്പരപ്രവൎത്തനമാണു് സ്വാഭാവികപ്രവണതകളുടെ അനന്തരഫലങ്ങളെയും, സാമൂഹ്യപ്രാധാന്യത്തെയും, മൂല്യത്തെയും നിൎണ്ണയിക്കുന്നതു്. മനുഷ്യപ്രകൃതിക്കുണ്ടെന്നു പറയപ്പെടുന്ന ഘടകപരമായ സുസ്ഥിരത്വം ഒരു വംശത്തെയും, കുടുംബത്തെയും, ജനതയേയും മറെറാന്നിൽനിന്നു തിരിച്ചുനിൎത്തുവാൻ സഹായിക്കുന്ന വ്യത്യാസങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുന്നില്ല. സ്വന്തം നിലയിൽ

ഒരുതരത്തിലുള്ള സാമൂഹ്യവ്യവസ്ഥിതിയേയും അതു വിശദ മാക്കുന്നില്ലെന്നത്ഥം. ഏതുനയപരിപാടികൾ പിന്തുടരുന്ന താണു് നല്ലതെന്ന കാര്യത്തിലും അതു് യാതൊരുപദേശവും നല്കുന്നില്ല. പുരോഗമനത്തിനെതിരായി യാഥാസ്ഥിതികത്വ ത്തെ ന്യായീകരിക്കുകപോലും അതു ചെയ്യുന്നില്ല. മനുഷ്യ പ്രകൃതി പരിണാമവിധേയമല്ലാതാണെന്ന അഭിപ്രായം സ്വീകാര്യമല്ല. ചില സ്വഭാവസ്ഥിതികൾ സുസ്ഥിരമാ ണെങ്കിലും, സംസ്കാരം ശാസ്ത്രം, ധാർമ്മികശക്തികൾ, മതം, കല, വ്യവസായങ്ങൾ നിയമം മുതലായവയുടെ സമ്മർദ്ദഫല മായുണ്ടായിത്തീരുന്ന സംഭവവികാസങ്ങൾ മനുഷ്യപ്രകൃതി യുടെ മൗലികഘടകങ്ങളിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാ ക്കുകയും അവയ്ക്കു് പുതിയ രൂപങ്ങൾ നല്കുകയും ചെയ്യുന്നു. എന്താണു സംഭവിക്കുന്നതെന്നും, സംഭവിക്കേണ്ടതെന്നും വി ശദമാക്കാൻ മനശ്ശാസ്ത്രഘടകങ്ങളെമാത്രം അവലംബിക്കുന്ന തു് നിഷ്പ്രയോജനമാണു്. ഇതു മനസ്സിലാക്കാൻ ആക്കും വി ഷമവുമില്ല. എന്നാൽ അതു ചില ഗ്രൂപ്പുകളുടെ താല്പര്യത്തി ന്നനുസരിച്ചു് എന്തെല്ലാം എങ്ങനെയെല്ലാമാണു് സംഭവി ക്കേണ്ടതെന്നു് സ്ഥാപിക്കുവാനുള്ള ഒരു എളുപ്പവിദ്യയായി ത്തീന്നതുകൊണ്ടു് അങ്ങനെ സാദ്ധ്യമല്ലാതെവരുന്നു. മനു ഷ്യനെ യുദ്ധത്തിനും സാമൂഹ്യക്ഷേമപ്രവത്തനങ്ങൾക്കും പ്രേ രിപ്പിക്കുന്ന "മാത്സര്യ"ത്തിൻെറ കാര്യം ഈ നിലയിൽ വി ജ്ഞാനപ്രദമാണെങ്കിൽ, ഹോബ്സ് പറഞ്ഞിട്ടുള്ള മററു ഘടകങ്ങളെപ്പററിയുള്ള പഠനവും അതേനിഗമനത്തിലെ ത്താനാണു് സഹായിക്കുന്നതു്.

സാമൂഹ്യസംരക്ഷണത്തിൻെറ പ്രധാന പ്രേരകഹേതു സ്വാഭിമാനം, സ്വകുടുംബാഭിമാനം, വർഗ്ഗാഭിമാനം, എന്നി വയിലുള്ള ആദരവായിരുന്ന പല സമുദായങ്ങളുടെയും മാതൃ ക നമ്മുടെ മുമ്പിലുണ്ടു്. അഭിജാതന്മാരുടെ ഒരു മുഖ്യ സൽ ഗുണംതന്നെ അതായിരുന്നു. അതിൻെറ പ്രാധാന്യം പല

പ്പോഴും വേണ്ടതിലധികം വലുതാക്കിയിട്ടുണ്ടെങ്കിലും, ചില സാംസ്കാരികപരിതഃസ്ഥിതികളിൽ അതിൻെറ പരസ്പര പ്രവത്തനംകൊണ്ടു് പല അമൂല്യഫലങ്ങളും ഉണ്ടായിട്ടുണ്ടെന്ന വസ്തുത നിഷേധിക്കാവുന്നതല്ല. "ആത്മവിശ്വാസമില്ലായ്മ" അല്ലെങ്കിൽ ഭയം ഒരു പ്രേരകശക്തിയെന്ന നിലയിൽ അതിൻെറ അനന്തരഫലങ്ങളെ സംബന്ധിച്ചേടത്തോളം അസ്പഷ്ടവും മിക്കവാറും അത്ഥരഹിതവുമായ ആശയമാണു്. പലരൂപത്തിലും കാണാവുന്ന ഒന്നാണതു്. വെറും കൊള്ളരുതാത്ത ഭയം തുടങ്ങി വിവേകംവരെയുള്ള ഏതവസ്ഥയും അതിൽപ്പെട്ടും. മുൻകരുതൽ അതിൽപെടുന്നതാണു്. മുൻകരുതലില്ലാതെ ബുദ്ധിപരമായ ഒരു ദീർഘദശ്നവും സാദ്ധ്യമല്ലല്ലോ. ഭക്തിയായും അതു തീരാറുണ്ടു്. അതിൻെറ കേവലസ്വഭാവം വേണ്ടതിലധികം വലുതാക്കിക്കാണുക പതിവാണെങ്കിലും അതിനോടൊത്തുപോകുന്ന ലക്ഷ്യങ്ങൾ പലപ്പോഴും അഭിലഷണീയംതന്നെയാണു്. "അധികാരമോഹം" സാമാന്യേന എല്ലാററിനേയും ബാധിക്കുന്നെങ്കിൽ മാത്രമേ അത്ഥവത്തായിത്തീരുന്നുള്ളു; അതുകൊണ്ടു് പ്രത്യേകമായ ഒന്നും അതിൽനിന്നു വിശദമാകുന്നില്ല. രണ്ടു കാൎയ്യങ്ങൾ വ്യക്തമാക്കുകയായിരുന്നു ഇതുവരെയുള്ള ചച്ച്യുടെ ഉദ്ദേശ്യം. ഒന്നു് മനുഷ്യപ്രകൃതിയെക്കുറിച്ചു് ഏതെങ്കിലും ഒരു പ്രത്യേക കാലഘട്ടത്തിൽ പ്രചാരത്തിലിരിക്കുന്ന അഭിപ്രായങ്ങൾ സമകാലീനസാമൂഹ്യപ്രവാഹത്തിൽനിന്നു ലഭിച്ചവയാണു്. ഈ പ്രവാഹങ്ങൾ സ്വശക്തികൊണ്ടുതന്നെ പ്രാധാന്യമർഹിക്കുന്നവയാകാം. അല്ലെങ്കിൽ ഏതെങ്കിലും കുറച്ചുപേരുടെ അഭിപ്രായത്തിൽ, പ്രാധാന്യമർഹിക്കേണ്ടവയും. എന്നാൽ സ്വന്തം നിലയ്ക്കു് അതിന്നുവേണ്ട കരുത്തില്ലാത്തവയും ആയിരിക്കാം. ഇതിന്നു് ഉദാഹരണമായി പ്ലേറോ ചൂണ്ടിക്കാണിച്ച "നിയമനിൎമ്മാണയുക്തിയോ;" ക്ലാസിക്കൽ ധനശാസ്ത്രജ്ഞന്മാരുടെ "ലാഭേച്ഛ"യോ എടുക്കാം,

രണ്ടു്. മൗലികമനുഷ്യപ്രകൃതിയുടെ ഘടകങ്ങളെ ആശ്രയി ക്കുന്നതുകൊണ്ടു് (അവയുണ്ടെന്നുവരികിൽതന്നെ) യാതൊരു സാമൂഹ്യസംഭവവികാസത്തെയും വിശദമാക്കാൻ അതുപക രിക്കയില്ല; എന്തു പരിപാടികളാണു് സ്വീകരിക്കേണ്ടതെ ന്നും യാതൊരു നിർദ്ദേശവും ഉപദേശവും നല്കുകയുമില്ല. പ്രാ യോഗികപ്രാധാന്യത്തോടുകൂടി, അത്തരം സംഭവവികാസ ങ്ങൾ ഉണ്ടാകുമ്പോൾ, അതിന്നു് ധാർമ്മികവും മനശ്ശാസ്ത്രപര വുമായ ചില വശങ്ങൾകൂടിയുണ്ടെന്നുമാത്രമേ ഇതുകൊണ്ടു് ഉദ്ദേശിക്കുന്നുള്ളു. കാരണം, നിലവിലുള്ള കാര്യങ്ങളെ സം രക്ഷിക്കുന്നതിനായാലും ശരി, പരിവർത്തനങ്ങൾ ഉണ്ടാക്കി ത്തീർക്കാനായാലും ശരി, ഒരു പുതിയ വിലയിരുത്തലിന്റെ പ്രകടനമായി മാത്രം അതിനെ കണക്കാക്കിയാൽ മതി. മൂ ല്യങ്ങളിലുള്ള മതിപ്പായിരിക്കും അതിന്റെ ലക്ഷ്യങ്ങളേയും ഉദ്ദേശങ്ങളേയും നിർണ്ണയിക്കുന്നതു്. ഈ അടിസ്ഥാനത്തിൽ മനുഷ്യപ്രകൃതിയുടെ പ്രത്യേക സ്വഭാവവിശേഷം മുന്നോട്ടു കൊണ്ടുവരുമ്പോൾ, അതു് സ്ഥാനത്തായിരിക്കയും, ധിഷ ണാപരമായ പരിശോധനയ്ക്കു വിധേയമാവുകയും ചെയ്യും.

എന്നിരുന്നാലും, സാമൂഹ്യപ്രശ്നങ്ങളുടെ കാര്യത്തിൽ മൂ ല്യങ്ങൾക്കു വലിയ വില കല്പിക്കുകയും മൂല്യങ്ങൾക്കുവേണ്ടി പരിശ്രമിക്കയും ചെയ്യേണ്ടതില്ല, സാമൂഹ്യപ്രശ്നങ്ങളെല്ലാം തന്നെ ഘടന മുൻകൂട്ടി തീരുമാനിച്ച സംഗതികളാണു് എ ന്നു് അനുമാനിക്കുന്നതു് ഇന്നു പതിവായിത്തീർന്നിരിക്കുന്നു. ഗുരുതരമായ സാമൂഹ്യരോഗങ്ങൾക്കു് ഹേതുവാണു് ഈ അ നുമാനം. ധിഷണാപരമായി നോക്കുമ്പോൾ, പതിനേഴാം നൂററാണ്ടുവരെയുണ്ടായിരുന്നപോലെ ഭൗതികശാസ്ത്രനിയമ ങ്ങൾക്കു് നല്കിയിരുന്ന വിശദീകരണത്തിന്റെ തരത്തിലുള്ള ഒരു തിരിച്ചുപോവലാണതു്. പ്രകൃതിശാസ്ത്രത്തിന്റെ അ നവധികാലത്തെ വളർച്ച മുട്ടിച്ചതിനുത്തരവാദി ഈ മാർഗ്ഗമാ യിരുന്നു എന്നു് ഇന്നു വ്യക്തമായിരിക്കുന്നു. സംഭവഗതിക

ളെ വിശദമാക്കാൻ ചില "സാമാന്യശക്തികളെ" ശരണം പ്രാപിക്കുകയെന്നതാണു് ഇത്തരം തത്വസംഹിതകളുടെ അവലംബം. സാമാന്യശക്തികൾ പരിത്യജിച്ചു് അവസ്ഥു് പകരം, നിരീക്ഷണവിധേയമായ പരിവത്തനങ്ങൾ തമ്മിലുള്ള ബന്ധം നിണ്ണയിക്കുന്നതിനുള്ള അന്വേഷണങ്ങൾ ആരംഭിച്ചതിനുശേഷമാണു് പ്രകൃതിശാസ്ത്രം ക്രമമായി പുരോഗമിച്ചുവരാൻ തുടങ്ങിയതു്. വിദ്യുച്ഛക്തി, വെളിച്ചം, ചൂടു് മുതലായ ഏതെങ്കിലും ഒരു ശക്തിയാണു് ചില പ്രത്യേക സംഭവികാസത്തിനു് കാരണശക്തിയെന്നുള്ള തെററിദ്ധാരണകൾ ഇന്നും പ്രചാരത്തിലുണ്ടു്. ഉദാഹരണമായി വിദ്യുച്ഛക്തിയെ കൊടുങ്കാററും ഇടിയും മിന്നലുമെല്ലാമായി ഇന്നും ആളുകൾ ബന്ധപ്പെടുത്താറുണ്ടു്. ശാസ്ത്രജ്ഞന്മാർപോലും ചിലപ്പോൾ ഇത്തരം ആശയങ്ങളുൾക്കൊള്ളുന്ന പ്രസ്താവനകൾ പുറപ്പെടുവിക്കാറുണ്ടു്. എന്നാൽ ശാസ്ത്രജ്ഞന്മാർ അത്തരം പ്രസ്താവനകളിൽ ലളിതഭാഷയുപയോഗിക്കുനുവെന്നേയുള്ളു. നിരീക്ഷിക്കപ്പെട്ട സംഭവങ്ങളുടെ പരസ്പരബന്ധത്തിലുള്ള ഐകരൂപ്യത്തെ മാത്രമേ അവരുടെ പ്രസ്താവനകൾ പ്രതിനിധീഭവിയ്ക്കുന്നുള്ളു. സംഭവങ്ങളുടെ പിന്നിലുള്ളതോ, ആ സംഭവങ്ങൾക്കു ഹേതുകമോ ആയ ഒന്നിനേയും അതുകൊണ്ടുദ്ദേശിക്കുന്നില്ല. മിന്നൽപിണരും വിദ്യുച്ഛക്തിയും തമ്മിലുള്ള ബന്ധത്തിൻെറ കാര്യംതന്നെയെടുക്കാം. വിദ്യുച്ഛക്തിയുടെ തരത്തിൽപ്പെട്ട ഒന്നാണു് മിന്നലെന്നു് ഫ്രാൻക്ലിൻ പറഞ്ഞു. അതുകൊണ്ടു് അതിന്നുമുമ്പു് യാതൊരു ബന്ധവുമില്ലാതിരുന്ന "വിദ്യുച്ഛക്തിയു"മായി "മിന്നൽ" അടുത്തുകൂടി. വിദ്യുച്ഛക്തി കൈകാര്യം ചെയ്യുന്നതോടൊപ്പം മിന്നലിനെക്കുറിച്ചുള്ള പരിജ്ഞാനം വദ്ധിച്ചുവരികയും ചെയ്തു. എന്നാൽ മിന്നൽശക്തിയെ വിശദമാക്കാനുള്ള ഒന്നായിമാത്രം വിദ്യുച്ഛക്തിയെ കണക്കാക്കാതെ, മിന്നൽ ഒരു വിദ്യുത്സംഭവവികാസമാണെന്നു് അറിഞ്ഞുവെച്ചതുകൊ

ണ്ടു് പല പുതിയ പ്രശ്നങ്ങളും പുതുതായി ഉടലെടുത്തു--ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ലാത്ത പലതും.

ഈ മാൎഗ്ഗം അവലംബിച്ചിരുന്ന കാലത്തു് പ്രകൃതിശാസ്ത്രത്തിലുണ്ടായിരുന്ന നിഷ്പ്രയോജനാവസ്ഥയും, സാമൂഹ്യശാസ്ത്രത്തിൻെറ ഇന്നത്തെ അവസ്ഥയും തമ്മിലുള്ള സാമ്യം ബോദ്ധ്യമായിട്ടില്ലെങ്കിൽ, അതിൻെറ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിൽ വന്നുചേൎന്ന വ്യതിയാനങ്ങളെ തെളിവായെടുക്കാം. ധാരണയുടെ അഭാവത്തെ മറച്ചുപിടിക്കാൻ വാസ്തവത്തിൽ സാമാന്യാൎത്ഥമുള്ള ഒരൊററവാക്കേയുള്ളുവെങ്കിലും, ധാരണയുണ്ടെന്നു മായികബോധം അതുണ്ടാക്കിത്തീൎക്കുന്നു. സാമൂഹ്യാശയങ്ങൾ ആകൎഷണീയമായ സാമാന്യതത്വവൽക്കരണത്തിൻെറ വരുതിയിൽ അടക്കിനിൎത്തിയിരിക്കുന്നു. "അറിവിൽ"നിന്നു വ്യത്യസ്തമായ "അഭിപ്രായം" വാദകോലാഹലങ്ങൾ സൃഷ്ടിക്കുന്നു. "കാരണം" എന്നു പറയപ്പെടുന്നതു് ഉല്പാദനത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന ഒരുപാധിയോ മാൎഗ്ഗമോ ആണു്. അപ്പോൾ എന്തെങ്കിലുമൊന്നു പുതുതായുണ്ടാക്കണമെങ്കിൽ ആ സംഭവത്തിന്നാവശ്യമായ പരിതഃസ്ഥിതികളെക്കുറിച്ചു് പരിപൂൎണ്ണമായ അറിവില്ലാതെ, അതുണ്ടാക്കുവാനോ, ഇല്ലാതാക്കുവാനോ കഴിയുന്ന യാതൊരു നിയന്ത്രിതമാൎഗ്ഗവും ഉണ്ടായിരിക്കാൻ നിവൃത്തിയില്ല. ഒരുതരം കൂട്ടിയുരസൽകൊണ്ടു് തീയുണ്ടാക്കാമെന്നു മനുഷ്യൻ അറിയാൻ ഇടയായതുകൊണ്ടു് അതിന്നുശേഷം അവന്നാവശ്യമുള്ളപ്പോൾ രണ്ടു കൊള്ളികൾ ചേൎത്തുരസി തീയുണ്ടാക്കുവാനുള്ള ഒരുപായം അവന്നു സിദ്ധിച്ചു. ഈ കാരണശക്തിയെക്കുറിച്ചു് കൂടുതൽ പരിചയം സമ്പാദിക്കുന്തോറും, ആവശ്യമെന്നു തോന്നുമ്പോൾ തീയുണ്ടാക്കുവാനും നിരവധി കാൎയ്യങ്ങൾക്കായി അതുപയോഗിക്കാനുമുള്ള മനുഷ്യൻെറ കഴിവും എത്രയോ മടങ്ങുകണ്ടു് വൎദ്ധിച്ചുവന്നു. ഇതേ തത്വംതന്നെ സാമൂഹ്യബന്ധങ്ങൾ, സാ

മൂഹ്യപ്രവൎത്തനങ്ങൾ എന്നിവയെക്കുറിച്ചും ബാധകമാണ്.

സംഭവഗതികൾ വിശദമാക്കുന്നുവെന്നു പറയപ്പെടുന്ന തത്വസംഹിതകൾ ചില പ്രായോഗിക നയപരിപാടികൾ ന്യായീകരിക്കുന്നതിന്നും പ്രചരിപ്പിക്കുന്നതിന്നും ഉപയോഗിച്ചുവരുന്നുണ്ട്. മാൎക്സിസം ഇതിൻെറ ഒന്നാംതരം ഒരുദാഹരണമാണ്. എന്നാൽ മാൎക്സിസ്റ്റേതര തത്വസംഹിതകളും, മാൎക്സിസ്റ്റ് വിരുദ്ധതത്വസംഹിതകളും ഒരേ തത്വം തന്നെ പലപ്പോഴും അനുവൎത്തിച്ചുവരാറുണ്ടെന്നതിൻെറ ഒരു പ്രത്യക്ഷോദാഹരണവും നമുക്കിവിടെ കാണാം. "യൂട്ടിലിട്ടേരിയൻ" (പ്രയോജന) തത്വശാസ്ത്രപ്രകാരം സുഖദുഃഖങ്ങൾ മാത്രമാണ് മനുഷ്യൻെറ പ്രവൃത്തികളെ നിൎണ്ണയിക്കുന്ന ശക്തികൾ. നിയമനിൎമ്മാണം, നീതിന്യായം, ക്രിമിനൽ നടപടിക്രമം മുതലായവയെക്കുറിച്ച് സമഗ്രമായ ഒരു സിദ്ധാന്തം രൂപവൽക്കരിക്കാൻവേണ്ടിയാണ് "യൂട്ടിലിട്ടേരിയൻ" തത്വസംഹിതക്കാർ ഈ ആശയം ഉപയോഗിച്ചിരുന്നതു്. അതായതു് ഇവ വേണ്ടവിധം നിയന്ത്രിക്കയും സംവിധാനം ചെയ്യുകയുമാണെങ്കിൽ "ഭൂരിപക്ഷഭൂരിസുഖം" കൈവരുത്തുവാൻ കഴിയുമെന്നവർ സിദ്ധാന്തിച്ചു. സ്വാതന്ത്ര്യവും അപ്രതിഹതവുമായ അഭിലാഷപ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ സംഭവഗതികളെ വിശദീകരിക്കാൻ പുറപ്പെട്ടവരുടെ ആശയങ്ങൾ പ്രായോഗികരംഗത്തു് "സ്വതന്ത്രസാമ്പത്തിക" വ്യവസ്ഥക്കും അതിനുചേൎന്ന രാഷ്ട്രീയവും നിയമപരവുമായ നടപടികൾക്കുംവേണ്ടിയുള്ള സജീവപ്രചരണത്തിൽ പ്രധാന പങ്കു വഹിച്ചിരുന്നു. ഇവക്കു പിന്നിലുണ്ടെന്നു പറയപ്പെട്ട "ശക്തി"കളുടെ സാമാന്യ സ്വഭാവത്തിലുള്ള വിശ്വാസം, യഥാൎത്ഥസംഭവഗതികൾ പരിശോധിക്കുന്നതിൻെറയും, അവയും തത്വസംഹിതയുമായൊത്തു നോക്കുന്നതിൻെറയും ആവശ്യം ഇല്ലാതാക്കിതീൎത്തു. സിദ്ധാന്തത്തിനു വിപരീതമായി വല്ലതും സംഭവിച്ചാൽ, സിദ്ധാന്തത്തെ

അതിൻെറ അടിസ്ഥാനത്തിൽ പുനഃപരിശോധന ചെയ്യാനല്ല, മറിച്ച് ഈ പന്തികേടിന്ന് പ്രത്യേക കാരണങ്ങൾ കണ്ടുപിടിച്ച് സിദ്ധാന്തത്തിൻെറ സത്യാവസ്ഥയെ സംരക്ഷിക്കാനാണ് ശ്രമം നടന്നതു്.

സൂക്ഷ്മനിരീക്ഷണംകൂടാതെതന്നെ സാമാന്യാശയങ്ങൾക്കുവേണ്ടിയും എതിരായും വാദിക്കാം. അത്തരം വാദങ്ങളിൽ ചില വൈകാരികമനോഭാവങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ട് അവ വെറും നിരർത്ഥജല്പനങ്ങളായി കലാശിക്കാതിരിക്കുന്നു. സാമാന്യാശയങ്ങൾ കൂടക്കൂടെ യഥാർത്ഥസംഭവങ്ങളുമായി തട്ടിച്ചുനോക്കി തിരുത്താനും നിയന്ത്രിക്കാനും കഴിയാതെപോവുകയാണെങ്കിൽ, അവ "അഭിപ്രായങ്ങളു"ടെ കൂട്ടത്തിൽ മാത്രമേ പെടുകയുള്ളു. അഭിപ്രായസംഘട്ടനങ്ങൾ മാത്രമാണ് വാദകോലാഹലങ്ങൾക്കിടംനൽകുന്നതു്; അല്ലാതെ പ്രകൃതിശാസ്ത്രത്തിലുള്ളതുപോലെ പുതിയ പ്രദർശനവും, കൂടുതൽ നിരീക്ഷണത്തിനുള്ള അവസരവുമല്ല. ധിഷണാപരമായ കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലുമൊരു സാമാന്യതത്വം സ്ഥാപിക്കാമെങ്കിൽ അതിതാണ്. പുതിയ വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരികയും അങ്ങനെ അഭിപ്രായൈക്യത്തിന്നടിസ്ഥാനമിടുകയും ചെയ്യുന്ന അന്വേഷണമാർഗ്ഗങ്ങളുടെ അഭാവത്തിൽ അഭിപ്രായങ്ങളുടെയും അഭിപ്രായസംഘട്ടനങ്ങളുടെയും വാഴ്ചമാത്രമാണുണ്ടാവുന്നതു്.

സാമൂഹ്യസംഭവങ്ങൾ വളരെ സങ്കീർണ്ണമാണ്, സംശയമില്ല; അതുകൊണ്ട്, സംഭവബന്ധങ്ങളെക്കുറിച്ചുള്ള സാമാന്യ തത്വങ്ങൾ ആവിഷ്കരിക്കാൻ സഹായിക്കുന്ന അന്വേഷണ—നിരീക്ഷണമാർഗ്ഗങ്ങൾ വികസിപ്പിക്കുന്ന കാര്യവും തുലോം വിഷമവുമാണ്. നിലവിലുള്ള തത്വസംഹിതാസമ്പ്രദായങ്ങൾ ഒരു വൈഷമ്യംകൂടിയുളവാക്കുന്നു. അത്തരം നിരീക്ഷണങ്ങൾ അത്യാവശ്യമാണെന്നു വരുത്തിത്തീർക്കൽ.

ഇന്നു് ചില വാദകോലാഹലങ്ങളിൽ ഉപയോഗിക്കാൻ മാത്രം ഒററയ്ക്കും തെററയ്ക്കും ചില സംഭവങ്ങൾ ഇങ്ങനെ തെരഞ്ഞെടുക്കാറുണ്ടെന്നു മാത്രമേയുള്ളൂ. പ്രശ്നങ്ങളെക്കുറിച്ചുള്ള അന്വേഷണം പ്രോത്സാഹിപ്പിക്കാനുള്ള സാമാന്യാശയങ്ങൾ രൂപവല്ക്കരിക്കയാണു് ഏററവും പ്രഥമവും പ്രധാനവുമായ ആവശ്യം. ഇന്നു് ചില 'റെഡിമെയ്ഡ്' പരിഹാരമാർഗ്ഗങ്ങളുടെ അടിസ്ഥാനത്തിലാണു് സകലതും വീക്ഷിച്ചുവരുന്നതു്—ആ വെളിച്ചത്തിൽ നോക്കുമ്പോളാകട്ടെ ഒരു പ്രശ്നവും ഉണ്ടായിരിക്കാൻ നിവൃത്തിയുമില്ല! നിരീക്ഷണംകൊണ്ടും വിശകലനംകൊണ്ടും വ്യക്തമായിത്തീരുന്ന സംഭവബന്ധങ്ങളെക്കുറിച്ചുള്ള സാമാന്യതത്വങ്ങൾവെച്ചു് പ്രശ്നങ്ങൾ പരിഹരിക്കയാണു് രണ്ടാമത്തെ ആവശ്യം.

സ്വകാര്യസമ്പാദ്യത്തിനുവേണ്ടിയുള്ള പരിശ്രമത്തിലധിഷ്ഠിതമായ സാമ്പത്തികവ്യവസ്ഥയെ സ്വതന്ത്രജനാധിപത്യസ്ഥാപനങ്ങൾക്കാവശ്യമായ പരിതഃസ്ഥിതികളുമായി യോജിപ്പിക്കുന്ന പ്രത്യേക പ്രത്യയശാസ്ത്രത്തിലേയ്ക്കുതന്നെ നമുക്കു തിരിച്ചുപോകാം. "സ്വതന്ത്രവ്യാപാര" ലിബറലിസക്കാർ രൂപവല്ക്കരിച്ച അതിൻെറ ആദ്യത്തെ ഇംഗ്ലീഷ്പതിപ്പിലേക്കുതന്നെ പോകണമെന്നില്ല. കാരണം സംഭവങ്ങൾ ആ പ്രത്യയശാസ്ത്രത്തെ എത്രതന്നെ പൊള്ളയാക്കിക്കാണിച്ചിട്ടും, വ്യാപാരങ്ങളുടെമേൽ ചില സാമൂഹ്യനിയന്ത്രണങ്ങൾ ചെലുത്തുവാൻ ഈ നാട്ടിലുണ്ടായ പരിശ്രമഫലമായി ആ പഴയ പ്രത്യയശാസ്ത്രം ഇന്നിവിടെത്തന്നെ ഉയിർത്തെഴുന്നേററിട്ടുണ്ടു്. ഈ തത്വസംഹിതയുടെ തെററുകൾ മനസ്സിലാക്കണമെങ്കിൽ, അതുപയോഗിച്ചെതിർക്കുന്ന എല്ലാ സാമൂഹ്യനിയന്ത്രണങ്ങളെയും നാം ശരിവെച്ചുകൊള്ളണമെന്നില്ല. തത്വസംഹിത ഇതാണു്, സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കുവാനും വിനിമയം ചെയ്യുവാനുമുള്ള സ്വാതന്ത്ര്യവും വ്യക്തിപരമായെല്ലാവർക്കുമുള്ള അവസരത്തിൻെറ

ഏററവും വിശാലമായ പ്രവത്തനരംഗമാണ് മുതലാളിത്തം. അതുകൊണ്ടു് അതും ജനാധിപത്യവ്യവസ്ഥിതിയുമായി യാതൊരു ഭേദവുമില്ല—"ഇരുമെയ്യാണെങ്കിലും നമ്മളൊററക്കരളല്ലേ" എന്നു പാടുന്ന ഇരട്ടക്കിടാങ്ങളാണവ. സ്വതന്ത്രരാഷ്ട്രീയസ്ഥാപനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളായ വ്യക്തിയുടെ പ്രവത്തനവ്യഗ്രത, സ്വതന്ത്രമനോഭാവം, കരുത്ത് മുതലായവയെല്ലാംതന്നെ മുതലാളിത്തവുമായി സാമ്യപ്പെട്ടുന്നതായിട്ടാണ് അവകാശപ്പെട്ടുന്നതു്. അതുകൊണ്ടു് വ്യാപാരങ്ങൾ ഗവമ്മേണ്ടു നിയന്ത്രിക്കുമ്പോൾ ഈ വ്യക്തിഗുണങ്ങളുടെ സ്വതന്ത്രപ്രവത്തനത്തിന്മേലുണ്ടായിത്തീരുന്ന നിയന്ത്രണം, അതോടൊപ്പംതന്നെ രാഷ്ട്രീയജനാധിപത്യത്തിൻെറ നിലനില്പിന്നാവശ്യമായ പ്രായോഗികവും ധാമ്മികവുമായ വ്യവസ്ഥകളുടെനേക്കുള്ള കയ്യേററമായും തീരുന്നു എന്നാണവർ വാദിക്കുന്നതു്.

എടുത്തുകൂട്ടുന്ന നടപടികൾക്കുവേണ്ടിയോ എതിരായോ ഉന്നയിക്കുന്ന പ്രത്യേക വാദമുഖങ്ങളുടെ ഗുണദോഷങ്ങൾ ഞാൻ ഇവിടെ ആലോചനയ്ക്കെടുക്കുന്നില്ല. കാര്യം ഇതാണ്: "പ്രവത്തനവ്യഗ്രത, സ്വാതന്ത്ര്യം, പരിശ്രമം" മുതലായ ചില മാനുഷികപ്രേരണാശക്തികളെ സാവ്വത്രികമായ രീതിയിൽ അവലംബിക്കുന്നതുകൊണ്ടു് യഥാത്ഥസംഭവങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്യേണ്ടതിൻെറ ആവശ്യകതയില്ലാതായിത്തീരുന്നു. വല്ല വിശേഷസംഭവവികാസങ്ങളും നിരീക്ഷിക്കപ്പെട്ടാൽ അവയെക്കുറിച്ചുള്ള വിശദീകരണം മുൻകൂട്ടിത്തീരുമാനിച്ചതുപോലിരിക്കും, അല്ലാതെ നിരീക്ഷണവിധേയമായ വസ്തുതകളിൽനിന്നുണ്ടാവുന്നതാകയില്ല. പ്രശ്നങ്ങൾ അഭിപ്രായങ്ങളുടെ വരുതിയിൽ ഉൾപ്പെട്ടത്തിവെക്കുന്നതുകൊണ്ടു്, മറുവശത്തെക്കുറിച്ചും അതുപോലെതന്നെ സാവ്വത്രികവും സാമാന്യവുമായ അഭിപ്രായങ്ങൾ പ്രോത്സാഹിക്കപ്പെട്ടുന്നു. ഇതിൻെറ ഫലമായുണ്ടാകുന്നതു് "വ്യ

ക്തിവാദം" എന്നു പറയപ്പെട്ടുന്ന ഒന്നു് ഒരു വശത്തും, "സോഷ്യലിസം" എന്ന ഒന്നു് ഒരു വശത്തുനിന്നും തമ്മിലടിക്കുകയാണു്. യഥാർത്ഥ പരിതഃസ്ഥിതികൾ പരിശോധിക്കുകയാണെങ്കിൽ, ഈ രണ്ടുവാക്കുകളിൽനിന്നും അവ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന രണ്ടു മാർഗ്ഗങ്ങൾക്കും ഒരുപോലെ ഗുണകരമായവിധത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന ചില പ്രത്യേക സ്ഥിതിഗതികൾ പുതുതായി കണ്ടറിയാൻ കഴിഞ്ഞുവെന്നുവരാം.

മനുഷ്യപ്രകൃതിയിലെ ആന്തരികസ്വഭാവങ്ങളുടെ അടിസ്ഥാനത്തിൽ ചില പരിപാടികൾക്കു് പിൻതുണ നേടാനുള്ള ഉദ്യമത്തിന്റെ വെളിച്ചത്തിൽ, വലിയ ആദരവോടുകൂടി ഉപയോഗിച്ചുവരുന്ന "ധീരപരിശ്രമം" (Enter prise) എന്ന പദപ്രയോഗം പ്രത്യേകം ശ്രദ്ധാർഹമാണു്. ഈ വാക്കിന്റെ പ്രാധാന്യം വാസ്തവത്തിൽ നിഷ്പക്ഷമായ ഒന്നാണു്—"പരിശ്രമം" അതിന്റെ യഥാർത്ഥഫലത്തെ സംബന്ധിച്ചിടത്തോളം അഭിലഷണീയമാണു്. അതുകൊണ്ടു് അതിന്റെ യഥാർത്ഥഫലങ്ങളാണു് വിശദമായി പഠിക്കേണ്ടിയിരിക്കുന്നതു്. എന്നാൽ "പരിശ്രമം" മനുഷ്യപ്രകൃതിയിലെ അഭിലഷണീയമായ ഒരു വിശേഷഗുണമായിക്കണക്കാക്കുകയും ആ അടിസ്ഥാനത്തിൽ അതിന്നു് പ്രാധാന്യം നൽകുകയും ചെയ്യുന്നതുകൊണ്ടു്, നിരീക്ഷണവിധേയമായിരിക്കേണ്ട പ്രശ്നം വെറും അഭിപ്രായത്തിൽ കലന്നു ചേരുന്നു. മുൻകൈയെടുക്കൽ, അദ്ധ്വാനം മുതലായ വിശേഷഗുണങ്ങളെപ്പോലെതന്നെ "പരിശ്രമവും" നിരവധി ലക്ഷ്യങ്ങളെ ലാക്കാക്കി ഉപയോഗിക്കാവുന്നതാണു്. "തഗ്ഗ്"കളുടെയും "ഗ്രൂണ്ട്"കളുടെയും പ്രവർത്തനങ്ങളെയും സമുദായത്തിന്നുപകാരം ചെയ്യുന്ന വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും എല്ലാം വിവരിക്കാൻ ആ വാക്കുകൾ തന്നെ ഉപയോഗിക്കാം.

നിലവിലുള്ള ഒരു സാമൂഹ്യസ്വഭാവരീതിയെ മനുഷ്യപ്രകൃതിയുടെ മനശ്ശാസ്ത്രപരമായ വിശേഷഗുണമായി മാററപ്പെട്ടിരിക്കുന്നതിൻെറ ഒരു മാതൃകയാണിതു്. അതുകൊണ്ടാണു് ഇക്കാര്യം ഇത്രയും വിശദമായി ഇവിടെ പ്രതിപാദിച്ചതു്. രണ്ടാമതായി, മനശ്ശാസ്ത്രപരമായ ഒരു വസ്തുതയെന്നു പറയപ്പെടുന്നതിനെ ഒരു മൂല്യവസ്തുവായി (ധാർമ്മിക ഘടകമായി) മാററപ്പെട്ടിരിക്കുന്നതിൻെറ ഒരു മാതൃകയാണിതു്. വ്യക്തമായ സ്ഥലകാലപരിമിതികളുള്ള പരിതഃസ്ഥിതികളാലാവിഷ്കരിക്കപ്പെടുന്ന സാമൂഹ്യപ്രശ്നങ്ങളെ—ഇവയെ നിരീക്ഷണംകൊണ്ടു മാത്രമേ നിർണ്ണയിക്കാൻ കഴിയുകയുള്ളു—സ്ഥലകാലപരിതഃസ്ഥിതികൾ നോക്കാതെ സ്വന്തം നിലയിൽ നിർണ്ണയിക്കാവുന്ന കാര്യങ്ങളാക്കി മാററിയിരിക്കയാണിവിടെ. അതുകൊണ്ടു് അവ വെറും അഭിപ്രായങ്ങളും വാദപ്രതിവാദവിഷയങ്ങളും ആയിത്തീരുന്നു. വാദപ്രതിവാദംകൊണ്ടു് ഒന്നും നിശ്ചയിക്കാൻ കഴിയാതെ പോകുന്നതിനാൽ, ഒടുവിൽ ബലംപ്രയോഗിച്ചു കാര്യങ്ങൾ തീരുമാനിക്കാനുള്ള വാസനമാത്രം അവശേഷിക്കുന്നു.

ജനകീയഭരണവും സ്വാതന്ത്ര്യവും ന്യായീകരിക്കാൻ വേണ്ടി ഗ്രെയിററു് ബ്രിട്ടനിലെ പുരോഗമന ചിന്തകന്മാർ ഉപയോഗിച്ചിരുന്ന മനുഷ്യപ്രകൃതിഘടകങ്ങളെ സംബന്ധിച്ച സിദ്ധാന്തത്തിൽ സ്വാർത്ഥതാല്പര്യപ്രേരണാശക്തി മാത്രമല്ല ഉണ്ടായിരുന്നതു്. മററുള്ളവർക്കുണ്ടാകുന്ന ലാഭഭേദതങ്ങൾ, സുഖാസുഖങ്ങൾ എന്നിവയിലുള്ള സഹാനുഭാവം മനുഷ്യപ്രകൃതിയുടെ സ്വാഭാവികാംശമാണെന്നു് അവർക്കു ദൃഢാഭിപ്രായമുണ്ടായിരുന്നു. പ്രകൃത്യാവിരുദ്ധമായ രണ്ടു ഘടകങ്ങളാണല്ലോ സ്വാർത്ഥതാല്പര്യവും സഹാനുഭൂതിയും. ഇവ രണ്ടും ചേർത്തിണക്കിയാണു് സിദ്ധാന്തം പൂർണ്ണമാക്കിയിരുന്നതു്. സ്വാർത്ഥതാല്പര്യാംശം ഗവൺമെണ്ടിൻെറയും പൊതുനിയന്ത്രണത്തിലുള്ള സംഘടനകളുടെയും പ്രവർത്തനത്തെ സംബ

ന്ധിക്കുന്ന സിദ്ധാന്തത്തിന്നടിത്തറയിട്ടു. വ്യക്തികളുടെ സ്വകാര്യജീവിതത്തിലുള്ള പരസ്പരബന്ധത്തിൻെറ കാര്യം സഹാനുഭൂതിയുടെ അംശത്തിലും അധിഷ്ഠിതമായിരുന്നു. ഈ സിദ്ധാന്തം പഠിപ്പിച്ചതിതാണ്: പ്രത്യേകാനുകൂല്യങ്ങളും ന്യായരഹിതമായ പക്ഷപാതങ്ങളും ഇല്ലായ്മചെയ്യുവാൻവേണ്ടി രാഷ്ട്രീയസ്ഥാപനങ്ങൾ പരിഹരിക്കുകയാണെങ്കിൽ, സഹാനുഭൂതിയുടെ ശക്തിക്ക് ഫലപ്രദമായും വിജയകരമായും പ്രവൎത്തിക്കാൻ പററിയ ഒരു വിശാലവിഹാരരംഗം ഉണ്ടായിരിക്കുന്നതാണ്; കാരണം, മററുള്ളവൎക്ക ദ്രോഹകരമായവിധം താന്താങ്ങളുടെ കാൎയ്യംനേടാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന പ്രധാന കാരണം, കൊള്ളരുതാത്തതും ദുഷിച്ചതുമായ സ്ഥാപനങ്ങളാണ്.

സ്ഥിരതയില്ലാത്ത സ്ഥാനത്ത് അധികാരം പ്രതിഷ്ഠിക്കുവാനുള്ള ശ്രമത്തിൻെറ യുക്തമായ അനന്തരഫലമായി ഫ്രഞ്ചുവിപ്ലവത്തെ, ജൎമ്മൻ ചിന്തകന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരുന്നു. മനുഷ്യപ്രകൃതിയിലധിഷ്ഠിതമായ തത്വശാസ്ത്രത്തിൻെറ കഴിവുകേടുകൾ പ്രായോഗികമായും വിപുലമായും തെളിയിക്കപ്പെട്ടതായി ഈ വിപ്ലവത്തെ അവർ കണക്കാക്കി, ഫ്രഞ്ചുവിപ്ലവത്തെ ന്യായീകരിക്കാൻ പറയാവുന്ന ന്യായങ്ങൾ മാത്രമെ ഈ തത്വശാസ്ത്രത്തെ ന്യായീകരിക്കാനുമുള്ളു എന്നു വന്നു—അതായത്, തഴച്ചു വളൎന്നിരുന്ന അഴിമതികൾ ഇല്ലായ്മചെയ്യാൻ അതു സഹായിച്ചു എന്ന്. ക്രിയാത്മകമായ ഒരു തത്വശാസ്ത്രമെന്നനിലയ്ക്ക് അതു് ദയനീയമായ ഒരു വ്യാമോഹം മാത്രമായിരുന്നു. വിപ്ലവത്തിൻെറ ഔദ്യോഗികപ്രമാണമായിരുന്ന ''മനുഷ്യാവകാശങ്ങൾ'' ആ കാലഘട്ടത്തിൻെറ സ്വാഭാവികമായ കൊള്ളരുതായ്മകളെല്ലാം വരുത്തിവെച്ച കപടതത്വസംഹിതകളുടെ രത്നച്ചുരുക്കം മാത്രമായിരുന്നുവെന്നും ആരോപിക്കപ്പെട്ടു. പ്രതിഷേധശബ്ദമുയൎത്തിയവർ അവരുടെ വിമൎശനങ്ങളുടെ

യും ക്രിയാത്മകനിർദ്ദേശങ്ങളുടെയും അടിസ്ഥാനമായി കത്തോലിക്കാസഭയുടെ തത്വങ്ങൾ സ്വീകരിക്കാൻ കൂട്ടാക്കിയില്ല. അവരുടെ പ്രതിഷേധലക്ഷ്യമായിത്തീർന്ന വ്യക്തിവാദാശയം വളരുവാനിടയാക്കിയ സാഹചര്യങ്ങൾ അവരെത്തന്നെ അത്രവളരെ സ്വാധീനിച്ചുകഴിഞ്ഞിരുന്നു. ഈ സ്വാധീനശക്തി അത്രവളരെ വിപുലമായിരുന്നതുകൊണ്ടാണ്, ഗ്രീക്ക്–മധ്യകാലാശയങ്ങളുടെ പ്രതിനിധികൾ ഈ പ്രസ്ഥാനത്തെ വിമർശിക്കുമ്പോൾ അവർ വെറും കാല്പനികാശയക്കാരാണ് എന്നു പറയുന്നത്. കേവലാത്മാവ്, കേവലമനസ്സ് മുതലായ ആശയങ്ങൾ പൊക്കിപ്പിടിച്ചുകൊണ്ട് സ്വാതന്ത്ര്യത്തെയും അധികാരത്തെയും, വ്യക്തിത്വത്തെയും നിയമത്തെയുമെല്ലാം ഇണക്കുവാൻ അവർ ശ്രമിച്ചു. കേവലാത്മാവിൻെറയും, കേവലമനസ്സിൻെറയുമെല്ലാം ഭാഗികപ്രകടനങ്ങൾ മാത്രമാണ് മനുഷ്യജീവികൾ; അവയുടെ പൂർണ്ണവും യഥാർത്ഥവുമായ പ്രകടനങ്ങൾ സാമൂഹ്യസ്ഥാപനങ്ങളും, ചരിത്രത്തിൻെറ സ്ഥിതികളുമാണ് എന്നായിരുന്നു അവരുടെ വാദം. വിധിപറയാനുള്ള അവസാനക്കോടതി ചരിത്രമാണ്, അതു് കേവലാത്മാവിൻെറ ചലനത്തെ പ്രതിനിധീകരിക്കുന്നു; അതുകൊണ്ട് രാഷ്ട്രങ്ങൾ തമ്മിലുള്ള ബലപ്രയോഗം വാസ്തവത്തിൽ ഒരു ബലപ്രയോഗമല്ല, കേവലയുക്തിയുടെ മധ്യസ്ഥത്തിന്നു വിട്ടുകൊടുക്കൽ മാത്രമാണ്. പ്രകൃതി, മനുഷ്യൻ, സമുദായം എന്നിവയുടെ ഘടനയിൽ ആത്മാവിന്നും പൗരുഷത്തിന്നുമുള്ള പ്രാഥമികവും പരമവുമായ സ്ഥാനം മനുഷ്യക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ അവശ്യം ആവശ്യമായിരുന്ന ഒരു പരിണാമഗുപ്തിയാണ് വ്യക്തിവാദപ്രസ്ഥാനം. രാഷ്ട്രത്തെ മനുഷ്യശരീരത്തോടുപമിക്കുന്ന ജർമ്മൻ ആശയവാദം എല്ലാ "സത്യ"ങ്ങളെയും രക്ഷിക്കുകയും, അതിൻെറ തെററുകൾ തിരുത്തി കേവലാത്മാവിലേക്കുയർത്തുകയും ചെയ്യും. ഈ പ്രസ്ഥാനത്തിൽ തനി സാങ്കേതിക

മായ പലതും അടങ്ങിയിട്ടുണ്ട്; അതിൻെറ വിശദാംശങ്ങളധികവും പ്രത്യേക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ വിവരിക്കാൻ കഴിയുകയുള്ളൂ. എന്നാൽ സ്വാതന്ത്ര്യത്തിനും, വ്യക്തിത്വത്തിന്നും "ഉന്നത"മായ ന്യായീകരണം നൽകുകയും അവയെ നിയമത്തോടും അധികാരത്തോടും സംയോജിപ്പിക്കുകയും ചെയ്യുവാനുള്ള പരിശ്രമമാണ് ഈ പ്രസ്ഥാനത്തിൻെറ കാതലും ജീവനും. അധികാരവും നിയമവും കേവലശക്തിയുടെ പ്രകടനമായിരിക്കെകൊണ്ടു് ഈ സംയോജനവും യുക്തിപരമായിരിക്കും. ജർമ്മൻ രാഷ്ട്രം പ്രതിനിധീകരിക്കുന്ന ജർമ്മൻവംശവാദം യഥാർത്ഥത്തിൽ മേല്പറഞ്ഞ കേവലാത്മാവിൻെറ പൂർണ്ണയോഗ്യതയുള്ള ബദലായി കണ്ടുപിടിക്കാൻ ഇന്നത്തെ സർവ്വാധിപത്യവാദക്കാർക്ക് യാതൊരു വിഷമവുമില്ല.

ഫ്രഞ്ചുവിപ്ലവത്തിൻെറ പ്രവാചകനും ജനയിതാവുമായി സാധാരണ പരിഗണിച്ചുവരുന്നതു് റൂസ്സോവിനെയാണ്. പലതുകൊണ്ടും അതു് ശരിയാണുതാനും. എന്നാൽ ജർമ്മനിയിൽ വളൎന്നു വികസിച്ച ആ തത്വശാസ്ത്രത്തിൻെറ ജനയിതാക്കളിലൊരാളും റൂസ്സോ തന്നെയാണെന്നതു് ചരിത്രത്തിലെ നിരവധി വിരോധാഭാസങ്ങളിലൊന്നാണ്. അദ്ദേഹം സംസ്കാരത്തെ ആക്ഷേപിച്ചതിൻെറ ഫലമായി അതൊരു വെല്ലുവിളിയായിത്തീരുകയും മനുഷ്യപ്രകൃതിക്കുപരിയായി സംസ്കാരത്തെ ഒരാധാനവസ്തുവാക്കിത്തീൎക്കുന്നതിനിടയാക്കുകയും ചെയ്തു. ഇങ്ങനെ പരോക്ഷമായിട്ടു മാത്രമല്ല, പ്രത്യക്ഷമായിട്ടും റൂസ്സോ ജർമ്മൻതത്വചിന്തക്കു വളംവെച്ചു കൊടുത്തിട്ടുണ്ട്. സാമാന്യേച്ഛയാണ് (General Will) ന്യായമായ എല്ലാ രാഷ്ട്രീയസ്ഥാപനങ്ങൾക്കും അടിസ്ഥാനം എന്ന ആശയം അദ്ദേഹം ഉന്നയിച്ചിരുന്നു. മാത്രമല്ല ഈ സാമാന്യേച്ഛയുടെ പ്രവൎത്തനത്തെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യവും നിയമവും രണ്ടും ഒന്നാണെന്നും അദ്ദേഹം

അഭിപ്രായപ്പെട്ടിരുന്നു. സ്വാതന്ത്ര്യവും നിയമവും പൊതുഗുണത്തെ ലാക്കാക്കിയാണ് പ്രവർത്തിക്കേണ്ടതു്, അതുകൊണ്ടു് അതു് ഓരോ വ്യക്തിയുടെയും "യഥാർത്ഥഗുണ"ത്തിനു വേണ്ടിയും ആയിരിക്കണം.

വ്യക്തികൾ സ്വാഭിലാഷങ്ങൾ സാമാന്യേച്ഛക്കെതിരായി ഉയർത്തുകയാണെങ്കിൽ "അവരെ സ്വതന്ത്രരാക്കാൻവേണ്ടി ബലം പ്രയോഗിക്കുന്നതു്" തികച്ചും ന്യായവും ആവശ്യവുമാണ്. സ്വയംഭരണസ്ഥാപനങ്ങളുടെയും ഭൂരിപക്ഷഭരണത്തിൻെറയും അടിക്കല്ലിടുവാനാണ് റൂസ്സോവിൻെറ സിദ്ധാന്തംകൊണ്ടുദ്ദേശിച്ചിരുന്നതു്. പക്ഷേ അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ സാമാന്യേച്ഛയും സാമാന്യശക്തിയും വേണ്ട് യഥാർത്ഥരൂപംകൊണ്ടിരിക്കുന്നതാണ് രാഷ്ട്രം എന്നു തെളിയിക്കാനും ഉപയോഗപ്പെട്ടു. ജനാധിപത്യക്കാരികളുടെ പ്രവർത്തനംകൊണ്ടു് നിയമം ക്രമം അച്ചടക്കം മുതലായവയുടെ അധികാരത്തിനു ക്ഷീണം തട്ടിയിട്ടില്ലാത്ത രാഷ്ട്രങ്ങളാണ് സാമാന്യേച്ഛയുടെയും സാമാന്യശക്തിയുടെയും യഥാർത്ഥ മൂർത്തിമത്ഭാവങ്ങൾ. നെപ്പോളിയൻെറ ജൈത്രയാത്രക്കുശേഷം ജർമ്മനിയിൽ "പൊരുതുന്ന" ദേശീയബോധം വളർത്തിവിടുവാൻവേണ്ടി പ്രചരിപ്പിച്ചിരുന്ന ഒരഭിപ്രായഗതിയായിരുന്നു ഇതു്. ഫ്രഞ്ചു് "ഭൗതികവാദ"സംസ്കാരത്തെ വിലയിടിച്ചു കാണിക്കാനും അതിനുപരിയായി ജർമ്മൻ സംസ്കാരത്തിൻെറ മഹിമ ഉയർത്തിക്കാട്ടുവാനും ഇതു സഹായിച്ചു. ഈ വിലയിടിക്കൽ അല്പംകൂടി വികസിച്ചപ്പോൾ എല്ലായിടത്തുമുള്ള ജനാധിപത്യസ്ഥാപനങ്ങളെ എളുപ്പം കൊള്ളരുതാത്തവയായി ചിത്രീകരിക്കാനും കഴിഞ്ഞു.

മനുഷ്യപ്രകൃതിയിലധിഷ്ഠിതമായ വ്യക്തിവാദസിദ്ധാന്തത്തിന്നെതിരായുണ്ടായ പ്രത്യാഘാതങ്ങളെക്കുറിച്ചിത്രയും പറഞ്ഞതിൽനിന്നു്, നാഷനൽസോഷ്യലിസത്തിൻെറ (നാസിസം) കളമൊരുക്കൽ എങ്ങനെയുണ്ടായി എന്നതി

ന്റെ ഒരേകദേശരൂപം കിട്ടും. അതുപോലെതന്നെ തൽഫലമായി ജനാധിപത്യരാജ്യങ്ങളിലുണ്ടായിത്തീൎന്ന വിഷമങ്ങളുടെയും ഒരു ഏകദേശരൂപം ഇതിൽനിന്നു മനസ്സിലാക്കാം. ഒരു നൂററാണ്ടിലധികം മുമ്പ് രാഷ്ട്രീയസ്വയംഭരണത്തെ ന്യായീകരിക്കാനും അതിനെ പ്രോത്സാഹിപ്പിക്കാനും വ്യക്തിവാദസിദ്ധാന്തം ഉപയുക്തമായിരുന്നെന്നുവെച്ച്, ഇന്നത്തെ ജനാധിപത്യപ്രവൎത്തനങ്ങൾക്ക് വിശ്വാസയോഗ്യമായ ഒരു വഴികാട്ടിയായി അതിനെ സ്വീകരിക്കാൻ കഴിയുമെന്നു വരുന്നില്ല. ആദ്യമായി ആ സിദ്ധാന്തം രൂപവല്ക്കരിച്ചിരുന്ന കാലത്ത് അതിന്നെതിരായി കാർലൈൽ എഴുതിയിരുന്ന രൂക്ഷമായ വിമൎശനങ്ങൾ ഇന്നു വായിച്ചുനോക്കുന്നതു് നന്നായിരിക്കും. സ്വാൎത്ഥതാല്പൎയ്യത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയാധികാരവും, സഹാനുഭൂതിയുടെ അടിസ്ഥാനത്തിൽ വ്യക്തിധൎമ്മങ്ങളും കെട്ടിപ്പടുക്കുവാനുള്ള ശ്രമങ്ങളെ അദ്ദേഹം തുല്യശക്തിയോടെ ആക്ഷേപിച്ചിരുന്നു. ഇതിൽ രണ്ടാമത്തേതു്. ലക്കില്ലാത്ത "അതിഭാവുകത്വവും" ആദ്യത്തേതു് "അരാജകത്വം പോലീസുകാരൻ"—ഇങ്ങനെയായിരുന്നു അദ്ദേഹം വിളിച്ചിരുന്നതു്. ബാഹ്യമായ നിയമക്രമത്തിന്റെ ഒരു ലാഞ്ഛനപോലും വേണ്ടമെങ്കിൽ പോലീസുകാരൻ ആവശ്യമാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടതു്. അച്ചടക്കത്തിനും നിയമക്രമത്തിനും വേണ്ടി അദ്ദേഹം വാദിച്ചകൂട്ടത്തിൽ "തിരഞ്ഞെടുക്കപ്പെട്ടവരുടെ നേതൃത്വത്തിനും" വാദിച്ചിരുന്നു.

മനുഷ്യപ്രകൃതിയെ അടിസ്ഥാനമായി കണക്കാക്കുന്നതായിരിക്കണം രാഷ്ട്രീയസ്ഥാപനങ്ങളും നിയമങ്ങളും എന്ന വിശ്വാസം ജനാധിപത്യത്തിലടങ്ങിയിരിക്കുന്നു. ജനാധിപത്യരഹിതമായ സ്ഥാപനങ്ങളെക്കാൾ ജനാധിപത്യസ്ഥാപനങ്ങൾ മനുഷ്യപ്രകൃതിക്കു പ്രവൎത്തനസ്വാതന്ത്ര്യം അനുവദിക്കണം. മനുഷ്യപ്രകൃതിയിന്മേലുള്ള ആശ്രയത്വ

ത്തെ ന്യായീകരിക്കാനും വിശദമാക്കാനും ഉപയോഗിച്ചുവ ന്നിട്ടുള്ള നിയമപരവും ധാർമ്മികവുമായ സിദ്ധാന്തം ഇന്നു അ പര്യാപ്തമായിരിക്കയാണു്. പത്തൊൻപതാം നൂററാണ്ടിൽ രാഷ്ട്രീയരംഗത്തും നിയമരംഗത്തും ഈ സിദ്ധാന്തങ്ങൾ ജ നാധിപത്യത്തെക്കാൾ വ്യാപാരതാല്പര്യങ്ങൾക്കു് പ്രാധാന്യം നല്കുന്ന ആശയങ്ങൾ ഉൾക്കൊള്ളിക്കുന്നതുകൊണ്ടുണ്ടായി ത്തീരുന്ന അച്ചടക്കത്തിനും നിയന്ത്രണത്തിനും പകരം ഒരു "സുവർണ്ണനിയമ"ത്തിന്നനുസരിച്ചു് പ്രവർത്തിക്കുവാനുള്ള ഉൽബോധനം മാത്രം അവശേഷിക്കുന്ന സാഹചര്യങ്ങളാ ണുണ്ടായിരുന്നതു്. ജനാധിപത്യവ്യവസ്ഥിതിയുമായി അ തിനുള്ള ബന്ധങ്ങളെ സംബന്ധിച്ചു് മനുഷ്യപ്രകൃതിയെക്കു റിച്ചു് തൃപ്തികരമായ ഒരു സിദ്ധാന്തമില്ലാത്തതുകൊണ്ടു്, ജ നാധിപത്യലക്ഷ്യങ്ങളോടും മാർഗ്ഗങ്ങളോടുമുള്ള കൂറും വിശ്വാ സവും വെറും പാരമ്പര്യത്തിൻെറയും പരിചയത്തിൻെറയും കാര്യം മാത്രമായിത്തീർന്നിട്ടുണ്ടു്. ഒരതിർത്തിവരെ അതു നല്ല തുതന്നെയാണു്. എന്നാൽ അതൊരു ദിനചര്യയായിത്തീരു മ്പോൾ പരിത:സ്ഥിതിയിലുള്ള മാററങ്ങളുടെ ഫലമായി പരിചയങ്ങൾ മാറിത്തീരുകയാണെങ്കിൽ ജനാധിപത്യവ്യ വസ്ഥിതി അപകടത്തിലായിത്തീരും.

ദേശീയവും അന്തർദ്ദേശീയവുമായ പരിത:സ്ഥിതികൾ ആവശ്യപ്പെടുന്നതരത്തിൽ ജനാധിപത്യത്തിന്നു് മനുഷ്യപ്ര കൃതിയെക്കുറിച്ചു പുതിയൊരു മനശ്ശാസ്ത്രം ആവശ്യമായിരിക്കു ന്നുവെന്നു ഞാൻ പറഞ്ഞപ്പോൾ അതു തികച്ചും അപ്രസക്ത മായ പ്രസ്താവനയാണെന്നു കരുതിയേക്കും. ജനാധിപത്യം എന്നും മനുഷ്യരസ്സാഹാശയത്തോടു് ബന്ധപ്പെട്ടിരുന്നുവെ ന്നും, മനുഷ്യപ്രകൃതിയുടെ കഴിവുകളിൽ അതിന്നു് വിശ്വാ സമുണ്ടായിരുന്നെന്നും, പ്രായോഗികമനോഭാവത്തിലും പ്ര സക്താശയങ്ങളിലും വികസിപ്പിച്ചു് ഈ വിശ്വാസത്തെത്ത ന്നെ ശക്തിമത്തായ ഭാഷയിൽ ആവർത്തിച്ചുറപ്പിക്കുകയാ

ണിന്നത്തെ ആവശ്യമെന്നും മനസ്സിലാക്കുകയാണെങ്കിൽ, ഈ പ്രസ്താവനയുടെ പൊരുൾ വ്യക്തമാകും. ജനാധിപത്യവും മനുഷ്യപ്രകൃതിയും തമ്മിലുള്ള സജീവസൗഹാർദ്ദബന്ധത്തിലുള്ള വിശ്വാസത്തിൻെറ പ്രകടനമല്ലെങ്കിൽ "സാധാരണക്കാരനിൽ" വിശ്വസിക്കുന്നു എന്നു പറയുന്നതിനർത്ഥമില്ല. മനുഷ്യപ്രകൃതിയെ ബാഹ്യമായ നിയന്ത്രണങ്ങളിൽനിന്നു സ്വതന്ത്രമാക്കി അതിൻെറ പാട്ടിൽവിട്ടാൽമതി, വിജയകരമായി പ്രവൎത്തിക്കാവുന്ന ജനാധിപത്യസ്ഥാപനങ്ങൾ തൻമൂലം ഉണ്ടായിക്കൊള്ളുമെന്ന ആശയം ഇനി തുടൎന്നുകൊണ്ടുപോവുക സാദ്ധ്യമല്ല. മറുവശത്തുനിന്നുകൊണ്ടു് ആ പ്രശ്നം വ്യക്തമാക്കേണ്ടിയിരിക്കുന്നു. ജനാധിപത്യമെന്നുവെച്ചാൽ, മനുഷ്യപ്രധാനമായ സംസ്കാരം വിജയിക്കണമെന്ന വിശ്വാസമാണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതൊരു ധാൎമ്മികകാൎയ്യമാണെന്ന വസ്തുത നാം തുറന്ന മനസ്സോടെ അംഗീകരിക്കണം. "എന്തായിരിക്കണം" എന്ന പ്രശ്നത്തെ സംബന്ധിക്കുന്ന എല്ലാ ആശയങ്ങളും ധാൎമ്മികമാണല്ലോ.

അത്ഭുതമെന്നേ പറയേണ്ടു. ജനാധിപത്യത്തെ ഒരു വശത്തുനിന്നു് ഫാഷിസ്റ്റ് സൎവ്വാധിപത്യരാഷ്ട്രങ്ങൾ ധാൎമ്മികാടിസ്ഥാനത്തിലും, മറുവശത്തുനിന്നു് ഇടതുപക്ഷസൎവ്വാധിപത്യരാഷ്ട്രങ്ങൾ സാമ്പത്തികാടിസ്ഥാനത്തിലും വെല്ലുവിളിക്കുകയാണു്. സാമ്പത്തികാടിസ്ഥാനത്തിലുള്ള എതിൎപ്പിനെതിരായി ജനാധിപത്യത്തിനുവേണ്ടി വാദിക്കാൻ പ്രയാസമില്ല, കാരണം രണ്ടു വ്യവസ്ഥിതികളിലെയും പരിതഃസ്ഥിതികൾ താരതമ്യപ്പെടുത്തിനോക്കിയാൽ മതി. ഇതുവരെയായും "ഭൗതിക" കാൎയ്യങ്ങളെ സംബന്ധിച്ചിടത്തോളം സോവ്യറ്റു് റിപ്പബ്ളിക്കുകൾ നമ്മോടൊപ്പമെത്തീട്ടില്ല; എന്നിട്ടല്ലേ, നമ്മെ കവച്ചുവെക്കാൻ? എന്നാൽ മററെ തരത്തിലുള്ള സൎവ്വാധിപത്യത്തിന്നെതിരായി ജനാധിപത്യം

സംരക്ഷിക്കപ്പെടണമെങ്കിൽ, നമ്മുടെ സംസ്കാരത്തിന്റെ ഓരോ ദശയിലുമുള്ള വികസനത്തിൽ മനുഷ്യപ്രകൃതിയിലുള്ള വിശ്വാസത്തിന്റെ പ്രാധാന്യം ക്രിയാത്മകവും ധൈര്യപൂർവ്വകവുമായ തരത്തിൽ ഉണർത്തപ്പെടേണ്ടിയിരിക്കുന്നു. ശാസ്ത്രം, കല, വിദ്യാഭ്യാസം, ധാർമ്മികവും മതപരവുമായ കാര്യങ്ങൾ, രാഷ്ട്രീയം, സാമ്പത്തിക കാര്യങ്ങൾ ഇങ്ങനെ എല്ലാ തുറകളിലും ഈ ഉണർവ്വാവശ്യമാണ്. മാർക്സിസ്റ്റ് രൂപത്തിലുള്ള സർവ്വാധിപത്യത്തിന്നെതിരായി ജനാധിപത്യത്തെ രക്ഷിക്കാനും ഒട്ടുക്കം ഇതുതന്നെ വേണ്ടിവരും. മനുഷ്യപ്രകൃതി അതിന്റെ കേവലരൂപത്തിൽ എത്രതന്നെ ഐകരൂപ്യവും സ്ഥിരതയുമുള്ളതാണെന്നിരിക്കിലും, നമ്മുടെയിടയിൽ രാഷ്ട്രീയജനാധിപത്യം വേരൂന്നിയതിന്നുശേഷം മനുഷ്യപ്രകൃതിയുടെ പ്രവർത്തനത്തെ സംബന്ധിക്കുന്ന പരിതഃസ്ഥിതികളെല്ലാംതന്നെ വളരെയധികം മാറിപ്പോയിട്ടുണ്ട്. തൻമൂലം രാഷ്ട്രീയസ്ഥാപനങ്ങളിൽ മാത്രം ആശ്രയിക്കുവാനോ, പ്രകടമാക്കുവാനോ, ജനാധിപത്യത്തിന്നു കഴിയാതെ വന്നിരിക്കുന്നു. രാഷ്ട്രീയസ്ഥാപനങ്ങളും അവയുടെ നിയമപരമായ അകമ്പടികളും ഇക്കാലത്തു തികച്ചും യഥാർത്ഥത്തിലുള്ള ജനാധിപത്യസ്ഥാപനങ്ങളാണോ എന്ന് തീർത്തുപറയുവാൻപോലും വിഷമമാണ്. കാരണം, മനുഷ്യജീവികളുടെ മനോഭാവത്തിലാണ് ജനാധിപത്യം പ്രകടമായി കാണാൻ കഴിയുന്നത്; അവരുടെ ജീവിതത്തിലുണ്ടായിത്തീരുന്ന ഫലങ്ങൾകൊണ്ടാണ് ജനാധിപത്യം അളക്കപ്പെടുന്നത്. എല്ലാ സാംസ്കാരികരൂപങ്ങളിലും, വിദ്യാഭ്യാസം, ശാസ്ത്രം, കല, ധാർമ്മികവും മതപരവുമായ കാര്യങ്ങൾ, വ്യവസായം, രാഷ്ട്രീയം എന്നിവയിലും മനുഷ്യപ്രധാനമായ ജനാധിപത്യതത്വത്തിന്നു വമ്പിച്ച സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ട്, ധാർമ്മികോൽബോധനത്തിന്മേലുള്ള വിമർശനം വിലപ്പോകുന്നില്ല. മനുഷ്യപ്രാ

ത്തനത്തിൻെറ ഓരോ ദശകളും പരിശോധിച്ച്, മനുഷ്യപ്ര കൃതിയുടെ കഴിവുകൾ വിനിയോഗിക്കപ്പെടുന്നതിലും വളച്ച്യും ഫലപ്രാപ്തിയും സംഭവിക്കുന്നതിലും അതിനെന്തുമാത്രം സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ടെന്നു് കണ്ടുപിടിക്കേണ്ട ആവശ്യമുണ്ടെന്നാണ് അതു നമ്മെ പഠിപ്പിക്കുന്നതു്. “ധാർമ്മികപുനരായുധീകരണം” സ്വീകരിക്കുക, എന്നാൽ എല്ലാ സാമൂഹ്യപ്രശ്നങ്ങളും താനേ പരിഹരിക്കപ്പെട്ടും എന്നു അതു പറയുന്നില്ല. നിലവിലുള്ള സംസ്കാരത്തിൻെറ വിവിധാംശങ്ങൾ എന്തെന്തു പ്രവൃത്തികളാണു ചെയ്യുന്നതെന്നു കണ്ടുപിടിക്കുവാൻ അതു നമ്മോടാവശ്യപ്പെടുന്നു. അതു കണ്ടുപിടിച്ചശേഷം മനുഷ്യപ്രകൃതിയുടെ കഴിവുകൾ പരിപൂർണ്ണമായി വിനിയോഗിക്കാനും ഫലപ്രദമാക്കാനും എന്തെന്തു മാററങ്ങൾ വരുത്തണമോ, അതു വരുത്തുവാൻ ശ്രമിക്കുക എന്നാണതു പഠിപ്പിക്കുന്നതു്.

ജനാധിപത്യം ക്രിസ്തുമതത്തിൻെറ ഉപസൃഷ്ടിയാണെന്നു് പറയപ്പെടാറുണ്ടു്. കാരണം, മനുഷ്യാത്മാവിൻെറ വ്യക്തിമഹിമയാണല്ലോ ക്രിസ്തുമതം പഠിപ്പിക്കുന്നതു്. എന്നാൽ ആത്മാവിലുള്ള വിശ്വാസം പൊള്ളയാണെന്നു ശാസ്ത്രം തെളിയിച്ചിട്ടുള്ളതിനാൽ, ജനാധിപത്യത്തിനുണ്ടെന്നു പറയുന്ന ധാർമ്മികാടിസ്ഥാനം കൈവെടിയേണ്ടിയിരിക്കുന്നുവെന്നു് ചിലർ പറഞ്ഞുവരുന്നുണ്ടു്. വ്യക്തികളുടെ പരസ്പരബന്ധത്തിനു് മററുതരത്തിലുള്ള അടിസ്ഥാനങ്ങളേക്കാൾ ധാർമ്മികാടിസ്ഥാനത്തിനു മുൻഗണന നൽകുവാൻ വല്ല കാരണവുമുണ്ടെങ്കിൽ, അതു് ഇതരസാമൂഹ്യരൂപങ്ങളിലുള്ളതിനെക്കാൾ കൂടുതൽ ഗുണപ്രദമായ പ്രത്യേകബാഹ്യബന്ധങ്ങളാണെന്നു് ചിലർ പറയുന്നു. ഇതിൽനിന്നെല്ലാം വ്യത്യസ്തമായ മറെറാരഭിപ്രായം, ആത്മാവിനെക്കുറിച്ചുള്ള മതതത്വങ്ങളിലുള്ള വിശ്വാസം കുറഞ്ഞുപോയതുകൊണ്ടാണ് ജനാധിപത്യവിശ്വാസത്തിനും ക്ഷീണം തട്ടിയതെന്നാ

ണ്. ഈ എതിരഭിപ്രായങ്ങൾ, മനുഷ്യപ്രകൃതിയുടെ കഴിവുകളിൽ വിശ്വാസമൎപ്പിക്കുന്നതിന്നു മതിയായ കാരണമുണ്ടോ എന്ന ചോദ്യത്തിന് ആഴവും സത്വരത്വവും കൂട്ടുന്നു. മതത്തിന്നു് ഒരുകാലത്തുണ്ടാത്തുവാൻ കഴിഞ്ഞതുപോലുള്ള വിശ്വാസദാൎഢ്യവും ആവേശവും ഇതിന്നും ഉണ്ടാക്കാൻ കഴിയുമോ എന്ന ചോദ്യവും ഇത്രതന്നെ പ്രാധാന്യമൎഹിക്കുന്നുണ്ടു്. ഈ ആശയം "പരമാബദ്ധ"മാണെന്നു പറയത്തക്കവണ്ണം മനുഷ്യപ്രകൃതി ആന്തരികമായി അത്രയേറെ കഴിവു കുറഞ്ഞതാണോ? ഇതിന്നുത്തരം നൽകാൻ ഞാൻ മുതിരുന്നില്ല. എന്നാൽ "വിശ്വാസം" എന്ന പദം ഉപയോഗിച്ചിരിക്കുന്നതു കരുതിക്കൂട്ടിത്തന്നെയാണ്. കാരണം, ദീൎഘവീക്ഷണത്തിൽ, ഈ വിശ്വാസം നിലനിൎത്താനും പ്രവൃത്തികൊണ്ടതു ന്യായീകരിക്കാനുമുള്ള ജനാധിപത്യത്തിൻെറ കഴിവനുസരിച്ചിരിക്കും ജനാധിപത്യത്തിൻെറ ജയാപജയങ്ങൾ. അസഹിഷ്ണുതയുടെ കാൎയ്യം ഉദാഹരണമായെടുക്കാം. മനുഷ്യജീവികളുടെ ഏതെങ്കിലുമൊരു വിഭാഗത്തെ—അതു വംശപരമോ, ജാതീയമോ, രാഷ്ട്രീയമോ ആയ വിഭാഗമായിക്കൊള്ളട്ടെ,—വ്യവസ്ഥാപിതമായി വെറുക്കപ്പെടുകയാണെങ്കിൽ അതു കാണിക്കുന്നതു് മനുഷ്യപ്രകൃതിയിൽ അഗാധമായ വിശ്വാസക്കുറവുണ്ടെന്നാണ്. മതപരമായ വിശേഷഗുണങ്ങളോടുകൂടിയ മനുഷ്യപ്രകൃതിയുടെ കഴിവിലുള്ള വിശ്വാസത്തിൻെറ നിലപാടിൽനിന്നുനോക്കുമ്പോൾ അതു് "ഈശ്വരനിന്ദ"യാണെന്നുപോലും പറയാം. ഏതെങ്കിലും ഒരു പ്രത്യേക ഗ്രൂപ്പിനെതിരായിട്ടായിരിക്കാം ഈ വെറുപ്പ് ആരംഭിക്കുന്നതു്. ആ ഗ്രൂപ്പുമാത്രം മനുഷ്യൻെറ ബഹുമാനവും വിശ്വാസവും അൎഹിക്കാതിരിക്കാൻ ചില പ്രത്യേക കാരണങ്ങളുമുണ്ടായിരിക്കാം. ഒരു ഗ്രൂപ്പിനെതിരായുള്ള അവിശ്വാസവും വെറുപ്പും പെരുകിവന്നു്, ഒടുക്കം ആരും ആന്തരികമായി ബഹുമാനിക്കപ്പെടാനോ, വിശ്വസി

ക്കപ്പെടാനോ അർഹതയുള്ളവരല്ലെന്ന ദൃഢവിശ്വാസംവ രെ എത്താം. അഥവാ വല്ല ഗ്രൂപ്പിനെയും വിശ്വസിക്കുക യാണെങ്കിൽ ആ ഗ്രൂപ്പിനെക്കൊണ്ട് ബാഹ്യമായ ചില താ ല്പര്യങ്ങൾക്കുവേണ്ടി ചില ആവശ്യങ്ങളും ഉപയോഗവുമുള്ളതു കൊണ്ടുമാത്രമായിരിക്കും. ഒരു പ്രത്യേക പേരിലറിയപ്പെട്ടു ന്ന ഒരു പ്രത്യേക ഗ്രൂപ്പിൽപെടുന്ന വ്യക്തികൾക്കെതിരായു ള്ള അസഹിഷ്ണുതയെപ്പോലെ നശീകരണശക്തിയുള്ള ഒരു 'ആസിഡും' ഇല്ല. ഈ നശീകരണശക്തിയുടെ കഴിവുകൾ വർദ്ധിച്ചുവരുന്ന വെറുപ്പിനൊപ്പം വളരുന്നു. ഏതുതര ത്തിൽപ്പെട്ട അസഹിഷ്ണുതയുടെയും കാതൽ മനുഷ്യവിരോധ മനോഭാവമാണ്. ഏതെങ്കിലും ഒരു ജനവിഭാഗത്തിനെ തിരായി വെറുപ്പിളക്കിവിട്ടുകൊണ്ട് സംഘടിപ്പിക്കപ്പെട്ടു ന്ന എല്ലാ പ്രസ്ഥാനങ്ങളും ഒടുക്കം ആ ജനവിഭാഗങ്ങൾക്ക് മനുഷ്യസഹജമായ യാതൊരു ഗുണങ്ങളുമില്ലെന്ന നിഗമന ത്തിലാണെത്തുക.

അസഹിഷ്ണുതയുടെ കാര്യം അതിൻെറ സ്വന്തം നില യിൽത്തന്നെ പ്രാധാന്യമർഹിക്കുന്നതാണെങ്കിലും ഇവിടെ ഒരു പ്രത്യേകോദ്ദേശത്തോടുകൂടിയാണ് എടുത്തു പറഞ്ഞത്. മനുഷ്യപ്രകൃതിയുടെ കഴിവുകളിലുള്ള വിശ്വാസവും ജനാ ധിപത്യത്തിൻെറ ഭാവിയും തമ്മിലുള്ള ആന്തരികബന്ധ ത്തിന്നൊരുദാഹരണമാണത്. നമ്മുടെ കഴിഞ്ഞകാലത്തെ സഹിഷ്ണുത എത്രത്തോളം ക്രിയാത്മകമായിരുന്നു? എത്രത്തോ ളം ഇഷ്ടമില്ലാത്തത് പല്ലുകടിച്ചുസഹിച്ചതായിരുന്നു? എത്ര ത്തോളം ഇഷ്ടമുള്ളതരത്തിൽ മാററങ്ങൾ വരുത്തുന്നതിനുള്ള ബുദ്ധിമുട്ടാലോചിച്ചു സഹിച്ചതായിരുന്നു? ജനാധിപത്യ ത്തിന്നെതിരായുള്ള ഇന്നത്തെ പ്രത്യാഘാതങ്ങളധികവും മു ന്പു തന്നെ നിലവിലുണ്ടായിരുന്ന പ്രവണതകൾ പുറത്തു ചാടിയതുമാത്രമാണ്. ഇതിന്നുമുമ്പ് അവ മറച്ചുവെക്ക പ്പെട്ടതായിരിക്കാം; അതല്ലെങ്കിൽ വേണ്ടത്ര വെളിച്ചത്തുവ

ന്നിട്ടില്ലായിരിക്കാം. തീച്ചയായും നിഗ്രോക്കാരോട്ടം, കത്തോലിക്കരോട്ടം, ജൂതന്മാരോട്ടം മററുമുള്ള വംശപരമായ പക്ഷപാതം നമ്മുടെ ജീവിതത്തിൽ പുതുതായി മുളച്ചുണ്ടായതായിരിക്കാൻ നിവൃത്തിയില്ല. അതു നമ്മിലുണ്ടെന്നതു് ആന്തരികമായി വലിയ ക്ഷീണമാണു്. നാസിജമ്മനിയുടെയും നമ്മുടെയും പ്രവൃത്തികൾ തമ്മിൽ വലിയ വ്യത്യാസമില്ലെന്ന ആരോപണത്തിന്നതു് വഴിവെക്കുന്നു.

നമ്മുടെ സ്വഭാവസമ്പ്രദായങ്ങളും മനോഭാവങ്ങളും പരിശോധിച്ചാൽ പ്രകടമായിക്കാണാവുന്ന ഏററവും വലിയ പ്രായോഗികവൈരുദ്ധ്യം, ഒരുപക്ഷേ, ബഹുജനാഭിപ്രായം രൂപീകരിക്കാൻ നാം ഉപയോഗിക്കുന്ന ജനാധിപത്യമാഗ്ഗവും മററു വിശ്വാസങ്ങൾ രൂപീകരിക്കാൻ നാം ഉപയോഗിച്ചുവരുന്ന മാഗ്ഗങ്ങളും തമ്മിലുള്ള വൈരുദ്ധ്യമായിരിക്കും. സിദ്ധാന്തപരമായി, നിയമസഭകൾ, പത്രങ്ങൾ, സ്വകാര്യസംഭാഷണങ്ങൾ, പൊതുയോഗങ്ങൾ എന്നിവയിൽക്കൂടിയുള്ള ചച്ചകൾമുഖേന കാര്യങ്ങൾ വിശ്വസിക്കാൻ പ്രേരിപ്പിക്കുകയാണു് ജനാധിപത്യമാഗ്ഗം. വെടിയുണ്ടക്കുപകരം വോട്ടുകളും, ചമ്മട്ടിക്കുപകരം വോട്ടധികാരവും സ്വീകരിച്ചതു്. കൈയൂക്കിൻെറ മാഗ്ഗത്തിൻെറ മാഗ്ഗത്തിന്നു പകരം പരസ്പരചച്ചയുടെ മാഗ്ഗം സ്വീകരിച്ചതിൻെറ ലക്ഷണമാണു്. രാഷ്ട്രീയതീരുമാനങ്ങളെടുക്കുന്നതിൽ അതിന്നെന്തെല്ലാം കുറവുകളും പക്ഷപാതിത്വവുമുണ്ടെങ്കിലും, ഒരു നൂററാണ്ടിന്നുമുമ്പു് അവിശ്വസനീയമായിത്തോന്നിയിരുന്ന തോതിൽ കിടമത്സരങ്ങൾ ഇല്ലാതാക്കാൻ അതിന്നു കഴിഞ്ഞിട്ടുണ്ടു്. അസംബ്ലിയിൽ കയറിയിരുന്നു് കുറെ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും കുററവത്തമാനങ്ങൾ പറഞ്ഞതുകൊണ്ടു് അവക്കെത്രത്തോളം "ഗുണകോഷ്ഠം" ശരിയാക്കാൻ കഴിയുമോ അത്രയും സാമൂഹ്യകാര്യങ്ങളും അവക്കു ശരിയാക്കാൻ കഴിയുമെന്നു് കാർലൈൽ തൻെറ സ്വതഃസിദ്ധമായ ശൈലിയിൽ ക

ളിയാക്കിയിട്ടുണ്ടെങ്കിലും, ഏഴിനെ ഏഴുകൊണ്ടു ഗുണിച്ചാൽ എന്തു കിട്ടുമെന്നു നിശ്ചയിക്കാൻ ആളുകൾ മുണ്ടൻവടിയെടുത്തു തമ്മിൽ തല്ലുകയും കൊല്ലുകയുമാണ് ചെയ്തിരുന്നതെങ്കിൽ, ചർച്ചചെയ്തും, സംഭാഷണം നടത്തിയും കാര്യങ്ങൾ തീരുമാനിക്കയാണ് ഭേദമെന്ന യുക്തിക്ക് സ്ഥാനമുണ്ടാകുമായിരുന്നെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നില്ല. ഗണിതശാസ്ത്രത്തിൽ എന്താണ് 'ശരി'യെന്നു പറയുന്നപോലെയല്ല സാമൂഹ്യകാര്യങ്ങളെ സംബന്ധിച്ച് "ശരി"കണ്ടുപിടിക്കൽ. സാമൂഹ്യകാര്യങ്ങളിൽ അത്ര ഐക്യരൂപത്തിലും സർവ്വസമ്മതവുമായ ഒരു "ശരി"കാണണമെങ്കിൽ അതൊരു "ഡിക്റ്റേററരുടെ" കീഴിൽ മാത്രമേ ഉണ്ടാവുകയുള്ളൂ. ഒരു ഡിക്റ്റേററക്കു മാത്രമെ "ഇതാണു ശരി" എന്നാളുകളെ വിശ്വസിപ്പിക്കാനോ, വിശ്വസിക്കുന്നുണ്ടെന്നു പറയിക്കാനോ കഴിവുള്ളൂ. വിവിധതാല്പര്യങ്ങൾ തമ്മിൽ ഒത്തുതീർപ്പുണ്ടാകണമെങ്കിൻ ഓരോ വിരുദ്ധതാല്പര്യത്തിൻെറയും അവകാശവാദങ്ങൾ പ്രകടമാക്കാൻ അവസരം കൊടുക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സ്വാഭാവികമനോഭാവത്തിൽതന്നെ വൈരുദ്ധ്യങ്ങളുണ്ടെന്നതാണ് യഥാർത്ഥത്തിലുള്ള വിഷമം. രാഷ്ട്രീയകാര്യങ്ങൾ തീരുമാനിക്കാൻ നാം ചർച്ചയും സംഭാഷണവും ഉപയോഗിക്കുമ്പോൾ, ധാർമ്മികവും മതപരവുമായ കാര്യങ്ങൾ തീരുമാനിക്കാൻ മററു മാർഗ്ഗങ്ങളാണുപയോഗിക്കുന്നത്. ചില കാര്യങ്ങൾ തീരുമാനിക്കാൻ "അതിന്നധികാര"മുള്ള ഏതെങ്കിലും വ്യക്തിയേയോ ഗ്രൂപ്പിനെയോ നാം ആശ്രയിക്കുന്നു. ഇതിന്നുവേണ്ടി മതപരമായ കാര്യങ്ങൾ ഉദാഹരണമായെടുക്കേണ്ടതില്ല. വീട്ടിലും വിദ്യാലയത്തിലും, അതുപോലെ സ്വഭാവരൂപവല്ക്കരണം നടക്കുന്ന എല്ലായിടങ്ങളിലും ബുദ്ധിപരവും ധാർമ്മികവുമായ കാര്യങ്ങളും, എന്നുവേണ്ട എല്ലാ കാര്യങ്ങളും തന്നെ തീരുമാനിക്കാൻ മാതാപിതാക്കന്മാരുടെയോ, അദ്ധ്യാപകൻെറയൊ, പ്രാവ്യ

സ്റ്റകത്തിൻെറയൊ "അധികാര"ത്തിന്നു നാം വഴങ്ങിക്കൊടു ക്കുകയാണു പതിവ്. അത്തരം പരിത:സ്ഥിതികളിൽ രൂപ വൽകൃതമാകുന്ന സ്വഭാവങ്ങൾ ജനാധിപത്യമാർഗ്ഗത്തിന്നു യോജിച്ചതല്ല. കാരണം ഒരു വിഷമഘട്ടത്തിൽ ജനാധി പത്യവിരുദ്ധമാർഗ്ഗങ്ങളെയും ജനാധിപത്യവിരുദ്ധലക്ഷ്യങ്ങ ളെയും അനുകൂലിക്കുന്ന വിധത്തിൽ പ്രവർത്തിക്കാൻ മാത്രമേ അത്തരം സ്വഭാവമനോഭാവത്തിന്നു കഴിവുണ്ടാകയുള്ളു. "നിയമവും സമാധാനവും" അപകടത്തിലാണെന്നു മുറവി ളികൂട്ടിയാൽ, സ്വതവേ ജനാധിപത്യമാർഗ്ഗങ്ങൾ സ്വീകരി ച്ചിട്ടുള്ള രാജ്യങ്ങളിൽ പൗരസ്വാതന്ത്ര്യം, അടിച്ചമർക്കപ്പെടു ന്നതും ബലപ്രയോഗത്തിന്നൊരുമ്പെടുന്നതും ഇതിന്നുദാഹര ണമാണു്.

മനുഷ്യപ്രകൃതിയുടെ സാദ്ധ്യതകളെ പൂർണ്ണവളർച്ചയെ ത്തി വികസിക്കാൻ പര്യാപ്തമാക്കുന്ന പരിത:സ്ഥിതികൾ ഉ ണ്ടായിരിക്കണമെന്ന ആവശ്യം പ്രായോഗികമാക്കാൻ കെ ല്പുള്ള അധികാരവും ശക്തിയും കണ്ടെത്തുക എളുപ്പമുള്ള കാര്യമല്ല. ജനാധിപത്യത്തിൻെറ സ്വഭാവമാണതു്. ജ നാധിപത്യമാർഗ്ഗം സുകരമല്ല. ഏററവും വലിയ ഉത്തരവാ ദിത്വഭാരം ഏററവുമധികം ആളുകളുടെ തലയിൽ ചുമത്തു ന്ന ഏർപ്പാടാണതു്. പിന്നണികളിൽ പിളർപ്പും വ്യതിയാ നങ്ങളും വഴിക്കുവെച്ചു സംഭവിക്കാറുണ്ടു്; ഇനിയും സംഭവി ക്കയും ചെയ്യും. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ അതിൻെറ ഏററവും ബലംകുറഞ്ഞതായിത്തോന്നുന്ന അതേ കാര്യങ്ങൾതന്നെയാണു് മാനവചരിത്രത്തിൻെറ നീണ്ട കാ ലയളവിൽ ഏററവും വലിയ ശക്തിയായിത്തീരുന്നതു്. ജ നാധിപത്യസ്വാതന്ത്ര്യം മനുഷ്യൻെറ കഴിവുകളുടെ ഏററ വും പരിപൂർണ്ണമായ വികസനത്തിൻെറ കാര്യമാണു്; അതു കൊണ്ടു് എത്ര വലിയ മർദ്ദനവും അടിച്ചമർത്തലും ഉണ്ടായാ ലും കാലം വരുമ്പോൾ മനുഷ്യൻെറ കഴിവുകൾ ഉണർന്നു്

അവ സ്വയം പ്രകടമാക്കാനുള്ള സന്ദർഭം കൈവരുത്തും. അമേരിക്കൻ ജനാധിപത്യത്തിന്റെ സ്ഥാപകന്മാരെ സംബന്ധിച്ചേടത്തോളം ജനാധിപത്യം നീതിയും സമത്വവുമടങ്ങിയ ഒരു ധാർമ്മികകാര്യമായിരുന്നു. അവർ ഉപയോഗിച്ചിരുന്ന വാക്കുകളുരുവിട്ടുന്നതിനാൽ ഇന്നു നമുക്കു പ്രയോജനമില്ല. അന്നു സാധാരണയായുപയോഗിച്ചിരുന്ന വാക്കുകൾക്കിന്നർത്ഥമില്ലാതായിത്തീർന്നിരിക്കുന്നു; അത്ര വലിയ മാററങ്ങൾ സംഭവിച്ചിട്ടുണ്ടു്. അറിവിൽ ഭാഷ ഇന്നു നമുക്കുപകരിക്കാത്തതായിക്കൊള്ളട്ടെ, അവർ ഉറപ്പിച്ചുപറഞ്ഞിരുന്ന കാര്യമിതാണു്; മനുഷ്യപ്രകൃതിക്കു ഏററവുമധികം ആളുകളിൽ പൂർണ്ണവളർച്ച പ്രാപിക്കുവാൻ കഴിവുണ്ടാക്കിക്കൊടുക്കുന്ന ഉപാധികളാണു് സ്വയംഭരണസ്ഥാപനങ്ങൾ. സ്വയംഭരണസമ്പ്രദായങ്ങളിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്നതു് ഇന്നു വളരെ സങ്കീർണ്ണമായിത്തീർന്നിട്ടുണ്ടു്. എന്നാൽ ഇതേ കാരണംകൊണ്ടുതന്നെ ജനാധിപത്യവിശ്വാസികളുടെ പ്രധാന കർത്തവ്യം, ജനാധിപത്യത്തിന്റെ ആന്തരികധാർമ്മികസ്വഭാവത്തിലുള്ള വിശ്വാസം പുനരുജ്ജീവിപ്പിക്കുകയും ആധുനികസാംസ്കാരിക പരിതഃസ്ഥിതികൾക്കനുയോജ്യമായവിധത്തിൽ അതു പരിരക്ഷിക്കുകയുമാണു്. ജനാധിപത്യം ഒരു ജീവിതരീതിയാണെന്നു പറയാവുന്നത്ര നാം പുരോഗമിച്ചിട്ടുണ്ടു്. അതൊരു വ്യക്തിപരമായ ജീവിതരീതിയാണെന്നും, വ്യക്തിപരമായ പെരുമാററത്തിന്റെ ധാർമ്മികമാനദണ്ഡമാണെന്നും നാം ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

V

# ശാസ്ത്രവും സ്വാതന്ത്ര്യസംസ്കാരവും

അജ്ഞതയും അന്ധവിശ്വാസവുമാണ് മനുഷ്യന്റെ അടിമത്തത്തിന്നു് കാരണം. ഭരണകൂടത്തിന്റെ മർദ്ദനങ്ങൾക്കു് താങ്ങായി നില്ക്കുന്നതും, അവതന്നെ; ശാസ്ത്രപുരോഗതി നിമിത്തം അവ ദൂരീകരിക്കാനുതകുന്ന സ്വാതന്ത്ര്യസ്ഥാപനങ്ങൾ ഉണ്ടായിത്തീരും,—വിജ്ഞാനയുഗം ഇങ്ങിനെയൊക്കെ പ്രവചിച്ചിരുന്നെങ്കിലും ആ പ്രവചനത്തിൽ ഇനി വിശ്വസിക്കുവാൻ വയ്യാതായിരിക്കുന്നു. വിചാരിച്ചതിലും വിപുലവും ശീഘ്രതരവുമായിരുന്നു പ്രകൃതിശാസ്ത്രപുരോഗതി. തൽഫലമായി സാധനസാമഗ്രികളുടെ ഉല്പാദനവും വിതരണവും വമ്പിച്ച തോതിലാകേണ്ടിവന്നതോടെ കേന്ദ്രീകരണം ആവശ്യമായിത്തീൎന്നു; വമ്പിച്ച നിയമാധികാരങ്ങളും സംരക്ഷണങ്ങളുമുള്ള വൻകിട വ്യവസായസ്ഥാപനങ്ങളും ഉണ്ടായിത്തീൎന്നു. ഇതിനെല്ലാം പുറമെ, കെട്ടുപിണഞ്ഞതും വിപുലവുമായ ഒട്ടുവളരെ പുതിയ പ്രശ്നങ്ങളും ഉളവായി. ബഹുജനാഭിപ്രായവും ബഹുജനവികാരങ്ങളും നിയന്ത്രിക്കുന്നതിനുള്ള ഉപാധികൾ അതു് സർവ്വാധിപത്യഭരണാധികാരികൾക്കു് പ്രദാനം ചെയ്തു. അവയ്ക്കു് മുമ്പിൽ പണ്ടുകാലത്തു് സ്വേച്ഛാധിപന്മാൎക്കുണ്ടായിരുന്ന നിയന്ത്രണോപാധികൾ നിഷ്പ്രഭങ്ങളായ്പ്പോകുന്നു. വൎത്തമാനങ്ങൾ തടയുന്ന "സെൻസർഷിപ്പു"കൾക്കു പകരം പുതിയ പ്രചരണോപാധികൾ സ്വീകരിക്കപ്പെട്ടു. ആശയങ്ങളും, വിജ്ഞാനത്തിന്റെ മൂടുപടമിട്ട പ്രചാരണസാഹിത്യവുംകൊണ്ടു് ഓ

രോ വ്യക്തിയെയും നിഷ്പ്രയാസം സമീപിക്കുവാൻ കഴിയുന്നത്ര വമ്പിച്ച തോതിൽ പ്രചരണോപാധികൾ ഇന്നുപയോഗിച്ചുവരുന്നുണ്ട്; പഴയതും പുതിയതുമായ എല്ലാ വാർത്താവിതരണോപാധികളും പ്രസിദ്ധീകരണോപാധികളും ഐകരൂപ്യമുള്ള വസ്തുതകൾ ദിനംപ്രതി ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഭരണീയരുടെ സജീവാനുകൂല്യത്തോടുകൂടിയാണു് സർവ്വാധിപത്യരാഷ്ട്രങ്ങൾ നിലനിന്നുവരുന്നതെന്ന അവകാശവാദത്തിന്നു് ഇദംപ്രഥമമായി മനുഷ്യചരിത്രത്തിൽ ഇതു വഴിവെച്ചുകൊടുത്തിരിക്കുന്നു. സ്വേച്ഛാധിപത്യഭരണസമ്പ്രദായങ്ങൾ ചരിത്രത്തോളംതന്നെ പഴക്കമുള്ളവയാണെങ്കിലും, ഈ പുതിയ സംഭവവികാസം അതിശയകരമാംവിധം അപ്രതീക്ഷിതവും സുശക്തവുമാണു്.

ജനാധിപത്യവ്യവസ്ഥക്കുവേണ്ടിയുള്ള പഴയ വാദങ്ങളിലൊന്നു് ഇവിടെ ഖണ്ഡിക്കപ്പെട്ടിരിക്കുന്നു; മാനസികാസ്വാസ്ഥ്യമുളവാക്കുന്ന സംഗതിയാണതു്. വ്യവസായവിപ്ലവം വളരെയധികം മുന്നേറുന്നതിന്നുമുമ്പു് എല്ലാവരും പറഞ്ഞിരുന്നു, മർദ്ദനഭരണത്തിന്നു് താരതമ്യേന ചെറിയൊരു വർഗ്ഗത്തിൻെറ പിൻതുണമാത്രമെ ലഭിക്കയുള്ളുവെന്നു്: ഒരു "റിപ്പബ്ളിക്കൻ" ഭരണത്തിന്നാകട്ടെ ബഹുജനങ്ങളുടെ വിശാലമായ പിൻതുണയുണ്ടായിരിക്കും എന്നു്. അങ്ങിനെയാകുമ്പോൾ, റൂസ്സോവിൻെറ ഭാഷയിൽ പറഞ്ഞാൽ, ഒന്നുമല്ലാതിരുന്ന "ജനങ്ങൾ" എല്ലാമായിത്തീരും. ഇപ്പോൾ ഇതിനെല്ലാം കടകവിരുദ്ധമായ കാര്യങ്ങളാണു് നാം കേൾക്കുന്നതു്. ജനാധിപത്യം എന്നുവെച്ചാൽ സംഖ്യാബലംകൊണ്ടുള്ള ഒരു കസർത്തുവിദ്യയാണത്രെ; ഒരു പ്രത്യേക കാലഘട്ടത്തിൽ ഭൂരിപക്ഷം വോട്ടു് സമ്പാദിക്കാൻ കഴിയുന്ന ഒരു കൂട്ടം വ്യക്തികളുടെ മാറിക്കൊണ്ടിരിക്കുന്ന കാൽവെപ്പിലാണു് ജനാധിപത്യം നിലകൊള്ളുന്നതു്. വിശ്വാസത്തിലും ലക്ഷ്യത്തിലുമുള്ള ഐകരൂപ്യത്തിൽ മാത്രം ഉണ്ടായിത്തീരുന്ന

LENDING LIBRARY KOTTAYAM

ധാർമ്മികൈക്യം ജനാധിപത്യവ്യവസ്ഥിതിയിൽ കാണാൻ കഴിയുകയില്ല. എന്നാൽ സർവ്വാധിപത്യവ്യവസ്ഥിതിയുടെ കാതലായ ഭാഗംതന്നെ അതാണെന്നും ചിലർ ഉൽബോധിപ്പിക്കുന്നു. ഈ അവകാശവാദവും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് കളുടെ വാദഗതിയും ഏതാണ്ടൊരേനിലപാടിലുള്ളതാണ്. തങ്ങളുടെ അഭിപ്രായങ്ങൾ ആന്തരികമായി ശാസ്ത്രീയസ്വഭാവമുള്ളതാകയാൽ, ആ "യഥാർത്ഥസത്യ"ത്തിന്റെ അധികാരത്തിന്നു മുമ്പിൽ "കപടാഭിപ്രായങ്ങൾക്കു" ന്യായമായ യാതൊരു സ്ഥാനവുമില്ല എന്നാണ് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് വാദഗതി. എന്നാൽ ഇതിനെക്കാൾ അഗാധമായ അടിത്തട്ടിലേക്കിറങ്ങിച്ചെല്ലുന്നതാണ് ഫാഷിസ്റ്റ് അവകാശവാദം. ശാസ്ത്രീയാടിസ്ഥാനത്തിലുള്ള വെറും ബുദ്ധിപരമായ കുറിനെക്കാൾ കവിഞ്ഞതും മനുഷ്യന്റെ മൗലികവികാരങ്ങളെയും ഭാവനയെയും അടിസ്ഥാനമാക്കിയിട്ടുള്ളതുമാണ് അതു്. ഇതുവരെ ജനാധിപത്യരാജ്യങ്ങളിൽ ശ്രദ്ധിക്കപ്പെടാത്തതും എന്നാൽ കാലക്രമത്തിൽ കൂടുതൽ ശ്രദ്ധയാകർഷിക്കപ്പെടാതിരിക്കാൻ നിവ്വാഹമില്ലാത്തത്ര അടിസ്ഥാനപരവുമായ ഒരു അഭിപ്രായഗതിയുണ്ടു്, ശാസ്ത്രത്തെപ്പററി. "സ്വതന്ത്ര വ്യാപാര വ്യക്തിവാദ"തത്വങ്ങളാണത്രെ ശാസ്ത്രീയാന്വേഷണം നിയന്ത്രിച്ചിരുന്നതു്. തൻമൂലം, ശാസ്ത്രീയാന്വേഷണങ്ങളിൽ ശാസ്ത്രജ്ഞന്മാരുടെ വ്യക്തിപരമായ അഭിരുചികളും പ്രത്യേക ഇഷ്ടാനിഷ്ടങ്ങളും വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ടു്. ഇന്നു ബുദ്ധിജീവികളുടെയിടയിൽ കാണപ്പെടുന്ന ആശയക്കുഴപ്പം ഇത്തരത്തിലുള്ള ശാസ്ത്രത്തിന്റെയും വ്യവസായരംഗത്തിലെ വ്യക്തിപ്രധാനമായ പ്രവത്തനങ്ങളുടെയും ഫലമാണ്.

അതിർകവിഞ്ഞ ഒരഭിപ്രായമാണിതു്; നാം ഇതേവരെ വിശ്വസിച്ചുവന്നിരുന്നതിന്നു് നേരെ വിപരീതവുമാണ്. അതുകൊണ്ടു്, അതു വെറും "കിറുക്കാ"ണെന്നു പറ

ഞതു തള്ളിക്കളയപ്പെടാൻ എളുപ്പമുണ്ടു്. അത്തരത്തിലുള്ള ഒരഭിപ്രായമായതുകൊണ്ടുതന്നെ, അതു സൂചിപ്പിക്കുന്നതു് ഒരു യഥാൎത്ഥപ്രശ്നത്തെയാണെന്നുവേണം കണക്കാക്കുവാൻ. ശാസ്ത്രത്തിൻെറ സാമൂഹ്യഫലങ്ങൾ വാസ്തവത്തിൽ എന്തൊക്കെയാണു്? അവയുടെ സാങ്കേതികപ്രയോഗം ഹേതുവായി ബുദ്ധിപരമായ താല്പൎയ്യത്തെക്കാൾ സാമൂഹ്യതാല്പൎയ്യങ്ങൾക്കു പ്രാധാന്യം നൽകപ്പെട്ടിട്ടില്ലേ? സോഷ്യലിസ്റ്റുകാർ പറയുന്നതരത്തിൽ വ്യവസായങ്ങളുടെമേലുള്ള സാമൂഹ്യനിയന്ത്രണം മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ, വ്യവസായപുരോഗതിയെ സാരമായി ബാധിച്ചേക്കാനിടയുള്ള ശാസ്ത്രീയഗവേഷണങ്ങൾ ഫലപ്രദമായി നിയന്ത്രിക്കേണ്ടതല്ലേ? അത്തരത്തിലുള്ള നിയന്ത്രണം ശാസ്ത്രീയസ്വാതന്ത്ര്യത്തിന്നു വിഘാതമായിരിക്കയില്ലേ? ശാസ്ത്രീയാന്വേഷണങ്ങളുടെ ഫലമായുണ്ടാകുന്ന കണ്ടുപിടുത്തങ്ങളുടെ സാമൂഹ്യഫലങ്ങൾ വളരെയധികം കുഴപ്പം സൃഷ്ടിക്കുന്നവയാകകൊണ്ടു് ശാസ്ത്രത്തിൽ ഒരു "മോറട്ടോറിയം" ആവശ്യമാണെന്നു പറയുന്നവർ ഇതേ പ്രശ്നംതന്നെ മിതമായ ഭാഷയിൽ പ്രതിപാദിക്കുന്നുവെന്നേയുള്ളു.

ഇതിനെല്ലാംപുറമെ റഷ്യയിൽനിന്നൊരഭിപ്രായം പുറപ്പെട്ടിരിക്കുന്നു: കഴിഞ്ഞ നൂറു നൂററമ്പതു കൊല്ലക്കാലമായി അന്നത്തെ സാമ്പത്തികവൎഗ്ഗമേധാവികളാണു് ശാസ്ത്രഗതി നിയന്ത്രിച്ചിരുന്നതു്; തന്നിമിത്തം ബൂൎഷ്വാജനാധിപത്യത്തിൻെറ കയ്യിലുള്ള ഒരു ചട്ടുകമായിത്തീൎന്നിരിക്കുന്നു, ശാസ്ത്രം. ഗവൎമ്മേണ്ടു്, പോലീസ്, പട്ടാളം മുതലായവയെപ്പോലെ അത്ര പ്രകടമായിട്ടല്ലെങ്കിലും കാൎയ്യത്തിൽ അങ്ങിനെയായിത്തീൎന്നിരിക്കുന്നു. ഭൌതികശാസ്ത്രവും സാമൂഹ്യശാസ്ത്രവും തമ്മിൽ വേർതിരിച്ചുനിൎത്തുന്ന അതിർവരമ്പുകളൊന്നും ഇല്ല. സാമൂഹ്യശാസ്ത്രമാകട്ടെ, അതിൻെറ ഗവേഷണത്തെസ്സംബന്ധിച്ചും അദ്ധ്യയനത്തെ സംബന്ധിച്ചും,

പുതിയ സാമൂഹ്യവ്യവസ്ഥിതിയുടെ ഉത്തമതാല്പര്യങ്ങളെയും മുൻനിർത്തി നിയന്ത്രിക്കപ്പെടേണ്ടതുമാണു്. ഭൌതികശാസ്ത്രവും, അതുപോലെതന്നെ, രാഷ്ട്രീയനിയന്ത്രണത്തിൻെറ പിടിയിൽനിന്നു വിട്ടുപോകാതെ നോക്കേണ്ടതാണു്. നരവംശശാസ്ത്രത്തെക്കുറിച്ചുള്ള ശാസ്ത്രീയസത്യം നാസിജർമ്മനിയിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുന്നു. റഷ്യയിലാകട്ടെ "മെൻഡലിസം" അശാസ്ത്രീയമാണെന്നും വിശ്വാസയോഗ്യമായ ജനനശാസ്ത്രം ഏതാണെന്നും ഔദ്യോഗികമായിത്തന്നെ തീരുമാനിക്കപ്പെടുന്നു. സാപേക്ഷാസിദ്ധാന്തത്തെ ഇരുകൂട്ടരും ചോദ്യം ചെയ്യുന്നു,—വ്യത്യസ്താടിസ്ഥാനത്തിൽനിന്നാണെന്നു മാത്രം. ഒരു കാര്യം തീർച്ചയാണു്: അഭിപ്രായനിയന്ത്രണത്തിൻെറ അന്തരീക്ഷം നിലവിലുള്ളേടത്തോളം കാലം, ധിഷണാപരമായ എല്ലാ പ്രവൃത്തികളെയും അതു് അടിസ്ഥാനപരമായി ബാധിക്കാതിരിക്കയില്ല; കലയും ശാസ്ത്രവും എല്ലാം അതിൽപെടും.

അതിർകവിഞ്ഞ അഭിപ്രായങ്ങൾ വളച്ചൊടിക്കപ്പെട്ട വിവരണങ്ങളാണെന്നു് അഭിപ്രായപ്പെടുകയാണെങ്കിൽ പോലും, ഒരു ചോദ്യം അവശേഷിക്കുന്നു. വിശ്വാസങ്ങളെ സംബന്ധിച്ചു് അടിസ്ഥാനപരമായ സർവ്വസമ്മതത്വവും ഏകാഭിപ്രായവുമില്ലാതെ ഒരു സമുദായത്തിന്നു്, വിശേഷിച്ചും ഒരു ജനാധിപത്യസമുദായത്തിന്നു് നിലനില്ക്കുവാൻ കഴിയുമോ? കഴിയുകയില്ലെങ്കിൽ, ശാസ്ത്രീയാന്വേഷണത്തെ സാമൂഹൈക്യത്തിൻെറപേരിൽ പൊതുവിലുള്ള ഒരധികൃതശക്തി നിയന്ത്രിച്ചുകൊണ്ടല്ലാതെ ആവശ്യമായ അഭിപ്രായൈക്യം കൈവരുത്തുക സാദ്ധ്യമാണോ?

ഈ കാര്യംവരുമ്പോൾ, സാമൂഹ്യഭവിഷ്യത്തുക്കളെസംബന്ധിച്ചേടത്തോളം ശാസ്ത്രകാരന്മാർ നിരുത്തരവാദിത്വം പാലിക്കുന്നവരാണെന്ന ഒരാരോപണം ഉന്നയിക്കാറുണ്ടു്, അപ്പോളാണു് ഇതിന്നടിയിൽ കിടക്കുന്ന പ്രശ്നങ്ങൾ രൂപ

മെട്ടകങ്കുന്നതു്. കഴിഞ്ഞ ഒരു നൂററാണ്ടുകാലത്തെ, വിശേഷിച്ചും കഴിഞ്ഞ അമ്പതുകൊല്ലക്കാലത്തെ, ശാസ്ത്രീയഗവേഷണത്തിൻെറ പ്രധാന ലക്ഷ്യങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും, സ്വകാര്യലാഭത്തിനുവേണ്ടി നടത്തപ്പെട്ടുവരുന്ന വ്യവസായതാല്പര്യങ്ങളാണു് നിൎണ്ണയിച്ചിരുന്നതെന്ന ഒരു വാദഗതിയുണ്ടു്. ശാസ്ത്രകാരന്മാരിൽ ചിലർതന്നെ ഈ വാദഗതിയോടു യോജിക്കുന്നവരാണു്.

പ്രത്യക്ഷനിയന്ത്രണങ്ങൾ അധികവും ചെലുത്തിയിരുന്നതു് ഗവർമ്മേണ്ടുകളാണു്. മററു രാജ്യങ്ങൾക്കെതിരായി തങ്ങളുടെ വ്യവസായവും വ്യാപാരവും വികസിപ്പിച്ചു് ദേശീയശക്തി വൎദ്ധിപ്പിക്കുന്നതിനുതകുന്ന ശാസ്ത്രീയഗവേഷണങ്ങളെയും, സൈന്യശക്തി കൂടുതൽ കാൎയ്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ഗവേഷണങ്ങളെയും ഗവർമ്മേണ്ടുകൾ പ്രോത്സാഹിപ്പിച്ചുവന്നിട്ടുണ്ടു്. പരോക്ഷമായിട്ടുള്ള നിയന്ത്രണം പല സൂത്രവിദ്യകളിൽകൂടിയുമാണു് ചെലുത്തിയിരുന്നതു്. ആധുനികജീവിതത്തിൽ വ്യവസായത്തിനുള്ള സ്ഥാനം അതിപ്രധാനമായ ഒന്നായതുകൊണ്ടു്, വ്യവസായസ്ഥാപനങ്ങൾ ശാസ്ത്രീയഗവേഷണശാലകളെ ഭരമേല്പിച്ചിട്ടുള്ള പ്രത്യേകപ്രശ്നങ്ങൾക്കു പുറമെ, അത്തരം പ്രശ്നങ്ങളെക്കുറിച്ചും പ്രകൃതിശക്തികളെ നിയന്ത്രിക്കുന്ന പ്രായോഗികപ്രശ്നങ്ങളെക്കുറിച്ചും ഒന്നും ചെയ്യാതിരിക്കുവാനുള്ള മനസ്ഥിതിയല്ല ശാസ്ത്രകാരന്മാൎക്കു പൊതുവെയുള്ളതു്. അത്തരം പ്രശ്നങ്ങൾ വ്യവസായോല്പാദനത്തെയും വിതരണത്തെയുമാണു് സഹായിക്കുന്നതെന്നതു് വാസ്തവംതന്നെ. എന്നാൽ ശാസ്ത്രീയഗവേഷണങ്ങളെ സംബന്ധിച്ചേടത്തോളം അതിനു സ്വന്തമായ ചില വ്യക്തിത്വങ്ങളും ഉദ്ദേശ്യങ്ങളും ഉണ്ടു്. ശാസ്ത്രീയഗവേഷണങ്ങൾമൂലം ദേശീയതാല്പൎയ്യങ്ങളും സാമൂഹ്യക്ഷേമവും വികസിപ്പിക്കപ്പെടുന്നു എന്നെല്ലാവരും സമ്മതിക്കുന്നതാണു്. അതിൽ വാസ്തവമില്ലാതെയില്ല. ഇതിൽ ശാസ്ത്രജ്ഞ

ന്മാർ അഭിമാനംകൊള്ളുകയും ചെയ്യുന്നു. ഭൌതികശാസ്ത്ര ഗവേഷണത്തിൽ മററു രാജ്യങ്ങളെ മുന്നിട്ടുനിന്നിരുന്നതു ജർമ്മനിയാണു്; ദേശീയശക്തിയും ദേശീയപ്രൌഢിയും വർദ്ധിപ്പിക്കുവാൻ ശാസ്ത്രപുരോഗതി പ്രത്യക്ഷമായി സഹായിച്ചിട്ടുള്ളതും ഏററവുമധികം കാണപ്പെട്ടുന്നതു് ജർമ്മനിയിൽ തന്നെ. അതുകൊണ്ടാണു് ജർമ്മൻ സർവ്വകലാശാലകളായിരിക്കണം നമ്മുടെ നാട്ടിലും മാതൃകകളായി സ്വീകരിക്കപ്പെടേണ്ടതെന്നു് ധിഷണാശാലികളായ ചില നിരീക്ഷകന്മാർ (അവർ മണ്ടന്മാരല്ലതന്നെ) അഭിപ്രായപ്പെടാനിടയായതു്.

വ്യക്തിപരമായ സാമ്പത്തികതാല്പര്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണലക്ഷ്യങ്ങളിൽ പ്രധാന പങ്കു വഹിച്ചിരുന്നുവെന്നു് ഇതുകൊണ്ടു സൂചിപ്പിക്കുന്നില്ല. നേരെ വിപരീതമാണു് കുപ്രസിദ്ധമായ വാസ്തവം. എന്നാൽ ശ്രദ്ധയും താല്പര്യവുമുണ്ടെങ്കിലും പ്രകൃതിപ്രപഞ്ചത്തിൻെറ ഏതു മൂക്കിലും നിഷ്പ്രയാസം വെളിച്ചമടിച്ചു പരിശോധിക്കാൻ സഹായിക്കുന്ന സ്വാതന്ത്ര്യം അവ നൽകുന്നില്ല. ചില പ്രത്യേക മാർഗ്ഗങ്ങളിൽക്കൂടി മാത്രമെ അവ പ്രവർത്തിക്കുന്നുള്ളു. പൊതുവിലുള്ള സാംസ്കാരികസ്ഥിതിയാണു് ആ മാർഗ്ഗങ്ങൾ നിർണ്ണയിക്കുന്നതു്. കാലാവസ്ഥയാണല്ലൊ കാർഷികപ്രവർത്തനങ്ങളെ നിർണ്ണയിക്കുന്നതു്; അതുപോലെതന്നെ നിലവിലുള്ള "അഭിപ്രായാന്തരീക്ഷ"മാണു് ശാസ്ത്രീയപ്രവർത്തനത്തിന്നു മാർഗ്ഗനിർദ്ദേശം നൽകുന്നതു്. സാമൂഹ്യഭാവനക്കു സ്വരപ്പകർച്ചയും നിറപ്പകർച്ചയും സംഭവിക്കുന്നു; ഒരു വഴിക്കു് ധിഷണാപരമായി എല്ലാററിൽനിന്നുമുള്ള ഒററപ്പെടലും മറെറാരുവഴിക്കു് ധിഷണാപരമായി ബാഹ്യമായ സംഭവവികാസങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള മനസ്ഥിതിയുമാണു് ഫലം. പത്തൊൻപതാം നൂററാണ്ടിലെ യാന്ത്രികശാസ്ത്രവിശ്വാസം അക്കാലത്തു വ്യവസായികോല്പാദനത്തിൽ യന്ത്രത്തിന്നുണ്ടായിരുന്ന പ്രാധാന്യത്തിൻെറ പരോക്ഷഫ

ലമായിരുന്നു: അതുകൊണ്ടു് ഇന്നു് യാന്ത്രികോല്പാദനത്തിന്റെ സ്ഥാനം ശാക്തേയോല്പാദനം കരസ്ഥമാക്കിയിരിക്കയാൽ അടിസ്ഥാന ശാസ്ത്രീയവിശ്വാസങ്ങൾപോലും മാറിക്കൊണ്ടിരിക്കയാണെന്നു് ഇന്നു പറഞ്ഞുവരുന്നുണ്ടു്; അതിന്നു ധാരാളം തെളിവും ഉന്നയിക്കപ്പെട്ടുന്നുണ്ടു്.

ശാസ്ത്രത്തിന്റെ ലക്ഷ്യനിർദ്ദേശത്തിൽ ദേശീയതയ്ക്കുള്ള പങ്കിനെക്കുറിച്ചു ഞാൻ നേരത്തെ സൂചിപ്പിച്ചുവല്ലോ. യുദ്ധകാലത്തു് രാഷ്ട്രസേവനത്തിന്നായി ശാസ്ത്രജ്ഞന്മാരെ സംഘടിപ്പിക്കുന്നതാണു് ഇതിന്നേററവും നല്ല ഉദാഹരണം. സമാധാനകാലങ്ങളിൽപോലും വളരെയൊന്നും പ്രത്യക്ഷമല്ലാത്തരീതിയിലും ബോധപൂർവ്വമല്ലാതെയും പ്രവർത്തിച്ചുവരുന്ന ചില പ്രവണതകൾ അപ്പോൾ പ്രകടിതമാകുന്നുവെന്നേയുള്ളു. കഴിഞ്ഞ കുറച്ചുകാലമായി, വ്യവസായികരാജ്യങ്ങളിൽ ഗവൺമെണ്ടിന്റെ പ്രവർത്തനപരിധിയിലുണ്ടായിട്ടുള്ള വ്യാപ്തി ദേശീയതാല്പര്യങ്ങളെയും ശാസ്ത്രീയാന്വേഷണത്തെയും കൂട്ടുതൽ അടുപ്പിച്ചിട്ടുണ്ടു്. ശാസ്ത്രത്തെ സ്വകാര്യസാമ്പത്തിക താല്പര്യങ്ങളുടെ നിയന്ത്രണത്തിന്നു വിട്ടുകൊടുക്കണമൊ, അതോ ദേശീയതാല്പര്യങ്ങളുടെ നിയന്ത്രണത്തിന്നു വിട്ടുകൊടുക്കണമൊ എന്നതാണു് ചോദ്യമെങ്കിൽ ദേശീയതാല്പര്യങ്ങളുടെ അവകാശത്തിന്നാണു് മുൻഗണന ലഭിക്കുക. സർവ്വാധിപത്യരാഷ്ട്രങ്ങളിൽ ശാസ്ത്രം പരസ്യമായി നിയന്ത്രിക്കപ്പെട്ടുന്നതു് ഇതരരാജ്യങ്ങളിൽ വളരെക്കാലമായി നിലവിലുണ്ടായിരുന്ന രഹസ്യപ്രവണതകളുടെ പര്യവസാനം മാത്രമാണെന്നു് ഊഹിക്കുന്നതിൽ തെററില്ല. സർവ്വാധിപത്യരാഷ്ട്രങ്ങളുടെ അധികാരത്തിയെക്കാൾ വിപുലമായി വ്യാപിച്ചുകിടക്കുന്നതാണു് ഈ പ്രശ്നം എന്നതിൽനിന്നു വ്യക്തമാകുന്നു.

ശാസ്ത്രീയാന്വേഷണങ്ങളും നിഗമനങ്ങളും സാമൂഹ്യനിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരണമെന്ന ആവശ്യത്തിന്

ശാസ്ത്രജ്ഞന്മാരുടെ സാധാരണ മനോഭാവവും അഭിപ്രായങ്ങളുംതന്നെയാണ് ശക്തികൂട്ടുന്നതെന്നതു്, ഒററനോട്ടത്തിൽ, അത്ഭുതമായിത്തോന്നും. മനുഷ്യനെ പ്രവർത്തനത്തിന്നു പ്രേരിപ്പിക്കുന്ന ലക്ഷ്യങ്ങളെയും മൂല്യങ്ങളെയും സംബന്ധിച്ചേടത്തോളം ശാസ്ത്രം നിഷ്പക്ഷമാണെന്നും, അതിന്നു പ്രത്യേകതാല്പര്യങ്ങളൊന്നുമില്ലെന്നുമാണ് സാധാരണ വിശ്വാസം; ശാസ്ത്രവുമായി യാതൊരു ബന്ധവുമില്ലാത്ത ചില അഭിലാഷങ്ങളും ആവശ്യങ്ങളും അവയിൽനിന്നുണ്ടാകുന്ന ലക്ഷ്യങ്ങളും സാധിക്കുന്നതിന്നു് ഏററവും കാര്യക്ഷമമായ ചില മാർഗ്ഗങ്ങൾ നൽകിയേക്കാമെന്നതിൽക്കവിഞ്ഞു് ശാസ്ത്രം ഒന്നും ചെയ്യുന്നില്ല. ശാസ്ത്രവും മനുഷ്യസ്വാതന്ത്ര്യവും കൈകോർത്തുപിടിച്ചുകൊണ്ടു് അനിശ്ചിതമായ മാനുഷികപരിപൂർണ്ണതയുടെ നവയുഗത്തിലേക്കു പുരോഗമിക്കുമെന്ന വിജ്ഞാനനവോത്ഥാനകാലത്തെ ശുഭാപ്തിവിശ്വാസത്തിൽനിന്നും ഇന്നത്തെ അഭിപ്രായാന്തരീക്ഷം എത്രയേറെ വ്യത്യസ്തമാണെന്നു് കാണപ്പെടുന്നതിവിടെയാണ്.

ശാസ്ത്രീയമായി മനുഷ്യന്നു പഠിക്കുവാൻ കഴിഞ്ഞിട്ടുള്ളതിന്നുമപ്പുറം പല കാര്യങ്ങളും സാധിക്കുന്നതിന്നായി ശാസ്ത്രം മനുഷ്യനെ സഹായിച്ചിട്ടുള്ളതുകൊണ്ടാണ് ശാസ്ത്രത്തിന്നു് ജനകീയാദരവു് നേടാൻ കഴിഞ്ഞിട്ടുള്ളതെന്നതിനെപ്പററി സംശയമില്ല. മുൻകാലങ്ങളിലെ ചില വിശ്വാസങ്ങൾക്കു് സ്ഥാനഭ്രംശം വരുത്തുവാൻ ശാസ്ത്രത്തിന്നെങ്ങിനെ കഴിഞ്ഞു എന്നതു റസ്സൽ ഭംഗിയായി വിവരിക്കുന്നു: "സൂര്യൻ അനങ്ങാതെ നിൽക്കുന്നതു് ജോഷ്വാകാരണമാണെന്നു് ലോകം വിശ്വസിക്കാതായി; എന്തെന്നാൽ കോപ്പർനിക്കസ്സിൻെറ ജ്യോതിശ്ശാസ്ത്രം നാവികവൃത്തിയിൽ വലിയ സഹായമായിരുന്നു. അരിസ്റ്റോട്ടിലിൻെറ ഭൌതികശാസ്ത്രവും ലോകം ഉപേക്ഷിച്ചു; കാരണം താഴോട്ടുവിഴുന്ന വസ്തുക്കളെപ്പററിയുള്ള ഗലീലിയോവിൻെറ സിദ്ധാന്തം വെടിയുണ്ടയുടെ ഗതിനിർണ്ണയം

ചെയ്യാൻ സഹായകമായിരുന്നു. പ്രളയത്തെക്കുറിച്ചുള്ള സിദ്ധാന്തവും ലോകം കൈവെടിഞ്ഞു; കാരണം ഖനനത്തിലും മററും ഭൂഗർഭശാസ്ത്രം ഉപകരിച്ചിരുന്നു. * ശാസ്ത്രീയനിഗമനങ്ങൾക്ക് ആദരവും സ്വീകാര്യതയും നേടുവാൻ ഒരുകാലത്ത് അവശ്യം ആവശ്യമായിരുന്ന സഹായം നൽകുകയെന്നതാണ് ഈ ഉദ്ധരണിയിൽ പ്രകടിതമായിക്കാണുന്ന ഉദ്ദേശമെന്നതിനെപ്പററി സംശയത്തിന്നവകാശമില്ല. അരിസ്റ്റോട്ടിലിൻെറയും തിരുസഭയുടെയും സിദ്ധാന്തങ്ങൾക്കുണ്ടായിരുന്ന സ്വീകാര്യതയും ആദരവും വളരെ വലുതായിരുന്നതുകൊണ്ട്, 'ഉദ്ധരണിയിൽ കാണുന്ന ഉദാഹരണങ്ങൾ ഉദ്ദേശസാദ്ധ്യത്തിന്നു് തക്കതാണെന്നു വ്യക്തമാണല്ലോ. എല്ലാ നന്മകളും സിദ്ധാന്തങ്ങൾക്കാണെങ്കിൽപോലും, ശാസ്ത്രത്തിൻെറ പ്രായോഗിക പ്രയോജനം തെളിയിക്കപ്പെട്ടതുകൊണ്ട് അതിന്നു വിജയിക്കാൻ കഴിയുന്നുവെങ്കിൽ, പഴയ തത്വങ്ങളെപ്പോലെ അതിന്നു് പ്രബലമായ ശത്രുക്കളൊന്നുമില്ലാത്ത രംഗങ്ങളിൽ ശാസ്ത്രത്തെക്കുറിച്ചുള്ള മതിപ്പ് എത്ര വളരെ വലുതായിരുന്നുവെന്നു നമുക്കു തീരുമാനിക്കാമല്ലൊ.

ജ്യോതിശ്ശാസ്ത്രം, ഭൂഗർഭശാസ്ത്രം മുതലായവയെക്കുറിച്ച് മുമ്പുണ്ടായിരുന്ന വിശ്വാസങ്ങൾ കയ്യടക്കിവെച്ചിരുന്ന വ്യവസ്ഥാപിതതാല്പര്യങ്ങൾക്ക് ശാസ്ത്രത്തിനോടുണ്ടായിരുന്ന എതിപ്പിരിക്കട്ടെ; മാനവവംശത്തിന്നു് അതിൻെറ പഴയ വിശ്വാസപ്രമാണങ്ങളെക്കുറിച്ചുള്ള അലസമനോഭാവവും, ആ വിശ്വാസങ്ങൾ എതിക്കപ്പെട്ടപ്പോഴുള്ള അനാസ്ഥയും ശാസ്ത്രീയകാര്യങ്ങൾ പ്രചരിപ്പിക്കുന്നതിൽ വളരെയധികം സഹായിച്ചിട്ടുണ്ടെന്നു ചരിത്രം തെളിയിച്ചിട്ടുള്ളതാണു്. അങ്ങിനെ പുതിയ ശാസ്ത്രത്തിന്നു് വളരുവാൻ പല ബാഹ്യശക്തികളും സാഹചര്യങ്ങളും സഹായിച്ചിട്ടുണ്ട്. എന്നാൽ,

* ബർട്രൻഡ് റസ്സൽ, "Power" (ശക്തി) p. 138.

മനുഷ്യർ വിലമതിക്കയും കരസ്ഥമാക്കാൻ പരിശ്രമിക്കയും ചെയ്യുന്ന ലക്ഷ്യങ്ങൾ ഭേദപ്പെടുത്തുന്നതിനും മാററിത്തീക്കുന്നതിനും ശാസ്ത്രീയപരിജ്ഞാനത്തിനു കഴിവുണ്ടോ എന്ന ചോദ്യത്തിന്ന് അതു് ഉത്തരം നൽകുന്നില്ല ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ, (നമുക്കു ലഭിച്ചിട്ടുള്ള അറിവുകളിൽവെച്ച് ഏററവും വിശ്വാസയോഗ്യങ്ങളാണവ), നേരത്തെതന്നെ നിലവിലുള്ള അഭിലാഷങ്ങൾ സാധിക്കുന്നതിനുള്ള നമ്മുടെ കഴിവു വദ്ധിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു? അതോ, മനുഷ്യപ്രകൃതിയുടെ ഘടനയെക്കുറിച്ച് മുമ്പുതന്നെയുണ്ടായിരുന്ന ചില സിദ്ധാന്തങ്ങളിൽനിന്നു ലഭിച്ച അഭിപ്രായമാണൊ ഇതു്? അഭിലാഷങ്ങളും അറിവും പരസ്പരസമ്പക്കമില്ലാത്തതും വേർതിരിക്കപ്പെട്ടതുമായ അറകളിൽ ഒതുങ്ങിയിരിക്കയാണൊ? രോഗശമനത്തിനും ജീവിതകാലം ദീർഘിപ്പിക്കുന്നതിനും, അതുപോലെതന്നെ ജീവിതത്തിൻെറ സവ്വനാശത്തിനുവേണ്ടിയുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനും ശാസ്ത്രീയപരിജ്ഞാനം അനാസ്ഥയോടുകൂടിമാത്രമാണു് കൈകാര്യം ചെയ്യുന്നതെന്ന വസ്തുതയും തെളിവുകളുംകൊണ്ടു് ഇക്കാര്യം തെളിയിക്കാൻ കഴിയുമൊ? അഥവാ വസ്തുനിഷ്ഠമായ തെളിവിൻെറ അടിസ്ഥാനത്തിലല്ലാതെയുടലെടുത്തിട്ടുള്ള ചില തത്വങ്ങളെ പിൻതാങ്ങാൻവേണ്ടി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കാര്യങ്ങളാണൊ അവ? സൈദ്ധാന്തികമായി അനുമാനിക്കപ്പെട്ടിട്ടുള്ളതുപോലെ മനുഷ്യൻെറ ലക്ഷ്യങ്ങളും മനുഷ്യൻെറ വിശ്വാസങ്ങളും തമ്മിൽ പരിപൂണ്ണമായ അകൽച്ചയും വേർപാടും ഉണ്ടോ?

വിജ്ഞാനം അഭിലാഷങ്ങളുടെ സവിശേഷതകളെ ഭേദപ്പെടുത്താൻ കഴിയാത്തതാണു്, തൻമൂലം ലക്ഷ്യങ്ങളെയും ഉദ്ദേശ്യങ്ങളെയും രൂപപ്പെടുത്തുന്നതിലും അതിനു ഭേദഗതി വരുത്താൻ കഴിയുകയില്ല എന്ന ആശയം പഴയ ആശയങ്ങളെ പിടിച്ചുകുലുക്കിയിട്ടുണ്ടെന്നതുകൊണ്ടുമാത്രം വിജ്ഞാനം

തീരെ തെററാണെന്നു പറയുവാൻ ന്യായമില്ല. പഴയ അഭിപ്രായങ്ങൾ തീരെ തെററായിരിക്കാം; എന്നിരുന്നാലും ഒരു കാര്യം ആലോചനാർഹമാണു്. വിജ്ഞാനമൊ, വിജ്ഞാനമെന്നു് പൊതുവെ അറിയപ്പെടുന്ന കാര്യമൊ ആണു് നമ്മെക്കുറിച്ചുള്ള മനുഷ്യൻെറ ആശയങ്ങളും പ്രവൎത്തനങ്ങളും പരമമായി നിൎണ്ണയിക്കുന്നതെന്ന പ്ലാറേറാവിൻെറ സിദ്ധാന്തത്തിലേക്കു് നാം കടക്കേണ്ടതില്ല. മനുഷ്യപുരോഗതിയെ മാത്രം ലാക്കാക്കിക്കൊണ്ടുള്ള ഭാവിസാമൂഹ്യപരിപാടികളുടെ അടിസ്ഥാനം ശാസ്ത്രവിജ്ഞാനമായിരിക്കുമെന്ന ബേക്കൺെറ അഭിപ്രായത്തിലേക്കും നാം പോകേണ്ടതില്ല. ആധുനികകാലത്തുണ്ടായിട്ടുള്ള മിതവാദി—പുരോഗമനപ്രസ്ഥാനങ്ങളുടെയെല്ലാം തന്നെ അടിസ്ഥാനം സൎവ്വപ്രവൎത്തനങ്ങളെയും നിൎണ്ണയിക്കുന്നതു് ആശയങ്ങളാണു് എന്ന തത്വമായിരുന്നു. "വികാരങ്ങളുടെ അടിമ"യാണു് യുക്തി, അതങ്ങിനെ ആയിരിക്കയും വേണം എന്നു ഹ്യൂം പറഞ്ഞതുവരെ എല്ലാവരും മേല്പറഞ്ഞതരത്തിൽതന്നെയാണു് കരുതിയതു്. ഹ്യൂം അതു പറഞ്ഞപ്പോൾ അദ്ദേഹം തനിച്ചായിരുന്നു. എങ്കിലും ഇന്നതിൻെറ പ്രതിധ്വനി എവിടെയും മുഴങ്ങിക്കേൾക്കാം. ക്ലാസ്സിക്കു് സാമ്പത്തിക സിദ്ധാന്തക്കാർ മനുഷ്യപ്രവൃത്തിയുടെ പ്രേരണാശക്തി "ആവശ്യ"ങ്ങളാണെന്നു വാദിച്ചു; "ആവശ്യങ്ങൾ" നിവൃത്തിയാക്കുന്നതിനുള്ള ഏററവും നല്ല ഉപാധികൾ നിൎണ്ണയിക്കുന്ന ശക്തിമാത്രമാണു് യുക്തിയെന്നും അവർ ശഠിച്ചു. ജീവശ്ശാസ്ത്രത്തിനു മനശ്ശാസ്ത്രത്തിന്മേലുണ്ടായ സ്വാധീനത്തിൻെറ ഒരു ഫലം അഭിരുചിയുടെയും നൈസൎഗ്ഗികവാസനയുടെയും പ്രാഥമികപ്രാധാന്യം സ്ഥാപിക്കുകയായിരുന്നു. ധിഷണാപരമായ കുഴപ്പങ്ങൾക്കു കാരണം വൈകാരികമായ പൊരുത്തക്കേടുകളാണെന്നു കാണിച്ചും, വിശ്വാസങ്ങളെ എത്രകണ്ടു വികാരങ്ങൾ നിയന്ത്രിക്കുന്നു എന്നു തെളിയിച്ചും മനശ്ശാസ്ത്രജ്ഞ

ന്മാർ സ്ഥാപിച്ചിട്ടുള്ള നിഗമനവും ഇതുതന്നെയാണ്.

സ്വഭാവനടപടികൾ നിർണ്ണയിക്കുന്ന കാര്യത്തിൽ ആശയങ്ങൾക്കും യുക്തിക്കുമുള്ള സ്ഥാനം വലുതാക്കിക്കാട്ടുകയും വികാരങ്ങൾക്കും ശീലങ്ങൾക്കുമുള്ള സ്ഥാനം അവഗണിക്കുയുമാണ് ആദ്യകാലസിദ്ധാന്തങ്ങൾ ചെയ്തിരുന്നതെന്ന് അംഗീകരിക്കുന്നതു് ഒരു കാര്യം. തികച്ചും വേറൊരു കാര്യമാണ്, ആശയങ്ങളും (വിശേഷിച്ചും സമർത്ഥമായ അന്വേഷണഫലമായുള്ള ആശയങ്ങൾ) വികാരങ്ങളും (ആവശ്യങ്ങളും അഭിലാഷങ്ങളും അടങ്ങിയവ) യാതൊരു പരസ്പരസമ്പർക്കവും സാദ്ധ്യമല്ലാത്തരീതിയിൽ രണ്ടു വ്യത്യസ്ത അറകളിൽ നിലകൊള്ളുകയാണ് എന്നു വാദിക്കുന്നതു്. പൊടിപ്പും തൊങ്ങലും ഇല്ലാതെ ഈ അഭിപ്രായം പറയുമ്പോൾ മനുഷ്യപ്രകൃതിയുടെ ഘടനയിൽ അത്തരത്തിലുള്ള വേർതിരിച്ചുനിർത്തൽ തീരെ ഉണ്ടായിരിക്കാനിടയില്ലെന്നുതന്നെ തോന്നും. തെളിവുകൾ ആ വഴിക്കു നയിക്കുമ്പോൾ പ്രസ്തുത ആശയം സ്വീകരിക്കേണ്ടിയിരിക്കുന്നുവെങ്കിലും, അതു മനുഷ്യവ്യവഹാരങ്ങളെ എവിടെക്കൊണ്ടുപോയി ചാടിച്ചാലും ശരി, അഭിലാഷങ്ങളും അറിവും തമ്മിലുള്ള പരിപൂർണ്ണ അകൽച്ചയെ സംബന്ധിച്ചുള്ള സിദ്ധാന്തത്തിന്റെ സാദ്ധ്യതകളും മുഴുവൻ അർത്ഥവും മനസ്സിലാക്കേണ്ടതാവശ്യമാണ്. അഭിലാഷങ്ങൾ ഇളകാതെ സുസ്ഥിരമായിനിൽക്കുന്ന ഒന്നാണെന്ന അനുമാനം, കാട്ടാളത്വത്തിൽനിന്നു് അപരിഷ്കൃതദശയിൽക്കൂടി ഇന്നത്തെ അററകുററങ്ങളുള്ള സാംസ്കാരികവ്യവസ്ഥിതിയിലേക്കുള്ള മനുഷ്യപുരോഗതിയുടെ ചരിത്രവുമായി പൊരുത്തപ്പെടുന്നില്ല. അറിവിന്നു് അഭിലാഷങ്ങളെയും ലക്ഷ്യങ്ങളെയും സ്വാധീനിക്കാൻ കഴിയുകയില്ലെങ്കിൽ, എന്താണ് മൂല്യമെന്നും എന്താണ് മൂല്യമല്ലാത്തതെന്നും നിർണ്ണയിക്കാൻ അറിവിന്നു കഴിയുകയില്ലെങ്കിൽ, അഭിലാഷത്രുപവല്ക്കരണത്തിന്റെ ഭാവി ശോചനീയമാണ്. അറിവി

ന്നു് അവയെ സ്വാധീനിക്കാൻ കഴിയുമെന്നതു് നിഷേധിക്കുകയാണെങ്കിൽ, യുക്തിരഹിതവും യുക്തിവിരുദ്ധവുമായ ശക്തികളാണു് അവയെ രൂപാന്തരപ്പെടുത്തുക എന്ന നിഗമനത്തിലേക്കാണു് അതു വഴികാട്ടുന്നതു്. ആശയങ്ങളുടെ ശക്തിക്കു് ചെയ്യാൻ കഴിയാത്തതു് ശീലങ്ങൾക്കും ആചാരങ്ങൾക്കും മാത്രമെ ചെയ്യാൻ കഴിയുകയുള്ളു; എന്നാൽ ഇന്നു സംഭവിച്ചിരിക്കുന്നതുപോലെ ശീലങ്ങളും ആചാരങ്ങളും പരാജയപ്പെടുകയാണെങ്കിൽ, മനുഷ്യൻെറ ലക്ഷ്യനിയന്ത്രണത്തിൽ പ്രധാന പങ്കുവഹിക്കുന്ന അഭിലാഷങ്ങളെ രൂപപ്പെടുത്തുവാൻ ഭീഷണി, ബലം, കൈക്കൂലി, പ്രചാരവേലകൾ മുതലായ എല്ലാ ഉപാധികളുമുപയോഗിച്ചു വിവിധ താല്പര്യങ്ങൾ അഹമഹമികയാ നടത്തിവരുന്ന സമരവും മാത്സര്യവും മാത്രമായിരിക്കും അവശേഷിക്കുക. ഇരുണ്ട ഒരു ചിത്രമാണതു നൽകുന്നതു്. മരണത്തെ കാത്തു് ജയിലിൽ കിടന്നുകൊണ്ടു് മനുഷ്യവർഗ്ഗത്തിൻെറ ഭാവിമുക്തിനേടുന്നതിൽ ശാസ്ത്രത്തിന്നുള്ള മഹനീയമായ പങ്കിനെക്കുറിച്ചെഴുതിയിരുന്ന കൊൺഡോർസെററും, വിജ്ഞാനനവോത്ഥാനത്തിൻെറ മററു നേതാക്കന്മാരായ ബേക്കണും ലോക്കും എല്ലാംതന്നെ മനുഷ്യപ്രവൎത്തനങ്ങളിന്മേൽ അഭിലാഷങ്ങൾക്കും, അഭിരുചികൾക്കും, ശീലങ്ങൾക്കുമുണ്ടായിരുന്ന യഥാൎത്ഥസ്വാധീനശക്തിയെപ്പററി മനസ്സിലാക്കിയിരുന്നുവെന്നും, എന്നാൽ ഇതിനെക്കാൾ നല്ല വേറൊരുമാൎഗ്ഗം ചൂണ്ടിക്കാണിക്കുവാനാണു് അവർ യത്നിച്ചിരുന്നതെന്നും വിചാരിക്കാൻ അതു നമ്മെ പ്രേരിപ്പിക്കുന്നു.

അവർ നിർദ്ദേശിച്ച മാൎഗ്ഗം ഫലവത്തായില്ല എന്നതു തൎക്കം കൂടാതെ തന്നെ വ്യക്തമായിരിക്കുമല്ലോ. ഇതരരാജ്യങ്ങൾക്കെതിരായി ഗ്രെയിററു് ബ്രിട്ടൻെറ സൈനികശക്തി വൎദ്ധിപ്പിക്കുന്ന കാൎയ്യത്തിൽ രാജകീയദാസനായി തൻെറ അറിവുകൾ ഉപയോഗിക്കാനൊരുമ്പെട്ട ബേക്കൺൻെറ പ്രവൃ

ത്തിയാണ് വാസ്തവത്തിൽ അനന്തരസംഭവങ്ങൾ പ്രവചിച്ചതു്, അദ്ദേഹം എഴുതിപ്പിടിപ്പിച്ച വാക്കുകളല്ല. ശാസ്ത്രപുരോഗതിയെത്തുടൎന്നു പ്രകൃതിയെ കീഴടക്കാൻ കഴിയുന്ന ശക്തിയുണ്ടായിത്തീരുമെന്നു് അദ്ദേഹം പറഞ്ഞതു ശരിയായി വന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രതീക്ഷകൾക്കു വിപരീതമായി, മനുഷ്യന്നു് മനുഷ്യന്റെമേലുള്ള അധികാരത്തെ പെരുക്കുവാനാണു് കുറയ്ക്കുവാനല്ല ശാസ്ത്രപുരോഗതി സഹായിച്ചതു്. ഈ ആദ്യകാലപ്രവാചകന്മാർ പറഞ്ഞതു മുഴുവൻ അബദ്ധമായിരുന്നുവെന്നാണൊ നാം കരുതേണ്ടതു്? അതൊ, അഭിലാഷങ്ങളെ ശാസ്ത്രീയതക്കു ചേൎന്നതരത്തിൽ രൂപപ്പെടുത്തുന്നതിന്നു ശാസ്ത്രം രംഗപ്രവേശം ചെയ്യുന്നതിന്നുമുമ്പുണ്ടായിരുന്ന സ്ഥാപനങ്ങളുടെയും ആചാരങ്ങളുടെയും കെട്ടുറപ്പിനെയും അചഞ്ചലതയെയും അവർ വേണ്ടതു കണക്കാക്കിയിരുന്നില്ല എന്നാണൊ നാം തീൎച്ചയാക്കേണ്ടതു്? അംഗീകൃതവിശ്വാസങ്ങൾ അഭിലാഷങ്ങളെയും ലക്ഷ്യരൂപവൽക്കരണത്തെയും, സംഭവഗതികളെയും എങ്ങിനെ സ്വാധീനിക്കുന്നു എന്നു കണ്ടുപിടിക്കുന്ന പ്രശ്നത്തെ ത്വരിതപ്പെടുത്തുകമാത്രമാണൊ ഇതുവരെയുള്ള സംഭവങ്ങൾ ചെയ്തിട്ടുള്ളതു്? ലക്ഷ്യരൂപവൽക്കരണത്തിൽ പ്രചാരവേലയ്ക്കു ശക്തിയുണ്ടെന്നു സമ്മതിക്കയും ശാസ്ത്രത്തിന്നുള്ള ശക്തി നിഃഷേധിക്കയും ചെയ്യുക സാദ്ധ്യമാണൊ?

ഒരുതരത്തിൽ നോക്കുമ്പോൾ ഈ ചോദ്യം നമ്മുടെ മൗലികപ്രശ്നത്തിലേക്കുതന്നെയാണു് നമ്മെയെത്തിക്കുന്നതു്; അതായതു് മനുഷ്യപ്രകൃതിയും സംസ്കാരവും തമ്മിലുള്ള ബന്ധത്തിലേയ്ക്കു്. കാരണം, അഭിലാഷങ്ങളെയും ലക്ഷ്യങ്ങളെയും (മാൎഗ്ഗങ്ങളെയും) രൂപപ്പെടുത്തുന്നതിന്നു് അംഗീകൃതപരിജ്ഞാനത്തിന്നു കഴിവുണ്ടോ ഇല്ലയൊ എന്ന ചോദ്യത്തിന്നുത്തരം നൽകുന്നതു് പ്രവൎത്തനഗതികൾ തീൎച്ചയാക്കുന്ന കാൎയ്യത്തിൽ സ്വാധീനം ചെലുത്തുന്ന അഭിലാഷങ്ങൾ ആന്തരി

കവും സുസ്ഥിരവുമായിട്ടുള്ളവയാണൊ, അല്ലെങ്കിൽ ഏതെങ്കിലും ഒരു സംസ്കാരത്തിൻെറ സൃഷ്ടിയാണൊ എന്ന വസ്തുതയാണ്. ഒട്ടക്കം പറഞ്ഞതാണെങ്കിൽ നമ്മുടെ പ്രായോഗികപ്രശ്നം ചുരുക്കത്തിൽ ഇതായിരിക്കും: മനുഷ്യൻെറ അഭിലാഷങ്ങളെയും ഉദ്ദേശ്യങ്ങളെയും സംസ്കാരത്തിൽക്കൂടി രൂപപ്പെടുത്തത്തക്കവിധത്തിൽ ശാസ്ത്രീയമനോഭാവത്തിന് സംസ്കാരത്തിൻെറ സർവ്വവ്യാപകവും പ്രബലവുമായ ഒരു ഘടകമായിത്തീരാൻ കഴിയുമൊ?

ചോദ്യം ചോദിക്കലും അതിന്നുത്തരം പറയാനുള്ള കഴിവും തമ്മിൽ വലിയ അന്തരമുണ്ട്. എന്നാൽ, പ്രശ്നത്തെ അതിൻെറ കൃത്രിമരൂപത്തിലല്ലാതെ, യഥാർത്ഥരൂപത്തിൽ നമ്മുടെ മുമ്പിൽ കാണാൻ കഴിയുന്നതു വലിയ കാര്യമാണ്. ഇപ്പോൾ പ്രശ്നം മനുഷ്യൻെറ പ്രാകൃതമനശ്ശാസ്ത്രഘടനയിലെ അഭിലാഷങ്ങളും അറിവും തമ്മിലുള്ള അനിർണ്ണായകബന്ധത്തിൻെറ കാര്യമല്ലാതായിത്തീന്നിരിക്കുന്നു. മനുഷ്യൻെറ ശാരീരികഘടനയിൽനിന്നു വ്യത്യസ്തമായി മനശ്ശാസ്ത്രഘടനയെന്നൊന്നുണ്ടൊ എന്ന കാര്യം തന്നെ ചോദ്യംചെയ്യപ്പെടാവുന്നതുകൊണ്ടാണ് മേല്പറഞ്ഞ ബന്ധം നിർണ്ണയിക്കാൻ കഴിയാതാവുന്നതിൻെറ പല കാരണങ്ങളിലൊന്ന്. ശാസ്ത്രീയമാർഗ്ഗങ്ങളും ശാസ്ത്രീയനിഗമനങ്ങളും സമഗ്രമായി ഉൾക്കൊള്ളിക്കപ്പെട്ടിട്ടുള്ള സംസ്കാരംപോലുള്ള സ്ഥാപനത്തിൻെറ നിർണ്ണായകമായ ഒരു കാര്യമായിത്തീന്നിരിക്കുന്നു, അതിപ്പോൾ.

പ്രശ്നം ഇങ്ങിനെ പ്രസ്താവിക്കപ്പെട്ടമ്പോൾ, ശാസ്ത്രം അതിൻെറ പ്രയോജനത്വംകൊണ്ടു നേടിയിട്ടുള്ള ബഹുമതിയെ നമുക്ക് ഒരു പുതിയ വെളിച്ചത്തിൽ കാണാൻ കഴിയുന്നു. താന്താങ്ങളുടെ വ്യക്തിപരമായ ചില അഭിലാഷങ്ങളെ മാത്രം തൃപ്തിപ്പെടുത്താൻ ചില സംഭാവനകൾ നൽകിയിട്ടുണ്ടെന്നതുകൊണ്ടുമാത്രം ശാസ്ത്രത്തെ ബഹുമാനിക്കുന്ന

ചില വ്യക്തികൾ അങ്ങിങ്ങായുണ്ടെന്നതു പരമാർത്ഥംതന്നെ. അത്തരത്തിലുള്ളവരുടെ ചില ഗ്രൂപ്പുകളും ഉണ്ടെന്നതു ശരിതന്നെ. എന്നാൽ പഴയ ആശയങ്ങൾക്കുപകരം ശാസ്ത്രീയനിഗമനങ്ങൾ സ്വീകരിക്കാൻ ആളുകളെ പ്രേരിപ്പിച്ചിട്ടുള്ള സംഗതി വെറും വ്യക്തിപരവും വർഗ്ഗപരവുമായ താല്പര്യങ്ങൾ മാത്രമല്ല; പ്രധാന സംഗതിയും അതല്ല. നാവികവൃത്തിയിലും ഖനനപ്രവൃത്തിയിലുമുണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ സാംസ്കാരികസ്ഥിതിയുടെ ഭാഗമായിത്തീർന്നിട്ടുണ്ട്. അതിനുമുമ്പുണ്ടായിരുന്ന ഒരു സാംസ്കാരികസ്ഥിതിക്കു ചേർന്നതരത്തിലുള്ള വിശ്വാസങ്ങളും ആശയങ്ങളും സ്ഥാനഭ്രഷ്ടമാക്കാൻ ഇടയായതു് ശാസ്ത്രത്തിൻെറ ഇത്തരം കഴിവുകൾകൊണ്ടാണു്. ആവശ്യങ്ങൾ സാധിക്കുന്നതിനും പുതിയ ആവശ്യങ്ങൾ ഉണ്ടാക്കുന്നതിന്നും ഭൌതികശാസ്ത്രവും രസതന്ത്രശാസ്ത്രവും എങ്ങിനെ സഹായിച്ചിട്ടുണ്ടോ, അതിനെ സംബന്ധിച്ചുള്ള വാസ്തവവും ഇതുതന്നെയാണു്. യുദ്ധത്തിൻെറ നടത്തിപ്പിൽ അവയുടെ പ്രയോജനമാണു്, അങ്ങിനെയല്ലെങ്കിൽ ശാസ്ത്രത്തോട്ട് അനാസ്ഥ കാണിച്ചേക്കാനിടയുള്ള ഭരണാധികാരികളെയും സൈനികമേധാവികളെയും ശാസ്ത്രത്തെ സംശയമെന്യേ സ്വീകരിക്കാൻ പ്രേരിപ്പിക്കപ്പെട്ടിട്ടുള്ളതെങ്കിൽ, സമാധാനകാലങ്ങളിലും അതിന്നു ചേർന്ന പ്രവർത്തനങ്ങളിലും ശാസ്ത്രത്തിനുള്ള പ്രയോജനമാണു് സാധാരണക്കാരായ ആളുകളെ ശാസ്ത്രത്തിൻെറ ആരാധകന്മാരും അനുയായികളും ആക്കിത്തീർത്തതു്. യുദ്ധമോ സമാധാനമോ ഏതാണു് ഭാവിസംസ്കാരത്തെ നിയന്ത്രിക്കുക എന്നതാണു് നിർണ്ണായകമായ ഘടകമെന്നു തോന്നിയേക്കാം. അങ്ങിനെയാണെങ്കിൽ ഇന്നത്തെ സംസ്കാരത്തിൽ യുദ്ധം ഇത്രയേറെ പ്രധാനപ്പെട്ട ഒരു ഘടകമായിത്തീർന്നതെന്തുകൊണ്ടു് എന്നു കണ്ടുപിടിക്കുക ആവശ്യമായിരിക്കാം.

ശാസ്ത്രീയസിദ്ധാന്തങ്ങളുടെ പ്രായോഗികസിദ്ധികളായ

സാങ്കേതികശാസ്ത്രങ്ങൾ വളരെയധികം വികസിച്ചിട്ടുള്ളതു കൊണ്ട്, പ്രകൃതിശാസ്ത്രങ്ങൾ വികസിക്കുന്നതിന്നുമുമ്പുണ്ടായിരുന്ന ദുർഭിക്ഷസാമ്പത്തികസ്ഥിതിക്കു പകരം ഒരു സുഭിക്ഷയുഗം കൈവരുത്തുവാൻ ഇന്നു സാദ്ധ്യമായിരിക്കുന്നുവെന്നും അങ്ങിനെ സുഭിക്ഷിതത്വവും ഭദ്രതയും കൈവരികയാണെങ്കിൽ യുദ്ധകാരണങ്ങൾ താനേ ഇല്ലാതാവുമെന്നും ഉള്ള വിശ്വാസത്തെ ഞാൻ തെളിവായി ഹാജരാക്കുകയാണെങ്കിൽ അതു വലിയ വാദപ്രതിവാദത്തിന്നു വഴിവെച്ചുകൊടുക്കുകയായിരിക്കും. ഒരു സാങ്കല്പികോദാഹരണമായി മാത്രം അതിവിടെയെടുത്താൽ മതി. ശാസ്ത്രത്തിന്നു ബഹുമതിയാർജ്ജിക്കാൻ കഴിയുന്ന അതിൻെറ പ്രയോജനത്വം, പൊതുവായുള്ളതും എല്ലാവൎക്കും പങ്കിട്ടെടുക്കാൻ കഴിയുന്നതുമായ "സാമൂഹ്യ"ക്ഷേമത്തിനുവേണ്ടിയുള്ള പ്രയോജനത്വമായിരിക്കാം. എല്ലാവരുടേയും ഭദ്രത നിലനിൎത്തുവാൻവേണ്ടി ശാസ്ത്രീയ സംഭാരങ്ങൾ ഉപയോഗിക്കത്തക്കവിധത്തിൽ സാമ്പത്തിക വ്യവസ്ഥിതി മാററപ്പെടുകയാണെങ്കിൽ, ശാസ്ത്രത്തിൻെറ പരിമിതിയെക്കുറിച്ചുള്ള ഇന്നത്തെ അഭിപ്രായങ്ങൾ താനെ മാഞ്ഞുപോകും. പ്രയോജനത്വത്തിൻെറ അടിസ്ഥാനത്തിലാണ് ശാസ്ത്രം ബഹുമാനിക്കപ്പെട്ടുന്നതെന്നുവെക്കിൽപോലും, സ്വകാൎയ്യവും സാമാന്യവുമായ പ്രയോജനത്വത്തിൽനിന്നാണ് ആ ബഹുമതിയുണ്ടായിത്തീരുന്നതെന്ന് നിഷേധിക്കാൻ അധികമാരും ഉണ്ടാവുകയില്ലെന്നു ഞാൻ കരുതുന്നു. സംശയാലുക്കൾ ആരെങ്കിലും ഉണ്ടെങ്കിൽ, അവർ കാൎഷിക വികസനത്തിന്നു ശാസ്ത്രം നൽകിയിട്ടുള്ള സംഭാവനയും തൻമൂലം ഭക്ഷ്യോൽപാദനത്തിലും അസംസ്കൃതപദാൎത്ഥങ്ങളുടെ ഉല്പാദനത്തിലുമുണ്ടായിട്ടുള്ള സാമൂഹ്യഫലങ്ങളും പരിശോധിക്കട്ടെ.

ഇതിൻെറ മറുവശം ഇംഗ്ലീഷ് രസതന്ത്രശാസ്ത്രജ്ഞനായ സോഡിയുടെ ഭാഷയിൽ പറയുകയായിരിക്കും നല്ലതു്:

"ശാസ്ത്രത്തിൻെറ മുത്തുകൾ പന്നികളുടെ മുമ്പിൽ വാരിവിതറുകയാണ് ഇതുവരെ ചെയ്തിരുന്നതു്: പകരം കിട്ടിയതോ? ലക്ഷപ്രഭുക്കന്മാരും, ചെററക്കുടിലുകളും, പടക്കോപ്പുകളും യുദ്ധവിനാശവും." വൈരുദ്ധ്യം യഥാർത്ഥമാണ്. നിലവിലുള്ള അഭിലാഷങ്ങളെയും ഉദ്ദേശങ്ങളെയും കൂടുതൽ കാര്യക്ഷമമായി സാധിക്കുവാനുള്ള ഉപാധികൾ നൽകുക മാത്രമേ ശാസ്ത്രം ചെയ്യുന്നുള്ളൂ എന്ന തത്വത്തിന്നുപോൽബലകമായിട്ടാണ് ഈ വൈരുദ്ധ്യം കരുതപ്പെട്ടുന്നതെങ്കിൽ, അതിൻെറ കാരണം, നിലവിലുള്ള സംസ്കാരത്തിലെ ഭിന്നതകളെ അതു ചൂണ്ടിക്കാണിക്കുന്നതുകൊണ്ടുമാത്രമാണ്. സാർവ്വത്രികനശീകരണത്തിന്നു് ശാസ്ത്രത്തെ സംഘടിപ്പിക്കുന്ന യുദ്ധംതന്നെ മുറിവേററവരെ ശുശ്രൂഷിക്കാനും ജീവൻരക്ഷിക്കാനുംകൂടി ശാസ്ത്രത്തെ സംഘടിപ്പിക്കുന്നുണ്ടു്. നമ്മുടെ പ്രശ്നവിഷയമായ അഭിലാഷങ്ങളും ലക്ഷ്യങ്ങളും മൗലികവും നഗ്നവുമായ മനുഷ്യപ്രകൃതിയിൽനിന്നുണ്ടായതല്ല, സങ്കീർണ്ണസാംസ്കാരികഘടകങ്ങളുടെ പരസ്പര പ്രവർത്തനങ്ങളിൽപ്പെട്ടു് മാററം സംഭവിച്ച മനുഷ്യപ്രകൃതിയിൽനിന്നുണ്ടായതാണ്. ശാസ്ത്രം, തീർച്ചയായും, മേൽപറഞ്ഞ സങ്കീർണ്ണസാംസ്കാരികഘടകങ്ങളിൽപ്പെട്ട ഒന്നാണ്. എന്നാൽ അതിൻെറ ഉത്ഭവത്തിന്നു മുമ്പുണ്ടായിട്ടുള്ള സാമ്പത്തിക—രാഷ്ട്രീയ പാരമ്പര്യങ്ങളും ആചാരങ്ങളും അതിനെ എന്തെല്ലാംവിധത്തിൽ സ്വാധീനിച്ചിട്ടുണ്ടോ അതിന്നെല്ലാം വിധേയമായി മാത്രമേ ശാസ്ത്രം സാമൂഹ്യഫലങ്ങൾ സൃഷ്ടിക്കുന്നുള്ളൂ.

എന്തായാലും. ലക്ഷ്യങ്ങളിലും മാർഗ്ഗങ്ങളിലുമുള്ള ശാസ്ത്രത്തിൻെറ സ്വാധീനശക്തി പ്രത്യക്ഷമായി വ്യക്തികളിൽ ചെലുത്തപ്പെടുന്നില്ല, സംസ്കാരത്തിൽ പരോക്ഷമായി ഉൾക്കൊള്ളിക്കപ്പെടുന്നേയുള്ളൂ. ഈ പ്രവൃത്തിയിലും കഴിവിലുമാണ് ശാസ്ത്രീയവിശ്വാസങ്ങൾ മുൻകാലങ്ങളിലെ അശാസ്ത്രീയവിശ്വാസങ്ങളുടെ സ്ഥാനം കൈക്കലാക്കിയതു്. ശാ

സ്ത്രം ശാസ്ത്രമായിട്ടല്ല കെട്ടുകഥയുടെ ഒരു ഭാഗമെന്നോണമാണ് പ്രവൎത്തിക്കുന്നതു് എന്നോ ഇതിനെക്കുറിച്ചു് ഏറ്റവും മോശമായ രീതിയിൽ പറയാൻ കഴിയുകയുള്ളു. അങ്ങിനെ പറഞ്ഞാലും, കെട്ടുകഥകളിലുള്ള വ്യത്യാസങ്ങളിലേയ്ക്കും, വ്യത്യസ്തകെട്ടുകഥകളുണ്ടാക്കിത്തീക്കുന്ന വ്യത്യസ്തഫലങ്ങളിലേക്കും ശ്രദ്ധ തിരിക്കപ്പെടുന്നുണ്ടു്. നിലവിലുള്ള കെട്ടുകഥ ഉദ്ധതമായ ദേശീയതയും, അതിൻെറ ഒരു ഭാഗമായ ശാസ്ത്രത്തിൻെറ സൃഷ്ടി ഇന്നത്തെപ്പോലുള്ള നശീകരണയുദ്ധവുമാണെന്നു സമ്മതിക്കുന്നുവെങ്കിൽ, പ്രശ്നം എവിടെയാണെന്നു് വ്യക്തമായി മനസ്സിലാക്കാനുള്ള അവസരമെങ്കിലും നമുക്കു ലഭിക്കുന്നു.

കുറെ നിഗമനങ്ങളുടെ ക്രോഡീകരണമായിട്ടാണു് നാം ശാസ്ത്രത്തെ കണക്കാക്കിവന്നതു്. നിരീക്ഷണം, തൽഫലമായുള്ള ചിന്ത, പരീക്ഷണം മുതലായ ചില മാൎഗ്ഗങ്ങൾ ഉപയോഗിക്കുവാനാവശ്യമായ ഐച്ഛികസ്വഭാവത്തിലടങ്ങിയിരിക്കുന്ന ഒരുതരം മനോഭാവമായി ശാസ്ത്രത്തെ നാം കണക്കാക്കിയിട്ടില്ല. ഈ കാഴ്ചപ്പാടിൽനിന്നു ശാസ്ത്രത്തെ നോക്കുമ്പോൾ സംസ്കാരത്തിൻെറ ഒരു ഘടകമെന്ന നിലയ്ക്കുള്ള ശാസ്ത്രത്തിൻെറ പ്രാധാന്യം ഒരു പുതിയ വെളിച്ചത്തിൽ നമുക്കു കാണാൻ കഴിയുന്നു. ശാസ്ത്രത്തിൻെറ ഭൌതികപ്രയോജനത്വമാണു് തങ്ങളിൽ ശാസ്ത്രത്തെക്കുറിച്ചു ബഹുമതിയുളവാക്കിയതെന്ന അഭിപ്രായത്തെ ശാസ്ത്രാന്വേഷകന്മാരിലധികം പേരും എതിൎക്കും. പഴയ പാരമ്പൎയ്യമുള്ള വാക്കുകൾ ഉപയോഗിക്കുന്നവരാണെങ്കിൽ അവർ പറയും, സത്യസ്നേഹമാണു് തങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളതെന്നു്. ഏകദേശം അതേ അൎത്ഥംതന്നെയുള്ളതെങ്കിലും അത്രതന്നെ ഭാവഗംഭീരമല്ലാത്ത സമകാലീനപദപ്രയോഗം ഇഷ്ടപ്പെടുന്നവരാണെങ്കിൽ അവർ പറയും, അന്വേഷണത്തിലും കണ്ടെത്തലിലും കണ്ടെത്തപ്പെട്ട വസ്തുതകൾ കാണിക്കുന്ന വഴിയിലൂടെ പോകു

ന്നതിലുമുള്ള താല്പര്യമാണു് തങ്ങളുടെ പ്രധാന പ്രേരണാശക്തിയെന്നു്. ഇതിനെല്ലാമുപരിയായി അവർ പറയും, പരിപൂർണ്ണമായി തെളിയിക്കപ്പെട്ടിട്ടില്ലാത്ത യാതൊരു നിഗമനത്തിലും, വ്യക്തിപരമായി അതെത്രതന്നെ നല്ലതായിത്തോന്നിയിരുന്നാലും, അവക്കു യാതൊരു താല്പര്യവുമില്ലെന്നു്.

ചുരുക്കിപ്പറഞ്ഞാൽ, ചുരുക്കം ചിലർ, (താരതമ്യേന എണ്ണത്തിൽ വളരെ കുറവാണവർ) മററുവിധത്തിലുള്ള യാതൊരു "താല്പര്യങ്ങൾ"ക്കും വിധേയരാവാതെതന്നെ ശാസ്ത്രീയാന്വേഷണത്തിൽ തല്പരരാണു്. ഇത്തരത്തിലുള്ള താല്പര്യത്തിന്നു് അതിന്റേതായ ഒരു ധാർമ്മികബോധവുമുണ്ടു്. അതിന്റെ വിശേഷതയുടെ പ്രധാന അംശങ്ങളിൽ ചിലതു്: വേണ്ടത്ര തെളിവുകൾ കിട്ടുന്നതുവരെ വിശ്വസിക്കാതിരിക്കാനും ചോദ്യംചെയ്യാനുമുള്ള കഴിവും തയ്യാറും; വ്യക്തിപരമായി ഇഷ്ടപ്പെടുന്ന ഒരു നിഗമനത്തിന്നു മുൻഗണന നൽകുന്നതിന്നുപകരം തെളിവുകൾ നയിക്കുന്നേടത്തേക്കു പോകുവാനുള്ള മനസ്ഥിതി; ആശയങ്ങൾ പരമസത്യങ്ങളായി ഉറപ്പിച്ചുവെക്കാതെ പ്രശ്നപരിഹാരത്തിന്നുപയോഗിച്ചുനോക്കാനും പരീക്ഷണത്തിന്നുവേണ്ടി അനുമാനങ്ങളായിക്കരുതാനുമുള്ള കഴിവു്; അവസാനമായി (ഏററവും പ്രധാനമായ വിശേഷഗുണം), പുതിയ പ്രശ്നങ്ങളെയും പുതിയ അന്വേഷണരംഗങ്ങളെയും ആസ്വദിക്കൽ.

മനുഷ്യന്റെ ചില സ്വാഭാവികവാസനകൾക്കു് കടകവിരുദ്ധമാണീവിശേഷഗുണങ്ങളെല്ലാംതന്നെ. അധികം പേക്കും അനിശ്ചിതത്വം തീരെ ഇഷ്ടമല്ല; ഒരു തീരുമാനത്തിലെത്താതെയുള്ള കാത്തിരിക്കൽ അസഹനീയവുമാണു്. ദീർഘകാലത്തെ സംശയാവസ്ഥയെക്കാൾ ഭേദം ദൗർഭാഗ്യകരമായ ഒരു ഫലം തീർച്ചയായും ഉണ്ടാവുമെന്ന പ്രതീക്ഷയായിരിക്കും. "വിചാരിച്ചപോലെ വരുമെന്ന വിചാരം" (Wishful thinking) താരതമ്യേന അടുത്തകാലത്തുണ്ടായി

ട്ടുള്ള ഒരു പദപ്രയോഗമാണു്; എങ്കിലും മനുഷ്യർ അവർ വിശ്വസിക്കാൻ ഏററവുമധികം ആഗ്രഹിച്ചിരുന്നതുതന്നെയാണു് വളരെക്കാലമായി വിശ്വസിച്ചുവന്നിട്ടുള്ളതു്; ഒരു തരത്തിലും അവിശ്വസിക്കാൻ നിവൃത്തിയില്ലാത്ത തെളിവുകൾ മററുതരത്തിൽ സ്ഥാപിച്ചെങ്കിൽ മാത്രമെ ഇതിൽനിന്നു വ്യതിചലിക്കയുള്ളു. ശാസ്ത്രീയമനോഭാവമില്ലാതിരുന്നാൽ, ഊഹാപോഹങ്ങൾ എളുപ്പം അഭിപ്രായങ്ങളായിമാറും; അഭിപ്രായങ്ങൾ തത്വസംഹിതകളായും. തത്വസംഹിതകളും സിദ്ധാന്തങ്ങളും പരിശോധനാവിധേയമാക്കി, സ്ഥിരീകരണത്തിനുവേണ്ടി കാത്തിരിക്കുകയെന്നതു് സാധാരണ സ്വഭാവഗതിക്കു കടകവിരുദ്ധമാണു്. ഇക്കാലത്തുപോലും ഒരാളുടെ അഭിപ്രായം ചോദ്യം ചെയ്യപ്പെടുകയാണെങ്കിൽ, അതു് തന്റെ വ്യക്തിത്വത്തെ കളങ്കപ്പെടുത്തുന്ന ഒരു പ്രവൃത്തിയായിട്ടാണു് കണക്കാക്കപ്പെടുക; അയാൾക്കതു രസിക്കയുമില്ലല്ലൊ. കോടാനുകോടിക്കൊല്ലങ്ങളോളം പൊതുവിൽ എല്ലാവരും ധരിച്ചുവെച്ചിരിക്കുന്ന ഒരഭിപ്രായത്തിന്നെതിരുപറഞ്ഞാൽ അതു് ആരും സഹിക്കുമായിരുന്നില്ല. അതു ദൈവകോപത്തിന്നിടയാക്കുമെന്നാണു് വിശ്വസിച്ചുവന്നിരുന്നതു്. അജ്ഞാതശക്തികളെക്കുറിച്ചുള്ള ഭയവും, പരിവർത്തനത്തെയും പുതുമയെയുംകുറിച്ചുള്ള ഭയവും, ശാസ്ത്രീയമനോഭാവത്തിന്റെ ആവിർഭാവത്തിനുമുമ്പുള്ള കാലമൊട്ടുക്കും മനുഷ്യരെ വിശ്വാസദാർഢ്യതയിലേക്കും മുരടിച്ച ശീലങ്ങളിലേക്കും നയിച്ചുകൊണ്ടിരുന്നു; സുപരിചിതമല്ലാത്ത പെരുമാററങ്ങളും സമ്പ്രദായങ്ങളും അവരുടെയിടയിലുണ്ടായിക്കണ്ടാൽ, അതെത്രതന്നെ നിസ്സാരസംഗതിയായാലും, പ്രായശ്ചിത്തമുറകൾ അനുഷ്ഠിച്ചുവന്നിരുന്നു, അവർ. അംഗീകൃതനിയമങ്ങൾക്കു വിപരീതമായുള്ള സംഭവവികാസങ്ങൾ ഒന്നുകിൽ കണ്ടില്ലെന്നു നടിച്ചു; അല്ലെങ്കിൽ കണ്ടില്ലെന്നു നടിക്കാൻ കഴിയാത്തത്ര പ്രാധാന്യമുള്ള സംഭവവികാസങ്ങളാണെ

ങ്കിൽ അവസ്ഥ ക്രമപ്രകാരം ചില വിശദീകരണങ്ങൾ നൽകുകയും ചെയ്യു. ബേക്കൺ തരംതിരിച്ചു കാണിച്ചതുപോലു ള്ള യുക്തിവൈരുദ്ധ്യങ്ങൾ കാരണം ആളുകൾ പല നിഗമനങ്ങളിലും ചെന്നു ചാടിയിട്ടുണ്ട്; ഒരിക്കൽ അങ്ങിനെചെയ്തുകൊണ്ട്, പിന്നീട് ആ നിഗമനങ്ങൾക്കെതിരായുള്ള വിമർശനങ്ങളിൽനിന്നും അവ മാററാനുള്ള പരിശ്രമങ്ങളിൽനിന്നും അവയെ രക്ഷിക്കാൻവേണ്ടി കഴിവുള്ള ശക്തികളെല്ലാം ഉപയോഗിക്കയും ചെയ്യുന്നു. പൊതുനിയമങ്ങൾക്ക് ആചാരങ്ങളുമായുള്ള ബന്ധവും മാററത്തിന്നെതിരായുള്ള അവയുടെ ചെറുത്തുനിൽപും സുപരിചിതവസ്തുതകൾ മാത്രമാണ്. ഒരുകാലത്ത് ആചാരവിരുദ്ധവും വ്യതിയാനങ്ങളുമായി കരുതപ്പെട്ടിരുന്ന മതവിശ്വാസങ്ങളും അനുഷ്ഠാനങ്ങളും കാലക്രമത്തിൽ ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെ ആചാരമുറകളും അംഗീകൃതനടപടികളുമായിത്തീരുമ്പോൾ, അവയെ ചോദ്യം ചെയ്യുന്നത് ഒരു മതവിരുദ്ധപ്രവൎത്തിയായിക്കണക്കാക്കപ്പെടാറുണ്ടല്ലോ.

സുപരിചിതമായ ഈവക കാൎയ്യങ്ങൾ ഞാൻ പറയുന്നത്, ശാസ്ത്രത്തിനു അനിഷേദ്ധ്യമായ സാമൂഹ്യപ്രയോജനതയുണ്ടെന്നും, വിശ്വാസമാററങ്ങൾ സ്വീകരിക്കുന്നതിന്നെതിരായുള്ള ശക്തിയായ പ്രതിബന്ധങ്ങൾ ചില സ്ഥലങ്ങളിൽ ചെറിയതോതിലെങ്കിലും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും സൂചിപ്പിക്കാനാണ്. അതിന്നു നാം ശാസ്ത്രത്തിനോടു നന്ദിയുള്ളവരായിരിക്കേണ്ടതുമാണ്. എന്നാൽ പ്രധാന കാരണം അതല്ല; ചില ആളുകൾക്കിടയിൽ ഒരളവുവരെ ശാസ്ത്രത്തിന്നു ഒരു പുതിയ ധാൎമ്മികബോധം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതിന്നു ഈ കാൎയ്യങ്ങൾ നൽകുന്ന തെളിവിലേക്കു ശ്രദ്ധയാകൎഷിക്കുകയാണ്. പുതിയ ധാൎമ്മികബോധം ഉണ്ടാവുകയെന്നുവെച്ചാൽ പുതിയ അഭിലാഷങ്ങളും പുതിയ ലക്ഷ്യങ്ങളും ഉണ്ടാവുന്നതിനു തുല്യമാണ്. ശാസ്ത്രീയമ

നോഭാവവും ശാസ്ത്രീയസത്തയും ഒരു ചുരുങ്ങിയ തോതിലെങ്കിലും നിലവിലുണ്ടെന്നതു് തെളിയിക്കുന്നതു് വിശേഷസ്വഭാവങ്ങളുള്ള ഒരു പുതിയ തരം മനോഭാവത്തേയും ഉദ്ദേശത്തെയും വളർത്തുവാൻ ശാസ്ത്രത്തിന്നു കഴിവുണ്ടെന്നാണു്: ശാസ്ത്രത്തിൻെറ സ്വാധീനശക്തിയിൽനിന്നു സ്വതന്ത്രമായി നില്ക്കുന്ന ചില അഭിലാഷങ്ങൾ സാധിക്കുന്നതിനുള്ള ഫലവത്തായ ഉപാധികൾ നൽകുകയെന്നതിലും കവിഞ്ഞ തരത്തിലുള്ളതാണു് ഈ പുതിയ മനോഭാവവും ഉദ്ദേശവും.

ഈ ശാസ്ത്രീയ—ധാർമ്മികബോധത്താൽ പ്രചോദിതരായിട്ടുള്ളവർതന്നെ മററുള്ളവക്കു് ആ ബോധംകിട്ടുകയില്ലെന്നും അതിനാൽ പ്രചോദിതരാവാൻ കഴിയുകയില്ലെന്നും ഉറപ്പിച്ചു പറയുന്നതു മര്യാദകേടാണു്, മിതഭാഷയിൽ പറഞ്ഞാൽ.

അത്തരത്തിലുള്ള ഒരു മനോഭാവം കേവലം ആലോചനാരഹിതമായ തരത്തിൽ പ്രകടിതമായിക്കാണുമ്പോൾ മാത്രമെ, "പണ്ഡിതൻെറ ആഢ്യത്വം" എന്ന ആരോപണത്തിന്നു വിധേയമാകാതിരിക്കയുള്ളു. എന്നാൽ ധിഷണാവർഗ്ഗത്തിൻെറ ഒരേയൊരു പ്രതിനിധിതന്നെ, ശാസ്ത്രഫലത്തിന്നു് ആന്തരികപ്രാധാന്യം കല്പിച്ചുകൊടുക്കുന്ന ഏതഭിപ്രായത്തെയും പുച്ഛിച്ചുതള്ളുകയും, അതു് ശാസ്ത്രത്തിൻെറ സത്തക്കുതന്നെ നിരക്കാത്തതാണെന്നവകാശപ്പെടുകയും, അഭിലാഷങ്ങളെയും ലക്ഷ്യങ്ങളെയും സ്വാധീനിക്കാൻ ശാസ്ത്രത്തിനൊന്നും ചെയ്യാൻ കഴികയില്ലെന്നു് വാദിക്കുകയും ചെയ്യുകയാണെങ്കിൽ, ഇതിലടങ്ങിയിരിക്കുന്ന വൈരുദ്ധ്യങ്ങൾ വിശദീകരണമാവശ്യപ്പെടുന്നുണ്ടു്.

ചുരുക്കം ചിലരുടെ മൌലികമനോഭാവങ്ങളും ലക്ഷ്യങ്ങളും ശാസ്ത്രത്തിന്നു സ്വാധീനിക്കാൻ കഴിയുകയും, അതേസമയത്തു് അനവധി ആളുകളുടെയും അനവധി ഗ്രൂപ്പുകളു

ടെയും മനോഭാവങ്ങളും ലക്ഷ്യങ്ങളും ശാസ്ത്രത്തിന്നു സ്വാധീനിക്കാൻ കഴിയാതിരിക്കയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം തെളിയിക്കുന്നതു് ഇതൊരു സാംസ്കാരികപ്രശ്നമാണെന്നാണു്. ഈ വ്യത്യാസം ഒരു സാമൂഹ്യപ്രശ്നം ഉന്നയിക്കുന്നു: ഗൌരവമേറിയ അനന്തരഫലങ്ങൾക്കുത്തരവാദിയായ ഈ വലിയ അന്തരം ഉണ്ടായിത്തീരുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണു്? ശുഷ്കാന്തിയോടും ക്രമപ്രകാരവും നടത്തുന്ന അന്വേഷണങ്ങളിൽനിന്നു കിട്ടുന്ന തെളിവുകൾ ആധാരമാക്കി ആളുകൾക്കവരുടെ വിശ്വാസങ്ങൾ രൂപപ്പെടുത്തുവാൻ കഴിയുമെങ്കിൽ, ഒട്ടനേകം ആളുകൾ ശീലം, യാദൃച്ഛികസംഭവങ്ങൾ, പ്രചാരവേല, വ്യക്തിപരവും വർഗ്ഗപരവുമായ പക്ഷപാതങ്ങൾ എന്നിവയിൽക്കൂടെയാണു് തങ്ങളുടെ വിശ്വാസങ്ങൾ രൂപപ്പെടുത്തുന്നതെന്നതിനോളം സാമൂഹ്യപരമായി അപകടം നിറഞ്ഞ മറെറാന്നില്ല. പക്ഷപാതരഹിതമായ ധാർമ്മികബോധം, ധിഷണാപരമായ സത്യസന്ധത, കണ്ടറിയപ്പെട്ട വസ്തുതകൾക്കുവേണ്ടി വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ കൈവെടിയാനുള്ള മനസ്ഥിതി, കണ്ടറിയപ്പെട്ട കാര്യങ്ങൾ വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി ഉപയോഗിക്കാതെ മററുള്ളവരുമായി പങ്കിട്ടെടുക്കാനുള്ള വിശാലമനസ്കത എന്നിവയെല്ലാം ചുരുങ്ങിയ തോതിലെങ്കിലും നിലവിലുണ്ടെന്നതുതന്നെ ഒരു വലിയ വെല്ലുവിളിയാണു്: കുറെക്കൂടി ആളുകൾക്കു് ഈ മനോഭാവം ഉണ്ടാവാത്തതെന്തുകൊണ്ടു്?

ഈ വെല്ലുവിളിയ്ക്കുള്ള പ്രത്യുത്തരം ജനാധിപത്യത്തിൻെറ ഭാഗധേയവുമായി ബന്ധപ്പെട്ട ഒന്നാണു്. സാക്ഷരത്വവികസനവും, ഗ്രന്ഥങ്ങൾ, പത്രങ്ങൾ, മാസികകൾ മുതലായവയ്ക്കു അച്ചടിയന്ത്രം മുഖേനയുണ്ടായിട്ടുള്ള വളർച്ചയും കാരണം ജനാധിപത്യത്തെ സംബന്ധിച്ചേടത്തോളം ഇതൊരടിയന്തിരപ്രശ്നമായിത്തീർന്നിട്ടുണ്ടു്. ഏകദേശം ഒന്നൊന്നര

നൂററാണ്ടുമുമ്പ് ജനാധിപത്യസ്വാതന്ത്ര്യത്തിൻെറ വളച്ച്യേയും പുരോഗതിയേയും ഏററവുമധികം സഹായിക്കുമെന്നു കരുതപ്പെട്ടിരുന്ന അതേ ഉപാധികൾതന്നെ, ഇന്നു് ജനാധിപത്യത്തെ ഉള്ളിൽനിന്നു തുരങ്കംവെക്കാനും കപടപൊതുജനാഭിപ്രായങ്ങൾ ഉണ്ടാക്കാനും കഴിവുള്ളവയായിത്തീന്നിട്ടുണ്ടു്. തുടരെത്തുടരെ ആവത്തിക്കപ്പെട്ടുന്നതുകൊണ്ടുണ്ടാകുന്ന അശ്രദ്ധ പരുക്കൻ പ്രചാരവേലയ്ക്കെതിരായി ഒരു പ്രതിരോധശക്തിയായി പ്രവത്തിച്ചേക്കാം. എന്നാൽ ഒരു നീണ്ട കാലയളവിൽ ഇത്തരം നിഷേധാത്മകമായ നടപടികൾക്കു് ഒരുറപ്പും നൽകാൻ കഴികയില്ല. ശാസ്ത്രം ഒരു പ്രത്യേക പഠനവിഷയമാണെന്ന അടിസ്ഥാനത്തിൽവെച്ചു നോക്കിയാൽ എല്ലാവക്കും ശാസ്ത്രജ്ഞന്മാരാകാൻ കഴിയുമെന്നോ, അതഭിലഷണീയമാണെന്നോ വിശ്വസിക്കുന്നതു് പരമാബദ്ധമാണെങ്കിലും, ജനാധിപത്യത്തിൻെറ ഭാവി ശാസ്ത്രീയമനോഭാവത്തിൻെറ വളച്ച്യുമായി ബന്ധപ്പെട്ടതാണു്, തീച്ച. വഴിതെററിക്കുന്ന പ്രചാരവേലക്കെതിരായുള്ള ഒരേഒരുറപ്പു് അതുമാത്രമാണു്. അതിലും പ്രധാനമായി, ഇന്നത്തെ സാമൂഹ്യപ്രശ്നങ്ങളെ നേരിടാൻ കഴിവും ബുദ്ധിശക്തിയുമുള്ള പൊതുജനാഭിപ്രായം ഉണ്ടാക്കുവാൻ സാദ്ധ്യമാണെന്നുറപ്പു് നൽകുന്നതും അതൊന്നുമാത്രമാണു്.

ഒരു പ്രശ്നത്തിൻെറ പരിഹാരത്തിന്നായുള്ള ആദ്യനടപടികളെടുക്കുന്നതിന്നു മുമ്പായി ആ പ്രശ്നത്തെപ്പററി ശരിയായ ബോധം ഉണ്ടായിരിക്കേണ്ടതാവശ്യമാണു്. നമ്മുടെ മുമ്പിലുള്ള പ്രശ്നം അല്പം സാമ്പത്തികവുംകൂടിയാണു്. പ്രസിദ്ധീകരണോപാധികൾ നിയന്ത്രിക്കുന്ന കാര്യം പ്രത്യക്ഷമായിത്തന്നെ അതിലടങ്ങിയിട്ടുണ്ടു്; ധനപരമായ നിയന്ത്രണം നല്ലതല്ല. അഭിപ്രായസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, സമ്മേളനസ്വാതന്ത്ര്യം എന്നിവയിലുള്ള ജനാധിപത്യവിശ്വാസം, ജനാധിപത്യസ്ഥാപനങ്ങൾ ആക്രമിക്കപ്പെട്ടു

വാൻ അവസരം നൽകുന്നു. അധികാരത്തിൽ വന്നയുടനെ ആദ്യമായി അത്തരം സ്വാതന്ത്ര്യങ്ങൾ നിഷേധിക്കുന്ന സർവ്വാധിപത്യരാഷ്ട്രങ്ങളുടെ പ്രതിനിധികൾ, ഒരു ജനാധിപത്യരാജ്യത്തിൽ ജനാധിപത്യത്തിൻെറ അടിത്തറയ്ക്കു തുരങ്കം വെക്കുവാൻ അതേ സ്വാതന്ത്ര്യങ്ങൾ സമർത്ഥമായുപയോഗിക്കുന്നു. ആവശ്യമുള്ള ധനസഹായം ലഭിക്കുന്നതുകൊണ്ട് അവക്കു തുടർച്ചയായി തുരങ്കം വെക്കാനും കുഴികുത്താനും കഴിയുന്നു. ഒരു പക്ഷെ, ഇതിനെക്കാൾ അപകടകരമായതു്, ഉല്പാദനത്തിലും വിതരണത്തിലും കേന്ദ്രീകരണത്തിലേക്കു ചാഞ്ഞുകൊണ്ടിരിക്കുന്ന സാമ്പത്തികസ്ഥിതികൾ, ആളുകൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഒടുവിൽ പത്രങ്ങളെയും ബാധിക്കുന്നു എന്ന വസ്തുതയാണു്. പുതിയ വ്യാപാരരീതികൾക്കൊഴിച്ചുകൂടാതെയായിത്തീൎന്നിട്ടുള്ള വൻകിട മുതൽമുടക്കു വ്യവസ്ഥകൾ പ്രസിദ്ധീകരണവ്യവസായത്തെയും സ്വാധീനപ്പെടുത്തുന്നു.

വിദ്യാഭ്യാസപരവും ആണു് പ്രശ്നം. വിഷയത്തിൻെറ ഈ വശത്തെക്കുറിച്ചു് ഒരു ഖണ്ഡികക്കു പകരം ഒരു പുസ്തകം തന്നെ എഴുതാൻ കഴിയും. മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള അറിവും അക്ഷരാഭ്യാസത്തിൻെറ ഉപകരണങ്ങളും മാത്രമാണു് വിദ്യാലയങ്ങളിൽനിന്നു് നൽകിവരുന്നതെന്നതു് നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണു്. അന്വേഷണത്തിന്നും അഭിപ്രായങ്ങൾ പരിശോധിച്ചുനോക്കുന്നതിന്നും വേണ്ട കഴിവുകൾ വികസിപ്പിക്കത്തക്കതല്ല അങ്ങിനെ അറിവു നൽകാൻ ഉപയോഗിച്ചുവരുന്ന മാൎഗ്ഗം; മറിച്ചു്, അതിന്നു എതിരാണു്. സ്വാഭാവികമായ ജിജ്ഞാസ അതു് മന്ദിപ്പിക്കുന്നു; നിരീക്ഷണത്തിന്നും പരീക്ഷണത്തിന്നുമുള്ള കഴിവുകളിന്മേൽ അപ്രസക്തവും പരസ്പരബന്ധമില്ലാത്തതുമായ പല കാൎയ്യങ്ങളും കെട്ടിവെച്ചുകൊടുക്കുന്നതുകൊണ്ടു് പാമരന്മാൎക്കു് കഴിയുന്നത്രപോലും കഴിവുകൾ ഉപയോഗിക്കാൻ അവ

ക്ക് കഴിയാതെ പോകുന്നു. ജനാധിപത്യവ്യവസ്ഥയിലെ പൊതുവിദ്യാലയങ്ങളുടെ പ്രശ്നം അതിൻെറ ആദ്യഘട്ടത്തിൽ മാത്രമെ എത്തിയിട്ടുള്ളു: എല്ലാവക്കും വിദ്യാലയസൌകര്യങ്ങൾ ലഭിക്കുക എന്ന ഘട്ടം. പഠിപ്പിക്കേണ്ടതെന്താണെന്നും പഠിപ്പിക്കേണ്ടതെങ്ങിനെയാണെന്നും ശാസ്ത്രീയമനോഭാവരൂപവല്കരണത്തിൻെറ അടിസ്ഥാനത്തിൽ തീച്ച്യയാക്കിയെങ്കിലല്ലാതെ, വിദ്യാലയങ്ങളുടെ വിദ്യാഭ്യാസപ്രവത്തനങ്ങളെല്ലാംതന്നെ ജനാധിപത്യത്തെ സംബന്ധിച്ചേടത്തോളം "കിട്ടിയാൽ കിട്ടി, ഇല്ലെങ്കിൽ പോയി" എന്നതുപോലെ മാത്രമെ ഇരിക്കയുള്ളു.

മുമ്പു സൂചിപ്പിച്ചിട്ടുള്ളതുപോലെ കലയുടെയും പ്രശ്നമാണിതു്. തെററിദ്ധാരണകൾ ഉണ്ടാകാത്തവിധത്തിൽ ഇക്കായ്യത്തെക്കുറിച്ചു് ചുരുക്കിയെഴുതുവാൻ വിഷമമാണു്. കാരണം, കലക്കു് സമൂഹത്തോടുള്ള കടമയെക്കുറിച്ചു് ഊന്നിപ്പറഞ്ഞും, സാമൂഹ്യമായി അത്യാവശ്യമായിത്തീന്നിരിക്കുന്നെന്നു് മതവിശ്വാസത്തോടെന്നപോലെ സ്ഥാപിക്കപ്പെട്ടുന്ന ചില അഭിപ്രായങ്ങൾക്കുവേണ്ടി പ്രചരണം നടത്താൻ കലകളും സാഹിത്യവും ഉപയോഗിച്ചും, ഒരു പ്രസ്ഥാനം ഈ അടുത്ത കാലത്തു ഉടലെടുത്തിട്ടുണ്ടു്. അതുകൊണ്ടു് അതേതരത്തിൽ ജനാധിപത്യാശയങ്ങൾക്കുവേണ്ടി എതിർപ്രചരണങ്ങൾ നടത്തുവാൻ സാഹിത്യവും കലയും ഉപയോഗിക്കണമെന്ന സൂചന, ഈ പ്രശ്നത്തെക്കുറിച്ചു പ്രസ്താവിക്കുമ്പോൾ തോന്നിയേക്കാം. എന്നാൽ കായ്യം അങ്ങിനെയല്ല. ആശയങ്ങൾ വെറും ആശയങ്ങളെന്നനിലക്കു ബലഹീനങ്ങളാണു്; അവ ഭാവനാപൂണ്ണവും വൈകാരികാകഷണതവുമുള്ളതും ആണെങ്കിൽ മാത്രമെ ഫലപ്രദമാവുകയുള്ളു എന്ന കായ്യം ഓമ്മിപ്പിക്കുക മാത്രമാണു് ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. മുൻകാലങ്ങളിലെ അതിലഘൂകൃതയുക്തിവാദത്തിന്നെതിരായുണ്ടായ വമ്പിച്ച പ്രത്യാഘാതങ്ങളെക്കുറിച്ചു ഞാൻ

മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ആ പ്രത്യാഘാതങ്ങൾ നേരെ എതിർവശത്തേക്ക കാര്യങ്ങളെയെത്തിക്കാൻ സഹായിച്ചു. ആവശ്യങ്ങൾ, നൈസർഗ്ഗികവാസനകൾ, ശീലങ്ങൾ, വികാരം എന്നിവയുടെ പ്രധാന പങ്ക് ഊന്നിപ്പറഞ്ഞപ്പോൾ അതു പലപ്പോഴും ആശയങ്ങളുടെയും ബുദ്ധിയുടെയും കഴിവുകളെ അവഗണിക്കുകയാണു ചെയ്തതു്. അതുകൊണ്ടു് മനുഷ്യഘടനയിലെ യുക്തിരഹിതമായ ഘടകങ്ങളോടു് ആശയങ്ങളും അറിവും കൂട്ടിച്ചേർക്കുകയെന്നതാണു് പ്രശ്നം. ഈ കൂട്ടിച്ചേർക്കൽ സാദ്ധ്യമാക്കുന്നതിനുള്ള എല്ലാ ഉപാധികൾക്കും പൊതുവിലുള്ള പേരാണു് "കല".

ധാർമ്മികവും മതപരവുംകൂടിയാണു് പ്രശ്നം. ലളിതകലകളുടെ സഹായത്തോടുകൂടി മതങ്ങൾ ഫലപ്രദമായി പ്രവർത്തിച്ചുവന്നിട്ടുള്ളതിനെക്കുറിച്ചു് മുമ്പു് സൂചിപ്പിച്ചിട്ടുണ്ടു്. എന്നാൽ മതങ്ങളുടെ ചരിത്രപരമായ സ്വാധീനം പലപ്പോഴും സൂക്ഷ്മാന്വേഷണത്തിന്നും പരീക്ഷണത്തിന്നും വിധേയമായിട്ടില്ലാത്ത തത്വസംഹിതകളെ വലുതാക്കിക്കാണിക്കുന്നതിലാണു ഉപകരിച്ചതു്. ജനാധിപത്യത്തിന്റെ നിലനില്പിന്നാവശ്യമായ മനോഭാവങ്ങൾക്കു നിരക്കാത്ത ശീലങ്ങൾ ഉണ്ടാക്കിത്തീർക്കാനാണു് മതങ്ങൾ സഹായിച്ചിട്ടുള്ളതു്; ഇക്കാര്യത്തെസംബന്ധിച്ചു മതത്തിന്നു ചെലുത്താൻ കഴിഞ്ഞിട്ടുള്ള സ്വാധീനശക്തി അതിന്റെ ശരിയായ അളവിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. ജർമ്മനിയിൽ സർവ്വാധിപത്യത്തിന്നു് ഇത്രയെളുപ്പം വിജയം വരിക്കാൻ കഴിഞ്ഞതു് അതിന്നു മുമ്പു മതവിശ്വാസങ്ങൾ നശിച്ചുപോയതുകൊണ്ടുണ്ടായ വിടവു് നികത്തപ്പെടാതിരുന്നതുകൊണ്ടാണെന്നു് ചില സൂക്ഷ്മനിരീക്ഷകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ബാഹ്യമായ ഒരധികാരശക്തിയെ എല്ലാററിന്നും ആശ്രയിച്ചിരുന്നവർ, ആ ശക്തി നഷ്ടപ്പെട്ടപ്പോൾ അതിനെക്കാൾ അടുത്തതും കാര്യശേഷിയുള്ളതുമായ മറെറാരു ശക്തിയെ ആശ്ര

യിക്കാൻ തയ്യാറായിരുന്നു.

പ്രശ്നം ധാർമ്മികമാണെന്നു പറയുമ്പോൾ, ഒട്ടുക്കം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിലേക്കും പ്രവർത്തികളിലേക്കും തന്നെ അതു തിരിച്ചുവരുന്നു എന്നാണർത്ഥം. ഒരഭിപ്രായത്തിൽ ഇതുവരെ പറഞ്ഞിട്ടുള്ളതെല്ലാം പൊതുജനാഭിപ്രായത്തിൻെറയും പൊതുജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളുടെയും പ്രവർത്തനമാണ് ജനാധിപത്യഭരണം എന്ന സാധാരണ ചൊല്ലിൻെറ വിശദീകരണം മാത്രമാണ്. എന്നാൽ ജനാധിപത്യമാർഗ്ഗത്തിലുള്ള പൊതുജനാഭിപ്രായ രൂപവൽക്കരണവും, ശാസ്ത്രീയധാർമ്മികബോധം ഓരോ സാധാരണക്കാരൻെറയും ഉപകരണമായിത്തീരുന്നതുവരെ ജനാധിപത്യരീതിയിൽ ആ ധാർമ്മികബോധം വികസിക്കപ്പെടുന്നതും ഒന്നായിക്കാണുകയാണെങ്കിൽ പ്രശ്നം ധാർമ്മികമാണെന്നു വ്യക്തമാകും. ദുരഭിമാനവും പക്ഷപാതങ്ങളും, വ്യക്തിപരവും വർഗ്ഗപരവുമായ താല്പര്യങ്ങളും, കഴിഞ്ഞ കാലങ്ങളിലെ വൈകാരികബന്ധങ്ങളാലും ആചാരങ്ങളാലും പ്രിയപ്പെട്ടതായിത്തീർന്നിട്ടുള്ള വിശ്വാസങ്ങളും മാററിവെച്ച് തൽസ്ഥാനത്ത് ശാസ്ത്രീയമനോഭാവം വളർത്തേണ്ടതു വ്യക്തികളാണ്. അങ്ങിനെ ഒട്ടനേകം വ്യക്തികളുടെ തീരുമാനങ്ങളിൽനിന്നും ഇഷ്ടാനിഷ്ടങ്ങളിൽനിന്നും ഫലപ്രദമായ പ്രവർത്തനങ്ങളിൽനിന്നും മാത്രമേ ആവശ്യപ്പെട്ട ഫലം കൈവരികയുള്ളു.

മുമ്പത്തെ അമേരിക്കൻപ്രസിഡണ്ടുമാരിലൊരാൾ ഒരിക്കൽ പറയുകയുണ്ടായി: "ഗവർമ്മേണ്ടുദ്യോഗം ഒരു പൊതു ട്രസ്റ്റാണ്". അന്നു വലിയ കോളിളക്കം സൃഷ്ടിച്ച ആ പ്രസ്താവനയിൽ ഒരു സാധാരണ സത്യം മാത്രമെ അടങ്ങിയിട്ടുള്ളു—ഊന്നിപ്പറയേണ്ടുന്ന ഒരു സത്യം. അതുപോലെ അറിവും ധിഷണാപരമായി പ്രത്യേക വൈദഗ്ദ്ധ്യവും സമ്പാദിച്ചുവെക്കുന്നതും ഒരു "ട്രസ്റ്റാ"ണെന്ന സാധാരണ സത്യം വാക്കുകളിൽപോലും ഇനിയും പ്രസ്താവിക്കപ്പെട്ടിട്ടില്ല.

തങ്ങൾ കണ്ടെത്തിയിട്ടുള്ള അറിവുകൾ തങ്ങളെപ്പോലെ അതേ പ്രത്യേക വിഷയത്തിൽ ഗവേഷണം നടത്തുന്ന മററാളുകളെ അറിയിക്കുക എന്നതുവരെയുള്ള ശാസ്ത്രീയധാർമ്മികബോധം ചിലരിൽ വളൎന്നുവന്നിട്ടുണ്ട്. എന്നാൽ അതിനെക്കാൾ വിശാലമായ രംഗത്തിലേക്കു ആ അറിവു വ്യാപിപ്പിക്കുന്നതിന്നുള്ള ഉത്തരവാദിത്വത്തെ സംബന്ധിച്ചേടത്തോളം ധാർമ്മികബോധം വളൎന്നിട്ടില്ല. ഇതിങ്ങിനെയാവാനുള്ള കാരണം, ആധുനികശാസ്ത്രത്തിൻെറ ചരിത്രപരമായ വളൎച്ചയെ ബാധിച്ചിട്ടുള്ള പരിതഃസ്ഥിതികൾ വിശദമാക്കുന്നുണ്ടെങ്കിലും, ഇതിനിയും തുടൎന്നുപോകുന്നതിനെ അതു ന്യായീകരിക്കുന്നില്ല. എല്ലാരിൽനിന്നും ഒററപ്പെട്ടുകന്നുനിന്നുകൊണ്ടു ധ്യാനം ചെയ്തിരുന്ന പഴയ കാലത്തെ സന്യാസികളെ അനുസ്മരിപ്പിക്കുന്ന തരത്തിൽ, ആന്തരികവും ബാഹ്യവുമായ പരിതഃസ്ഥിതികൾ. ശാസ്ത്രത്തെ സാമൂഹ്യമായി ഒററപ്പെട്ടുത്തിയകററി നിൎത്തിയിരിക്കയാണു്.

മേധാവിത്വത്തിൽനിന്നും ആരോപണങ്ങളിൽനിന്നും സ്വതന്ത്രമായി ജോലി നോക്കുന്നതിന്നു ശാസ്ത്രജ്ഞന്മാൎക്കു് എതിൎത്തു തോല്പിക്കേണ്ടിയിരുന്ന പ്രതിബന്ധങ്ങളാണു് ബാഹ്യമായ പരിതഃസ്ഥിതികൾ ആന്തരിക പരിതഃസ്ഥിതികളാകട്ടെ, പുതിയ ഗവേഷണമാൎഗ്ഗങ്ങളോടൊപ്പം വളൎന്നുവന്ന പ്രത്യേക വൈദഗ്ദ്ധ്യത്തിൻെറ ആവശ്യകതയുമാണു്; പുതിയതും വളൎച്ചയെത്തിയിട്ടില്ലാത്തതുമായ പുതിയ മനോഭാവത്തെ പ്രായോഗികരംഗത്തെ വടംവലികളും വാദകോലാഹലങ്ങളുംകൊണ്ടു വിഷലിപ്തമാക്കാതെ സംരക്ഷിക്കുവാനുള്ള ആഗ്രഹവുമാണതിൽ കാണാൻ കഴിയുന്നതു്. ശാസ്ത്രം പരിശുദ്ധമാണെന്നും, അതു് വെറും സിദ്ധാന്തപ്രധാനമായ കാൎയ്യമാണെന്നുമുള്ള പഴയ പാരമ്പൎയ്യത്തിൻെറ അനുഗ്രഹവും അതിന്നു ലഭിച്ചു. അവരുടെ കണ്ണിൽ ശാസ്ത്രത്തിന്നു പ്രായോഗികകാൎയ്യങ്ങളുമായി യാതൊരു ബന്ധവുമില്ല, യു

ക്തിയും സിദ്ധാന്തവും പ്രയോഗത്തിനുപരിയാണു്; പ്രായോഗികകാര്യങ്ങൾ ഭൌതികവും പ്രയോജനവുമാണെന്നാണു് പരമ്പരക്കാർ വാദിച്ചിരുന്നതു്. ശാസ്ത്രീയസത്തയുടെ നിഷ്പക്ഷത കക്ഷിപരവും ഭാഗികവുമായ താല്പര്യങ്ങളോടു ചേന്നാൽ നഷ്ടപ്പെടാനിടയുണ്ടെന്ന ഭയമാണു്, പരമ്പരയായുള്ള ശാസ്ത്രത്തിൻെറ "പരിശുദ്ധത"ക്കു പ്രാധാന്യവും വിലയും നൽകിയതു്; അതുകൊണ്ടു് പണ്ടുകാലത്തെ സ്ത്രീകളുടെ ചാരിത്ര്യംപോലെ ബാഹ്യമായ രക്ഷാകവചങ്ങൾകൊണ്ടു കാത്തുരക്ഷിക്കപ്പെടേണ്ട ഒന്നായി ശാസ്ത്രത്തിൻെറ പരിശുദ്ധതയും കരുതപ്പെട്ടുവന്നു. ശാസ്ത്രജ്ഞന്മാർ പ്രത്യേക പ്രായോഗികകാര്യങ്ങളിൽ "സമരം" ചെയ്യണമെന്നതല്ല ആവശ്യം. കലയുടെ പ്രശ്നം കലാകാരൻെറ ആന്തരികകലാബോധത്തെ ആശയങ്ങൾ നൽകുന്ന ഭാവനയും വികാരങ്ങളും ചേർത്തു വികസിപ്പിക്കുന്നതാണെന്നപോലെ, ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചുള്ള ഇന്നത്തെ ആവശ്യം അവർ ശാസ്ത്രീയമനോഭാവം സാർവ്വത്രികമായി വ്യാപിപ്പിക്കുവാനുള്ള സാമൂഹ്യഉത്തരവാദിത്വം അംഗീകരിക്കേണമെന്നുള്ളതാണു്. മററു സാമൂഹ്യതാല്പര്യങ്ങളിൽനിന്നെല്ലാം അകന്നു് പരിപാവനമായി നിലക്കൊള്ളുന്ന ഒന്നാണു് ശാസ്ത്രം എന്ന വിശ്വാസം എന്നെന്നേക്കുമായി ഉപേക്ഷിക്കപ്പെട്ടാലല്ലാതെ ഈ കത്തവ്യം നിറവേററാൻ കഴിയുകയില്ല.

ഭൌതികശാസ്ത്രം, രസതന്ത്രശാസ്ത്രം, ജീവശ്ശാസ്ത്രം, ജ്യോതിശ്ശാസ്ത്രം മുതലായവയുടെ ഫലങ്ങൾ വിതരണം ചെയ്യുക എന്നതിൽനിന്നും വ്യത്യസ്തമാണു്, ശാസ്ത്രീയമനോഭാവത്തിലടങ്ങിയിരിക്കുന്ന വിശേഷഗുണങ്ങൾ വികസിപ്പിക്കുകയെന്നതു്. ഈ വ്യത്യസ്തതകാരണമാണു് പ്രശ്നം ധാർമ്മികമായ ഒന്നായിത്തീരുന്നതു്. മനുഷ്യൻ എന്തിനുവേണ്ടി പരിശ്രമിക്കുന്നുവോ, ആ ലക്ഷ്യങ്ങൾ രൂപവൽക്കരിക്കുന്നതിൽ ശാസ്ത്രത്തിനു സ്വാധീനം ചെലുത്താൻ കഴിവുണ്ടോ, അതോ,

ശാസ്ത്രത്തിൻെറ സഹായം കൂടാതെ രൂപീകരിക്കപ്പെട്ട ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ശക്തി വർദ്ധിപ്പിക്കുകമാത്രമേ ശാസ്ത്രത്തിന്നു കഴിയുകയുള്ളൂ, എന്ന ചോദ്യം വാസ്തവത്തിൽ ശാസ്ത്രത്തിന്നു് ആന്തരികമായ ധാർമ്മികോല്പാദനശക്തിയുണ്ടോ എന്ന പ്രശ്നമാണു്. ചരിത്രപരമായി, ശാസ്ത്രത്തിന്നു് ധാർമ്മികമായ യാതൊരു ഗുണവുമില്ലെന്നു മതപണ്ഡിതന്മാരും ഭൌതികാനുമാനചിന്തകന്മാരും വാദിച്ചിട്ടുണ്ടു്. കാരണം, ധാർമ്മികമായ മാർഗ്ഗനിർദ്ദേശത്തിന്നു് മററു ചിലതിനെ അഭയം പ്രാപിക്കേണ്ടതു് അവരെ സംബന്ധിച്ചേടത്തോളം വ്യക്തമാണല്ലോ. ഇപ്പോൾ ശാസ്ത്രത്തിൻെറ പേരിലും അതേതരത്തിലുള്ള ഒരു നിലപാടു് സ്വീകരിച്ചുകാണുന്നതു്, ഒന്നുകിൽ, ഇന്നത്തെ സംസ്കാരത്തെ സമഗ്രമായി ബാധിച്ചിട്ടുള്ള ആശയക്കുഴപ്പത്തിൻെറ സൂചനയായിരിക്കാം, അല്ലെങ്കിൽ, ജനാധിപത്യത്തിൻെറ ദൃശ്യകനമായിരിക്കാം. നടപടികൾ നിയന്ത്രിക്കപ്പെടുന്നതുകൊണ്ടു് അഭിലാഷങ്ങൾ തമ്മിൽ സംഘട്ടനമുണ്ടാവുകയും, ശാസ്ത്രീയമായി തെളിയിക്കപ്പെട്ട വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ അഭിലാഷങ്ങളും ലക്ഷ്യങ്ങളും നിർണ്ണയിക്കാൻ കഴിയാതെ പോവുകയും ചെയ്യുയാണെങ്കിൽ, അതിൻെറ പ്രായോഗികഫലവും ഒരേയൊരു ഗത്യന്തരവും അഭിലാഷങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ബുദ്ധിരഹിതശക്തികളുടെ സംഘട്ടനവും മത്സരവുമായിരിക്കും. ധാർമ്മികവസ്തുതകൾ എന്നു വല്ലതും നിലവിലുണ്ടെന്നതു് ശാസ്ത്രത്തിൻെറ പേരിൽ നിഷേധിക്കപ്പെടുകയാണെങ്കിൽ, അവസാനഘട്ടമാണതെന്നു് ആലോചനയില്ലാതെ കരുതിയേക്കാവുന്ന ഒരു ഇടക്കാല ഘട്ടത്തിലേക്കാണതു എത്തിച്ചേരുക എന്നു സൂചിപ്പിക്കത്തക്ക ഒരുതരം "ഒട്ടക്കത്തെ" നിഗമനമാണതു്. ശാസ്ത്രമുണ്ടാവുന്നതിനു മുമ്പുണ്ടായിരുന്നതരത്തിലുള്ള ധാർമ്മികമൂല്യങ്ങളെയും, ലക്ഷ്യങ്ങളെയും, നിയമങ്ങളെയും, തത്വങ്ങളെയും ശാസ്ത്രത്തി

ന്നു് ബാധിക്കാൻ കഴിയുകയില്ലെന്നതു വാസ്തവം തന്നെ. എന്നാൽ, ലക്ഷ്യങ്ങളുടെയും മൂല്യങ്ങളുടെയും രൂപീകരണം നിയന്ത്രിക്കുന്നതു അഭിലാഷങ്ങളാണെന്നതുകൊണ്ടു് ധാർമ്മികവസ്തുതകൾ എന്നൊന്നില്ലേയില്ല എന്നു പറയുകയാണെങ്കിൽ, വാസ്തവത്തിൽ അഭിലാഷങ്ങളും താല്പര്യങ്ങളും ധാർമ്മികവസ്തുതകൾ തന്നെയാണെന്നും, അറിവും ബുദ്ധിയും കൊണ്ടവയെ നിയന്ത്രിക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടുകയായിരിക്കും. ശാസ്ത്രം അതിൻെറ ഭൌതിക സാങ്കേതികഫലങ്ങളിൽക്കൂടി, മനുഷ്യജീവികളുടെ ഒററയായും കൂട്ടമായുമുള്ള നിലനില്പിൻെറ അടിസ്ഥാനബന്ധങ്ങൾ നിർണ്ണയിച്ചുവരുന്നു. ഈ ബന്ധങ്ങളെ നിർണ്ണയിക്കുന്ന ധാർമ്മികസങ്കേതങ്ങളും വികസിപ്പിക്കുവാൻ ശാസ്ത്രത്തിന്നു കഴിയാതെപോവുകയാണെങ്കിൽ, ജനാധിപത്യം മാത്രമല്ല എല്ലാ പരിഷ്കൃതമൂല്യങ്ങളും നശീകൃതമാവുന്നത്ര ആഴത്തിൽ ആധുനികസംസ്കാരത്തിലുണ്ടായിട്ടുള്ള പിളപ്പ് ഇറങ്ങിച്ചെല്ലും. ചുരുക്കത്തിൽ, ഏതാണ്ടിങ്ങിനെയുള്ളതാണു് നമ്മുടെ പ്രശ്നം. പരമ്പരയാ ലഭിച്ചിട്ടുള്ള മൂല്യങ്ങൾ നശിപ്പിക്കുവാൻ ശാസ്ത്രത്തെ അനുവദിക്കയും, എന്നാൽ അവയ്ക്കു് പകരം പുതിയ മൂല്യങ്ങൾ സൃഷ്ടിക്കുവാനുള്ള സ്വന്തം കഴിവിനെ ഭയപ്പെട്ടുകയും ചെയ്യുന്ന സംസ്കാരം സ്വയം നശിച്ചുകൊണ്ടിരിക്കുന്ന സംസ്കാരമാണു്. ആന്തരികമായ ഈ ഭിന്നിപ്പിൻെറ ലക്ഷണവും, അതേ സമയം അതിൻെറ കാരണവുമാണു് യുദ്ധം.

# VI

## ജനാധിപത്യത്തെപ്പററി ജഫേഴ്സൺ

ജനാധിപത്യതത്വങ്ങൾ മാനുഷികാടിസ്ഥാനത്തിൽ പ്രസ്താവിച്ച ആദ്യത്തെ ആധുനികചിന്തകൻ തോമസ്സ് ജഫേഴ്സൺ ആയിരുന്നു. ജഫേഴ്സൺെറ ആദശ്ശരൂപവൽക്കരണം തികച്ചും ധാമ്മികമായിരുന്നു: അടിസ്ഥാനത്തിലും, മാഗ്ഗത്തിലും, ലക്ഷ്യത്തിലും. "പരിണാമവിധേയമല്ലാത്ത ഒന്നും ഇല്ല, മനുഷ്യൻെറ അധൃഷ്യവുമായ ജന്മാവകാശങ്ങളൊഴികെ", എന്ന വാക്കുകളിലാണ് ജഫേഴ്സൻെറ വിശ്വാസപ്രമാണത്തിൻെറ ഹൃദയം കുടികൊള്ളുന്നതു്. സ്വതന്ത്രസ്ഥാപനങ്ങളുടെ ധാമ്മികാടിസ്ഥാനം പ്രതിപാദിക്കുവാൻ അദ്ദേഹം ഉപയോഗിച്ചിരുന്ന വാക്കുകൾ ഇന്നു് ഉപയോഗശൂന്യമായിപ്പോയിരിക്കുന്നു. "സ്വാതന്ത്ര്യപ്രഖ്യാപന"ത്തിൻെറ പ്രാരംഭവാചകങ്ങൾ നാം ആവത്തിക്കുന്നു; എന്നാൽ അതു് പുതിയ ഭാഷയിലേക്കു വിവത്തനം ചെയ്തില്ലെങ്കിൽ, അതിലെ വാക്കുകൾ, നാക്കിൻതുമ്പത്തു് നിഷ്പ്രയാസം വരുമെങ്കിലും തലച്ചോറിലേക്കു കടന്നു ചെല്ലുകയില്ല. അദ്ദേഹം എഴുതി: "സ്വയം വ്യക്തമാണു് ഈ സത്യങ്ങൾ: എല്ലാ മനുഷ്യരും സൃഷ്ടിയിൽ സമന്മാരാണു്; അവരുടെ സ്രഷ്ടാവ് അവക്കു് അധൃഷ്യമായ ജന്മാവകാശങ്ങൾ നൽകിയിട്ടുണ്ടു്; ജീവിക്കുവാനും, സ്വതന്ത്രമായിരിക്കാനും, സുഖംതേടുന്നതിന്നും ഉള്ള അവകാശങ്ങൾ അതിൽപെടുന്നു". സ്വയം വ്യക്തമായ സത്യങ്ങൾ എന്നു പറഞ്ഞാൽ അവയെക്കു

റിച്ചു് നാം ഇന്നു സംശയാലുക്കളാണു്; രാഷ്ട്രീയകാര്യങ്ങൾ സ്രഷ്ടാവിൻെറ പരിപാടികളുമായി നാം ഇന്നു ബന്ധപ്പെടുത്താറില്ല. അദ്ദേഹത്തിൻെറ ആശയപ്രകടനത്തിൽ പ്രാധാന്യം വഹിച്ചിരുന്ന "ജന്മാവകാശ" തത്വങ്ങൾ ചരിത്രപരമായും പ്രത്യയശാസ്ത്രപരമായുമുള്ള വിമർശനങ്ങൾകൊണ്ടു് ബലഹീനമായിപ്പോയിട്ടുണ്ടു്.

അതുകൊണ്ടു് ജഫേഴ്സൻെറ അഭിപ്രായങ്ങൾ ശരിക്കു് മനസ്സിലാക്കാൻ കഴിയണമെങ്കിൽ "പ്രകൃതിദത്തമായ" (ജന്മനാതന്നെയുള്ള) എന്നദ്ദേഹം ഉപയോഗിച്ചിരുന്ന വാക്കിന്നുപകരം "ധാർമ്മിക"മായ എന്ന വിശേഷണം നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. അക്കാലത്തുണ്ടായിരുന്ന ദൈവാധികാരവിശ്വാസം ജഫേഴ്സണെയും സ്വാധീനിച്ചിരുന്നു. ക്ഷേമതല്പരനും സർവ്വജ്ഞനുമായ ഒരു സ്രഷ്ടാവിൻെറ പരിപാടികളും പ്രകൃതിയും അദ്ദേഹത്തിൻെറ കണ്ണിൽ വ്യത്യസ്തവസ്തുക്കളായിരുന്നില്ല. നമുക്കു നേടുവാനുള്ള ലക്ഷ്യങ്ങൾ ആകാശത്തിൽ തൂങ്ങിക്കിടക്കുന്നവയല്ലെന്നും മനുഷ്യരാശിയുടെ ആവശ്യങ്ങളുടെയും അഭിലാഷങ്ങളുടെയും അടിയിൽകിടക്കുന്ന ചില കാര്യങ്ങളാണെന്നു നാം ധരിച്ചുവെക്കുകയും "പ്രകൃതി"യുമായി സാധാരണ ബന്ധപ്പെടുത്താറുള്ള പ്രത്യേക കാര്യങ്ങൾ മറന്നു് മേൽപറഞ്ഞതരത്തിലുള്ള ലക്ഷ്യങ്ങളും മൂല്യങ്ങളും ആദർശങ്ങളായെടുക്കുകയും ചെയ്യുയാണെങ്കിൽ, ജഫേഴ്സൻെറ അടിസ്ഥാനവിശ്വാസങ്ങൾക്കു് കാതലായ മാററങ്ങളൊന്നും സംഭവിച്ചിട്ടില്ലെന്നു വ്യക്തമാകും.

ജഫേഴ്സൻെറ പ്രസംഗങ്ങളിലും എഴുത്തുകളിലും (തത്വസംഹിതകളൊന്നും അദ്ദേഹം ആവിഷ്കരിച്ചിട്ടില്ല) ഉള്ള വിസ്തരവസ്തുതകളുമായി എനിക്കു പറയാനുള്ളതു മുഴുവൻ വിസ്തരിച്ചു ഘടിപ്പിക്കാൻ ഞാൻ ശ്രമിക്കയാണെങ്കിൽ, ഞാൻ ഒരു വക്കാലത്തെടുത്തു വാദിക്കയാണെന്നു്

തോന്നിയേക്കാനിടയുണ്ട്. അദ്ദേഹത്തിൻെറ മനസ്സിൽ അക്കാലത്തുണ്ടായിരുന്നേക്കാനിടയില്ലാത്ത ചില ആശയങ്ങൾ അദ്ദേഹത്തിൻെറ പേരിൽ വെച്ചുകെട്ടാൻ പററിയേക്കാവുന്ന വ്യാഖ്യാനങ്ങൾ നൽകാൻ ഞാൻ ചിലപ്പോൾ നിർബ്ബന്ധിതനായേക്കാം. എന്നാൽ അദ്ദേഹത്തിൻെറ പേരിനോട് വ്യക്തമായി ഘടിപ്പിക്കാവുന്ന മൂന്നു കാര്യങ്ങളുണ്ട്, അമേരിക്കൻ ജനാധിപത്യത്തെപ്പററി പറയുമ്പോൾ അതിലുൾക്കൊള്ളിക്കേണ്ടതായിട്ട്. അതു് ഞാൻ ഇവിടെ വ്യക്തമാക്കിക്കൊള്ളട്ടെ, ഒന്നാമതായി, മുമ്പുകൊടുത്ത ഉദ്ധരണിയിൽ, ജനാധിപത്യത്തിൻെറ ലക്ഷ്യങ്ങളും, മനുഷ്യൻെറ (ബഹുമനുഷ്യരുടെയല്ല) അവകാശങ്ങളുമാണ് പരിണാമവിധേയമല്ലാത്തതായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്. ആന്തരിക ധാർമ്മികാവകാശങ്ങൾ നേടുന്നതിനുള്ള രീതികളും ഉപകരണങ്ങളുമല്ല മാററമൊന്നുമില്ലാതെ നിലനിന്നുവരുന്നതു്. ജഫേഴ്സൻെറ ശിഷ്യന്മാരെന്നു പറയപ്പെടുന്ന പലരും അദ്ദേഹം പറഞ്ഞിട്ടുള്ളതിൻെറ അർത്ഥം മനസ്സിലാക്കുന്ന കാര്യം പോകട്ടെ; അദ്ദേഹം ഉപയോഗിച്ച വാക്കുകൾതന്നെ ശരിക്കു് മനസ്സിലാക്കീട്ടില്ല. അദ്ദേഹം പറഞ്ഞിരുന്നു: "മനുഷ്യമനസ്സിൻെറ പുരോഗതിക്കൊപ്പം കൈകോർത്തുപിടിച്ചുകൊണ്ടുപോകേണ്ടതാണ് നിയമങ്ങളും സ്ഥാപനങ്ങളും എന്നെനിക്കറിയാം......പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടാവുമ്പോൾ, പുതിയ സത്യങ്ങൾ വെളിപ്പെടുത്തപ്പെടുമ്പോൾ, മാറുന്ന പരിതഃസ്ഥിതികൾക്കനുസരിച്ച് ആചാരസമ്പ്രദായങ്ങളും അഭിപ്രായങ്ങളും മാറുമ്പോൾ, സ്ഥാപനങ്ങളും മാററപ്പെടേണ്ടിയിരിക്കുന്നു; കാലത്തിനൊപ്പം അവയും നീങ്ങേണ്ടിയിരിക്കുന്നു. പ്രാകൃതരായ പൂർവ്വികന്മാരുടെ വ്യവസ്ഥയിൽത്തന്നെ പരിഷ്കൃതസമുദായം എന്നെന്നേക്കുമായി കഴിഞ്ഞുകൂടിക്കൊള്ളണമെന്നു പറയുന്നതു്, വളർന്നു വലുതായ ഒരാളോടു് അയാളുടെ കുട്ടിക്കാലത്തെ കുപ്പായം ധരിച്ചു ന

ഷ്ടിയടയുവാൻ പറയുന്നതുപോലെയാണു്.''

പഴയ സ്ഥാപനങ്ങൾക്കെതിരായി അദ്ദേഹം ഭരണകൂടത്തിൽ വരുത്താൻ ശ്രമിച്ചിരുന്ന ചില പ്രത്യേക മാററങ്ങളെ ന്യായീകരിക്കാനുള്ള ആശയങ്ങൾ മാത്രമാണിതൊക്കെയെന്നു വ്യാഖ്യാനിക്കപ്പെടാൻ മേൽക്കൊടുത്ത വാചകം ഇടനൽകിയേക്കാം. എന്നാൽ അദ്ദേഹം തുടരുന്നു: ''ഓരോ തലമുറയും അതിൻെറ സുഖസൌകര്യങ്ങൾ പ്രദാനം ചെയ്യാൻ ഏററവും അധികം കഴിവുള്ള ഗവർമ്മേണ്ടു് ഏതാണെന്നു് കരുതുന്നുവോ അത്തരത്തിലുള്ള ഗവർമ്മേണ്ടു് തിരഞ്ഞെടുക്കുവാനുള്ള അവകാശമതിന്നുണ്ടു്.'' അതുകൊണ്ടു്, ഇത്രയുംകൂടി അദ്ദേഹം പറഞ്ഞു: ''ഒരു രാഷ്ട്രത്തിൻെറ ആവശ്യത്തിനുവേണ്ടിയുണ്ടാക്കപ്പെടുന്ന സ്ഥാപനങ്ങൾ, അവയുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ സാധിക്കുവാനാണെങ്കിൽപോലും, അസ്പൃശ്യമാണെന്നും, മാററാൻ പാടില്ലെന്നും മററുമുള്ള ആശയങ്ങൾ, ഒരു രാജാവിൻെറ അഴിമതികൾക്കെതിരായുള്ള ഫലപ്രദമായ നിബന്ധനകളായിരിക്കാം; എന്നാൽ രാഷ്ട്രത്തിന്നെതിരായുള്ള നിയമമായിത്തീരുമ്പോൾ അതു പരമാബദ്ധമാണു്.'' ''ഒരു തലമുറ അതിൻെറ പൂർവ്വികന്മാർക്കുണ്ടായിരുന്ന എല്ലാ അധികാരങ്ങൾക്കും അവകാശങ്ങൾക്കും അവകാശികളാണു്; പൂർവ്വികന്മാരുണ്ടാക്കിയിട്ടുള്ള നിയമങ്ങളും സ്ഥാപനങ്ങളുമെല്ലാംതന്നെ തങ്ങളുടെ പുതിയ ആവശ്യങ്ങൾക്കനുയോജ്യമായവിധത്തിൽ മാററാനുള്ള അധികാരവും പുതിയ തലമുറയ്ക്കുണ്ടു്.'' ഒരു തലമുറയുടെ സാധാരണ ജീവിതകാലം ഏകദേശം പതിനെട്ടരക്കൊല്ലമാണെന്നദ്ദേഹം കണക്കാക്കിയിരുന്നു (അതു വിശ്വാസയോഗ്യമാണോ അല്ലയോ എന്നതിരിക്കട്ടെ); അതിൻെറ അടിസ്ഥാനത്തിൽ എത്രയെത്ര കൊല്ലം കൂടുമ്പോഴാണു് ഇടവിട്ടിടവിട്ടു് ''നിയമങ്ങളും സ്ഥാപനങ്ങളും'' മാററപ്പെടേണ്ടതെന്നുപോലും അദ്ദേഹം സൂചിപ്പിച്ചു. പുതിയ സത്യങ്ങൾ, പു

ത്തിയ കണ്ടുപിടുത്തങ്ങൾ, അഭിപ്രായങ്ങളിലും ആചാരങ്ങളിലുമുള്ള പുതിയ മാററങ്ങൾ എന്നിവയ്ക്കനുയോജ്യമായി ഇടക്കിടെ മാററങ്ങൾ ഉണ്ടാവുന്നതു് അഭിലഷണീയമാണെന്നു മാത്രമെ അതിന്നത്ഥമുള്ളൂ. "സംസ്കാരം" എന്ന പദം അദ്ദേഹം എവിടെയും ഉപയോഗിച്ചിരുന്നില്ല; ഉപയോഗിച്ചിരുന്നെങ്കിൽ ജഫേഴ്സൻെറ പ്രസ്താവന ബലഹീനമായിപ്പോകുമായിരുന്നു. എങ്കിലും അദ്ദേഹം പഠിപ്പിച്ചതനുസരിച്ചു പ്രവത്തിക്കാതിരുന്നിട്ടുള്ളതു് അദ്ദേഹത്തിൻെറ അനുയായികൾ എന്നു അഭിമാനിക്കുന്നവർ മാത്രമല്ല; യാന്ത്രിക വ്യവസ്ഥകൾക്കു് വേണ്ടതിലധികം പ്രാധാന്യം നൽകിയ നമ്മളെല്ലാംതന്നെ അതിൽ കുററക്കാരാണു്. ജഫേഴ്സൻെറ ജനാധിപത്യവീക്ഷണഗതിയോടു് ഏററവും അനാദരണീയമായ ധിക്കാരം, ഭരണഘടനയെ സംബന്ധിച്ചു വളത്തിക്കൊണ്ടുവന്നിട്ടുള്ള ഒരുതരം ബിംബാരാധനയാണു്. പക്ഷെ അവിടംകൊണ്ടവസാനിക്കുന്നില്ല, അതു്. ജനാധിപത്യവിശ്വാസികളെന്നനിലക്കു് നമ്മുടെയെല്ലാം കടമ മാത്രമല്ല, ഉത്തരവാദിത്വംകൂടിയാണു്, നിലവിലുള്ള തിരഞ്ഞെടുപ്പുവ്യവസ്ഥകളും, പൊതുജനാഭിപ്രായരൂപവൽക്കരണത്തിനുള്ള വ്യവസ്ഥകളും നമുക്കേററവും അനുയോജ്യമായവതന്നെയാണൊ, അവയ്ക്കുന്തെല്ലാം മാററങ്ങൾ വരുത്തിയാൽ കൂടുതൽ പ്രയോജനകരമാവും എന്നെല്ലാം അന്വേഷിക്കേണ്ടതും ഉത്തരം കണ്ടെത്തേണ്ടതും. അമേരിക്കൻ ഗവമ്മേണ്ടു് ഒരു പുതിയ പരീക്ഷണമാണെന്നു് ജഫേഴ്സൺ പല തവണ പറഞ്ഞിട്ടുള്ളതു് എത്രയും ഉദ്ധരിക്കാൻ കഴിയും.

രണ്ടാമതായി ഞാൻ പറയാൻ പോകുന്ന കാര്യം ഇന്നു വളരെ വിവാദവിഷയവും കക്ഷിവഴക്കുകൾക്കു് കാരണവുമായിത്തീന്നിട്ടുള്ള ഒരു പ്രശ്നത്തോടു ബന്ധപ്പെട്ടതാണു്: അതായതു് ഫെഡറൽ അധികാരങ്ങളും അവയ്ക്കെതിരായി "സംസ്ഥാനങ്ങളുടെ അവകാശങ്ങളും. ആ പ്രശ്നത്തെ സംബന്ധി

ച്ച് ജഫേഴ്സൻെറ നിലപാടെന്തായിരുന്നുവെന്നതിനെപ്പ
ററി സംശയമില്ല; സ്വാതന്ത്ര്യങ്ങളിന്മേൽ ഗവൺമെണ്ട് ക
യ്യേററം നടത്തുമെന്നതിനെക്കുറിച്ച് അദ്ദേഹത്തിന്നു ഭയമു
ണ്ടായിരുന്നതും നിഷേധിക്കാനാവാത്ത കാര്യമാണ്. ബ്രി
ട്ടീഷാധിപത്യത്തിന്നെതിരായുള്ള സമരത്തിൻെറ അടിസ്ഥാ
നവും, ഹാമിൽട്ടൺൻെറ ആശയങ്ങൾക്കെതിരായി ജഫേ
ഴ്സൺ "പൊരുതി"യതിൻെറ കാരണവും എല്ലാം അതുത
ന്നെയായിരുന്നു. എന്നാൽ ജഫേഴ്സൻെറ തത്വങ്ങളുടെ
ഈയൊരുവശംകൊണ്ടുമാത്രം തൃപ്തിയടയുന്ന ഒരാൾ ആ ത
ത്വങ്ങൾക്കിടയിൽക്കിടക്കുന്ന പ്രധാന തത്വം കാണാതെ
പോവുകയാണ്. കേന്ദ്രത്തിൻെറ അധികാരവർദ്ധനക്കെതി
രായി സംസ്ഥാനത്തിൻെറ അവകാശങ്ങൾക്ക് പ്രാധാന്യം
ആവശ്യപ്പെട്ടതോടൊപ്പം അദ്ദേഹം തൻെറ സിദ്ധാന്തപര
മായ ലേഖനങ്ങളിലെല്ലാംതന്നെ പ്രാദേശിക സ്വയംഭരണ
ത്തിന്നാണ് സർവ്വപ്രാധാന്യവും നൽകിയിരുന്നതു്. രാഷ്ട്രീ
യസംഘടനകൾ ചെറുചെറു ഘടകങ്ങളുടെ അടിസ്ഥാന
ത്തിലായിരിക്കണമെന്നും, അത്തരം ചെറുഘടകങ്ങളിൽ
പ്പെട്ട എല്ലാ അംഗങ്ങൾക്കും പരസ്പരസമ്പർക്കം പുലത്താനും
സമൂഹകാര്യങ്ങളിൽ അട്ടത്തിടപഴകാനും കഴിയേണ്ടതാണെ
ന്നും അദ്ദേഹം നിർദ്ദേശിച്ചിരുന്നെങ്കിലും അതനുസരിച്ച് ആ
രും പ്രവത്തിക്കയുണ്ടായില്ല. സത്വരശ്രദ്ധയർഹിക്കുന്ന മ
ററു പ്രായോഗികപ്രശ്നങ്ങളുടെ ബഹളത്തിൽ ആ കാര്യം ആ
രും ശ്രദ്ധിക്കാതെപോയി.

ഈ ചെറുഘടകപദ്ധതിയുടെ പ്രാധാന്യം അടിച്ചേല്പി
ക്കാതെതന്നെ, ഇന്നത്തെ ജനാധിപത്യവ്യവസ്ഥയെ ബാ
ധിക്കുന്ന ഏററവും ഗൌരവമേറിയ ഒരു പ്രശ്നത്തിൻെറ സൂ
ചന അതിൽനിന്നു നമുക്കു ഗ്രഹിക്കാൻ കഴിയും. തങ്ങൾ
ക്ക് യാതൊരു നിയന്ത്രണവുമില്ലാത്ത ചില വൻകിടശക്തി
കളുടെ പിടിയിലകപ്പെട്ടിട്ടുള്ള വ്യക്തികളെക്കുറിച്ച് ഞാൻ

മുമ്പൊരിക്കൽ പ്രസ്താവിക്കയുണ്ടായി. പരസ്പരസമ്പക്കത്തിൻെറ അടിയന്തിരാവശ്യകതയാണ് ഇവിടെ ഊന്നിപ്പറയപ്പെടുന്നതു്; അത്തരം സമ്പക്കങ്ങളും പരസ്പരധാരണയുമുണ്ടെങ്കിൽ മാത്രമെ, "വ്യക്തിരഹിത"മായ വൻകിടശക്തികളെ നിയന്ത്രിക്കാനല്ലെങ്കിൽ ദുർബ്ബലമാക്കാനെങ്കിലും കഴിയുകയുള്ളു. പരസ്പരസമ്പക്കം പുലത്തുന്ന ഒരു സമുദായവും, ഒരു സമൂഹവും തമ്മിൽ അന്തരമുണ്ടു്. എലക്ട്രോൺ, ആററം, മോളിക്യൂൾ മുതലായവ പരസ്പരസമ്പക്കമുള്ളവയാണ്. പ്രകൃതിയിലൊരിടത്തും ഒന്നും ഒററപ്പെട്ടുകിടക്കുന്നില്ല. ഒരു സമൂഹത്തിൻെറ നിലനില്പിനുള്ള മുൻസ്ഥിതിയും വ്യവസ്ഥയുമാണ് പ്രകൃതിപരമായ സമ്പക്കങ്ങൾ; എന്നാൽ സമൂഹം സമ്പക്കത്തിൻെറ പ്രവത്തനം വദ്ധിപ്പിക്കുന്നു; വികാരങ്ങളും ആശയങ്ങളും പങ്കിട്ടെടുക്കപ്പെടുന്നു; കൂട്ടായ പ്രവത്തനങ്ങളും ആരംഭിക്കുന്നു. സമ്പക്കപ്രവത്തനങ്ങളുടെ പരിധി വളരെയധികം വികസിപ്പിച്ചിട്ടുള്ളതു് സാമ്പത്തികശക്തികളാണ്. എന്നാൽ അതോടൊപ്പം സാമൂഹ്യതാല്പയ്യങ്ങളിലും പ്രവത്തനങ്ങളിലും അധിഷ്ഠിതമായിരുന്ന സൌഹാദ്ദവും സാമീപ്യവും ഇല്ലാതായിട്ടുമുണ്ടു്. "കൂട്ടചേരുക" എന്ന അമേരിക്കൻ സ്വഭാവം പ്രശ്നത്തിൻെറ യാഥാത്ഥ്യത്തോടുള്ള ആദരവാണ് കാണിക്കുന്നതെങ്കിലും, പ്രശ്നപരിഹാരത്തെ സംബന്ധിച്ചു് വളരെയൊന്നും അതുകൊണ്ടു സാധിച്ചിട്ടില്ല. "ഗുണ്ട"കളെ സംഘടിപ്പിക്കുന്ന ഒരാൾ അവരുടെയിടയിൽ പ്രത്യക്ഷമായ ഐക്യബോധത്തിൻെറയും ദൃഢസൌഹാദ്ദത്തിൻെറയും കപടബോധം വളത്തിക്കൊണ്ടു മാത്രമാണ് അതു സാധിക്കുന്നതു്; ഏകാധിപത്യവാസനകളുള്ള സംഘങ്ങളാണെങ്കിൽ ഇതു വിശേഷിച്ചും വാസ്തവമാണ്; പൊതുവായുള്ള അസഹിഷ്ണുതയും വെറുപ്പും ഉദ്ദീപിപ്പിച്ചാൽ മതി അതു സാധിക്കാൻ.

കുറച്ചു കൊല്ലങ്ങൾക്കു മുമ്പെഴുതിയ വരികൾ ഞാൻ ഇ

വിടെ ഉദ്ധരിച്ചുകൊള്ളട്ടെ: "ജനാധിപത്യത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും തലയിൽ വിവേചനാരഹിതമായി ചുമത്തപ്പെട്ടിട്ടുള്ള ദൂഷ്യങ്ങൾ, തദ്ദേശീയസമുദായങ്ങളുടെ തകർച്ചയിലും ഇളകിമറിയലിലും യുക്തിയുക്തം വെച്ചുകെട്ടാവുന്നതാണ്. നിശ്ചയമായും ചുരുങ്ങിയ പരിധിക്കുള്ളിൽമാത്രം ഉണ്ടാവുന്ന സൌഹാർദ്ദസമ്പർക്കത്തിൽ നിന്നു മാത്രമെ കരുത്തും ജീവസ്സുമുള്ള പരസ്പരബന്ധങ്ങൾ വളരുകയുള്ളു. സാമൂഹ്യത കുറഞ്ഞുവരുന്ന സംഘടനകൾക്ക് അവയുടെ യഥാർത്ഥബന്ധം തിരിച്ചുകൊടുക്കാൻ കഴിയുമൊ? അതിന്റെ അംഗങ്ങൾക്ക് പ്രാദേശിക സാമൂഹ്യജീവിതത്തിന്റെ യഥാർത്ഥബോധം പകർന്നുകൊടുക്കാനും അതിന്റെ മാധുര്യം ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനും കഴിയുമൊ? ജനാധിപത്യത്തിന്റെ ആരംഭം വീട്ടിൽവെച്ചായിരിക്കണം; വീടാകട്ടെ, അയൽപക്കസമുദായവുമാണ്" *ദൂരവ്യത്യാസങ്ങൾ കുറയ്ക്കപ്പെട്ടതുകൊണ്ടും സഞ്ചാരവേഗത വർദ്ധിപ്പിച്ചതുകൊണ്ടും പരസ്പരസമ്പർക്കത്തിന്റെ രംഗം വിപുലമായിത്തീർന്നിട്ടുള്ളതിനാൽ, രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ സാമൂഹ്യബന്ധങ്ങൾ ചില പ്രദേശങ്ങളിൽമാത്രം ഒതുക്കിനിർത്തുക സാദ്ധ്യമല്ലെന്നകാര്യം വ്യക്തമാണല്ലൊ. എന്നാൽ നേരിട്ടു ബന്ധമില്ലാതെ വിശാലരംഗത്തുള്ള പ്രവർത്തനങ്ങളും, സാമൂഹ്യസമ്പർക്കത്തിന്റെ സങ്കുചിതരംഗത്തുള്ള പ്രവർത്തനങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തുന്ന പ്രശ്നം ജനാധിപത്യത്തെ സംബന്ധിച്ചേടത്തോളം ഒരടിയന്തിരപ്രശ്നമാണ്. ജഫേഴ്സൺ നിർദ്ദേശിച്ച തരത്തിൽ തദ്ദേശസ്വയംഭരണത്തിൽ പരിശീലനം നേടിയതുകൊണ്ടുമാത്രം ആയില്ല. അതും പ്രാധാന്യമർഹിക്കുന്നതുതന്നെയെങ്കിലും അതിൽക്കവിഞ്ഞ ചിലതും ആവശ്യമായിത്തീർന്നിരിക്കുന്നു. സമ്പർക്കത്തിന്നും സഹകരണത്തിന്നും ആവശ്യമായ പ്രാദേശികസംഘടനകൾ

* The Public and its Problems, pp. 212-13.

ഉണ്ടാക്കേണ്ടിയിരിക്കുന്നു; ഇന്നത്തെ സംസ്കാരത്തിലടങ്ങിയിട്ടുള്ള കേന്ദ്രാകർഷണശക്തികൾക്കെതിരായി പ്രാദേശികബന്ധങ്ങളും കൂറും തൻമൂലം ഉണ്ടാക്കാൻ കഴിയും. അതേസമയത്ത് വിശാലവും, അവ്യക്തവും, അദൃശ്യവുമായ ജനതയുടെ ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കും വേണ്ടിവരുമ്പോൾ ശ്രദ്ധ നൽകാൻ കഴിയുകയും വേണം. ഒരു കണക്കിൽ, പ്രകൃത്യാ ഉള്ള സാമീപ്യത്തിൻെറ അടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകൾക്കു പകരം പ്രവൃത്തിയുടെ അടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകൾ ഉണ്ടാകേണ്ടിവരും. കുടുംബത്തിൽ രണ്ടു ഘടകങ്ങളും യോജിക്കയും ചെയ്യും.

ജഫേഴ്സണെയും ജനാധിപത്യത്തെയും സംബന്ധിച്ച് ഞാൻ പ്രസ്താവിക്കാനുദ്ദേശിക്കുന്ന മൂന്നാമത്തെ കാര്യം സ്വത്തുടമയെപ്പററിയുള്ള അദ്ദേഹത്തിൻെറ അഭിപ്രായങ്ങളോടു ബന്ധപ്പെട്ടതാണ്. ചുരുക്കം ചിലരിൽ സമ്പത്ത് കേന്ദ്രീകരിക്കുന്നതിനെക്കുറിച്ചുള്ള ഭയത്തിലും, ഒരുവിധം ന്യായമായ വിധത്തിൽ സ്വത്തുക്കൾ വിതരണം ചെയ്യേണ്ടതാണെന്ന ആഗ്രഹത്തിലും കവിഞ്ഞു "പുരോഗമന"പരമായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ എന്നു പറയുകവയ്യ. "സുഖംതേടുന്നതിന്നുള്ള" മനുഷ്യൻെറ അവകാശങ്ങളെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ളതു് സാമ്പത്തികപ്രവർത്തനത്തെ ഉദ്ദേശിച്ചാണെന്നും, അതുകൊണ്ടു ജീവിക്കാനും, സ്വതന്ത്രമായിരിക്കാനും, സ്വത്ത് കൈവശം വെക്കാനുമുള്ള അവകാശങ്ങളാണ്, അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, ഒരു സംഘടിതസമുദായം കാത്തുരക്ഷിക്കേണ്ടിയിരിക്കുന്ന അവകാശങ്ങളെന്നും, ചിലർ അവകാശപ്പെട്ടുവരുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിലാണ് അദ്ദേഹം ലോക്കിൽനിന്നും തികച്ചും ഭിന്നമായ ഒരഭിപ്രായം സ്വീകരിച്ചിരുന്നതു്. സ്വത്തുടമയെ സംബന്ധിച്ച് അദ്ദേഹം തൻെറ അഭിപ്രായം വളരെയധികം വ്യക്തമാക്കിയിട്ടുണ്ട്: ഒരു തലമുറ

ക്കു് അതിന്റെ സ്വത്തവകാശം പിന്തുടച്ച്ചാവകാശികൾക്കു് ഏല്പിച്ചുകൊടുക്കാൻ അധികാരമില്ല. ഗവർമ്മേണ്ടു് ധാർമ്മികമായി കാത്തുരക്ഷിക്കാൻ ബാധ്യസ്ഥപ്പെട്ട ഒരു ധാർമ്മികാവകാശമല്ല, സ്വത്തുടമാവകാശമെന്നും, അതൊരുതരം "സാമൂഹ്യക്കരാർ" മാത്രമാണെന്നും ആണു് ജഫേഴ്സൺ അഭിപ്രായപ്പെട്ടിരുന്നതു്.

സുഖം തേടുന്നതിനുള്ള അവകാശം, ജഫേഴ്സന്റെ കണ്ണിൽ, ഓരോ മനുഷ്യജീവിക്കും സ്വന്തം അഭിപ്രായത്തിനും അഭിരുചിക്കുമനുസരിച്ചു് നല്ലതെന്നു തോന്നുന്ന ജീവിതഗതിയും ഉപജീവനമാർഗ്ഗവും തിരഞ്ഞെടുക്കാനുള്ള അവകാശമായിരുന്നു; ഈ സ്വാതന്ത്ര്യത്തിന്മേൽ മററു മനുഷ്യജീവികൾക്കാർക്കുംതന്നെ കൈവെക്കുവാനൊ, അതു നിയന്ത്രിക്കാനൊ അധികാരമുണ്ടായിരിക്കരുതു്. ഇതിൽ ഗവർമ്മേണ്ടു മേധാവികളെയായിരുന്നു ജഫേഴ്സൺ ഏററവും ഭയപ്പെട്ടിരുന്നതു്; മുതൽമുടക്കും, പ്രയോജനകരമായ ജോലി നല്കാനുള്ള അവസരങ്ങളും നിയന്ത്രിക്കാൻ കഴിയുന്ന വ്യക്തികളും മററു വ്യക്തികളുടെ സുഖംതേടുന്നതിനുള്ള അവകാശസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നുണ്ടെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. തുല്യാവകാശങ്ങളെക്കുറിച്ചുള്ള ജഫേഴ്സന്റെ തത്വം, വ്യക്തിപരമായ അവകാശങ്ങളും സ്വത്തുടമാവകാശങ്ങളും തമ്മിൽ സംഘട്ടനമുണ്ടാവുമ്പോൾ വ്യക്തിയുടെ അവകാശങ്ങൾക്കു് മേധാവിത്വം നൽകുന്നതിനെ ന്യായീകരിക്കുന്നുണ്ടു്. ഒരു പ്രത്യേക കാലഘട്ടത്തിലെ സാമ്പത്തികബന്ധങ്ങളെക്കുറിച്ചുള്ള ആലോചനാരഹിതമായ വിമർശനങ്ങൾക്കെതിരായി അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ശരിയായവിധത്തിൽ ഉദ്ധരിക്കപ്പെടുന്നുണ്ടെങ്കിലും, സ്വതന്ത്രമായ തീരുമാനങ്ങളും സ്വതന്ത്രമായ പ്രവത്തനങ്ങളും സ്വീകരിക്കാനുള്ള തുല്യാവകാശങ്ങൾ സംസ്ഥാപിതമാകാനാവശ്യമായ സാമ്പത്തികസമത്വം കൈവരുത്തുവാൻ

വേണ്ടി രാഷ്ട്രീയപ്രവൎത്തനങ്ങളിലേൎപ്പെട്ടുന്നതിനെ ജഫേഴ്സൻെറ ജനാധിപത്യതത്വങ്ങൾ തടയുന്നുണ്ടെന്ന വാദം വാസ്തവവൈകൃതം മാത്രമാണു്.

അമേരിക്കൻ ജനാധിപത്യപാരമ്പൎയ്യത്തിൻെറ നിദാനം ധാൎമ്മികമാണെന്നും, സാങ്കേതികമൊ, കേവലമൊ, സങ്കുചിതരാഷ്ട്രീയമൊ, ഭൌതികപ്രയോജനതത്വമൊ അല്ലെന്നും തെളിയിക്കുവാൻ വേണ്ടിയാണു് ജഫേഴ്സൻെറ ചില പ്രത്യേകാഭിപ്രായങ്ങൾ ഞാൻ പ്രത്യേകം എടുത്തുപറഞ്ഞതു്. വ്യക്തികൾ തമ്മിലുള്ള പരസ്പരബഹുമാനവും, ബലപ്രയോഗത്തിന്നു പകരം സഹകരണത്തിൽനിന്നുടലെടുത്ത സാമൂഹ്യദൃഢതയും ചേൎന്ന വ്യക്തിസ്വാതന്ത്ര്യം കൈവരുത്തുവാനുള്ള മനുഷ്യപ്രകൃതിയുടെ കഴിവിൽ വിശ്വാസമുള്ളതുകൊണ്ടും അതിൻെറ അടിസ്ഥാനത്തിലുള്ളതായതുകൊണ്ടുമാണു് അതു ധാൎമ്മികമാന്നെന്നു് പറയുന്നതു്. പാരമ്പൎയ്യം ധാൎമ്മികമായതുകൊണ്ടു്, അതിന്നെതിരായുള്ള വിമൎശനങ്ങളും ആക്രമണങ്ങളും, എങ്ങിനെയുള്ളതായാലും എവിടെനിന്നു പുറപ്പെട്ടുന്നതായാലും, ഉള്ളിൽനിന്നൊ പുറത്തുനിന്നൊ ഉള്ളതായാലും, ധാൎമ്മികപ്രശ്നങ്ങളടങ്ങിയതായിരിക്കും; ധാൎമ്മികമായ അടിസ്ഥാനത്തിൽ മാത്രമെ അതു നേരിടാനും കഴിയുകയുള്ളു. നമ്മുടെയിടയിൽ ജനാധിപത്യാദൎശത്തിന്നു് "ഗ്രഹണം" ബാധിച്ചിട്ടുണ്ടെങ്കിൽ അതിൻെറ ഉത്ഭവകാരണവും ഫലവും ധാൎമ്മികമായിരിക്കും. പഴയ വ്യവസ്ഥയിൽനിന്നു് പുതിയൊരു വ്യവസ്ഥയിലേക്കുള്ള ചംക്രമണത്തിൽ എപ്പോഴും ഉണ്ടായിരിക്കുന്ന ആശയക്കുഴപ്പത്തിൻെറ പ്രകടനവും സൃഷ്ടിയുമാണു് ഈ "ഗ്രഹണം." തികച്ചും പുത്തനായ ഒരു സാമ്പത്തികവ്യവസ്ഥിതിയുടെ പിടിയിൽ എല്ലാവരും പെട്ടുപോയതിന്നുശേഷമെ പുതിയ വ്യവസ്ഥയുടെ ആഗമനം ആരും അറിഞ്ഞുള്ളു; ആരും അതിന്നു തെയ്യാറെടുത്തിരുന്നില്ല; തൻമൂലം അതിന്നുമുമ്പുണ്ടായിരുന്ന

വ്യക്തിബന്ധങ്ങൾ മുഴവൻ പെട്ടെന്നു് തകൎക്കപ്പെടുകയും താറുമാറാക്കപ്പെടുകയും ചെയ്തു.

ജനാധിപത്യവ്യവസ്ഥയുടെ പുതുമയൊ, അതുമൂലം പഴയ വ്യവസ്ഥയിലും പാരമ്പര്യത്തിലും ഉണ്ടാകേണ്ടിയിരിക്കുന്ന മാററത്തിൻെറ വ്യാപ്തിയൊ ചുരുക്കിക്കാണിക്കാൻ ശ്രമിച്ചതുകൊണ്ടു് ഒന്നും നേടാനില്ല. ജനാധിപത്യം സാദ്ധ്യമായിത്തീരണമെങ്കിൽ ആവശ്യമായ ധാൎമ്മികമൂല്യങ്ങളെക്കുറിച്ചു് പൊതുവിലുള്ളതും അംഗീകൃതവുമായ ഒരു പദാവലിപോലും നമുക്കിതേവരെയായി ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു കാലത്തു് ക്രൈസ്തവസമുദായത്തിലെ അഭ്യസ്തവിദ്യരുടെയിടയിൽ "പ്രകൃതിനിയമ"ത്തിൻെറ ഭാഷ സൎവ്വത്ര പ്രചാരമുള്ളതായിരുന്നു. പിന്നീടു് അതിന്നു ശക്തി നല്കിയ പരിതഃസ്ഥിതികൾ അപ്രത്യക്ഷമായി. അപ്പോൾ പ്രകൃതിദത്തമായ അവകാശങ്ങൾ ആശ്രയിക്കുവാൻ ഒരു പരിശ്രമമുണ്ടായി; അവ വ്യക്തിയിലാണു് കേന്ദ്രീകരിച്ചുനില്ക്കുന്നതെന്നു ചിലർ ധരിച്ചുവെച്ചിരുന്നു. ഇന്നാകട്ടെ വ്യക്തിയെ ആശ്രയിക്കാൻ വയ്യാതെ വന്നിരിക്കുന്നു; കാരണം, വ്യക്തിയെവിടെയാണെന്നു കണ്ടെത്താൻ വിഷമമായതുകൊണ്ടുതന്നെ. വ്യക്തിസ്വാതന്ത്ര്യം നിലനിൎത്തണമെങ്കിൽ, വ്യത്യസ്തവും സങ്കീൎണ്ണവുമായ ഒട്ടനവധി ഘടകങ്ങൾ ചേൎന്നു് ഒരേ ഒരു ലക്ഷ്യത്തെ ലാക്കാക്കി പ്രവൎത്തിക്കുകയാണെങ്കിൽ മാത്രമെ അതു സാദ്ധ്യമാവുകയുള്ളു എന്നു നമുക്കറിയാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, സ്വമേധയാ ഉണ്ടാവുന്ന ഉദ്ദേശങ്ങളുടെയും ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ അവയെങ്ങിനെ ഏകീകരിക്കാൻ കഴിയുമെന്നു് നമുക്കറിഞ്ഞുകൂടാ.

സ്വകാൎയ്യലാഭത്തിന്നുവേണ്ടിയുള്ള വ്യാപാരവും വ്യക്തിവാദവും തമ്മിലുണ്ടെന്നു പറയപ്പെട്ടിരുന്ന സൌഹാൎദ്ദബന്ധം വ്യക്തിവാദത്തെത്തന്നെ വളച്ചൊടിച്ചു കാണിക്കാൻ സഹായിച്ചിട്ടുണ്ടു്. മാത്രമല്ല, പഴയ മതവിശ്വാസി

കളിൽപോലും, വ്യക്തിയുടെ പരിശുദ്ധിയെക്കുറിച്ചുള്ള ആശയങ്ങളും വികാരങ്ങളും ബലഹീനമായിക്കാണപ്പെട്ടുതുടങ്ങിയതു് ജനാധിപത്യവ്യക്തിവാദത്തെ ധാർമ്മികമായി ഇളക്കിമറിച്ചു. ആത്മീയമെന്നു കരുതപ്പെട്ടിരുന്നതിനോടു ബന്ധപ്പെട്ട പ്രേരണാശക്തികൾക്കു ബലക്ഷയം സംഭവിച്ചിരിക്കുന്നു; "ആദർശം" എന്ന പദംതന്നെ അല്പം വൈമനസ്യത്തോടെയാണു് നാം ഉപയോഗിക്കുന്നതു്; "ധാർമ്മിക" പദത്തിനാകട്ടെ, വ്യക്തികൾ തമ്മിലുള്ള സഹാനുഭാവത്തെക്കാൾ ശക്തിയില്ലാതായിപ്പോയിട്ടുണ്ടു്. താഴെപ്പറയുന്ന തരത്തിലുള്ള ഒരു "യുക്തിവാദം" ജഫേഴ്സനെപ്പോലുള്ള ഒരാൾക്കു് അർത്ഥവത്തായിത്തോന്നിയിരുന്നു എന്നു പറഞ്ഞാൽ ഇന്നു് അവിശ്വസനീയമായിത്തോന്നും. "സാമൂഹ്യസമ്പർക്കത്തിന്നുവേണ്ടിയാണു് മനുഷ്യനെ സൃഷ്ടിച്ചതു്; എന്നാൽ നീതിബോധമില്ലാതെ സാമൂഹ്യസമ്പർക്കം നിലനിർത്തുക സാദ്ധ്യമല്ല. അതുകൊണ്ടു് നീതിബോധത്തോടുകൂടിത്തന്നെയായിരിക്കണം മനുഷ്യനെ സൃഷ്ടിച്ചതു്."

നമുക്കു ജനാധിപത്യത്തിൽ സ്ഥായിയായ വിശ്വാസമുണ്ടായിരിക്കാമെങ്കിലും, ജഫേഴ്സൺ അദ്ദേഹത്തിന്റെ വിശ്വാസം രേഖപ്പെടുത്തിയതുപോലെ നാം പറയുവാനിടയില്ല: "ഒരു യജമാനനെക്കൂടാതെ മനുഷ്യർക്കു് തങ്ങളെ തന്നെ ഭരിക്കാൻ കഴിയുമെന്നു തെളിയിക്കുകയായിരിക്കും നമ്മുടെ പരീക്ഷണത്തിന്റെ ഫലം എന്നതിനെക്കുറിച്ചെനിക്കു ലവലേശം സംശയമില്ല. ഇതിന്നെതിരായിട്ടാണു് തെളിയിക്കപ്പെടുന്നതെങ്കിൽ ദൈവമില്ലെന്നു ഞാൻ തീർച്ചയാക്കും; അല്ലെങ്കിൽ, ദൈവം കലുഷഹൃദയനാണെന്നു്." ഒരു ജനകീയ ഗവൺമെണ്ടിന്റെ ന്യായമായ ഒരേ ഒരു ലക്ഷ്യം അതിന്റെ വരുതിയിൽപെടുന്ന ബഹുജനങ്ങൾക്കു് സാദ്ധ്യമാമാവുന്നേടത്തോളം ഏററവും വലിയ സുഖം നേടിക്കൊടുക്കുകയാണെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. പ്രകൃതിയോ

ദൈവമോ ആളുകൾക്കു ഗുണം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയാണു് മനുഷ്യസൃഷ്ടി ചെയ്തതെന്നും, അങ്ങിനെ സൃഷ്ടിക്കപ്പെട്ട മനുഷ്യജീവികൾ പ്രകൃതിനിയമം നല്ലതുപോലെ പഠിച്ചു്, ആ അറിവിന്റെ അടിസ്ഥാനത്തിൽ താന്താങ്ങളുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടു് അതിൽനിന്നു സുഖം നേടിക്കൊള്ളേണ്ടതാണെന്നുമുള്ള അദ്ദേഹത്തിന്റെ വിശ്വാസവുമായി ബന്ധപ്പെട്ടതായിരുന്നു മേൽപറഞ്ഞ വിശ്വാസവും. അധികമാളുകളെ സംബന്ധിച്ചും ഭാഷ ഉപയോഗശൂന്യമായിത്തീരുന്നതുകൊണ്ടു് എല്ലാ ജനാധിപത്യവിശ്വാസികളും രാഷ്ട്രീയസ്ഥാപനങ്ങളുടെ ധാർമ്മികാടിസ്ഥാനത്തിന്റെ കാര്യം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു; അതുപോലെതന്നെ പരസ്പര സാഹോദര്യത്തിലേക്കു നയിക്കാനുതകുന്ന വ്യക്തിസ്വാതന്ത്ര്യം നേടുവാൻ ആളുകൾ ധാർമ്മികതത്വങ്ങൾ സ്വീകരിക്കയും വേണ്ടിയിരിക്കുന്നു. പ്രകൃതിയിലും അതിന്റെ നിയമത്തിലും അവകാശങ്ങളിലും മനുഷ്യക്ഷേമത്തെ സംബന്ധിച്ചുള്ള അതിന്റെ ഉദ്ദേശശുദ്ധിയിലുമുള്ള നമ്മുടെ വിശ്വാസം നാൾക്കുനാൾ കുറഞ്ഞുവരുന്തോറും, ബുദ്ധിപരമായ വിശ്വാസമാർജ്ജിക്കുന്നതും ഇന്നത്തെ സാമ്പത്തികസ്ഥിതിഗതികൾക്കനുസൃതമായതും ആയ ആശയങ്ങളിലടിയുറച്ച ഒരു പുതിയ വിശ്വാസത്തിന്റെ ആവശ്യകതയും കൂടിക്കൂടിവരികയാണു്; ഒരു കാലത്തു മതങ്ങൾക്കുണ്ടായിരുന്ന വിശ്വാസതീക്ഷ്ണതയോടെ ആളുകളെ ആവേശം കൊള്ളിക്കാനും പുതിയ ലക്ഷ്യത്തിലേക്കു നയിക്കാനും കഴിവുള്ളതായിരിക്കണം പുതിയ വിശ്വാസം.

പ്രകൃതിയുടെ ഭൌതികശക്തികളിന്മേൽ മനുഷ്യനുള്ള അധികാരശക്തി വളരെയധികം വർദ്ധിച്ചിട്ടുണ്ടു്. ധാർമ്മികാദർശത്തിൽ, മനുഷ്യന്നു് മനുഷ്യന്റെമേലുള്ള അധികാരത്തെ മനുഷ്യന്നു് പ്രകൃതിയുടെമേലുള്ള അധികാരമുപയോഗിച്ചു് കുറയ്ക്കുവാനും ക്രമേണ ഇല്ലാതാക്കുവാനും ശ്രമിക്ക

ണം. എന്നാൽ മനുഷ്യനെ മനുഷ്യൻ കീഴടക്കിവെക്കാനു പയോഗിക്കുന്ന ശക്തിയേറിയതും ഫലപ്രദമായതുമായ പുതിയ സൂത്രവിദ്യകൾ ഉണ്ടായിത്തീരുന്നതു് നാം എങ്ങിനെ തടയും? രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധവും സമാധാനവും, വരാനിരിക്കുന്ന കാലത്തെ സാമ്പത്തികബന്ധങ്ങൾ എന്നിവയ്ക്കു് മനുഷ്യസ്വാതന്ത്ര്യത്തെയും മനുഷ്യന്റെ അടിമത്തത്തെയും എങ്ങിനെ ബാധിക്കാൻ കഴിയുമെന്നതിനെ ആശ്രയിച്ചിരിക്കും ഈ പ്രശ്നം. ഒരു നൂററാണ്ടുമുമ്പു് സ്വപ്നം കാണാൻപോലും വിഷമമായിരുന്ന തോതിലുള്ള ശക്തിവർദ്ധനവു്, ശാസ്ത്രീയാന്വേഷണം തുടരുവാൻ കഴിയുന്നേടത്തോളം യാതൊരു പരിധിയുമില്ലാതെ വളരുവാൻ കഴിയുന്ന ശക്തിവർദ്ധനവു്, ഇന്നൊരു സ്ഥാപിതവസ്തുതയായിത്തീൎന്നിട്ടുണ്ടു്. അനിശ്ചിതമായിട്ടുള്ള ഒരേ ഒരു കാൎയ്യം അതേക്കുറിച്ചു് നാം എന്താണു് ചെയ്യാൻപോകുന്നതെന്നാണു്. ശക്തി എന്നു പറഞ്ഞതിൽനിന്നും അതു് എലക്ട്രിക്കൽ, തെർമിക്കു്, കെമിക്കൽ തുടങ്ങിയ ഏതുവിധത്തിലുള്ള ശക്തിയുമാവാം എന്നു വ്യക്തമാണല്ലൊ. അതിനെസംബന്ധിച്ചു് എന്തു ചെയ്യാൻ കഴിയും എന്നതു ഒരു ധാൎമ്മികപ്രശ്നമാണു്.

ഭൌതികമായ പരസ്പരാശ്രയത്വം, മുൻകൂട്ടിക്കാണാൻ കഴിയുന്ന എല്ലാററിനുമതീതമായി വളൎന്നിരിക്കുന്നു. വ്യവസായത്തിലെ തൊഴിൽവിഭജനം മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നു; സംതൃപ്തിയോടെ അതിനെ എല്ലാവരും ഉററുനോക്കിയിരുന്നു. എന്നാൽ ഇക്കാലത്തു് താരതമ്യേന യാതൊരു പ്രാധാന്യവുമില്ലാത്ത ഒരു വാക്കായിത്തീൎന്നിരിക്കുന്നു അതു്. ഭൂഗോളത്തിന്റെ അങ്ങേപ്പുറത്തു നടക്കുന്ന സംഭവങ്ങൾ ഇന്നു് ഇവിടെയുള്ള വ്യക്തികളുടെ ജീവിതത്തെയും ഭദ്രതയെയും ഉപജീവനമാൎഗ്ഗത്തെയും ഐശ്വര്യത്തെയുമെല്ലാം വളരെയധികം ബാധിക്കുന്നുണ്ടു്. എന്നാൽ ഈ സംഭവങ്ങളുടെ പിറകിലുള്ള ശക്തികളെ ഇവിടെയുള്ള ഒരു

വ്യക്തിക്കു് സ്പർശിക്കാനൊ സ്വാധീനിക്കാനൊ സാദ്ധ്യമല്ല —ഒരു പക്ഷെ രാഷ്ട്രാന്തരീയമായ ഒരു യുദ്ധത്തിലേപ്പെട്ടാൽ അങ്ങിനെ കഴിഞ്ഞെന്നുവരാം. പുതിയ പരിത:സ്ഥിതികൾ സൃഷ്ടിച്ചിട്ടുള്ള പ്രശ്നങ്ങൾ നേരിടുന്ന കാര്യത്തിൽ രാഷ്ട്രങ്ങൾ സ്വന്തം വലയത്തിലേക്കു വലിഞ്ഞൊതുങ്ങി നില്ക്കുന്നതും, കൂടുതൽ കൂടുതൽ ദേശീയപരമാധികാരത്തിൻെറ സ്വാതന്ത്ര്യത്തിലുറച്ചുനില്ക്കുന്നതുമായ ഒരു ലോകത്തിലാണു് നാം ജീവിക്കുന്നതെന്നു തോന്നുന്നു. അതേസമയത്തു്, സ്വയംഭരണത്തിലേക്കുള്ള അവരുടെ ഓരോ കാൽവെപ്പും മററു രാഷ്ട്രങ്ങളുമായി കൂടുതൽ അടുക്കുവാനുമിടയാക്കുന്നു—പക്ഷെ സംഘട്ടനത്തിലാണെന്നുമാത്രം.

ഇന്നത്തെ പരിത:സ്ഥിതിയിലുള്ള യുദ്ധം ഏററവും വലിയ ജനാധിപത്യരാഷ്ട്രങ്ങളെന്നു പറയപ്പെടുന്ന രാഷ്ട്രങ്ങളെപ്പോലും സർവ്വാധിപത്യരാഷ്ട്രങ്ങളും ഏകാധിപത്യരാഷ്ട്രങ്ങളുമാക്കിത്തീക്കാൻ പര്യാപ്തമാണു്. 1914–18ലെ ലോകമഹായുദ്ധത്തിൻെറ ഫലമായി, ഒരു ജനാധിപത്യഭരണമില്ലാതിരുന്ന ഇററലിയിലും ജർമ്മനിയിലും ഫാഷിസ്റ്റ്ഭരണം സ്ഥാപിതമായി; അതുപോലെതന്നെ ഒരു ജനാധിപത്യഭരണമില്ലാതിരുന്ന റഷ്യയിൽ ബോൾഷെവിസ്റ്റ് സർവ്വാധിപത്യവും സ്ഥാപിതമായി; അതിൻെറയെല്ലാം രാഷ്ട്രീയവും സാമ്പത്തികവും, ധിഷണാപരവുമായ പ്രത്യാഘാതങ്ങൾ ഇന്നാട്ടിലുമുണ്ടായിരുന്നു. ഭൌതികമായ പരസ്പരാശ്രയത്വത്തെ ധാർമ്മികവും മാനുഷികവുമായ പരസ്പരാശ്രയത്വമാക്കിത്തീക്കേണ്ടതിൻെറ ആവശ്യകത ജനാധിപത്യപ്രശ്നത്തിൻെറ ഒരു ഭാഗമാണു്. എന്നിട്ടും, ജനാധിപത്യരാഷ്ട്രങ്ങളുടെ മോക്ഷമാർഗ്ഗം യുദ്ധമാണെന്നു് ഇന്നും പറയപ്പെട്ടുന്നുണ്ടു്!

സ്വാതന്ത്ര്യത്തിന്നത്യന്താപേക്ഷിതമായിട്ടുള്ള ഭദ്രതയും സുരക്ഷിതത്വവും വ്യക്തികൾക്കു് ലഭിക്കുന്നതു് മററുള്ളവരു

മായി ചേൎന്നുള്ള സമ്പൎക്കത്തിലാണു്. ഈ സമ്പൎക്കങ്ങൾ സംഘടനകളായി മാറുമ്പോൾ സംഘടനാപരമായ കാൎയ്യക്ഷമത സുഭദ്രമാക്കാൻവേണ്ടി അതിൽ അംഗങ്ങളായിച്ചേൎന്നിട്ടുള്ളവരുടെ സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുന്നു. കഴിഞ്ഞ നൂറു കൊല്ലത്തിനുള്ളിൽ സംഘടനയുടെ പ്രാധാന്യം വളരെയധികം വൎദ്ധിച്ചിട്ടുണ്ടു്; ഇന്നു് സമാജം, സംഘം, സമ്പൎക്കം എന്നിവയുടെയെല്ലാം പൎയ്യായംതന്നെയായിത്തീൎന്നിട്ടുണ്ടു് സംഘടനാപദം. സമ്പൎക്കങ്ങൾ ഫലപ്രദമാക്കിത്തീൎക്കാനുള്ള ഉപായമായിട്ടാണു് സംഘടനയുണ്ടായതു്; അപ്പോൾ അതു രണ്ടും ഒന്നാണെന്നു വന്നിട്ടുണ്ടെങ്കിൽ, ഭൃത്യൻ യജമാനനായിത്തീൎന്നതിൻെറ ഒരു നല്ല ഉദാഹരണമാണതു്; അതായതു് ലക്ഷ്യത്തിൻെറ സ്ഥാനം, അതു നേടുവാൻവേണ്ടിയുണ്ടാക്കിയ മാൎഗ്ഗം അപഹരിച്ചു കളഞ്ഞിരിക്കുന്നു. കുഴപ്പമെന്താണെന്നുവെച്ചാൽ വ്യക്തിത്വത്തിന്നു വളരാനും നിലനില്ക്കാനും സമ്പൎക്കം ആവശ്യമായിത്തീരുന്നു; സമ്പൎക്കത്തിന്നു ക്രമീകരണവും വിവിധാംശങ്ങൾ തമ്മിൽ സമഗ്രമായ ബന്ധവും വേണം—അതായതു് സംഘടനവേണം; സംഘടനയില്ലാത്ത സമ്പൎക്കം രൂപവും ശക്തിയുമില്ലാത്തതാണു്. എന്നാൽ ഇന്നു് കാണപ്പെടുന്ന സംഘടനകൾ ചിപ്പിയെപ്പോലെയാണു്—അകത്തു് മൃദുലവ്യക്തികളും പുറത്തു് പരുക്കൻ 'ചിരട്ട'യും. വ്യക്തികൾ സ്വമേധയാ സമ്പൎക്കങ്ങളുണ്ടാക്കുന്നു; എന്നാൽ അവ വെറും സംഘടനകൾ മാത്രമായി രൂപാന്തരപ്പെടുന്നു. അപ്പോൾ അവൎക്കിഷ്ടമായാലും ശരി അല്ലെങ്കിലും ശരി, അവരുടെ പ്രവൎത്തനങ്ങൾ ചുററുപാടുമുള്ള പരിതഃസ്ഥിതികളുടെ നിയന്ത്രണത്തിൽപ്പെട്ടുപോകുന്നു.

ഗവൺമെൻറടിച്ചേല്പിക്കുന്ന പട്ടാളച്ചിട്ടയുടെ അപകടങ്ങളെക്കുറിച്ചു് ശരിയായ ബോധമുള്ള ആളുകൾപോലും, വ്യക്തികളുടെ ഏക ഉപജീവനമാൎഗ്ഗമായ സാമ്പത്തികവ്യവസ്ഥ ലക്ഷക്കണക്കിലുള്ളവരുടെ സ്വഭാവത്തിലും പെരു

മാററത്തിലും എത്ര വലിയ പട്ടാളച്ചിട്ടയാണ് അടിച്ചേല്പി ക്കുന്നതെന്നു കാണുന്നേയില്ല. ഇതിലടങ്ങിയിരിക്കുന്ന വൈ രുദ്ധ്യം ഗ്രഹിക്കാൻ പ്രയാസമില്ല; കാരണം, ഇത്തരം സംഘടനകൾ അധികവും ആരംഭിച്ചിട്ടുള്ളതുതന്നെ സ്വാത ന്ത്ര്യത്തിന്റെ പേരിലാണ്; ആദ്യകാലങ്ങളിലെങ്കിലും ആ ളുകളുടെ സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ചുമായിരുന്നു. പുതു തായുണ്ടായിട്ടുള്ള കൂട്ടപ്രവൎത്തനം ഒരു യന്ത്രത്തിന്റെ വിവി ധഭാഗങ്ങൾ തമ്മിലുള്ള കൂട്ടപ്രവൎത്തനത്തെയാണ്, അല്ലാ തെ സ്വാതന്ത്ര്യം പ്രകടിപ്പിക്കയും സ്വാതന്ത്ര്യത്തിലേക്കു സം ഭാവന നൽകുകയും ചെയ്യുന്ന പരസ്പര സഹകരണത്തെയല്ല പ്രതിനിധാനം ചെയ്യുന്നതു്. പരിണാമവിധേയമായ പ്ര വണതകളെ പ്രോത്സാഹിപ്പിക്കയും വിശ്വസനീയമായ കെ ട്ടുറപ്പുമുള്ള ഘടകങ്ങൾ തമ്മിലുള്ള സമ്പൎക്കം വളൎത്തിവരിക യും ചെയ്യുകയെന്ന പ്രശ്നം ജനാധിപത്യത്തെ സംബന്ധിച്ചേ ടത്തോളം ഒരു ചെറിയ പ്രശ്നമല്ല.

മനുഷ്യപ്രകൃതിയും ഭൌതികപ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്നത്തെക്കുറിച്ചും അവസാനമായി അല്പം പറഞ്ഞുകൊള്ളട്ടെ: സമുന്നതമായ എല്ലാ ധാൎമ്മികഗുണ ങ്ങളും ഏററവും മഹത്തായ മനുഷ്യാദൎശങ്ങളും പ്രകൃതി യിൽ, അതിന്റെ പ്രാപഞ്ചികവിശാലതയിൽ, നിക്ഷേപി ച്ചുകൊണ്ടാണ് പഴമക്കാർ അവരുടെ താത്വികസിദ്ധാന്തങ്ങ ളിൽ ഈ പ്രശ്നം പരിഹരിച്ചിരുന്നതു്. പള്ളിയുടെ തത്വ സംഹിതകളും ആചാരക്രമങ്ങളും ഈ കേവലസിദ്ധാന്തത്തി ന് പാശ്ചാത്യരാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതത്തിൽ സ്ഥാനവും വിലയും നൽകി. കാരണം, ഈ പ്രപഞ്ചംത ന്നെ സൃഷ്ടിക്കുകയും നിലനിൎത്തുകയും ചെയ്യുന്ന ശക്തിയുടെ സഹായം വ്യക്തികൾക്കു് ഇഹലോകത്തിലും പരലോക ത്തിലും ലഭിക്കുമാറാക്കുന്ന ഉപായങ്ങളും ഉപാധികളും പ ള്ളി നൽകിയിരുന്നു. ഭൌതികശാസ്ത്രത്തിന്റെ വളൎച്ചയോ

ടൊപ്പം ഈ പഴയ സിദ്ധാന്തത്തിൻെറ ധിഷണാപരമായ അടിസ്ഥാനംതന്നെ ചോദ്യംചെയ്തുതുടങ്ങിയ സന്ദേഹികളും വൎദ്ധിച്ചുവന്നു. ശാസ്ത്രവും മതവും തമ്മിലുള്ള സംഘട്ടനത്തിൻെറ പേരിൽ ഉണ്ടായിട്ടുള്ള ഇളകിമറിച്ചിലുകൾ തെളിയിക്കുന്നതു് നമ്മുടെ സംസ്കാരത്തിൻെറ അടിത്തറയിൽതന്നെയുള്ള പിളൎപ്പാണു്; അറിവിൻെറ രൂപത്തിലുള്ള ആശയങ്ങളും, വൈകാരികവും ഭാവനാപരവും നേരിട്ടു സ്വഭാവനിയന്ത്രണം നടത്തുന്നതുമായ ആശയങ്ങളും തമ്മിലുള്ളതാണു് ഈ ഭിന്നിപ്പു്.

ധിഷണാപരമായ ഇളകിമറിച്ചിലുകളിൽനിന്നകന്നു നിന്നിട്ടുള്ളവർ ധാർമ്മികമായ കുഴപ്പങ്ങൾ വൎദ്ധിപ്പിക്കുന്നതിന്നു കാരണക്കാരാക്കിയിട്ടുണ്ടു്. പുതിയ ഭൌതികശാസ്ത്രത്തിൻെറ പ്രായോഗികഫലമായി ഇതെല്ലാവക്കും മനസ്സിലായിത്തുടങ്ങീട്ടുണ്ടു്. കാരണം, ഇന്നത്തെ സാമ്പത്തിക ഉല്പാദന–വിതരണവ്യവസ്ഥയുടെ പ്രത്യേക സ്വഭാവങ്ങളെല്ലാം തന്നെ പുതിയ ഭൌതികശാസ്ത്രത്തിൻെറ സൃഷ്ടിയാണു്; അതേസമയത്തു് ശാസ്ത്രത്തിൻെറ വ്യക്തമായ മാനുഷികഫലങ്ങളെല്ലാംതന്നെ ഇന്നും ശാസ്ത്രത്തിൻെറ ഉത്ഭവത്തിന്നുമുമ്പുണ്ടായ ശീലങ്ങളും വിശ്വാസങ്ങളുമാണു് നിൎണ്ണയിക്കുന്നതു്. ഈ പിളൎപ്പടക്കുവാൻ ജനാധിപത്യത്തിന്നിതേവരെ കഴിയാതെ പോയിട്ടുണ്ടെങ്കിൽ അതിൽ നിരാശപ്പെടേണ്ടതില്ല; പക്ഷെ ഒരുവശത്തു് ശാസ്ത്രത്തിൻെറ സത്തയോടും മാൎഗ്ഗത്തോടും മറുവശത്തു് സാമ്പത്തികവ്യവസ്ഥയുടെ പ്രവൎത്തനത്തോടും മനുഷ്യപ്രധാനമായ കഴിവുകളും ആദൎശങ്ങളും കൂട്ടിച്ചേൎത്തെങ്കിൽ മാത്രമെ ആശയ്ക്കു വഴികാണുന്നുള്ളു. കുറെക്കാലത്തോളം "സ്വതന്ത്രവ്യാപാര" സാമ്പത്തികവ്യവസ്ഥിതി ഈ പ്രശ്നത്തെ ദൃശ്യവിധേയമാക്കുന്നതുപോലും തടഞ്ഞു. സ്വതന്ത്രവിഹാരത്തിന്നവസരം കിട്ടിയപ്പോൾ മനുഷ്യഘടനയിലെ മൌലികശക്തികൾ പ്രകടിതമായിത്തീൎന്നതാണെന്ന ത

രത്തിൽ പുതിയ സാമ്പത്തികപ്രസ്ഥാനം വ്യാഖ്യാനിക്കപ്പെട്ടു. ഭൌതികശക്തികൾക്കു പുതുതായി പ്രവൎത്തനസ്വാതന്ത്ര്യം ലഭിച്ചതുമൂലമാണു് ഈ വമ്പിച്ച വികസനമുണ്ടായതെന്നു് കാണാൻ കഴിഞ്ഞില്ല; തൻമൂലം മനുഷ്യൻെറ പ്രവൎത്തനങ്ങളെയും മനുഷ്യൻെറ സ്വാതന്ത്ര്യത്തെയും സംബന്ധിച്ചു് ഒരു പരിഹാരമല്ല, പ്രശ്നമാണുണ്ടായിരിക്കുന്നതെന്നും കാണാൻ കൂട്ടാക്കിയില്ല. അതായതു് മനുഷ്യൻെറ കഴിവുകൾ സാധിതപ്രായമാക്കാൻ പുതിയ ഭൌതികശക്തികളെ വേണ്ടവിധം നിയന്ത്രിക്കയും നയിക്കയും ചെയ്യുക എന്ന പ്രശ്നം.

ഈ പ്രശ്നം ശരിയാംവണ്ണം ഗ്രഹിക്കാൻ കഴിയാതെ പോയ ഒരു പ്രസ്ഥാനം പരാജയമടയുകതന്നെ ചെയ്യു; അല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. അതിൻെറ പ്രത്യാഘാതങ്ങളുടെ ഫലമായി പരസ്പരവിരുദ്ധങ്ങളായ നിരവധി പ്രശ്നങ്ങളും ഉണ്ടായി. ആ പ്രശ്നങ്ങളുടെ പരസ്പരവൈരുദ്ധ്യം ഇന്നു നമ്മുടെ ജീവിതത്തിൽ കാണപ്പെടുന്ന ആശയക്കുഴപ്പത്തിൻെറ ഒരു ഭാഗമാണു്. സുഭദ്രവും സ്വതന്ത്രവുമായ ഒരു ജീവിതത്തിന്നാവശ്യമായ ഭൌതികോപാധികളുടെ ഉല്പാദനം സീമാതീതമായി വൎദ്ധിച്ചിട്ടുണ്ടു്. അങ്ങിനെയുണ്ടായിട്ടുള്ള നേട്ടങ്ങൾ, പ്രകൃതിശക്തിയെ ഭൌതികമായി നിയന്ത്രിക്കാൻ സഹായിച്ച ശാസ്ത്രീയപരിജ്ഞാനത്തിൻെറ ഫലമായിക്കണക്കാക്കപ്പെടുന്നതിന്നു പകരം അക്കാലത്തെ സാമ്പത്തികവ്യവസ്ഥിതിയുടെ ഫലമാണെന്നു് കണക്കാക്കപ്പെടാൻ ചിലർ, ഒരു വലിയ ഗ്രൂപ്പുതന്നെ, ശ്രമിച്ചുവരുന്നുണ്ടെങ്കിൽ അതിലത്ഭുതമില്ല. ഈ ഗ്രൂപ്പിൽപെട്ടവർ പ്രസ്തുത സാമ്പത്തികവ്യവസ്ഥയിൽനിന്നു് നേരിട്ടു ലാഭമെടുക്കാൻ കഴിഞ്ഞിട്ടുള്ളവർ മാത്രമല്ല; അതിൻെറ ലാഭത്തിൽ തങ്ങൾക്കും തങ്ങളുടെ അനന്തരാവകാശികൾക്കും പങ്കുചേരാൻ കഴിയുമെന്നു കരുതുന്ന വളരെപ്പേരും

ഉണ്ട്. ആരും അവകാശപ്പെട്ടിട്ടില്ലാത്ത ധാരാളം നിലവും, ഉപയുക്തമാക്കപ്പെട്ടിട്ടില്ലാത്ത നിരവധി പ്രകൃതിവിഭവങ്ങളും, വർഗ്ഗവ്യത്യാസങ്ങളുടെ അനുഭാവവും നൽകിയിരുന്ന വമ്പിച്ച സുവർണ്ണാവസരങ്ങൾ കാരണം, ഈ നാട്ടിൽ വിശേഷിച്ചും ഇത്തരം ഗ്രൂപ്പുകൾ വളരെ വലുതാണ്. ഈ നാട്ടിലെ ഉയന്ന ജീവിതത്തോതു് ചൂണ്ടിക്കാണിക്കുന്നവരും, ഈ രാജ്യം തങ്ങളുടെ അഭ്യുന്നതിക്കു നൽകിയ അവസരം പാഴാക്കാതിരുന്നവരും മേൽപറഞ്ഞ ഗ്രൂപ്പിൻെറ പ്രതിനിധികളാണ്. ചുരുക്കത്തിൽ ഈ ഗ്രൂപ്പിൽപെട്ട എല്ലാവരും തങ്ങൾക്കു ലഭിച്ച ലാഭത്തെക്കുറിച്ചു് വലിയ മതിപ്പുള്ളവരാണ്. ഈ അഭ്യുന്നതി സ്വമേധയാ തുടന്നുകൊണ്ടിരിക്കുമെന്നും കാലക്രമത്തിൽ തങ്ങളെയും തങ്ങളുടെ സന്തതികളെയും അതുൾക്കൊള്ളുമെന്നും അന്ധമായ വികാരതീവ്രതയോടെ വിശ്വസിച്ചുവരുന്നവരാണവരെല്ലാം.

ഇതിനുപുറമെ ഒരു ചെറിയ ഗ്രൂപ്പുണ്ട്. നമ്മുടെ കൈവശമുള്ള ഭൌതികോപാധികളുടെ വമ്പിച്ച സാദ്ധ്യതകളെക്കുറിച്ചു് അവക്കു് ശരിയായ ഒരു ബോധമുണ്ട്. എങ്കിലും ആ കഴിവുകൾ സാധിതപ്രായമാക്കുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നതായും അവക്കു് വളരെയധികം ബോധ്യപ്പെട്ടിട്ടുണ്ട്; അവർ ഇന്നത്തെ ദുരിതങ്ങളും, ക്രൂരതകളും, മദ്ദനങ്ങളും, നിരാശാബോധവുമെല്ലാമാണ് എല്ലായിടത്തും കാണുന്നതു്. ഈ ഗ്രൂപ്പിൻെറ ബലഹീനത എന്താണെന്നുവെച്ചാൽ, അതിൽപെട്ടവരാരും ഇന്നത്തെ സ്ഥിതിഗതികളുടെ സൃഷ്ടിയിൽ ശാസ്ത്രീയമാർഗ്ഗങ്ങൾക്കു് എത്രമാത്രം ഉത്തരവാദിത്വമുണ്ടെന്നു് മനസ്സിലാക്കാത്തതാണ്; ഇന്നത്തെ ദുരിതങ്ങളുടെ കാരണം ശാസ്ത്രരീത്യാ വിശദമായി വിശകലനം ചെയ്യേണ്ടതിൻെറയും, ശാസ്ത്രീയമായി അവയ്ക്കു് പരിഹാരം കാണേണ്ടതിൻെറയും ആവശ്യകതയും അവർ മനസ്സിലാക്കിയിട്ടില്ല. സാമൂഹ്യകാര്യങ്ങളിൽ ആളുകളുടെ സാമാന്യമനോ

ഭാവത്തിൽ യാതൊരു മാററവും വന്നുചേൎന്നിട്ടില്ല. തൻമൂലം അപരിമിതവും എല്ലാം ഉൾക്കൊള്ളുന്നതുമായ വിശ്വാസങ്ങളും നയപരിപാടികളും രൂപവൽക്കരിക്കപ്പെടാൻ കാരണമാകുന്നു. മാനുഷികാദൎശം സമഗ്രമാണെന്നതു് ശരിതന്നെ. എന്നാൽ, നിലവിലുള്ള സ്ഥിതിഗതികൾ വിശകലനം ചെയ്യാനും, എന്തുതരത്തിലുള്ള മാററങ്ങളാണാവശ്യം എന്നു തീരുമാനിക്കാനുമുള്ള ഒരു വീക്ഷണഗതിയിൽ എല്ലാം ഉൾക്കൊള്ളിക്കുവാൻ കഴിയുകയില്ല. മാററങ്ങൾ ഉണ്ടാക്കുക എന്ന പ്രശ്നം, അതിൻെറ ഉപാധികളിൽ വളരെയധികം ശ്രദ്ധ നൽകേണ്ട ഒരു പ്രശ്നമാണു്. ഓരോ പ്രശ്നത്തിൻെറയും യഥാൎത്ഥസ്ഥിതിഗതികൾ വ്യക്തമായി വിശകലനം ചെയ്തുകൊണ്ടുമാത്രമെ ഉപാധികൾ (മാൎഗ്ഗങ്ങൾ) നിൎണ്ണയിക്കുവാനും കഴിയുകയുള്ളു. ആരോഗ്യം സമഗ്രമായ ഒരാദൎശമാണു്. എന്നാൽ ആരോഗ്യപുരോഗതിയുടെ ചരിത്രം സൎവ്വരോഗവിനാശിനികളെ ക്രമേണ കൈവെടിഞ്ഞു ഓരോ രോഗത്തിൻെറ യഥാൎത്ഥ കാരണങ്ങൾ വിശകലനം ചെയ്തു രോഗകാരണവും രോഗശാന്തിക്കുമുള്ള ഉപാധിയും, നിൎണ്ണയിക്കുന്ന സമ്പ്രദായത്തിലേക്കുള്ള പ്രയാണമാണു്. സംഭവഗതികളെ നിൎണ്ണയിക്കുന്ന ചരിത്രപരമായ ഒരു നിയമമുണ്ടെന്നും, ആ നിയമത്തിന്നനുസരിച്ചു പ്രവൎത്തിക്കുകയാണെങ്കിൽ എല്ലാം ആയി എന്നും വിശ്വസിക്കുന്നവരാണു് മേൽപറഞ്ഞ ഗ്രൂപ്പിൻെറ പ്രതിനിധികൾ. വൎഗ്ഗസംഘട്ടനങ്ങൾ അതിൻെറ ദ്വന്ദമാനസ്വഭാവംകൊണ്ടുതന്നെ അതിൻെറ പരിപൂൎണ്ണപ്രതിപക്ഷം ഉണ്ടാക്കുകയും അങ്ങിനെ പ്രവൃത്തിയേയും മാൎഗ്ഗങ്ങളേയും നയങ്ങളേയും നിൎണ്ണയിക്കുന്ന പരമവും ഏകവുമായ നിയന്ത്രണശക്തിയായിത്തീരുകയും ചെയ്യുന്ന നിയമമാണു് ഇവിടെ സൂചിപ്പിച്ച നിയമം.

ഭൌതികശക്തികൾ മാനുഷികലക്ഷ്യങ്ങൾ സാധിതപ്രായമാക്കുന്നതിന്നുപകരിക്കണമെങ്കിൽ മനുഷ്യപ്രകൃതി

യെക്കുറിച്ചു പര്യാപ്തമായ പരിജ്ഞാനം ആവശ്യമാണെന്ന കാര്യം തർക്കമററ സംഗതിയാണ്. എന്നാൽ ഭൌതികശാസ്ത്രപരിജ്ഞാനം ഭൌതികശക്തികളെ നിയന്ത്രിക്കാൻ നമ്മെ സഹായിച്ചിട്ടുള്ളതുപോലെ മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള പരിജ്ഞാനം മാനുഷികശക്തികളെ നിയന്ത്രിക്കുവാനും നമ്മെ സഹായിക്കുമെന്നു കരുതപ്പെട്ടുന്നുവെങ്കിൽ അതു പരമാബദ്ധമായിരിക്കും. ശാസ്ത്രം നമുക്കു പ്രദാനം ചെയ്തിട്ടുള്ള ഭൌതികശക്തികൾ തീർച്ചയായും മനുഷ്യപുരോഗതിയും ഐശ്വര്യവും താനേ വരുത്തിവെച്ചുകൊള്ളുമെന്നു ധരിച്ചിരുന്നവർ പററിയ അതേ അബദ്ധവിശ്വാസം അതിലും അടങ്ങിയിട്ടുണ്ട്. മനുഷ്യപ്രകൃതിയെക്കുറിച്ച് കൂടുതൽ വിശദമായ പരിജ്ഞാനം, ഒരുപക്ഷെ ഒരുകൂട്ടം ആളുകൾക്ക് മററുള്ളവരെ കീഴടക്കിവെക്കുവാൻ സഹായിക്കുന്ന ഉപായങ്ങളും ഉപാധികളും വർദ്ധിപ്പിക്കുകയേയുള്ളു. അതുപോലെ തന്നെ, പ്രശ്നത്തിൻെറ ധാർമ്മികവശത്തെയും, മൂല്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും പ്രശ്നത്തെയും കണക്കിലെടുക്കാതിരുന്നാൽ ഇതിനു മറുവശത്തുള്ള അബദ്ധധാരണയിൽ കലാശിക്കും. അതായതു്, ഒരു നൂററാണ്ടുമുമ്പുവരെയുള്ളവർ മനുഷ്യവികാരങ്ങൾക്കും അഭിലാഷങ്ങൾക്കും രാഷ്ട്രീയനിയന്ത്രണങ്ങളില്ലാത്ത പ്രകടനസ്വാതന്ത്ര്യം അനുവദിക്കയാണെങ്കിൽ സാമൂഹ്യപുരോഗതിയും, ഐശ്വര്യവും, സൌഹാർദ്ദവും എല്ലാം തനിയെ ഉണ്ടായിക്കൊള്ളും എന്നു സിദ്ധാന്തിച്ചിരുന്നവർ പററിയ അബദ്ധധാരണ. സാമ്പത്തികമൊ "ഭൌതികമൊ" ആയ ചില ചരിത്രദാന്ദമാനശക്തികളുണ്ടെന്നും അവയുടെ പ്രവർത്തനഫലമായി അഭിലഷണീയവും ധാർമ്മികവും ആയ ചില ലക്ഷ്യങ്ങൾ സാധിച്ചുകൊള്ളുമെന്നും അതിൽ മൂല്യങ്ങൾ നിർണ്ണയിക്കുകയൊ ലക്ഷ്യപ്രാപ്തിക്കുള്ള അദ്ധ്വാനമൊ ആവശ്യമില്ലെന്നും മററുമുള്ള മാർക്സിസ്റ്റാശയത്തിലും ഇതേതരത്തിലുള്ള ഒരബദ്ധധാരണയാണടങ്ങിയിരിക്കുന്നത്.

ങ്ങിയിരിക്കുന്നതു്. "മനുഷ്യശാസ്ത്രത്തെ ഭൌതികശാസ്ത്രവുമായി ഏകീകരിക്കുന്നതു് മറെറാരുതരം കേവലയുക്തിയെ മാത്രമാണു് പ്രതിനിധീകരിക്കുന്നതു്, ഒരു പുതിയ ഭൌതികകേവലതത്വത്തെ"യെന്നു ഞാൻ മുമ്പൊരിക്കൽ എഴുതിയിട്ടുള്ളതു് ഇവിടെ പ്രസക്തമായിത്തോന്നുന്നു.

എന്തായാലും, സാമൂഹ്യസംഭവങ്ങൾ മനുഷ്യപ്രകൃതിയും സാംസ്കാരികപരിത:സ്ഥിതിയും തമ്മിലുള്ള പരസ്പരപ്രവൎത്തനത്തിൻെറ സൃഷ്ടിയായിത്തന്നെ തുടരുന്നതായിരിക്കും. അതുകൊണ്ടു്, എന്തുതരത്തിലുള്ള സാമൂഹ്യഫലങ്ങളാണു് നമുക്കാവശ്യം എന്നതായിരിക്കും എപ്പോഴും പ്രഥമവും പ്രധാനവുമായ പ്രശ്നം. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള ശാസ്ത്രപരിഷ്കാരങ്ങൾ, ഈ പ്രശ്നം കൃത്യമായി നിൎവ്വചിക്കുന്നതിനും അതിൻെറ പരിഹാരത്തിന്നുവേണ്ടി ഫലപ്രദമായി പ്രവൎത്തിക്കുന്നതിന്നും നമ്മെ സഹായിക്കുന്നതോടൊപ്പം, നമുക്കിന്നില്ലാത്ത പരിഹാരമാൎഗ്ഗങ്ങളും ഉപാധികളും പ്രദാനം ചെയ്യുന്നതുമായിരിക്കും. എന്നാൽ അതു് ശാസ്ത്രത്തിനോടുള്ള നമ്മുടെ ആദരവു് വൎദ്ധിപ്പിക്കയും, തദ്വാരാ വ്യക്തികളുടെ സ്വഭാവങ്ങളിൽ ശാസ്ത്രീയമനോഭാവം വളൎത്തുകയും ചെയ്യുന്നതിനു പുറമെ, ഭൌതികശാസ്ത്രപുരോഗതി കാരണമായുണ്ടായ ചില കുഴപ്പങ്ങളും സൃഷ്ടിച്ചേക്കാനിടയുണ്ടു്. സാമൂഹ്യപ്രശ്നത്തിൻെറ മൌലികധാൎമ്മികസ്വഭാവം മറയ്ക്കുവാൻ ഉപകരിക്കുന്ന എന്തും ഹാനികരമാണു്;—അതു് ഭൌതികസിദ്ധാന്തത്തിൽനിന്നുത്ഭവിക്കുന്നതായാലും ശരി, മനശ്ശാസ്ത്രസിദ്ധാന്തത്തിൽനിന്നുത്ഭവിക്കുന്നതായാലും ശരി. മൂല്യങ്ങൾ നിൎണ്ണയിക്കുന്ന കാൎയ്യത്തിലും, അങ്ങിനെ നിൎണ്ണയിക്കപ്പെടുന്ന മൂല്യങ്ങൾ നേടുന്നതിന്നുവേണ്ടി അഭിലാഷങ്ങളും വികാരങ്ങളും ഉപയോഗിക്കുന്ന കാൎയ്യത്തിലും ഉള്ള പ്രവൎത്തനങ്ങൾ ഒഴിച്ചുനിൎത്തുകയൊ മറച്ചുനിൎത്തുകയൊ ചെയ്യുന്ന ഏതു തത്വവും തീരുമാനത്തിനും പ്രവൎത്തനത്തിനുമുള്ള വ്യക്തിപര

മായ ഉത്തരവാദിത്വത്തെ ദുർബ്ബലപ്പെടുത്തുകയാണു്. അങ്ങിനെ സർവ്വാധിപത്യത്തെ സ്വാഗതം ചെയ്യാനും നിലനിത്താനും ഉപകരിക്കുന്ന മനോഭാവങ്ങൾ വളത്തുന്നതിൽ അതു സഹായിക്കും.

ജനാധിപത്യസ്വാതന്ത്ര്യത്തിൽ സംസ്കാരത്തിന്നുള്ള സ്ഥാനത്തെയും ഉപയോഗത്തെയും സംബന്ധിക്കുന്ന പ്രശ്നത്തിൻെറ ചില പ്രധാന വശങ്ങൾ സംക്ഷിപ്തമായി ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. വൈഷമ്യങ്ങളും പ്രതിബന്ധങ്ങളും പ്രത്യേകം ഊന്നിപ്പറഞ്ഞിട്ടുണ്ടു്. അങ്ങിനെ ഊന്നിപ്പറയാനിടയായതു് ഞാൻ ഒരു പ്രശ്നം ഉന്നയിച്ചു എന്നതുകൊണ്ടുതന്നെയാണു്. സംഭവഗതികൾ വെളിവാക്കിയിട്ടുള്ള പല ദൌർബ്ബല്യങ്ങളും, മനുഷ്യരാശിയെ ജനാധിപത്യമാഗ്ഗത്തിൽ ചരിപ്പിക്കുക എന്ന കത്തവ്യത്തിൻെറ വലുപ്പം ശരിക്കു കാണാൻ കഴിവില്ലാതെപോയതുകൊണ്ടുണ്ടായവയാണു്; ഇതുതന്നെയാണു് നമ്മുടെ മുമ്പിലുള്ള പ്രശ്നത്തിന്നു വലിയ പ്രാധാന്യം നൽകുന്നതും. ആയിരമായിരം കൊല്ലങ്ങളായി ജനാധിപത്യരഹിതസമുദായങ്ങൾ നിലനിന്നിരുന്നു; അതിൻെറ പശ്ചാത്തലത്തിൽ ജനാധിപത്യത്തിൻെറ ആദ്യകാലപ്രണേതാക്കൾ പ്രശ്നം വളരെ ലഘൂകരിച്ചിട്ടുണ്ടെങ്കിൽ, അതു് സ്വാഭാവികം മാത്രമാണു്. കുറച്ചുകാലത്തേക്കു് ലഘൂകരണം സംശയമെന്യേ ഗുണകരമായിരുന്നു; എന്നാൽ അധികകാലം തുടന്നുവന്നപ്പോൾ ഒരു പ്രതിബന്ധമായിത്തീന്നു.

ജനാധിപത്യപ്രസ്ഥാനത്തിൻെറ ചരിത്രപരമായ പശ്ചാത്തലത്തിൽവെച്ചുനോക്കിയാൽ, നമ്മുടെ മുമ്പിലുള്ള പ്രശ്നത്തിൻെറ വ്യാപ്തിയും ആഴവും അംഗീകരിക്കുന്നതുകൊണ്ടു് നിരാശയൊ ഉത്സാഹക്കുറവൊ ഉണ്ടാവുകയില്ല. അതു് രൂപപ്പെടുത്തപ്പെട്ടിട്ടുള്ള ആശയങ്ങളുടെ പിന്നിൽ ദീർഘകാലത്തെ ചരിത്രപാരമ്പയ്യമുണ്ടു്. ഗ്രീക്കുകാരുടെ "ഹ്യൂമനി

സ്ത്തിലും, ക്രിസ്ത്യൻ വിശ്വാസങ്ങളിലും നമുക്കവയുടെ ഉറവുകൾ കാണാൻ കഴിയും; ചില പ്രത്യേക മർദ്ദനവ്യവസ്ഥകൾക്കെതിരായുള്ള സമരങ്ങളിൽ ഈ ആശയങ്ങളുടെ ചില പ്രത്യേകവശങ്ങൾ സാധിതമാക്കാനുള്ള തുടർച്ചയായ പ്രയത്നങ്ങളും നമുക്കു കാണാൻ കഴിയും. ശരിയായി തിരഞ്ഞെടുത്തു ക്രമപ്പെടുത്തുകയാണെങ്കിൽ, ഇതുവരെയുള്ള ചരിത്രം മുഴവൻ സ്വാതന്ത്ര്യം നേടുന്നതിനുള്ള, ആദ്യമാദ്യം ബോധത്തോടുകൂടിയതല്ലെങ്കിലും പിന്നീടു് ബോധപൂർവ്വംതന്നെയുള്ള പ്രസ്ഥാനമായിരുന്നു എന്നു സ്ഥാപിക്കുവാൻ നമുക്കു കഴിഞ്ഞെന്നുവരാം. പത്തൊമ്പതാംനൂററാണ്ടിൽ ജനാധിപത്യാശയം എങ്ങും പടർന്നുപിടിച്ചതും അതെല്ലായിടത്തും ജയിച്ചു എന്നു തോന്നിപ്പിക്കാനിടയാക്കിയതുമെല്ലാം ചില സംഭവങ്ങളുടെ ഭാഗ്യാതിരേകംകൊണ്ടുള്ള ഒത്തുചേരൽ മൂലമാണെന്നു ചരിത്രത്തെ നിഷ്പക്ഷദൃഷ്ട്യാ നോക്കിയാൽ തെളിയും. ഇന്നു വേറെ ചില സംഭവഗതികൾ ഒത്തുചേരുമ്പോൾ അതു ജനാധിപത്യത്തിന്നു ദോഷകരമായി കലാശിക്കയും അങ്ങിനെ അതു് നാശത്തിൻെറ വക്കത്തു നിൽക്കുകയുമാണെന്ന നിരാശാജനകമായ ഒരു നിഗമനത്തിലല്ല ഇതിൽനിന്നു് നാം എത്തിച്ചേരേണ്ടതു്. നമ്മുടെ നിഗമനം ഇതായിരിക്കണം: അങ്ങിനെ ബാഹ്യകാരണങ്ങളാലും സന്ദർഭവശാലും ഉണ്ടായിത്തീർന്ന ഒരു നേട്ടത്തെ, ഇപ്പോൾ ബുദ്ധിപൂർവ്വകവും കരുതിക്കൂട്ടിയുമുള്ള നമ്മുടെ പ്രയത്നംകൊണ്ടു നിലനിത്താനും ഫലപ്രദമാക്കാനും ശ്രമിക്കയാണു് വേണ്ടതു്.

ഇവിടെ സൂചിപ്പിക്കപ്പെട്ടിട്ടുള്ള വൈരുദ്ധ്യം ഒരു വസ്തുതയിലേക്കു നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു; അതായതു്, മനുഷ്യജീവികളുടെ അടിസ്ഥാനപരമായ മനോഭാവങ്ങൾ രൂപവല്ക്കരിക്കപ്പെട്ടിട്ടുള്ളതു് ജനാധിപത്യം എന്നൊന്നില്ലാതിരുന്ന കാലത്തെ പാരമ്പര്യങ്ങളും, ആചാരങ്ങളും, സ്ഥാപനങ്ങളും അടങ്ങിയ ശക്തികളാണു്; വാസ്തവത്തിൽ ജനാധി

പത്യവിശ്വാസങ്ങളും ആശയങ്ങളുമെല്ലാം മുളയിൽത്തന്നെ നുള്ളപ്പെട്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. ഈ അടിസ്ഥാനമനോഭാവങ്ങൾ ആവൎത്തിച്ചു തുടൎന്നുവരുന്നതുകൊണ്ടാണു് ജനാധിപത്യം ഒരുവശത്തുനിന്നു് കൂടക്കൂടെ എതിൎക്കപ്പെട്ടുവരുന്നതു്; ധിഷണാപരവും വൈകാരികവുമായ പഴയ ശീലങ്ങളിലേക്കുള്ള തിരിച്ചുപോകലാണതു്; അഥവാ, ഒരിക്കലും തീരെ വിട്ടുപോയിട്ടില്ലാത്തതും എന്നാൽ മൂടപ്പെട്ടുകിടക്കുന്നതുമായ മനോഭാവങ്ങൾ ചിലപ്പോൾ പ്രകടമായി പുറത്തുവരുന്നതാണതു്. ഈ പഴയ മനോഭാവങ്ങളുടെ ആവൎത്തനം നമ്മുടെ പ്രശ്നത്തിൻെറ അഗാധതയും വ്യാപ്തിയും എത്രയാണെന്നു വിശദമാക്കുന്നുണ്ടു്. സംസ്കാരത്തിന്നു് എത്ര വശങ്ങളുണ്ടോ അത്രയുംരംഗങ്ങളിലാണു് ജനാധിപത്യത്തിന്നുവേണ്ടിയുള്ള സമരം നടത്തിക്കൊണ്ടിരിക്കേണ്ടതു്: അതായതു് രാഷ്ട്രീയവും, സാമ്പത്തികവും, അന്തർദേശീയവും, വിദ്യാഭ്യാസപരവും, ശാസ്ത്രീയവും, കലാപരവും, മതപരവുമായ എല്ലാ രംഗങ്ങളിലും. പണ്ടുകാലത്തു് വെറുതെ കിട്ടിയിരുന്ന കാൎയ്യങ്ങൾ ഇന്നു ബോധപൂൎവ്വമായ പ്രവൎത്തനങ്ങൾകൊണ്ടുമാത്രമെ നമുക്കു നേടാൻ കഴിയുകയുള്ളു എന്ന വസ്തുത നമ്മുടെ പ്രശ്നത്തെ ഒരു ധാൎമ്മികപ്രശ്നമാക്കിത്തീൎത്തിട്ടുണ്ടു്; അതിൻെറ പരിഹാരവും ധാൎമ്മികാടിസ്ഥാനത്തിൽ തന്നെ കാണേണ്ടിയിരിക്കുന്നു.

സംഭവഗതികളുടെ ഭാഗ്യവശാലുള്ള ഒത്തുചേരലിനെപ്പററി മുമ്പു പ്രസ്താവിച്ചുവല്ലൊ. അമേരിക്കയിൽ ജീവിക്കുന്ന നമ്മളെസംബന്ധിച്ചേടത്തോളം, ഇതിന്നിടയാക്കിയ സംഗതികളിലൊന്നു് നമ്മുടെ പൂൎവ്വികന്മാർ ഒരു പുതിയ രാജ്യത്തു കുടിയേറിപ്പാൎത്തു എന്നതാണു്. ഒരു പുതിയ നാട്ടിൽ കുടിയേറിപ്പാൎക്കുന്നതിനാലുണ്ടാകുന്ന "ഞെട്ടലുകൾ" പഴയ മനോഭാവങ്ങളിൽ ഗണ്യമായ മാററങ്ങൾ വരുത്തിവെച്ചു. നൂററാണ്ടുകളോളമായി നടന്ന സാംസ്കാരികപ്രവ

ത്തനങ്ങളുടെ ഫലമായി വേരുറച്ചുകിടന്നിരുന്ന ശീലങ്ങളും ചിന്താക്രമങ്ങളും വൈകാരികസ്വഭാവങ്ങളും പിടിച്ചുകുലുക്കപ്പെട്ടു. വേരുറച്ചിട്ടില്ലാത്ത മനോഭാവങ്ങൾ പുഴകിവീണുപോയി. അങ്ങിനെ പുതിയ സ്ഥാപനങ്ങൾ ഉടലെടുക്കുന്നതിന്റെ വൈഷമ്യങ്ങൾ വളരെ ലഘൂകരിക്കപ്പെട്ടു. തൻമൂലമുണ്ടായിട്ടുള്ള മാനസികപുനഃസംവിധാനം പിൽക്കാലത്തുള്ള നമ്മുടെ പരിവത്തനങ്ങളിൽ വളരെയധികം സഹായിച്ചിട്ടുണ്ട്; നമുക്ക് അക്രമത്തിന്റെയും ഹിംസയുടെയും പാരമ്പയ്യമാണുണ്ടായിരുന്നതെങ്കിലും "സിവിൽയുദ്ധ" കാലത്തൊഴികെ എല്ലായ്പോഴും ബാഹ്യമായ സംഘട്ടനങ്ങൾ കൂടാതെതന്നെ ഒത്തിണങ്ങിപ്പോവാനുള്ള മനോഗുണം നമുക്കു സിദ്ധിച്ചിട്ടുണ്ടെങ്കിൽ അതിന്നു കാരണം മേൽപ്പറഞ്ഞ മാനസികപുനഃസംവിധാനമാണ്. ഭൂമിശാസ്ത്രപരമായ ഒരു "പുതിയ ലോക"ത്താണ് നാം ജീവിക്കുന്നതു്; ഇപ്പറഞ്ഞ മാനസികപരിവത്തനം ഹേതുവായി മനുഷ്യന്റെ ബുദ്ധിവികാസത്തിലും ഒരു "പുതിയ ലോക"മായിത്തീരുവാൻ അതിന്നു കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ആത്മപ്രശംസയും സ്വയംസംതൃപ്തിയും കൈവെടിഞ്ഞു ചിന്തയും അദ്ധ്വാനവും കൊണ്ടു് ഇതേ കാൎയ്യങ്ങൾ നേടുകയും നിലനിത്തുകയും ചെയ്യേണ്ടിയിരിക്കുന്ന ഒരു പരിതഃസ്ഥിതിയാണ് ഇന്നു നമ്മുടെയിടയിലുള്ളതു്; വിധിയുടെ മുറപ്രകാരമുള്ള പരിണാമഫലങ്ങളായി അവയെ കണക്കാക്കരുതു്.

ജനാധിപത്യത്തെസംബന്ധിച്ചു് ചരിത്രം നമ്മുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ടുന്ന സംഘട്ടനം വാസ്തവത്തിൽ നമ്മുടെതന്നെ സ്ഥാപനങ്ങളിലും നമ്മുടെതന്നെ മനോഭാവങ്ങളിലുമുള്ളതാണ്. ജനാധിപത്യമാൎഗ്ഗങ്ങൾ, ആശയവിനിമയം, പ്രേരണ, പരസ്പരാലോചന, പരസ്പരസമ്പക്കം ബുദ്ധിയുടെ സഹകരണം എന്നീ മാൎഗ്ഗങ്ങൾ വിപുലമായുപയോഗിച്ചു്, നമ്മുടെ രാഷ്ട്രീയം, വ്യവസായം, വിദ്യാഭ്യാസം, സംസ്കാ

രം എന്നിവയെല്ലാംതന്നെ ജനാധിപത്യാശയത്തിൻെറ ഉപകരണങ്ങളും പരിണാമപ്രകടനോപാധികളുമാക്കിത്തീൎത്തെങ്കിൽ മാത്രമെ ഈ സംഘട്ടനത്തിൽ വിജയം കൈവരികയുള്ളു. സൈനികശക്തിയെ ആശ്രയിക്കുന്നതു് ജനാധിപത്യജീവിതമാൎഗ്ഗത്തിന്നുവേണ്ടിയുള്ള സമരം നാം കൈവെടിയുകയാണെന്നതിൻെറ പ്രഥമവും വ്യക്തവുമായ സൂചനയായിരിക്കും; "പഴയ ലോകം" ധാൎമ്മികമായും ഭൂമിശാസ്ത്രപരമായും നമ്മെ കീഴടക്കി, അതിൻെറ ആദൎശങ്ങളും മാൎഗ്ഗങ്ങളും നമ്മെക്കൊണ്ടു് സ്വീകരിപ്പിച്ചതിൻെറ സൂചനയായിരിക്കും അതു്.

മനുഷ്യൻെറ അനുഭവം വ്യക്തമായ എന്തെങ്കിലും ഒരു നിഗമനത്തിലേക്കു കൈചൂണ്ടുന്നുണ്ടെങ്കിൽ അതു്, ജനാധിപത്യലക്ഷ്യങ്ങൾ നേടാൻ ജനാധിപത്യമാൎഗ്ഗങ്ങൾതന്നെ ആവശ്യമാണു് എന്നതാണു്. സൎവ്വാധിപത്യമാൎഗ്ഗങ്ങൾ ഇന്നു പല പുതിയ വേഷങ്ങളിലും നമ്മുടെ മുമ്പിൽ വരുന്നുണ്ടു്. വൎഗ്ഗരഹിതമായ ഒരു സമുദായത്തിൽ സ്വാതന്ത്ര്യവും നീതിയും സംരക്ഷിച്ചുകൊള്ളാം, അതാണു് തങ്ങളുടെ ലക്ഷ്യം എന്നവർ അവകാശപ്പെടുന്നു. അഥവാ, സൎവ്വാധിപത്യത്തെ പൊരുതുവാൻവേണ്ടി ഒരു സൎവ്വാധിപത്യവ്യവസ്ഥിതിയംഗീകരിക്കാൻ അവർ ആവശ്യപ്പെടുന്നു. ഏതുരൂപംകൈക്കൊണ്ടാലും, ആദൎശപരമായ ലക്ഷ്യങ്ങൾ നേടാൻ അവൎക്കു കഴിയുമെന്ന അവകാശവാദമാണു് അവരുടെ "വശീകരണകവചം". ജനാധിപത്യം സാദ്ധ്യമാകണമെങ്കിൽ നാം ആദ്യമായി ചെയ്യേണ്ടതു്, നമ്മുടെ ലക്ഷ്യദൎശനത്തിന്നനുയോജ്യമായ മാൎഗ്ഗങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിലും ജീവിതത്തിൻെറ എല്ലാ തുറകളിലും ക്രമേണ ക്രമേണ സാവധാനമായി അനുവൎത്തിച്ചെങ്കിൽ മാത്രമെ അതു സാദ്ധ്യമാവുകയുള്ളു എന്നു വിശ്വസിക്കുകയാണു്; "അദ്വൈത"വും, സമൂലവും, കേവലവുമായ മാൎഗ്ഗങ്ങൾ എന്തെന്തുമോഹനവേഷ

മണിഞ്ഞാലും മനുഷ്യസ്വാതന്ത്ര്യത്തെ വഞ്ചിക്കുവാനുള്ള മാര്ഗ്ഗങ്ങളാണെന്നു നാം ധരിച്ചിരിക്കണം. സഹകരണസ്വഭാവമുള്ള സ്വാതന്ത്ര്യത്തെയും സ്വമേധയാ ഉള്ള സഹകരണത്തെയും സഹായിക്കാൻവേണ്ടി മനുഷ്യപ്രകൃതിയുടെ വര്ദ്ധമാനശക്തികൾ കൂടുതൽ കൂടുതൽ പ്രയോജനകരമായവിധത്തിൽ നിലനിര്ത്തുകയും സംരക്ഷിക്കയും ചെയ്യുന്ന വിവിധമാര്ഗ്ഗങ്ങളുടെ ശേഷിയും ശേമുഷിയും അമേരിക്കക്കാർ തങ്ങളുടെ സ്വന്തം ജീവിതത്തിൽ തെളിയിച്ചുകൊടുത്തെങ്കിൽ മാത്രമെ, അമേരിക്കൻ ജനാധിപത്യത്തിന്നു് ലോകത്തെ സേവിക്കാൻ കഴിയുകയുള്ളു.

പരമഫലത്തെക്കുറിച്ചുള്ള നമ്മുടെ സ്വയംസംതൃപ്തി ന്യായീകരിക്കാവുന്നതാണൊ എന്നു തീരുമാനിക്കുന്ന പ്രവൃത്തി കാലത്തിന്നു വിട്ടുകൊടുക്കാൻ നമുക്കവകാശമില്ല. ജനാധിപത്യരഹിതവും ജനാധിപത്യവിരുദ്ധവുമായിരുന്ന ദീര്ഘകാലത്തെ മനുഷ്യചരിത്രം ചൂണ്ടിക്കാണിക്കാൻ നമുക്കവകാശമുണ്ടു്; ജനാധിപത്യം അടുത്ത കാലത്തു മാത്രമുണ്ടായതാണെന്നു് ചൂണ്ടിക്കാണിക്കാനും നമുക്കവകാശമുണ്ടു്; നമ്മുടെ പ്രശ്നം, കര്ത്തവ്യം, എത്ര വമ്പിച്ചതാണെന്നു മനസ്സിലാക്കാൻ അതു സഹായിക്കും. ഈ പരീക്ഷണത്തിന്റെ പുതുമതന്നെ, നമ്മുടെ ദൈനംദിനജീവിതത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേകവശത്തിലൊ അംശത്തിലൊ ഇതൊതുക്കിനിര്ത്താൻ കഴിയാത്തതെന്തുകൊണ്ടാണെന്നു വിശദമാക്കുന്നുണ്ടു്. ചുരുങ്ങിയ കാലയളവിൽ സംഭവഗതികൾ നോക്കിക്കാണുമ്പോളുണ്ടാവുന്ന വിശ്വാസക്കുറവിൽനിന്നു് രക്ഷനേടാനായി മാത്രം കാലത്തിന്റെ സാവധാനത്തെയും ദൈര്ഘ്യത്തെയും വിശ്വസിച്ചു് കാര്യങ്ങൾ അതിന്നു വിട്ടുകൊടുക്കാൻ നമുക്കവകാശമുണ്ടു്. എന്നാൽ ഒരു കാര്യം ഇന്നും നാളെയും അടുത്ത നാളുകളിലും, വര്ഷാന്തരങ്ങളിലും തലമുറകളിലും തുടര്ന്നുലഭിക്കാൻ കഴിയുന്ന ഫലങ്ങൾ മാത്ര

മാണ് പരമമായ ഫലങ്ങളെന്നും ലക്ഷ്യങ്ങൾക്ക് മാർഗ്ഗങ്ങളോട്ടുള്ള ആശ്രയത്വം അത്തരത്തിലുള്ള ഫലസമ്പാദനത്തിനു ചേന്നതായിരിക്കണമെന്നും നാം നല്ലപോലെ ധരിച്ചിരിക്കണം. അങ്ങിനെയായാൽ മാത്രമെ, ദിനംപ്രതിയുണ്ടാവുന്ന പ്രശ്നങ്ങളോരോന്നും, കൂട്ടായും സഹകരണാടിസ്ഥാനത്തിലുമുള്ള നമ്മുടെ ബുദ്ധിശക്തിയുപയോഗിച്ചും അതനുസരിച്ചു പ്രവത്തിച്ചും നമുക്കു നേരിടാൻ കഴിയുകയുള്ളൂ. ആരംഭത്തിലും അവസാനത്തിലും, ജനാധിപത്യമാർഗ്ഗം മൌലികമായി എളുപ്പമേറിയതും എന്നാൽ അതേസമയം ഏററവും വിഷമം പിടിച്ചതും ആയ ഒന്നാണ്. നമുക്കെല്ലാവക്കും നടന്നുപോകാൻ കഴിയുന്നതും എന്നെന്നും നിലനില്ക്കുന്നതുമായ ഒരു പുതിയ പാത ഉണ്ടാക്കണമെങ്കിൽ എത്ര വലിയ അക്ഷീണപരിശ്രമം നടത്തണമൊ, അത്രയും ഉത്സാഹവും പരിശ്രമവും ഈ നിരന്തര സൃഷ്ടിയിലും ആവശ്യമായിരിക്കും.

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. 321.4 Acc. No. 80819
This book should be returned on or before the date last stamped below.

24 JUL 1986

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

391.4 608/9
Dew. S

സ്ത്രീ ശോഭ

ആഭരണങ്ങളും സംസ്കാരവും

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. 321.4 Acc. No. 80419

Author [illegible]

Title [illegible]

gpura.org